കേരള പാഠാവലി

മലയാളം

സ്റ്റാൻഡേർഡ് X

ഗവണ്മെൻറിൽനിന്നും നിയമിച്ച കമ്മിററി
തയ്യാറാക്കിയതു്

1970

പ്രതിജ്ഞ

"ഇൻഡ്യ എന്റെ രാജ്യമാണ്; എല്ലാ ഇൻഡ്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിദ്ധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുകയും ചെയ്യുന്നു. അതിനുള്ള അർഹതയ്ക്കായി (നേടുന്നതിനായി) ഞാൻ എപ്പോഴും പ്രയത്നിക്കുന്നതാണ്.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരേയും എന്നെക്കാൾ പ്രായമുള്ള എല്ലാവരേയും ബഹുമാനിക്കുകയും ഏതൊരാളോടും മര്യാദയോടുകൂടി പെരുമാറുകയും ചെയ്യും.

ഞാൻ എന്റെ രാജ്യത്തോടും എന്റെ നാട്ടുകാരോടും പ്രതിപത്തിയുള്ളവനായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. അവരുടെ ക്ഷേമത്തിലും ഐശ്വര്യത്തിലും മാത്രമാണ് എന്റെ ആനന്ദം കുടികൊള്ളുന്നത്."

©
The Government of Kerala
1970

M. MAVIFUL ISLAM HIGH SCHOOL COCHIN-11. ERNAKULAM

വിഷയവിവരം

ഗദ്യവിഭാഗം

പാഠം		പുറം
1. ഉൾനാട്ടിലെ ഒരുത്സവം — എസ്സ്. കെ. പൊറ്റെക്കാട്ട്	..	1
2. ചില പരീക്ഷണങ്ങൾ — മൂലം : മഹാത്മാ ഗാന്ധി — പരി : കെ. മാധവനാർ	..	12
3. നാടകടത്തലിനുശേഷം — ബി. കല്യാണി അമ്മ	..	19
4. നല്ലവർ — ശൂരനാട്ട കുഞ്ഞൻ പിള്ള	..	27
5. എൻെറ ജയിൽജീവിതം — കെ. പി. കേശവമേനോൻ		33
6. കത്തുകൾ — എം. പി. പോൾ	..	41
7. അനശ്വരസാഹിത്യം — കെ. വി. എം.	..	46
8. രണ്ടു് അഭിവാദനങ്ങൾ — കുട്ടിക്കൃഷ്ണമാരാരു്	..	53
9. സാഹിത്യവും ജീവിതവും — എം. ആർ. നായർ (സഞ്ജയൻ)	..	60
10. ജീവചരിത്രകല — പി. ശങ്കരൻ നമ്പ്യാർ	..	67

പാഠം		പുറം
11. സഹകരണപ്രസ്ഥാനം — അപ്പൻ തമ്പുരാൻ	..	73
12. ആ കണ്ണീർക്കണങ്ങൾ — പി. കെ. പരമേശ്വരൻ നായർ	..	77
13. ബർണ്ണാഡ്ഷാ — ജോസഫ് മുണ്ടശ്ശേരി	..	81
14. അഭിനവകലാലയം — കെ. മുഹമ്മദലി	..	89
15. സരസനായ ധിക്കാരി — പി. കെ. ബാലകൃഷ്ണൻ	..	95
16. മുത്തുമാല — കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്	..	104
17. കലാകാരൻെറ കടമകളും അവകാശങ്ങളും — കൈനിക്കര കുമാരപിള്ള	..	118
18. മഹാകവി ഉള്ളൂർ — ജി. വൈദ്യനാഥയ്യർ	..	126
19. പ്രപഞ്ചവും ജീവനും — ഡാക്ടർ കെ. ഭാസ്കരൻ നായർ	..	133
20. ധനലക്ഷ്മിയുടെ ചൊല്ലിയാട്ടം — എം. രാജരാജവർമ്മ	..	140

പദ്യവിഭാഗം

പാഠം			പുറം
1.	വേണുഗാനം — ചെറുശ്ശേരി	..	150
2.	പാഞ്ചാലീവാക്യം — കുഞ്ചൻ നമ്പ്യാർ	..	152
3.	മായാമോഹം — പൂന്താനം	..	155
4.	ദമയന്തിയും ഹംസവും — ഉണ്ണായിവാര്യർ	..	157
5.	ഗാന്ധാരീവിലാപം — എഴുത്തച്ഛൻ	..	159
6.	ഒരു സംവാദം — കുഞ്ചൻ നമ്പ്യാർ	..	162
7.	ഖാണ്ഡവദാഹം — ചെറുശ്ശേരി	..	165
8.	കൈലാസപർവ്വതം — പുനം നമ്പൂതിരി	..	167
9.	ദ്വാരക — രാമപുരത്തു വാര്യർ	..	169
10.	സീതയുടെ അടയാളവാക്യം — എഴുത്തച്ഛൻ	..	172
11.	മുന്നു മുക്തകങ്ങൾ — വെണ്മണിമഹൻ, ഒറവങ്കര, ശീവൊള്ളി	..	174

പാഠം		പുറം
12. ഒരു സന്ദേശം — കേരളവർമ്മ വലിയകോയിത്തമ്പുരാൻ	..	176
13. ഹതനായ പ്രസേനൻ — കെ. സി. കേശവപിള്ള	..	178
14. കളങ്കമററ കൈ — ബാലാമണിയമ്മ	..	180
15. ജയ ജയ കേരളവസുധേ, മഹിതേ ! — എൻ. ഗോപാലപിള്ള	..	183
16. ആട്ടം — കെ. കെ. രാജാ	..	186
17. തുമ്പപ്പൂവ് — ഉള്ളൂർ	..	187
18. ആ മലനാടൻ മങ്കമാർ — പി. കുഞ്ഞിരാമൻ നായർ	..	190
19. പുരാണങ്ങൾ — വള്ളത്തോൾ	..	192
20. യാത്രാവചനം — മേരി ജോൺ തോട്ടം	..	194
21. ജീവിതം — ചങ്ങമ്പുഴ കൃഷ്ണപിള്ള	..	196
22. കാവ്യകല — എൻ. കുമാരൻ ആശാൻ	..	198

ഗദ്യവിഭാഗം

പാഠം 1

ഉൾനാട്ടിലെ ഒരുത്സവം

[എസ്സ്. കെ. പൊറ്റെക്കാട്ട്—ഇപ്പോൾ പാർലിമെൻറ് മെമ്പർ (എം. പി.) ആണ്. യാത്രാവിവരണരൂപത്തിലുള്ള ഗ്രന്ഥങ്ങൾ ധാരാളം എഴുതീട്ടുണ്ട്. ചെറുകഥകളും നോവലുകളും അതിനു പുറമെയും. ഇന്നത്തെ യൂറോപ്പ്, സിംഹഭൂമി, പാതിരാസൂര്യന്റെ നാട്ടിൽ, നൈൽ ഡയറി, കാപ്പിരികളുടെ നാട്ടിൽ, സോവിയറ്റ് ഡയറി, ബാലിദ്വീപ്, പുള്ളിമാൻ, വിഷകന്യക മുതലായവ ഇദ്ദേഹത്തിന്റെ കൃതികളാണ്. ബാലിദ്വീപിൽവെച്ചു കണ്ട ഒരുത്സവത്തെ വർണ്ണിക്കുന്ന ഭാഗമാണ് താഴെ ഉദ്ധരിക്കുന്നത്. ആ ദ്വീപിനു കേരളവുമായുള്ള സാദൃശ്യം വായനക്കാരെ അത്ഭുതപ്പെടുത്തും. 'പുരി'യിൽ ലേഖകൻ ചൊക്കോർദ്ദെയുടെ അതിഥിയായിരുന്നു. ഇനി വായിക്കുക.]

ക്ഷേത്രങ്ങൾ കണ്ടു് പുരിയിലേക്കു മടങ്ങുമ്പോൾ ചൊക്കോർദ്ദെ പറഞ്ഞു: "ഇന്നു രാത്രി ഞാൻ പുരിയിൽ ഉണ്ടാവുകയില്ല. വൈകുന്നേരം 'ബാഞ്ജാർ ബാൻട്ടയുങ്ങി'ലേക്കു പോവുകയാണ്. അവിടെ എന്റെ പൂർവ്വികരുടെ വക ഒരമ്പലത്തിൽ ഉത്സവമാണിന്നു്. നിങ്ങൾക്കിഷ്ടമാണെങ്കിൽ ഉത്സവം കാണാൻ എന്റെകൂടെ വരാം."

ഇഷ്ടമാണെന്നോ ? അങ്ങനെയൊരവസരം ലഭിക്കാൻ ഞാൻ കാത്തിരിക്കയായിരുന്നു.

"പക്ഷേ നിങ്ങൾ നല്ലപോലെ ആലോചിച്ചിട്ടു തീരുമാനിച്ചാൽ മതി." ചൊക്കോർദ്ദെ എന്നെ മൃദുലമായി താക്കീതുചെയ്തു. "നാലു മൈൽ നടക്കണം, അവിടെയെത്താൻ പൊതുനിരത്തുകളൊന്നുമില്ല. എന്താ ഒരുക്കമാണോ ?"

നാലല്ല പത്തു മൈൽ നടക്കാൻ ഞാനൊരുക്കമായിരുന്നു, ബാലിയിലെ നാട്ടുമ്പുറങ്ങൾ കാണാൻ.

അങ്ങനെ അഞ്ചു മണിക്കു് ഞങ്ങൾ പുരിയിൽനിന്നു പുറപ്പെട്ടു. ചൊക്കോർദ്ദെയുടെ പുത്രി ശ്രീയാത്തുണും, ചൊക്കോർദ്ദെയുടെ അനുജന്റെ മകൻ അഗ്ഗുംഗ്മാസും ഒരു വേലക്കാരനും ഞങ്ങളുടെ കൂടെ വരാൻ ഒരുങ്ങിനില്ക്കുന്നുണ്ടായിരുന്നു. ചൊക്കോർദ്ദെയും അഗ്ഗുംഗ്മാസും ധരിച്ചിരുന്നതു് ലുങ്കിയും ഷർട്ടുമാണ്. മുണ്ടും ഷർട്ടും ധരിച്ച് തനി മലയാളി വേഷത്തിലാണ് ഞാൻ അവരുടെ കൂടെ കൂടിയതു്—ഒരു വേഷ്ടി പുതയ്ക്കുകയും ചെയ്തിരുന്നു.

പുരിയിൽനിന്നു് ബാൻടുയൂങ്ങിലേക്കു നേരിട്ടു നിരത്തുക ളൊന്നുമില്ല. പറമ്പുകളും, ഇടവഴികളും, തോടിൻകരകളും വയൽ വരമ്പുകളും മേടുകളും കടന്നുപോകുന്ന ഊടുപാതകൾ മാത്രമേ യുള്ളൂ.

ഞങ്ങൾ ഉബൂദുകഴിഞ്ഞു് അടുത്ത ഗ്രാമമായ 'സാംബാ'നിലെ ത്തിയപ്പോൾ പെട്ടെന്നു മഴ ചൊരിഞ്ഞു. നമ്മുടെ കർക്കടകപ്പേമാ രിയെക്കാളും ഉഗ്രമായ വർഷധാരയും ഇടിയും മിന്നലും കാററും. ഞങ്ങൾ ഒരിടവഴിയിലായിരുന്നു. ഇരുവശത്തേയും പറമ്പു കളിൽനിന്നു് കുത്തിയൊലിച്ചു വീഴുന്ന വെള്ളം ഇടവഴിയെ പെട്ടെന്നു് ഒരു തോടാക്കിത്തീർത്തു. ഞങ്ങൾക്കു മുൻപോട്ടു നീങ്ങാൻ കഴിഞ്ഞില്ല—കുണ്ടും കുഴിയും പാറയുംതന്നെ. ഞങ്ങൾ ഇടവഴിയോടു തൊട്ടു ഒരു പറമ്പിലെ ഒരു എലിമെൻററി സ്കൂളിൻെറ കോലായിൽ അഭയംപ്രാപിച്ചു.

കുറച്ചു കഴിഞ്ഞപ്പോൾ മഴയുടെ ശക്തി ഒന്നു കുറഞ്ഞു. വേല ക്കാരൻ ഒരു വലിയ വാഴയില വെട്ടിക്കൊണ്ടുവന്നു. ആ പച്ച ക്കുട ഞങ്ങളുടെ തലയ്ക്കുമീതെ പിടിച്ചുതന്നു. ചൊക്കോത്ത്രേയും ഞാനും ഞങ്ങളുടെ പാദരക്ഷകൾ വേലക്കാരൻെറ കൈയിൽ കൊടുത്തു. ലുങ്കി മുട്ടുവരെ പൊക്കിപ്പിടിച്ചു് ചൊക്കോത്ത്രേയും, മുണ്ടു മാടിക്കെട്ടി ഞാനും നടന്നു. അഗ്ഗുംഗ്മാസ്സും ശ്രീയാത്തുണും മഴ കൂസാതെ ഞങ്ങളെ പിൻതുടർന്നു.

പത്തു മിനിട്ടു കഴിഞ്ഞപ്പോൾ മഴ പൂർവ്വാധികം ഉഗ്രതയോടെ എടുത്തുചൊരിഞ്ഞു. ഞങ്ങൾ കുറെ ദൂരം ഓടി. "നമ്മൾക്കു് അക്കാണുന്ന പുരയിൽക്കയറി നില്ക്കാം." ചൊക്കോത്ത്രേ പറഞ്ഞു. "അതു് എൻെറ പഴയ ഡ്രൈവരുടെ പുരയാണു്." അങ്ങനെ ഞങ്ങൾ ആ ഡ്രൈവരുടെ കുടിലിൽ ചെന്നുകയറി. മുളമ്പായു് കൊണ്ടുണ്ടാക്കിയ ചുമരുകളും പുല്ലുമേഞ്ഞ മേൽക്കൂരയുമുള്ള ഒരു പഴയ കുടിൽ. വൃത്തികെട്ട മുററം.

ആ പറമ്പിൽ വേറെയും രണ്ടു കുടിലുകളുണ്ടു്. മൂലയിൽ ഒരു മണ്ഡപപ്പുരയും. പറമ്പിനു ചുററും അരയാൾപ്പൊക്കത്തിൽ മൺമതിലുകളാണു്. മഴകൊണ്ടു മതിൽ പൊതിർന്നുപോകാതി രിപ്പാൻ മതിലിൻെറ മീതെ വയ്ക്കോൽ പാവിയിട്ടുണ്ടു്. തിരു വിതാംകൂറിലെ ചില പ്രദേശങ്ങളിലെ പറമ്പുകളിൽ കാണുന്ന കൈയ്യാലയുടെ മാതൃകയിൽത്തന്നെയാണു് ഈ മതിലുകളും പണിതുവെച്ചിരിക്കുന്നതു്. ബാലിയിലെ ഉൾനാടുകളിൽ മിക്ക വാറും എല്ലാത്തറവാടുകളിലും ഇത്തരത്തിലുള്ള മൺമതിലുക ളുണ്ടായിരിക്കും.

മഴ തോൎന്നപ്പോൾ ഞങ്ങൾ യാത്ര തുടൎന്നു. കുറേശ്ശെ നാട്ടുവെളിച്ചമുണ്ടു്. പിന്നെയും ഇടവഴികൾതന്നെ. ഇടവഴികളുടെ ഇരുവശങ്ങളിലും കാണുന്ന പറമ്പുകളുടെ ആകൃതിയും പ്രകൃതിയും, അവിടെ തഴച്ചു വളൎന്നുനില്ക്കുന്ന സസ്യവൎഗ്ഗങ്ങളുടെ സുപരിചിതത്വവും, മലയാളിയായ എന്നെ ആശ്ചൎയ്യഭരിതനാക്കിത്തീൎത്തു. ആ തൊടികൾ കേരളത്തിൽനിന്നു് അങ്ങനെതന്നെ അടൎത്തിക്കൊണ്ടുവന്നു് ഇവിടെ പ്രതിഷ്ഠിച്ചതാണെന്നേ തോന്നൂ. തെങ്ങും കവുങ്ങും മാവും പ്ലാവും ആ പറമ്പുകളിൽ തലപൊക്കിനില്ക്കുന്നു, പടൎന്നു പന്തലിച്ചുകിടക്കുന്ന കടപ്ലാവുകൾ അവിടവിടെ ഇരുണ്ട മണ്ഡലങ്ങൾ വിരചിക്കുന്നു. ചില തൊടികളിൽ വെററിലക്കൊടികളുമുണ്ടു്. വാഴകളും മാതളമരങ്ങളും പപ്പായമരങ്ങളും എല്ലാ പറമ്പുകളിലും സുലഭമായിക്കാണാം. കേരളത്തിന്റേതല്ലാത്ത ഒരു മരം ഞാനവിടെക്കണ്ടതു് മാങ്കോസ്റ്റീൻ മാത്രമാണു്.

മതിൽമൂലകളിൽനിന്നു് പച്ചവില്ലീസുതൊങ്ങലുകൾ പോലെ ഇല്ലിക്കൂട്ടങ്ങൾ ഇടവഴിയിലേക്കു തള്ളിനില്ക്കുന്നു. അവയ്ക്കരികെ കരളകത്തിന്റെയും നീലശ്ശംഖപുഷ്പത്തിന്റെയും വള്ളികൾ കെട്ടിപ്പടൎന്നു കിടക്കുന്നു.

തറവാട്ടുവളപ്പുകൾക്കു് ബാലിമുദ്ര ചാൎത്തിക്കൊടുക്കുന്നതു് 'മേരു'ക്കളാണു്. പിതൃക്കൾക്കു സങ്കല്പിച്ചുവെച്ചിരിക്കുന്ന പൊക്കത്തിലുള്ള ഓലപ്പുരകളാണു് മേരുക്കൾ. മണ്ഡപപ്പുരയുടെ മൂൎദ്ധാവിൽ തട്ടുതട്ടായി കെട്ടിപ്പൊക്കിയ മേൽപ്പുരകൾ മേരുക്കളുടെ ഒരു പ്രത്യേകതയാണു്. മേലോട്ടു ചെല്ലുന്തോറും വ്യാസം ചുരുങ്ങിച്ചുരുങ്ങിവരുന്ന ഇറകളോടുകൂടിയ ഈ മേൽപ്പുരപരമ്പരകളുടെ എണ്ണം അഞ്ചു്, ഏഴു്, ഒൻപതു്, പതിനൊന്നു്, പതിമൂന്നു്—ഇങ്ങനെ ഒററസംഖ്യയിലവസാനിക്കണമത്രേ.

സന്ധ്യ മയങ്ങിത്തുടങ്ങി. ഞങ്ങൾ 'സാംബാൻ' ഖണ്ഡം കടന്നു് 'സകതി'യിലെത്തി. അടുത്തതു് 'ബാൻടുയൂങ്ങാ'ണു്. അയൽഗ്രാമങ്ങളിൽനിന്നു് ബാൻടുയൂങ്ങിലെ ഉത്സവത്തിനു പോകുന്ന ഒരു സംഘം സ്ത്രീകൾ ഞങ്ങളുടെ മുമ്പിൽ വന്നുചേൎന്നു. തലയിൽ ചമ്പകപ്പൂങ്കുലകൾ ചാൎത്തിയ അൎദ്ധനഗ്നകളായ ആ പെൺകൊടികൾ സംഭാഷണങ്ങൾക്കിടയിൽ മൂളിയും പാട്ടുപാടിയും ഉല്ലാസഭരിതരായി അങ്ങനെ നീങ്ങുകയാണു്. ചൊക്കോട്ടെ അവരിൽ ഒരുത്തിയോടു് എന്തോ ഫലിതം

പറഞ്ഞു. അവളും കൂട്ടുകാരികളും പൊട്ടിച്ചിരിച്ചു. അരികിലൂടെ കടന്നുപോകുന്ന പെണ്ണുങ്ങളെ എന്തെങ്കിലും തമാശ പറഞ്ഞു പൊട്ടിച്ചിരിപ്പിക്കുന്നതു് ബാലിപ്പുരുഷന്മാരുടെ വിനോദമാണു്. ഞങ്ങൾ ഇടവഴികൾ വിട്ടു്, വിശാലമായ ഒരു സാവയുടെ (വയൽ) വക്കിലെത്തിച്ചേർന്നു. വയലിന്റെ നടുവിലെ ചെളി വരമ്പിലൂടെ നടപ്പാത തുടർന്നുപോകുന്നു.

"വഴുക്കലുണ്ടു്; സൂക്ഷിച്ചു നടക്കണം." ചൊക്കോര്‍ത്തെ താക്കീതുചെയ്തു. നഗ്നപാദരായ അഗ്ഗുംഗ്മാസും ശ്രീയാത്തുണും വേലക്കാരനും വഴുതിവീഴാതിരിപ്പാൻ കാലിന്റെ പെരുവിരൽ ഊന്നിക്കൊണ്ടാണു് നീങ്ങിയിരുന്നതു്. ചെളിവരമ്പിലൂടെ നടക്കാൻ ഞാനും അങ്ങനെതന്നെയാണു് ചെറുപ്പത്തിൽ അഭ്യസിച്ചിട്ടുള്ളതു്. ഈ വിദ്യ ബാലിക്കാർക്കും അറിയാമെന്നു കരുതിയിരുന്നില്ല.

പാടം കഴിഞ്ഞു് ഞങ്ങൾ ഒരു കുന്നിൻചരുവിലെ ചുവന്ന ചരൽപ്പറമ്പിലേക്കു കയറി. ആ മൂലയിൽ മൂന്നുനാലു തെങ്ങുകൾ പീലിവിടർത്തി നില്ക്കുന്നു. വാവലുകൾ ചിറകിട്ടടിച്ചു പറക്കുന്നു.

പിന്നെയും ഇടവഴികൾ ഞങ്ങളെ വിഴുങ്ങി. പച്ചനെല്പാടങ്ങളും കുന്നിൻചരുവുകളും ചരൽപ്പറമ്പുകളും കുണ്ടനിടവഴികളും കൂടിക്കലർന്ന ആ ഗ്രാമമൂലയിലൂടെ സഞ്ചരിക്കുമ്പോൾ ഞാൻ സംശയിച്ചുപോയി, നടന്നുനടന്നു് ഞാൻ കോഴിക്കോട്ടെ ചേവായൂരിലാണോ എത്തിച്ചേർന്നിരിക്കുന്നതെന്നു്.

"ഇടവഴികൾ ഇനിയുമുണ്ടോ?" ഞാൻ ചൊക്കോര്‍ത്തെയോടു ചോദിച്ചു.

"കുറച്ചുകൂടിയുണ്ടു്. ഈ കുന്നു കഴിഞ്ഞാൽ ചെന്നുചേരുന്നതു് ബാൻടുയുങ്ങിലാണു്. എന്താ, നടക്കാൻ വിഷമം തോന്നുന്നുണ്ടോ?" അദ്ദേഹം എന്റെ കാലിനു മുമ്പിൽ ടോർച്ചു പ്രകാശിപ്പിച്ചുകൊണ്ടു പറഞ്ഞു: "ഇവിടത്തെ ഇടവഴികൾ മുഴുവനും കല്ലും കുഴിയും നിറഞ്ഞവയാണു്."

കല്ലും കുഴിയും മാത്രമല്ല, 'മുള്ളുമുരടുമൂർഖപ്പാമ്പും' ആ ഇടവഴികളിലുണ്ടെന്നു് എനിക്കു മനസ്സിലായി. ശ്രീയാത്തുണിന്റെ കാൽവിരൽ കല്ലിൽമുട്ടി മുറിഞ്ഞു ചോരവന്നു, അഗ്ഗുംഗ്മാസിന്റെ കാലിൽ രണ്ടു പ്രാവശ്യം മുള്ളു തറച്ചു, വേലക്കാരൻ കുണ്ടിൽ പിരണ്ടുവീണു് 'ഞാനൊന്നുമറിഞ്ഞില്ല' എന്ന മട്ടിൽ

എഴുന്നേററു നടക്കുന്നതുകണ്ടു് ശ്രീയാത്തുൺ പൊട്ടിച്ചിരിച്ചു. എന്താണു് സംഭവിച്ചതെന്നു ശ്രീയാത്തുൺ പറഞ്ഞറിഞ്ഞു് ചൊക്കോർദ്ദെയും വയറു കുലുങ്ങെച്ചിരിച്ചു.

പപ്പടം ചുടുന്നതുപോലെത്തെ ഒരു മണം—പാമ്പിന്റെ വായ്നാററം—എന്റെ മൂക്കിൽ ഇഴഞ്ഞു കയറിയപ്പോൾ ഞാൻ മതിലിന്നരികിൽനിന്നു കുറേശ്ശെ ഒഴിഞ്ഞുമാറി നടന്നു.

ഞങ്ങളുടെ വലതുഭാഗത്തു വന്നുചേരുന്ന ഒരിടവഴിയിൽ ഒരു വെളിച്ചം പരക്കുന്നതുകണ്ടു് ഞാൻ അങ്ങോട്ടൊന്നു നോക്കി. കൈയിൽ ഒരു വലിയ ഓലച്ചൂട്ട കത്തിച്ചുയർത്തിപ്പിടിച്ചു വീശി ക്കൊണ്ടു് ഒരു ചെറുപ്പക്കാരനും, പിന്നാലെ തലയിൽ നിറയെ പൂക്കൾ കുത്തിചൂടിയ ഒരു സംഘം പെണ്ണുങ്ങളും നീങ്ങിവരുന്നു. ആ ചൂട്ടിന്റെ വെളിച്ചത്തിൽ അവരോടൊപ്പം നീങ്ങാമെന്നു കരുതി ഞങ്ങൾ ആ മൂലയിൽ തങ്ങിനിന്നു.

അവരും ഉത്സവസ്ഥലത്തേക്കു് പുറപ്പെട്ടവരാണു്. ഇത്തിരി പരിഷ്കാരമുള്ളവരാണെന്നു തോന്നുന്നു. പെണ്ണുങ്ങൾ പച്ച നിറ ത്തിലുള്ള കട്ടിത്തുണിയും നീണ്ട കൈകളോടുകൂടിയ വെള്ള ക്കുപ്പായവുമാണു് ധരിച്ചിരിക്കുന്നതു്. കുപ്പായത്തിനുമീതെ അര യിൽ ഒരു വർണ്ണപ്പട്ടുകച്ചയും ചുററിയിട്ടുണ്ടു്. മുൻപേ നടക്കുന്ന അർദ്ധനഗ്നനായ ചെറുപ്പക്കാരന്റെ കൈയിലെ കത്തിയെരിയുന്ന ചൂട്ടു് ഞാൻ കൗതുകത്തോടെ നോക്കി. ആ ചൂട്ടിന്റെ കോലവും കെട്ടും മട്ടും കണ്ടു ഞാനത്ഭുതപ്പെട്ടു. ചേവായൂരിലെ രാരു നായരുടെ പീടികയിൽ വില്ക്കാൻവെച്ച ചൂട്ടുതന്നെ!

''അയാൾ കൈയിൽ കത്തിച്ചുപിടിച്ച ആ സാധനത്തിന്റെ പേരെന്താണു്?'' ഞാൻ ചൊക്കോർദ്ദെയോടു ചോദിച്ചു. ''ച്ശുണ്ടെ'' എന്നു മറുപടി കേട്ടപ്പോൾ ഞാൻ മൂക്കത്തു ചൂണ്ടു വിരൽവെച്ചുപോയി. അതേ; ആകൃതികൊണ്ടു മാത്രമല്ല പേരു കൊണ്ടും നമ്മുടെ ചൂട്ടിന്റെ ഏട്ടനാണു് ബാലിക്കാരുടെ 'ച്ശുണ്ടെ'.

കുന്നും ഇടവഴികളും കടന്നു് ഞങ്ങളുടെ പാത ഒരു വയൽ സാമ്രാജ്യത്തിന്റെ മൂലയിലേക്കു വഴുതിവീണു. ചൂട്ടും വെളി ച്ചവും ആൾക്കൂട്ടവും പല കോണുകളിൽനിന്നും നീങ്ങിവരുന്നുണ്ടാ യിരുന്നു. ദൂരെ മിന്നാമിനുങ്ങിൻപററം ചെന്നുപററിയപോലെ തോന്നുന്ന ഒരു മലയിലേക്കു ചൂണ്ടിക്കാണിച്ചു് ചൊക്കോർദ്ദെ പറഞ്ഞു: ''ഉത്സവസ്ഥലമാണു് അക്കാണുന്നതു്.'' ചൊക്കോർദ്ദെ യുടെ പൂർവ്വികക്ഷേത്രത്തിന്റെ പേർ 'പൂരാ പംഗാജി' എന്നാണു്. ഗ്രാമത്തിലെ മൂലക്ഷേത്രമാണിതു്.

മിന്നാമിനുങ്ങിൻകൂട്ടം മണ്ണെണ്ണവിളക്കുകളായി മാറി. ക്ഷേത്രപ്പറമ്പിന്നുപുറത്തെ വയലിൽ ഏപ്പെട്ടത്തിയ ചന്തയിലെ സ്റ്റാളുകളിൽനിന്നു പ്രകാശിക്കുന്ന ദീപബിന്ദുക്കൾ തെളിഞ്ഞു. ചന്തയിലെ ശബ്ദകോലാഹലങ്ങൾക്കിടയിലൂടെ ക്ഷേത്രത്തിൽനിന്നു ഗ്യാമലിൻ വാദ്യസംഗീതതരംഗങ്ങൾ ഞങ്ങളെ സ്വാഗതം ചെയ്തു. കേരളത്തിലെ ക്ഷേത്രങ്ങളിലെ പൂരങ്ങളിലും, കാവുകളിലെ അടിയന്തരങ്ങളിലും കാണാറുള്ള അതേ ആർഭാടങ്ങളും വിനോദപ്രകടനങ്ങളുംതന്നെയാണ് ഇവിടെയും അലതല്ലുന്നത്. പെണ്ണുങ്ങളും കുട്ടികളുമാണ് ഏററവുമധികം ഉത്സാഹം പ്രദർശിപ്പിക്കുന്നത്.

നമ്മുടെ നാട്ടിൽ കാണുന്നപോലെതന്നെ ബാലിയിലെ ക്ഷേത്രങ്ങൾക്കരികിലും ഒരാൽമരമുണ്ടായിരിക്കും. വടവൃക്ഷത്തെ ഇവിടെ 'വരിംഗൻ' എന്നാണ് വിളിക്കുന്നത്. ക്ഷേത്രത്തിലേക്കു കടക്കുന്നതിന്നു മുൻപ് ചൊക്കോർദ്ദെയുടെ പിന്നാലെ ഞങ്ങളും വരിംഗനെ ഒന്നു പ്രദക്ഷിണംവെച്ചു.

ചൊക്കോർദ്ദെ ഒരു കച്ച അരയിൽ ചുററിക്കെട്ടി. അങ്ങനെയാണ് ആചാരം. ചൊക്കോർദ്ദെയെ അനുകരിച്ചു ഞാനും എൻെറ വേഷ്ടി അരയിൽ കെട്ടി. ഞങ്ങൾ ഗോപുരം കടന്ന് ഒന്നാമത്തെ ചുററമ്പലത്തിൽ പ്രവേശിച്ചു. (ബാലിക്ഷേത്രങ്ങൾക്ക് സാധാരണമായി മൂന്നു ചുററമ്പലങ്ങളുണ്ടായിരിക്കും.) അപ്പക്കൊട്ടകൾ തലയിലേററിയ പെണ്ണുങ്ങൾ ഒററയായും കൂട്ടമായും അമ്പലത്തിലേക്കു കടന്നുവരുന്നുണ്ടായിരുന്നു. ഉത്സവദിവസം ഗ്രാമത്തിലെ ഓരോ കുടുംബവും അമ്പലത്തിലേക്ക് അപ്പക്കാഴ്ചകൾ കൊണ്ടുവരണമെന്നുണ്ട്.

അരിമാവുകൊണ്ട് പല വലിപ്പത്തിലും രൂപത്തിലും ചുട്ടെടുത്ത് അത്ഭുതവർണ്ണങ്ങൾ പിടിപ്പിച്ച അപ്പങ്ങളും അടകളും, നാനാതരം കനികളും പൂക്കളും, തട്ടുകളിൽ കലാഭംഗിയോടെ ക്രമ്പാരമാക്കിവെച്ചിരിക്കുന്നു. കൊട്ടാരഗോപുരങ്ങളുടേയും കപ്പലുകളുടേയും അഗ്ലുംഗ്മലയുടേയും—അങ്ങനെ പല മാതൃകകളിലും, ആ പലഹാരങ്ങളും പഴങ്ങളും പൂക്കളും തമ്മിൽ തിരിച്ചറിയാതിരിക്കത്തക്കവണ്ണം ഇടകലർത്തി കൂട്ടിവച്ചിരിക്കുന്നു. കുരുത്തോലകൊണ്ടുണ്ടാക്കിയ കൊടിക്കൂറകളും മാലകളും കോലങ്ങളും ആ ഫലപുഷ്പപലഹാരസമാഹാരത്തിൽ ചാർത്തിട്ടുണ്ട്. ആ കൗതുകകരമായ കാഴ്ചത്തട്ടുകൾ തലയിൽ വഹിച്ചുകൊണ്ട് നീങ്ങുന്ന വനിതകളുടെ ഉത്സവവേഷവും നമ്മെ ആകർഷിക്കുന്നു. സ്വർണ്ണക്കസവിൻെറ ഇലകളും പൂക്കളും നക്ഷത്രങ്ങളും വിലസുന്ന പച്ചപ്പട്ടുതുണി കാലിൻെറ നെരിയാണി കവിയുമാറു താഴ്ത്തിയുടുത്ത്,

മുല പകുതി മറച്ചുകൊണ്ടു വയററിനുമീതെ ഒരു മഞ്ഞക്കച്ച ചുററി, തലമുടിക്കെട്ടിൽ ഒരു വെള്ളത്തുവാല മടക്കിക്കെട്ടിയിട്ടു്, നീണ്ടുനിവൎന്നു നടനഭംഗി കലൎന്ന കാൽവെപ്പുകളോടെ ആ കമനീയാംഗികൾ നീങ്ങിവരുന്നു. പ്രധാന മണ്ഡപത്തിന്റെ മുമ്പിൽ വെച്ചു് 'പെമാംഗു' (പൂജാരി) പുണ്യാഹം കുടഞ്ഞു നിവേദ്യം ശുദ്ധീകരിച്ചു സ്വീകരിക്കുന്നു. ആ ഭാരിച്ച നേൎച്ചത്തട്ടു താഴെ വയ്ക്കാൻ രണ്ടു പേർ അവളെ സഹായിക്കുന്നു. പ്രധാന മണ്ഡപത്തിൻെറ ഇരുവശത്തും പ്രത്യേകം കെട്ടിയുണ്ടാക്കിയ ഗ്യാലറികളിൽ അപ്പക്കാഴ്ചത്തട്ടുകൾ സ്ഥലം പിടിക്കുന്നു. ഗ്രാമത്തിലെ എല്ലാ വീട്ടുകളിൽനിന്നും വന്നുചേൎന്ന പലഹാരത്തട്ടുകൾ അവിടെ നിരത്തി പ്രദർശിപ്പിച്ചിട്ടുണ്ടു്.

നിവേദ്യപ്പലഹാരം കൊണ്ടുവന്ന പെണ്ണിൻെറ കൈയിൽ പെമാംഗു കിണ്ടിയിൽനിന്നു തീൎത്ഥജലം പകൎന്നുകൊടുക്കുന്നു. അവൾ ഭക്തിപൂർവ്വം തീൎത്ഥജലം മൊത്തിക്കുടിച്ചു് നനഞ്ഞ കരതലം തലമുടിയിലുരയ്ക്കുന്നു. പിന്നെ മണ്ഡപത്തെ തൊഴുതു കുമ്പിട്ടു് അവൾ മെല്ലെ പിൻവാങ്ങുന്നു.

ചൊക്കോൎദ്ദെയും അഗുംഗ്മാസ്സും ആദ്യം മദ്ധ്യമണ്ഡപപ്പുരസ്സുമുമ്പിൽ മുട്ടുകുത്തി പ്രാൎത്ഥിച്ചു. പിന്നെ സാഷ്ടാംഗനമസ്കാരംചെയ്തു. പെമാംഗു അവരുടെ തലയിൽ പുണ്യാഹം കുടഞ്ഞു. പിന്നെ കുറച്ചു തീൎത്ഥജലം കുടിക്കാനും കൊടുത്തു.

ഗ്രാമത്തിലെ കാരണവന്മാരും ക്ഷേത്രത്തിലെ പുരോഹിതന്മാരും മററുമായി കാര്യാലോചനകൾ നടത്തുന്നതിനു് ചൊക്കോൎദ്ദെ 'ബാലെ അഗുംഗി'ലേക്കു പോയി. ഞാൻ കുറേ നേരം അമ്പലത്തിനകത്തെ കാഴ്ചകൾ കണ്ടു നടന്നു. അപ്പക്കാഴ്ചക്കാരുടെ വരവു നിലച്ചിരുന്നു. അടുക്കിവെച്ച അപ്പത്തട്ടുകൾ അമ്പലമുററത്തിൻെറ മൂന്നു ഭാഗത്തും നവരത്നഖചിതമായ മതിലുകൾപോലെ പൊങ്ങിനില്ക്കുന്ന കാഴ്ച മറക്കാൻ കഴിയുകയില്ല.

കുറച്ചു കഴിഞ്ഞപ്പോൾ ഞാൻ ടോർച്ചും കൈയിലെടുത്തു് മെല്ലെ ക്ഷേത്രത്തിൻെറ പാർശ്വദ്വാരത്തിലൂടെ പുറത്തെ വയലിലേക്കു കടന്നു. അല്പം അകലെയുള്ള ചന്തയിലേക്കാണു് പുറപ്പെട്ടതു്. അതൊരു കുറുക്കുവഴിയാണു്. കൂരാക്കൂരിരുട്ടു്. ചെളിയും ചണ്ടിയും നിറഞ്ഞ ഒരു വയൽമൂലയാണതു്. തെങ്ങിൻതടികൊണ്ടു പാലമിട്ട ഒരു ചെറിയ തോടും കടക്കാനുണ്ടു്. ഇരുട്ടിൽ ചില പെണ്ണുങ്ങൾ ആ കുറുക്കുപാതയിലൂടെ വരുന്നുണ്ടായിരുന്നു. ചന്തയിലെ വിളക്കുകൾ ലക്ഷ്യമാക്കിക്കൊണ്ടു്, നടക്കുന്നതുതന്നെ വഴിയെന്നു സങ്കല്പിച്ചു്, ഒരുവിധത്തിൽ ഞാൻ ചന്തസ്ഥലത്തെത്തിച്ചേൎന്നു.

ചന്തപ്പറമ്പിലെ സമ്മിശ്രശബ്ദങ്ങൾ എന്നെ വശീകരിച്ചു. യന്ത്ര ഊഞ്ഞാലിൻെറ തേങ്ങിക്കരച്ചിൽ, വാണിഭക്കാരുടെ മണി കിലുക്കൽ, പിള്ളേരുടെ ഓലപ്പീപ്പിവിളി, ഇടയ്ക്കു കുട്ടികളുടെ നിലവിളി, മൃദുലങ്ങളും രൂക്ഷങ്ങളുമായ സംഭാഷണങ്ങൾ, പൊട്ടി ച്ചിരികൾ, കൂക്കിവിളികൾ—ഇവയെല്ലാം കൂട്ടിക്കലർന്ന ഒരൊ ക്കെസ്ട്രാ! ഗ്രാമക്കാർ മുഴുവനും ഈ ഉത്സവരാത്രി സ്വാതന്ത്ര്യമായ ഉല്ലാസങ്ങൾക്കായി ഉഴിഞ്ഞുവെച്ചിരിക്കയാണെന്നു തോന്നുന്നു.

അടുത്തൊരു കടയിൽനിന്നു് വെളിച്ചെണ്ണയിൽ അപ്പം വറു ക്കുന്ന മണം പൊങ്ങുന്നു. പെട്ടെന്നനുഭവപ്പെടുന്ന ചില പ്രത്യേക ഗന്ധങ്ങൾ, അതുമായി ബന്ധപ്പെട്ട ചില ബാല്യകാലരംഗങ്ങളെ സ്മരണയിലേക്കാവാഹിച്ചുകൊണ്ടുവരുന്നു. ചെറുപ്പകാലത്തു് കോഴി ക്കോട്ടെ ഉൾനാടൻകാവുകളിൽ തിറയടിയന്തരങ്ങൾ കാണാൻ പോയി രാത്രി മുഴുവനും ഉറക്കമിളച്ചു് ചന്തസ്ഥലത്തു് അലഞ്ഞു തിരിഞ്ഞു കഴിച്ചുകൂട്ടിയതിൻെറയും അന്നത്തെ നേരംപോക്കുകളു ടെയും സ്മരണകൾ ഇന്നിതാ, ബാലിയിലെ ബാൻടുയുങ്ങു് ഗ്രാമ മൂലയിലെ ഉത്സവച്ചന്തയിൽ ഒരു തള്ള ചുടുന്ന അപ്പത്തിൻെറ ചൂടുള്ള ഗന്ധത്തിലൂടെ എന്നെ പിൻതുടർന്നുവരുന്നു.

ആണും പെണ്ണും പ്രായഭേദമില്ലാതെ ഒററയായും കൂട്ടമായും ചന്തസ്ഥലത്തു് അലഞ്ഞുതിരിയുന്നു. ചിലർ ചായക്കടയുടെ മുൻപിൽ തങ്ങിനില്ക്കുന്നു. അവിടെ ഒരു മേശയ്ക്കു താഴെ അപ്പം ചുടുന്ന അടുപ്പു് ജ്വലിക്കുന്നു. അടുത്തുതന്നെ അരിമാവു കുഴച്ചു വെച്ച പുത്തൻകലവും കാണുന്നു. മേശപ്പുറത്തുവെച്ച പാട്ടവിള ക്കിൻെറ ചുവപ്പുരാശി കലർന്ന മഞ്ഞപ്രകാശത്തിൽ, നെയ്യപ്പവും അടയും പുഴുങ്ങിയ കിഴങ്ങും വാഴയിലയിൽ കൂട്ടിവെച്ചിരിക്കു ന്നതു കാണാം.

പെട്ടെന്നു് ഒരു കാററും മഴയും വന്നു. അപ്പോഴുണ്ടായ ബഹളവും ശബ്ദകോലാഹലവും വർണ്ണിക്കാൻ വയ്യ. കാററു വീശി യപ്പോൾ പാട്ടവിളക്കുകൾ മിക്കതും കെട്ടു. പല മൂലകളിലും കൂരിരുട്ടുതന്നെ. തുറന്ന സ്ഥലത്തെ കച്ചവടക്കാർ സാമാനങ്ങൾ വാരിയെടുത്തു് നെടുമ്പുരകൾക്കുള്ളിൽ അഭയംപ്രാപിച്ചു.

രണ്ടു മിനിട്ടു കഴിഞ്ഞപ്പോൾ മഴ വന്നവഴിക്കുതന്നെ പോയി. ബാലിയിലെ മഴയും ബാലിപ്പെണ്ണിൻെറ മനസ്സും ഒരുപോലെ യാണെന്നു പറയാറുണ്ടു്.

ഒരിടത്തു് ഒരു മേശപ്പുറത്തു് നാടൻ ചാരായക്കുപ്പികൾ നിരത്തിവച്ചിരിക്കുന്നു. അടുത്തുതന്നെ ഒരു കള്ളുകടയുമുണ്ടു്.

കള്ളിനു് ഇവർ 'തപാക്കു്' എന്നാണു് പറയുന്നതു്. റാക്കിനു് 'അറാക്കു്' എന്നും. ആണും പെണ്ണും ഒരുമിച്ചിരുന്നു മദ്യസേവ നടത്തുന്നു.

ഒരു ചെറുപ്പക്കാരൻ, സിഗററുവലിച്ചുകൊണ്ടിരിക്കുന്ന ഒരു സുന്ദരിയോടു സിഗററുകുററി ഇരന്നുചോദിക്കുന്നതും, മദ്യലഹരിയോടുകൂടി ആ മഹിള അവൻെറ മുഖത്തു സിഗററുപുകയൂതി ഒരാട്ടുവെച്ചുകൊടുക്കുന്നതും ഞാൻ കണ്ടു. ഞാൻ മാത്രമല്ല, ഒരു കിഴവിത്തള്ളയും ആ കാഴ്ചകണ്ടു പൊട്ടിച്ചിരിച്ചു. കീഴ്ച്ചുണ്ടിൻെറയും പല്ലിൻെറയും ഇടയ്ക്കു ചെളിപോലുള്ള പുകയിലഗുളിക തിരുകിവെച്ച ആ തള്ളയുടെ ചിരി ഞാൻ മറക്കുകയില്ല.

ഒരു നെടുമ്പുരയ്ക്കകത്തു മുഴുവനും ചൂതാട്ടക്കളങ്ങളാണു്. 'ആന, മയിൽ, ഒട്ടക'ക്കാരുടെയും വളയെറിയുന്നവരുടെയും നാണയമെറിയുന്നവരുടെയും കളങ്ങളും, വർണ്ണരേഖകളോടുകൂടിയ ബോർഡുകളും അവിടെ നിരന്നുനില്ക്കുന്നു. അവിടെ ഭാഗ്യം പരീക്ഷിക്കാൻ ചടഞ്ഞുകൂടിയിരിക്കുന്നവരിൽ അധികവും പെണ്ണുങ്ങളാണു്.

ഒരു മണിക്കൂർനേരം ആ ചന്തസ്ഥലത്തെ നേരമ്പോക്കുകൾ കണ്ടതിനുശേഷം ഞാൻ ക്ഷേത്രത്തിലേക്കുതന്നെ മടങ്ങി. അവിടെ എത്തിയപ്പോൾ പെണ്ണുങ്ങൾ കൂട്ടമിട്ടിരുന്നു തോററം പാടാൻ തുടങ്ങിയിരുന്നു. അർത്ഥം മനസ്സിലായില്ലെങ്കിലും, ഇഴഞ്ഞ സ്വരത്തിൽ സംഗീതമാധുരിയോടെ നീട്ടിച്ചൊല്ലുന്ന ആ സ്തോത്രങ്ങൾ എന്നെ പുളകംകൊള്ളിച്ചു. "ആ സ്തോത്രത്തിൻെറ സാരമെന്താണു് ?" ഞാൻ ചൊക്കോർദ്ദെയോടു ചോദിച്ചു. അദ്ദേഹം പറഞ്ഞു:—"ദേവന്മാരേയും ദേവിമാരേയും വിളിച്ചുവരുത്താനുള്ള സ്തോത്രമാണു് അവർ പാടുന്നതു്. അതിൻെറ സാരം ഇതാണു്:—

മേരുഭൂവിൽ മരുവിടുന്നോരേ,
സ്വർഗ്ഗമേടയിൽ വാണിടുന്നോരേ,
ഞങ്ങൾ നൽകും നിവേദ്യങ്ങളുണ്ണാൻ
വന്നിറങ്ങുക ദേവതമാരേ!
ഞങ്ങൾ വെച്ച നിവേദ്യം നുകൎന്നു
ഞങ്ങളെയൊന്നനുഗ്രഹിച്ചാലും!"

എന്തു ശാലീനമധുരമായ പ്രാർത്ഥന!

മണി പതിനൊന്നു കഴിഞ്ഞിരുന്നു. എനിക്കു് പതുക്കെ ഉറക്കംവന്നുതുടങ്ങി. അതു മനസ്സിലാക്കി എൻെറ ആതിഥേയൻ

എനിക്കു് ഉറങ്ങാൻ ഊട്ടുപുരയുടെ കോലായിൽ ഒരു പായും തലയിണയും ശരിപ്പെടുത്തിത്തന്നു. ആ പൂജാരിണികളുടെ തോററം കേട്ടുകൊണ്ടു ഞാനുറങ്ങാൻ കിടന്നു. എന്തൊരു കണ്ണു മധുരമായ സംഘഗാനം! ആ തോററം കേട്ടാൽ ദേവന്മാർക്കും ദേവിമാർക്കും വാനത്തുനിന്നിറങ്ങിവരാതിരിക്കാൻ മനസ്സു വരുമോ?..........സ്വപ്നലോകത്തോളം ആ ഗാനം എന്നെ പിൻതുടൎന്നുവെന്നു തോന്നുന്നു.........

ചൊക്കോട്ടെ എന്നെ വിളിച്ചുണൎത്തി: "അത്താഴം കഴിക്കണ്ടേ? എഴുന്നേല്ക്കു." ഞാൻ എഴുന്നേററിരുന്നു കണ്ണുതിരുമ്മി ചുററുപാടും നോക്കി. ഒരു സ്വപ്നത്തിൽനിന്നു് മറെറാരു സ്വപ്നത്തിലേക്കു വഴുതിവീണപോലെ എനിക്കു തോന്നി. പുഷ്പങ്ങൾ കൊണ്ടലങ്കരിച്ച പഴക്കുമ്പാരങ്ങളും നിറപ്പകിട്ടുള്ള അപ്പങ്ങൾ നിരത്തിവെച്ച തട്ടുകളും, എൻെറ മുമ്പിൽ രത്നകൊട്ടാരങ്ങൾപോലെ നിലകൊള്ളുന്നു: ഒരു സ്വൎഗ്ഗീയഗാനം എൻെറ കരളിനെ തലോടുന്നു; ശിരസ്സിൽ പൂ ചൂടിയ ദേവകന്യകമാർ അങ്ങുമിങ്ങും നീങ്ങുന്നു—ഞാൻ ഏതു ലോകത്തിലാണു്?.. ഗ്യാലിൻവാദ്യനാദം എൻെറ ചെകിട്ടിൽ മന്ത്രിച്ചു:—"ഇതു ബാലിദ്വീപാണു്".

പെണ്ണുങ്ങളുടെ തോററം അപ്പോഴും തുടൎന്നുകൊണ്ടിരുന്നു. ഒരു പുതിയ സംഘമാണു് അപ്പോൾ പാടുന്നതു്. നേരം ഒരുമണി കഴിഞ്ഞു.

ഞാനും ചൊക്കോട്ടെയും ആ പഴയ തറവാട്ടിലെ ഒരു കാരണവരും ഉണ്ണാനിരുന്നു. നിലത്തു് ഒരു തടുക്കിലാണു് ഞങ്ങൾ ഉണ്ണാനിരുന്നതു്. ഒരു പരന്ന കൊട്ടയിൽ വാഴയില വെച്ചു് അതിലാണു് ചോറു വിളമ്പിയതു്. തലകീഴായിപ്പിടിച്ച കുണിൻെറ ആകൃതിയിലുള്ള ഒരു മരപ്പാത്രത്തിൽ വാഴയില വിരിച്ചു് അതിൽ കോഴിയിറച്ചിക്കറിയും നിറച്ചുവെച്ചിരുന്നു. ചെറിയ കൊട്ടകളിൽ പച്ചക്കറികൾ വേവിച്ചതും അച്ചാറും മററുമുണ്ടായിരുന്നു. താറാവിൻെറ ഇറച്ചിയായിരുന്നു മറെറാരുപദാൎത്ഥം. ഗൃഹനാഥൻ ഇറച്ചിക്കറി മരപ്പാത്രത്തിൽനിന്നു് ഒരു വാഴയിലക്കുമ്പിളിൽ മുക്കി എൻെറ ചോററുപാത്രത്തിൽ ഒഴിച്ചുതന്നു. കുടിക്കാൻ ചായത്തണ്ണിയായിരുന്നു.

അത്താഴം കഴിഞ്ഞ ഉടനെ ഞാൻ കിടന്നുറങ്ങി. പിറേറന്നു പുലരുന്നതിനുമുൻപു് ഞങ്ങൾ അഞ്ചുപേരും പുരാപംഗാജി ക്ഷേത്രഗൃഹത്തിൽനിന്നും ഉബൂദിലേക്കു പുറപ്പെട്ടു.

അന്നു് എന്റെ ജന്മനാളായിരുന്നു—മാർച്ച് പതിന്നാലാം തീയതി. സാധാരണയായി ഞാൻ എന്റെ ജന്മനാൾ ഓക്കാറും ആഘോഷിക്കാറുമില്ല. പക്ഷെ, 1953-ാമാണ്ടിലെ എന്റെ ജന്മനാൾ ഞാൻ എന്നും ഓക്കും. അന്നത്തെ പ്രഭാതം സ്വർഗ്ഗത്തിന്റെ പ്രതിച്ഛായയായി എനിക്കു തോന്നി. ഉദയസൂര്യന്റെ കരസ്പർശമേററു തെളിഞ്ഞുനില്ക്കുന്ന അഗ്ഗൂംഗ്മലയുടെ കൊടുമുടിയാണു് അന്നു് ഞാൻ കണികണ്ടതു്.

'ബാഞ്ജാർസക്തി'യിലെ നെല്പാടങ്ങൾക്കരികിലുള്ള പൂക്കൈതപ്പടർപ്പുകൾകൊണ്ടു കരവെച്ച തോടിൻവക്കിലൂടെ നടക്കുമ്പോൾ, തെങ്ങിൻതൈകളുടെ പീലിയോലകൾ പുലർകാററിൽ പുളകം കൊള്ളുമ്പോൾ, വാഴയും ചേമ്പും പപ്പായയും വളൎന്നുനില്ക്കുന്ന കൊച്ചു പറമ്പുകളിൽനിന്നു പൂങ്കോഴിച്ചാത്തന്റെ കൂകൽ കേൾക്കുമ്പോൾ, തോളിൽ കരിയുമേന്തി അർദ്ധനഗ്നനായ കർഷകൻ വയലിൽ വേല ചെയ്യാൻ പോകുന്നതു കാണുമ്പോൾ, പൈക്കിടാവിനെ കയററിട്ടു പിടിച്ചു മാറും തുള്ളിച്ചുകൊണ്ടു് 'കല്യാണിക്കുട്ടിയുടെ അനിയത്തി' പറമ്പിൽനിന്നു് ഇടവഴിയിലേക്കിറങ്ങി വരുമ്പോൾ എനിക്കു വിശ്വസിക്കുവാൻ കഴിയുന്നില്ല, ഞാൻ എന്റെ കേരളനാട്ടിലല്ലെന്നു്.

ബാലിദ്വീപ്]   [എസ്സ്. കെ. പൊറെറക്കാട്ട്

അഭ്യാസം

1. ബാലിദ്വീപും കേരളവും തമ്മിലുള്ള സാദൃശ്യം വിവരിക്കുക.
2. ബാൻടുയുങ്ങിലെ ചന്തപ്പറമ്പിലെ കാഴ്ചകളെ വർണ്ണിക്കുക.
3. 'മഴ തോൎന്നപ്പോൾ ഞങ്ങൾ യാത്ര തുടൎന്നു' അപോദ്ധരിക്കുക.
4. അനുപ്രയോഗമെന്നാലെന്തു്? സോദാഹരണം വിവരിക്കുക.
5. സ്വന്തം വാക്യത്തിലുപയോഗിക്കുക :—

   സാഷ്ടാംഗനമസ്കാരം, ഭക്തിപൂർവ്വം, സ്വർഗ്ഗീയഗാനം.

പാഠം 2

ചില പരീക്ഷണങ്ങൾ

[ഗാന്ധിജി മഹാത്മാവായിത്തീൎന്നതു് ഒന്നോ രണ്ടോ ദിവസംകൊണ്ടല്ല. സത്യാന്വേഷണപരീക്ഷകളിൽക്കൂടിയും ആത്മനിയന്ത്രണത്തിൽക്കൂടിയും വളരെ ദൂരം സഞ്ചരിച്ചതിനുശേഷമാണു് അദ്ദേഹം ആ ഉൽകൃഷ്ടപദവിയിലേക്കുയൎന്നതു്. ഈ പരീക്ഷണം അവ്യക്തമായ രൂപത്തിൽ ബാല്യത്തിൽത്തന്നെ ആരംഭിച്ചുകഴിഞ്ഞിരുന്നു. ബാരിസ്റ്ററാകാൻവേണ്ടി ഇംഗ്ലണ്ടിലേക്കു പോയിരുന്ന അവസരത്തിൽ അതു വികാസദശയെ പ്രാപിച്ചു. അവിടെവെച്ചു നടന്നചില സംഗതികളാണു് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം. തനി ഇംഗ്ലീഷുകാരനാകാൻവേണ്ടി വേഷാഡംബരാദികളിൽ വരുത്തിയ പരിഷ്കാരത്തെപ്പററി വിവരിച്ചതിനുശേഷം, ഗാന്ധിജി ഇങ്ങനെ എഴുതുന്നു:—]

ഇതൊന്നും പോരാഞ്ഞിട്ടു്, ഒരു സഭ്യനായ ഇംഗ്ലീഷുകാരനായിത്തീരുവാൻ ആവശ്യമെന്നു കരുതിപ്പോന്ന മററു ചില വിഷയങ്ങളിലും ഞാൻ ശ്രദ്ധപതിക്കാൻ തുടങ്ങി. നൃത്തവും ഫ്രഞ്ചുഭാഷയും പ്രസംഗരീതിയും പഠിക്കേണ്ടതാണെന്നു് ഒരാൾ എനിക്കു് ഉപദേശിച്ചുതന്നു. ഫ്രഞ്ചു് ഇംഗ്ലണ്ടിന്റെ അയൽരാജ്യമായ ഫ്രാൻസിലെ ഭാഷ മാത്രമല്ല, യൂറോപ്പുഖണ്ഡം മുഴുവനും പ്രചാരത്തിലുള്ള ഒരു പൊതു ഭാഷയുമാണു്. യൂറോപ്യൻ വൻകരയിലാകെ ഒരു സഞ്ചാരം കഴിക്കണമെന്ന ഉദ്ദേശവും എനിക്കുണ്ടായിരുന്നു. നൃത്തം പഠിക്കുവാൻ തീൎച്ചയാക്കി ഞാൻ അതിനുള്ള ഒരു ക്ലാസ്സിൽ ചേൎന്നു. ഒരു അവധിക്കുവേണ്ട മൂന്നു പവൻ ഫീസ്സടയ്ക്കുകയും ചെയ്തു. മൂന്നാഴ്ചകൊണ്ടു ഞാൻ നൃത്തത്തിൽ ആറു പാഠം പഠിച്ചിരിക്കണം. എന്നാൽ താളത്തിനിണങ്ങി നൃത്തം ചവിട്ടുക എന്നതു് എന്നാലാവതല്ലായിരുന്നു. പിയാനോവിന്റെ സംഗീതഗതി ശരിക്കു മനസ്സിലാക്കുവാൻ എനിക്കു സാധിച്ചില്ല. അതുകൊണ്ടു് അതിന്റെ താളത്തിനൊത്തു് കാൽവയ്ക്കുക അസാദ്ധ്യമായി. ഇനി ഞാനെന്തുവേണം? എലികളെ അകററുവാൻ പൂച്ചയെ വളൎത്തിയ ഒരു സന്ന്യാസിയുടെ കഥയുണ്ടു്. ഒന്നാമതു് പൂച്ചയേയും, പിന്നെ പൂച്ചയ്ക്കു് പാൽ കൊടുക്കാൻ ഒരു പശുവിനേയും, പശുവിനെ നോക്കുവാൻ ഒരാളേയും അദ്ദേഹം പോററുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ ഈ കുടുംബവൎദ്ധനപോലെ എന്റെ മോഹങ്ങളും ഒന്നിനുമേൽ ഒന്നായി വൎദ്ധിച്ചുതുടങ്ങി. പാശ്ചാത്യ സംഗീതത്തിൽ പരിജ്ഞാനം സിദ്ധിക്കുവാൻ ഫിഡിൽ വായന പഠിക്കേണ്ടതാണെന്നു ഞാൻ വിചാരിച്ചു. മൂന്നു പവൻ കൊടുത്തു് ഒരു ഫിഡിൽ വാങ്ങി. ഫീസ്സുവകയ്ക്കു കുറെപ്പണം വേറേയും ചിലവാക്കി. മൂന്നാമതായി, എന്നെ പ്രസംഗപാടവം

പരിശീലിപ്പിക്കുവാൻ മറെറാരദ്ധ്യാപകനെ ചട്ടംകെട്ടി. അദ്ദേഹത്തിനു പ്രാരംഭ ഫീസായി ഒരു ഗിനിയും കൊടുത്തു. ബെല്ലിൻെറ പുസ്തകം (Bell's Standard Elocutionist) ഒരു കോപ്പി വാങ്ങിക്കുന്നതു നന്നായിരിക്കുമെന്നു് ആ അദ്ധ്യാപകൻ ഉപദേശിച്ചതനുസരിച്ചു് ആ ഗ്രന്ഥവും വാങ്ങി. അതിൽ ഞാൻ ഒന്നാമതായി പഠിച്ചതു് പിററിൻെറ ഒരു പ്രസംഗമാണു്.

എന്നാൽ, ബെൽ എന്നിൽ പെട്ടെന്നൊരുണർവുണ്ടാക്കി. ഞാൻ ആയുഷ്കാലം മുഴുവനും ഇംഗ്ലണ്ടിൽ താമസിക്കുവാനല്ലല്ലോ ഭാവം എന്നു് എനിക്കു് തനിയേ തോന്നി. അങ്ങനെയിരിക്കെ, ഈ പ്രസംഗപാടവം ശീലിക്കുന്നതുകൊണ്ടു് എന്തു പ്രയോജനം? പിന്നെ നൃത്തം എന്നെ എങ്ങനെയാണു് ഒരു മാന്യനാക്കിത്തീർക്കുക? ഫിഡിൽവായനയാകട്ടെ, എനിക്കു് ഇന്ത്യയിൽനിന്നും പഠിക്കാം. ഇവിടെ ഞാൻ ഒരു വിദ്യാർത്ഥിയാണു്. അതിനാൽ, ഞാൻ എൻെറ പഠിപ്പു ശരിക്കു തുടരുകയാണു് വേണ്ടതു്. എനിക്കു ബാരിസ്റ്റർ പരീക്ഷ പാസ്സാകണം. സ്വഭാവഗുണം കൊണ്ടു ഞാനൊരു സഭ്യനായിത്തീരുമെങ്കിൽ അത്രയും നല്ലതു്. അല്ലാത്തപക്ഷം, സഭ്യനാകുവാനുള്ള മോഹം തീരെ ഉപേക്ഷിക്കുകയാണു് വേണ്ടതു്.

ഇപ്രകാരമുള്ള ചില വിചാരങ്ങൾ പുതുതായി എൻെറ മനസ്സിൽ കടന്നുകൂടി. അന്നുമുതൽ പ്രസംഗപാടവപരിശീലനത്തിൽനിന്നു ദയചെയ്തു് എന്നെ ഒഴിവാക്കാൻ അപേക്ഷിച്ചുകൊണ്ടു് ഞാൻ അദ്ധ്യാപകനു് ഒരു കത്തെഴുതി. അപ്പോഴേക്കും രണ്ടോ മൂന്നോ പാഠങ്ങൾ മാത്രമേ കഴിഞ്ഞിരുന്നുള്ളു. നൃത്തം പഠിപ്പിച്ചിരുന്ന അദ്ധ്യാപകനും അതേരീതിയിലുള്ള ഒരു കത്തെഴുതി. ഫിഡിൽവായന പഠിപ്പിച്ചിരുന്ന അദ്ധ്യാപികയെ ഞാൻ നേരിട്ടു കണ്ടു് എൻെറ ഫിഡിൽ കിട്ടുന്ന വിലയ്ക്കു് വിററുതരുവാൻ അപേക്ഷിച്ചു. അവർ എന്നോടു മിത്രഭാവത്തിലാണു് പെരുമാറിയിരുന്നതു്. അതുകൊണ്ടു്, ഞാൻ ഒരു പിഴച്ച ആദർശത്തെയാണു് പിൻതുടരുന്നതെന്ന ബോധം എനിക്കുണ്ടായിത്തീർന്നതെങ്ങിനെയാണെന്നു് ഞാൻ അവരോടു പറഞ്ഞു. പൂർണ്ണമായി ഒരു പരിവർത്തനം കൊള്ളുവാനുള്ള എൻെറ ദൃഢനിശ്ചയത്തിൽ അവർ എന്നെ പ്രോത്സാഹിപ്പിച്ചു.

എൻെറ ഈ 'സഭ്യതാഭ്രമം' ഒരു മൂന്നുമാസത്തോളം നിലനിന്നിരിക്കണം. വസ്ത്രാഡംബരത്തിലുള്ള നിഷ്കർഷ കുറച്ചുകൊല്ലങ്ങളോളം നിലനിന്നു. എന്നാൽ, അന്നുമുതല്ക്കു് എല്ലാ വിധത്തിലും ഞാനൊരു വിദ്യാർത്ഥിയായിത്തീർന്നു.

നൃത്തം മുതലായവ അഭ്യസിച്ചിരുന്ന ആ കാലം ഞാൻ കേവലം സുഖലോലുപനായിക്കഴിഞ്ഞ ഒരു ഘട്ടമാണെന്നു് ആരും വിചാരിച്ചുപോകരുതു്. ആ കാലത്തും എനിക്കു നല്ല തൻേറടമുണ്ടായിരുന്നതായി വായനക്കാർ മനസ്സിലാക്കണം. പരിഷ്കാരഭ്രമം കലശലായിരുന്ന ആ കാലത്തും ആത്മപരിശോധന തീരെ ഉണ്ടാകാതിരുന്നില്ല. ഞാൻ ചെലവുചെയ്യുന്ന തുച്ഛസംഖ്യകൾക്കുകൂടി കണക്കു സൂക്ഷിച്ചിരുന്നു. ചെലവുകളെല്ലാം കൃത്യമായി കണക്കു കൂട്ടി നിജപ്പെടുത്തുകയും ചെയ്തിരുന്നു. ബസ്സയാത്രയ്ക്കുള്ള ചെലവു്, തപാൽക്കൂലി, വത്തമാനപത്രങ്ങൾ വാങ്ങാനുള്ള ചെലവു് ഇവയൊക്കെ ഒന്നെങ്കിലും വിടാതെ കണക്കുപുസ്തകത്തിൽ ചേക്കുകയും, എല്ലാ ദിവസവും ഉറങ്ങാൻ പോകുന്നതിനു മുമ്പായി അവ കൂട്ടി ബാക്കി കാണിക്കയും ചെയ്യും. ഈ സമ്പ്രദായം പിന്നീടൊരിക്കലും എന്നെ വിട്ടുപിരിഞ്ഞിട്ടില്ല. അതിൻെറ ഫലം, പൊതുഫണ്ടുകളെ സംബന്ധിച്ചിടത്തോളം എനിക്കുണ്ടായ അനുഭവത്തിൽ സദാ കണ്ടുവന്നിട്ടുമുണ്ടു്. എൻെറ നേതൃത്വത്തിൽ നടന്നിട്ടുള്ള എല്ലാ പ്രസ്ഥാനങ്ങളെ സംബന്ധിച്ചും ചെലവു കൃത്യമായി ചെയ്യുവാനും, ഒടുവിൽ കടത്തിനുപകരം മിച്ചം കാണിക്കുവാനും എനിക്കു സാധിച്ചിട്ടുണ്ടു്. എല്ലാ യുവാക്കന്മാരും എൻെറ ഈ അനുഭവത്തെ ഒരു പാഠമായി കൈക്കൊണ്ടു് തങ്ങളുടെ വരവുചെലവുകളെസംബന്ധിച്ചു് ശരിയായ കണക്കു വയ്ക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. അങ്ങനെ ചെയ്യുന്നപക്ഷം ഒടുവിൽ അവക്കു ലാഭമേ ഉണ്ടാവൂ.

ഞാൻ എൻെറ ജീവിതരീതിയെ സൂക്ഷ്മമായി പരിശോധിച്ചുവന്നിരുന്നതുകൊണ്ടു് അതിനെസ്സംബന്ധിച്ച ചില ചെലവുകൾ ചുരുക്കേണ്ടതാണെന്നു കണ്ടു. അതിനാൽ, ചെലവിൽ പകുതി കുറയ്ക്കുവാൻ ഞാൻ തീരുമാനിച്ചു. വണ്ടിക്കൂലിക്കുവേണ്ടി വളരെ പണം ചെലവാകുന്നതായി കണക്കുകൊണ്ടു് വ്യക്തമായി. ഒരു കുടുംബത്തോടൊന്നിച്ചാണു് ഞാൻ താമസിച്ചിരുന്നതു്. ആഴ്ചതോറും അവരുടെ ബില്ലുപ്രകാരമുള്ള സംഖ്യ കൊടുക്കണം. അതിനു പുറമേ, മയ്യാദയോത്തു്, കൂടെത്താമസിക്കുന്ന കുടുംബാംഗങ്ങളെ പുറമേകൊണ്ടുപോയി സൽക്കരിക്കയും, അവരോടൊന്നിച്ചു് ചിലപ്പോഴൊക്കെ ഓരോ സൽക്കാരങ്ങളിൽ പങ്കുകൊള്ളുവാൻ പോകയും വേണ്ടിയിരുന്നു. ഇതിനെല്ലാം വാഹനക്കൂലി വളരെയധികം വേണ്ടിവന്നു. പ്രത്യേകിച്ചും, കൂടെയുള്ള ചങ്ങാതി സ്ത്രീയാണെങ്കിൽ എല്ലാ ചെലവും പുരുഷൻ വഹിക്കുന്നതാണു് അവിടത്തെ സമ്പ്രദായം. പുറമേനിന്നു ഭക്ഷണം കഴിക്കുന്നതുകൊണ്ടു് കൂടുതൽ ചെലവും വേണ്ടിവന്നു. വീട്ടിൽനിന്നു ഭക്ഷണം

കഴിക്കാത്ത അവസരങ്ങളിൽപോലും യാതൊരു കിഴിവും അനുവദിച്ചിരുന്നില്ല. ഈവക നഷ്ടങ്ങളും വ്യാജമായ മര്യാദയെ ആസ്പദിച്ചുകൊണ്ടുള്ള വ്യയങ്ങളും കൂടാതെ കഴിക്കാമെന്നു് എനിക്കു തോന്നി.

അതിനാൽ കുടുംബത്തിലുള്ള താമസം മതിയാക്കി. പ്രത്യേകമുറി വാടകയ്ക്കു വാങ്ങുവാൻ ഞാൻ തീർച്ചപ്പെടുത്തി. എന്റെ അന്നത്തെ പ്രവൃത്തിസൗകര്യമനുസരിച്ചു് ഒരു സ്ഥലത്തുനിന്നു മറെറാരിടത്തേക്കു താമസം മാററുവാനും അങ്ങനെ സ്ഥലപരിചയം സമ്പാദിക്കുവാനും ഞാൻ നിശ്ചയിച്ചു. അരമണിക്കൂറിനുള്ളിൽ പ്രവൃത്തിസ്ഥലത്തു നടന്നെത്തുവാൻ സാധിക്കുന്ന സ്ഥലത്താണു് ഞാൻ മുറികൾ തിരഞ്ഞെടുത്തതു്. അതിനാൽ വണ്ടിക്കൂലി കൂടാതെ കഴിക്കുവാൻ സാധിച്ചു. ഇതിനുമുൻപു ഞാൻ പുറത്തുപോകുന്നതെല്ലാം വല്ല വാഹനത്തിലുമായിരുന്നു. അന്നു നടക്കുവാൻ വേറെ സമയം കാണേണ്ടിവന്നിരുന്നു. ഈ പുതിയ ഏർപ്പാടു്, ആദായവും നടക്കാൻ സൗകര്യവും ഒന്നിച്ചുണ്ടാക്കിത്തന്നു. വണ്ടിക്കൂലി മിച്ചമായി എന്നുമാത്രമല്ല, ദിവസേന എട്ടുപത്തു നാഴിക നടക്കുവാനും സാധിച്ചു. ഇങ്ങനെ ദീർഘമായ നടത്തം ഒരു പതിവാക്കിയതാണു്, ഇംഗ്ലണ്ടിൽ താമസിച്ച കാലമത്രയും കേവലം ആരോഗ്യത്തോടും ഒരുവിധം നല്ല ദേഹബലത്തോടും കൂടിയിരിക്കുവാൻ എനിക്കു സാധിച്ചതിന്റെ മുഖ്യകാരണം.

ഞാൻ രണ്ടു മുറി വാടകയ്ക്കെടുത്തു; ഒന്നു പ്രവൃത്തി ചെയ്യാനും മററതു കിടന്നുറങ്ങുവാനും. ഇതു് എന്റെ ലണ്ടൻ ജീവിതത്തിന്റെ രണ്ടാം ദശയാണു്. മൂന്നാംഘട്ടം വരുന്നതേയുള്ളു.

പുതിയ ഏർപ്പാടിന്റെ ഫലമായി എനിക്കു ചെലവു പകുതിയായി ചുരുക്കുവാൻ സാധിച്ചു. എന്നാൽ, സമയം ശരിയായി ചെലവഴിക്കുന്നതെങ്ങനെ? ബാരിസ്റ്റർ പരീക്ഷ പാസ്സാകുവാൻ വളരെ പഠിക്കേണ്ട ആവശ്യമില്ലെന്നു് എനിക്കറിയാം. അതിനാൽ, സമയമില്ലാത്ത വിഷമം എനിക്കുണ്ടായില്ല. ഇംഗ്ലീഷുഭാഷയിലുണ്ടായിരുന്ന ദൗർബ്ബല്യം നിരന്തരം പല ബുദ്ധിമുട്ടുകൾക്കും കാരണമായിത്തീർന്നിരുന്നു. മിസ്റ്റർ (പിന്നീടു്, സർ ഫ്രഡറിക്) ലെലിയുടെ വാക്കുകൾ—“ആദ്യം ബി. ഏ. പാസ്സാവൂ; അതിനുശേഷം എന്നെ വന്നു കാണൂ” എന്ന ആ വാക്കുകൾ— അന്നും എന്റെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. ബാരിസ്റ്ററായാൽമാത്രം പോരാ, സാഹിത്യസംബന്ധമായി വല്ല ബിരുദവും

കൂടി സമ്പാദിക്കണമെന്നു ഞാൻ നിശ്ചയിച്ചു. ഓക്സ്ഫോർഡി ലേയും കേംബ്രിഡ്ജിലേയും സർവ്വകലാശാലാ പാഠ്യപദ്ധതികളെ പ്പററി ഞാനന്വേഷിക്കയും, ചില സ്നേഹിതന്മാരുമായി ഇതിനെ പ്പററി ആലോചിക്കയും ചെയ്തു. പ്രസ്തുത സർവ്വകലാശാലകളിൽ ചെന്നു ചേരുകയാണെങ്കിൽ വളരെക്കൂടുതൽ ചെലവു വേണ്ടിവരു മെന്നു മാത്രമല്ല, ഞാനുദ്ദേശിച്ചതിലും വളരെയധികം കാലം ഇംഗ്ലണ്ടിൽ താമസിക്കേണ്ടിവരികയും ചെയ്യും. ഒരു കഠിന പരീക്ഷ പാസ്സാകണമെന്നു് വാസ്തവത്തിൽ എനിക്കാഗ്രഹമുണ്ടെ ങ്കിൽ, ലണ്ടൻ മെട്രിക്കുലേഷൻ പരീക്ഷയ്ക്കു ചേരുന്നതാണു് നല്ല തെന്നു് ഒരു സ്നേഹിതൻ എന്നോടുപദേശിച്ചു. ആ പരീക്ഷയ്ക്കു പോകുന്നപക്ഷം വളരെ അദ്ധ്വാനിക്കയും എൻെറ സാമാന്യ ജ്ഞാനം വളരെ വർദ്ധിപ്പിക്കയും വേണ്ടിവരുമെന്നും, എന്നാൽ അതിനു് പറയത്തക്ക അധികച്ചെലവൊന്നും വേണ്ടെന്നും മനസ്സി ലായി. ഈ ഉപദേശം ഞാൻ സസന്തോഷം സ്വീകരിച്ചു.

എന്നാൽ, പാഠ്യവിഷയപരിപാടി എന്നെ ഭയപ്പെടുത്തി. ലാററിനും ഇംഗ്ലീഷൊഴികെ ഒരാധുനികഭാഷയും പഠിക്കണ മെന്നു നിർബ്ബന്ധമുണ്ടു്. ലാററിൻ പഠിക്കുക എന്ന കാര്യം ഞാൻ എങ്ങനെ നിർവ്വഹിക്കും? ആ ഭാഷയുടെ പ്രാധാന്യത്തെ വെളിപ്പെടുത്തിക്കൊണ്ടു് ആ സ്നേഹിതൻ ശക്തിമത്തായ ഒരു പ്രസംഗംതന്നെ ചെയ്തു. "വക്കീലന്മാർക്കു് എത്രയോ ആവശ്യ മുള്ള ഒരു ഭാഷയാണു് ലാററിൻ. നിയമപുസ്തകങ്ങൾ വായിച്ചു മനസ്സിലാക്കുവാൻ ലാററിൻ ഭാഷാപരിജ്ഞാനം വളരെ ഉപക രിക്കും. റോമൻ നിയമത്തെസ്സംബന്ധിച്ച ഒരു ചോദ്യക്കടലാസ്സു മുഴുവൻ ലാററിൻ ഭാഷയിലായിരിക്കും. കൂടാതെ, ലാററിൻ പഠിച്ച ഒരാൾക്കു് ഇംഗ്ലീഷുഭാഷ സാധാരണയിലധികം വശമാ കയും ചെയ്യും." സ്നേഹിതൻെറ ഈ വാക്കുകൾ ശരിയാണെന്നു് എനിക്കു ദൃഢബോധം വന്നു. ലാററിൻഭാഷ എത്ര പ്രയാസമുള്ള തായാലും അതു് പഠിക്കതന്നെ എന്നു ഞാൻ തീർച്ചപ്പെടുത്തി. ഫ്രഞ്ചു ഭാഷ പഠിക്കുവാൻ ഞാൻ മുൻപുതന്നെ ആരംഭിച്ചി രുന്നു. ഞാൻ പഠിക്കേണ്ടുന്ന ആധുനികഭാഷ അതുതന്നെയാക്കാ മെന്നു നിശ്ചയിച്ചു. വിദ്യാർത്ഥികളെ സ്വകാര്യമായി മെട്രിക്കു ലേഷനു പഠിപ്പിച്ചിരുന്ന ഒരു ക്ലാസ്സിൽ ഞാൻ ചേർന്നു. അവിടെ ആറാറുമാസം കൂടുമ്പോൾ പരീക്ഷയുണ്ടായിരുന്നു. എനിക്കു് അഞ്ചുമാസമേ ഇടയുണ്ടായിരുന്നുള്ളൂ. അത്രയും ചുരുങ്ങിയ കാല ത്തിനുള്ളിൽ വേണ്ടതൊക്കെ പഠിച്ചുതീർക്കുന്നതു മിക്കവാറും അസാദ്ധ്യമായി തോന്നി. എന്നാൽ, ഒരു മികച്ച ഇംഗ്ലീഷു്

സായ്പായിച്ചമയുവാൻ ഇച്ഛിച്ചിരുന്ന ആൾ ഒടുവിൽ സ്ഥിരപരിശ്രമശീലനായ യഥാൎത്ഥ വിദ്യാൎത്ഥിയായി മാറി. പഠനത്തെ ശരിയായി നിയന്ത്രിക്കുന്ന ഒരു സമയപരിപാടി ഞാൻതന്നെ തയാറാക്കി. എങ്കിലും ക്ലുപ്തകാലഘട്ടത്തിനുള്ളിൽ ലാററിനും ഫ്രഞ്ചും മററു വിഷയങ്ങളും പഠിക്കുവാൻ എൻെറ ബുദ്ധിക്കും ഓൎമ്മശക്തിക്കും സാധിക്കുമോ എന്നു് ഞാൻ സംശയിക്കാതിരുന്നില്ല. ചുരുക്കിപ്പറയാം—പരീക്ഷാഫലം പുറത്തായപ്പോൾ ഞാൻ ലാററിനിൽ തോററിരിക്കുന്നതായി കണ്ടു.

പരീക്ഷയുടെ ഫലം ഇങ്ങനെയായതിൽ എനിക്കു വളരെ വ്യസനം തോന്നി; എങ്കിലും ഞാൻ നിരാശനായില്ല. ലാററിൻ ഭാഷ പഠിക്കുന്നതിൽ എനിക്കു് അഭിരുചി ഉണ്ടായിക്കഴിഞ്ഞിരുന്നു. ഒരിക്കൽക്കൂടി പരീക്ഷയ്ക്കു പഠിക്കുന്നതായാൽ, ഫ്രഞ്ചു ഭാഷയിലുള്ള പരിജ്ഞാനം കുറേക്കൂടി അഭിവൃദ്ധിപ്പെടുമെന്നും എനിക്കു തോന്നി. ഈ പ്രാവശ്യം പ്രകൃതിശാസ്ത്രത്തിൽ ഒരു പുതിയ വിഷയമെടുക്കുവാൻ ഞാൻ തീൎച്ചയാക്കി. ആദ്യം ഞാനംഗീകരിച്ച രസതന്ത്രം (കെമിസ്ട്രി) പ്രയോഗ പരീക്ഷണങ്ങളുടെ അഭാവം നിമിത്തം അനാകൎഷകമായിരുന്നു. വാസ്തവത്തിൽ അതിരസകരമായി അനുഭവപ്പെടേണ്ട ഒരു വിഷയമാണു് രസതന്ത്രം. ഇന്ത്യയിൽ അതു നിർബ്ബന്ധവിഷയങ്ങളിൽപ്പെട്ട ഒന്നായിരുന്നതാനും. അതിനാലാണു്, ലണ്ടൻ മെട്രിക്കുലേഷൻ പരീക്ഷയ്ക്കും ഞാൻ ഐച്ഛികവിഷയമായി അതുതന്നെ സ്വീകരിച്ചതു്. രണ്ടാമത്തെ പ്രാവശ്യം രസതന്ത്രത്തിനു പകരം ഞാൻ 'ചൂടും വെളിച്ചവും' എന്ന വിഷയം തിരഞ്ഞെടുത്തു. അതു വളരെ സരളമായ വിഷയമാണെന്നു്, ഞാൻ കേട്ടിരുന്നപോലെ, എനിക്കനുഭവപ്പെടുകയും ചെയ്തു.

ഒന്നുകൂടി ശ്രമിച്ചുനോക്കുവാൻ ഒരുങ്ങിയതോടുകൂടിത്തന്നെ എൻെറ ജീവിതരീതിയെ കുറെക്കൂടി ലഘുതരമാക്കുവാനും ഞാൻ യത്നംചെയ്തു. എൻെറ ജീവനസമ്പ്രദായം എൻെറ കുടുംബത്തിൻെറ എളിയ കഴിവിനൊത്തവണ്ണം ചുരുങ്ങിയിട്ടില്ലെന്നു് എനിക്കു തോന്നി. എൻെറ ക്രമപ്രകാരമുള്ള ആവശ്യങ്ങളെല്ലാം മഹാമനസ്കതയോടെ നിവൎത്തിച്ചു തന്നിരുന്ന ജ്യേഷ്ഠൻെറ വിഷമസ്ഥിതിയോൎത്തു് എനിക്കു വലിയ മനോവേദനയുണ്ടായി. ലണ്ടനിൽ പ്രതിമാസം എട്ടുമുതൽ പതിനഞ്ചുവരെ പവൻ ചെലവു ചെയ്തിരുന്ന വിദ്യാൎത്ഥികളിൽ മിക്കവരും ഗവൺമെൻറു് സഹായധനംകൊണ്ടു പഠിക്കുന്നവരാണെന്നു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. എന്നെക്കാൾ എത്രയോ എളിയ നിലയിൽ ജീവിതം നയിക്കുന്നവരായും പല വിദ്യാൎത്ഥികളെ ഞാൻ കണ്ടിട്ടുണ്ടു്.

അവരിലൊരാൾ, ദരിദ്രന്മാർ പാക്കുന്ന തെരുവിൽ ആഴ്ചയിൽ രണ്ടു ഷില്ലിങ്ങ് വാടകയ്ക്കുള്ള ഒരു മുറിയിലാണ് പാർത്തുവന്നതു്. അയാൾ ഒരു നേരം ലോക്കാട്ട്സിൻെറ വില ചുരുക്കമുള്ള കൊക്കോഷാപ്പിൽനിന്നു രണ്ടു പെൻസ് വിലയ്ക്കുള്ള റൊട്ടിയും കൊക്കോവും വാങ്ങി കഴിക്കുകയായിരുന്നു പതിവ്. അദ്ദേഹത്തെ അനുകരിക്കുക എനിക്കു് അസാദ്ധ്യമായിത്തോന്നി. എന്നാൽ, എൻെറ രണ്ടു മുറികളിൽ ഒന്നു വിട്ടുവാനും, എൻെറ ഭക്ഷണങ്ങളിൽ ചിലതു സ്വയം പാകംചെയ്യാനും നിശ്ചയമായും സാധിക്കണം. അങ്ങനെ ചെയ്താൽ മാസംപ്രതി നാലഞ്ചു പവൻ ആദായമുണ്ടാകുമെന്നു ഞാൻ കണ്ടു. അക്കാലത്തു്, ചുരുങ്ങിയ നിലയിൽ ജീവിതം നയിക്കുന്നതിനെപ്പററി പ്രതിപാദിക്കുന്ന ചില പുസ്തകങ്ങൾ വായിക്കുവാനും ഇടയായി. ഇതിന്റെയൊക്കെ ഫലമായി ഞാൻ ആ രണ്ടു മുറികൾ വിട്ടു് പകരം ഒററ മുറി വാടകയ്ക്കെടുത്തു. സ്വയം പാകംചെയ്യാൻ സൗകര്യമുള്ള ഒരു 'സ്റ്റൗ' വാങ്ങുകയും, രാവിലത്തെ ഭക്ഷണം അന്യാശ്രയം കൂടാതെ പാകംചെയ്തുതുടങ്ങുകയും ചെയ്തു. ഇതിനു് ഇരുപതു മിനിട്ടിലധികം വേണ്ടിവന്നില്ല. കാരണം, ഓട്ടമില്ക്കഞ്ഞി ഉണ്ടാക്കുകയും, കൊക്കോ ഉണ്ടാക്കുവാൻ വെള്ളം തിളപ്പിക്കുകയും മാത്രമായിരുന്നു എൻെറ ജോലി. ഇടനേരത്തെ ഭക്ഷണം പുറമേ കഴിച്ചുപോന്നു. വൈകുന്നേരത്തെ മുഖ്യഭക്ഷണം വീട്ടിൽ വെച്ചു റൊട്ടിയും കൊക്കോവും മാത്രം മതിയെന്നും വച്ചു. ഇങ്ങനെ ഒരു ഷില്ലിങ്ങ് മൂന്നു പെൻസ് (15 ണ) കൊണ്ടു് ഒരു ദിവസം കഴിച്ചുകൂട്ടുവാൻ സാധിച്ചു. ഈ കാലത്തു് വളരെ ശ്രദ്ധവെച്ചു പഠിക്കയും ചെയ്തിരുന്നു. ജീവിതരീതിയെ ലഘൂകരിച്ചതുകൊണ്ടു് വായിക്കുവാൻ ധാരാളം സമയം കിട്ടുകയും ഞാൻ പരീക്ഷയിൽ പാസ്സാവുകയും ചെയ്തു.

ദിനചര്യയിൽ വരുത്തിയ മാററംകൊണ്ടു് എൻെറ ജീവിതം വിരസമായിത്തീന്നിരുന്നുവെന്നു വായനക്കാർ തെററിദ്ധരിക്കരുതു്. നേരേമറിച്ചു്, അതു് എൻെറ ആഭ്യന്തരവും ബാഹ്യവുമായ ജീവിതത്തിനു് ഐകരൂപ്യമുണ്ടാക്കി. കൂടാതെ എന്റെ കുടുംബത്തിൻെറ നിലയ്ക്കു കുറേക്കൂടി യോജിച്ചതുമായിരുന്നു അതു്. ഇതിനെല്ലാററിനും പുറമേ, എൻെറ ജീവിതം തീർച്ചയായും പൂർവ്വാധികം സത്യമയമായി; എനിക്കു് അളവററ അന്തരാനന്ദം അനുഭവപ്പെടുകയും ചെയ്തു.

എൻെറ സത്യാന്വേഷണ പരീക്ഷകൾ] [മൂലം: എം. കെ. ഗാന്ധി
പരി: കെ. മാധവനാർ

അഭ്യാസം

1. ലണ്ടനിൽ താമസിക്കുന്ന കാലത്തു് ചെലവു ചുരുക്കാനായി മഹാത്മജി സ്വീകരിച്ച മാർഗ്ഗങ്ങളേവ?
2. നിരന്തരപ്രയത്നം മനുഷ്യനെ ഉയർത്തുമെന്ന പരമാർത്ഥം ഗാന്ധിജിയുടെ ജീവിതത്തിൽനിന്നു വ്യക്തമാക്കുക.
3. വിനയെച്ചം എത്ര വിധം? ഏതെല്ലാം? മുൻവിനയെച്ചവും പിൻവിനയെച്ചവും തമ്മിലുള്ള വ്യത്യാസമെന്തു്?
4. 'ഉണ്ടാക്കാതിരുന്നില്ല' എന്ന ക്രിയാപദത്തിലെ അനുപ്രയോഗങ്ങൾ ചൂണ്ടിക്കാണിക്കുക.
5. തെറ്റുണ്ടെങ്കിൽ തിരുത്തുക: യാദൃശ്ചികം, ഉൽകൃഷ്ടം, പ്രസംഗപാഠവം.

പാഠം 3

നാടുകടത്തലിനുശേഷം

[ബി. കല്യാണി അമ്മ (1059—1135)—സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയുടെ ധർമ്മപത്നി. നാടുകടത്തപ്പെട്ട ഭർത്താവിനോടൊപ്പം തിരുവിതാംകൂർ വിട്ടു. നാട്ടിലായിരുന്നപ്പോൾ ഒരദ്ധ്യാപികയായിരുന്നു. തിരുവിതാംകൂർ വിട്ടുപോയശേഷം ആദ്യം അദ്ധ്യാപികയായും, പിന്നീടു് സ്ത്രീകൾക്കുവേണ്ടിയുള്ള ട്രെയിനിംഗ് സ്കൂളുകളുടെ സൂപ്രണ്ടായും ജോലിനോക്കി. വീട്ടിലും പുറത്തും, താമരശ്ശേരി, കർമ്മഫലം, വ്യാഴവട്ടസ്മരണകൾ എന്നു തുടങ്ങി പല കൃതികളും എഴുതീട്ടുണ്ടു്.]

സ്മരണീയമായ ആ ദിവസം ഉച്ചതിരിഞ്ഞു് ഭർത്താവിന്റെ പത്രമാപ്പീസ്സിൽ എന്തോ ചില സംഭവങ്ങൾ നടക്കുന്നുണ്ടെന്നും എന്റെ സാന്നിദ്ധ്യം വീട്ടിൽ ആവശ്യമായേക്കാമെന്നും അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ എന്നെ അറിയിച്ചു. ഉടൻതന്നെ ഞാൻ പാഠശാലയിൽനിന്നു കല്പനവാങ്ങി വീട്ടിലേക്കു പുറപ്പെട്ടു. വഴിമദ്ധ്യേ പല ദിക്കുകളിലും ജനങ്ങൾ കൂട്ടംകൂടി നിന്നു വണ്ടിയിൽപോയിരുന്ന എന്നെ അനുകമ്പാപൂർവ്വം നോക്കിയിരുന്നു. ഞാൻ വീട്ടിലെത്തി പടികടന്നപ്പോൾ, വീടുമുഴുവൻ ആൾ നിറഞ്ഞിരിക്കുന്നതും അവരുടെ ഇടയിൽ ഏതാനും പോലീസുകാർ നില്ക്കുന്നതും കണ്ടു. ഭർത്താവു് ഒരു വേള അക്കൂട്ടത്തിലുണ്ടായേക്കുമെന്നു് ആദ്യം ഞാൻ സംശയിച്ചു. ആരേയും നോക്കാതെയും ഒന്നും ചോദിക്കാതെയും വേഗത്തിൽ എന്റെ

മുറികളുള്ളിൽ അഭയം പ്രാപിക്കാമെന്നു വിചാരിച്ച് കോലായിൽ കയറി, കൈയിലുണ്ടായിരുന്ന താക്കോൽകൊണ്ടു് മുറിയുടെ വാതിൽ തുറക്കുവാൻ തുടങ്ങി. "വാതിൽ മുദ്രവെച്ചിരിക്കയാണ്; അതിപ്പോൾ തുറക്കാൻ പാടില്ല" എന്നു പിറകിൽ നിന്നു് ഒരു പോലീസുദ്യോഗസ്ഥൻ മെല്ലെ പറഞ്ഞപ്പോഴാണ് കാര്യഗൗരവം ഞാൻ മനസ്സിലാക്കിയതു്. ഉടൻ ആ സ്ഥലത്തുനിന്നു പിൻതിരിഞ്ഞു് മറ്റൊരു ഭാഗത്തേക്കു പോയപ്പോൾ അവിടെയുള്ള മുറികളും പൂട്ടി മുദ്രവെച്ചിരിക്കുന്നതായി കണ്ടു. ആൾക്കൂട്ടത്തിൽനിന്നു മറഞ്ഞിരിക്കുവാൻ നിവൃത്തിയില്ലാതെ അവിടെത്തന്നെനിന്നു നട്ടംതിരിയുമ്പോൾ 'അമ്മേ, കാപ്പി കുടിച്ചില്ല, വെശക്കുന്നു' എന്നു ഒരു കുട്ടിയും 'എനിക്കു പേടിയാകുന്നു അമ്മേ, എന്നെ എടുത്തോളൂ' എന്നു മറ്റൊരു കുട്ടിയും പറഞ്ഞുകൊണ്ടു് എൻെറ വസ്ത്രത്തിൽ തൂങ്ങി. കുട്ടികൾക്കു് ആഹാരം കൊടുക്കുവാൻ വെപ്പുകാരനോടു പറഞ്ഞപ്പോൾ, കലവറമുറിപോലും പൂട്ടി മുദ്രവെച്ചിരിക്കയാണെന്നും കുറെ അരിയല്ലാതെ വേറൊന്നും വെളിയിലില്ലെന്നും അവൻ പറഞ്ഞു. കുട്ടികളോടു് ഓരോ സമാധാനം പറഞ്ഞുകൊണ്ടു് അല്പനേരം അങ്ങനെ കഴിച്ചുകൂട്ടി.

ഇതിനിടയിൽ പല ബന്ധുക്കളുംവന്നു് എന്നോടു് എൻെറ വീട്ടിലേക്കോ ഭർത്തൃസോദരിയുടെ ഗൃഹത്തിലേക്കോ പോകാനുപദേശിച്ചു. ഭർത്താവിന്റെ അനുവാദം കൂടാതെ എനിക്കു് അവിടം വിടാൻ പാടില്ലെന്നുപറഞ്ഞു് ഞാൻ അവിടെത്തന്നെ ഇരുന്നു. ഈ നടപടികളെല്ലാം എന്തോ തെററിദ്ധാരണയുടെ ഫലമായിരിക്കുമെന്നാണ്, ഞാൻ പൂർണ്ണമായി വിശ്വസിച്ചിരുന്നതു്. ഇതിൽനിന്നു വലിയ ആപത്തുകളൊന്നും വരുവാനിടയില്ലെന്നും ഞാൻ വിശ്വസിച്ചു. അതിനാൽ ജനമദ്ധ്യത്തിൽ ബന്ധുക്കളുടെ സപ്രത്യാശങ്ങളായ നോട്ടങ്ങളേയും ശത്രുക്കളുടെ അപഹാസഗർഭങ്ങളായ വാക്കുകളേയും കണ്ടുംകേട്ടുംകൊണ്ടിരിക്കുവാൻ എനിക്കശേഷം ധൈര്യക്കുറവുണ്ടായില്ല. ഏകദേശം രണ്ടു മണിക്കൂർ സമയം ഇങ്ങനെ കഴിഞ്ഞപ്പോൾ, ഭർത്താവിൻെറ നിയോഗമെന്തെന്നന്വേഷിപ്പാനായി അയച്ചിരുന്ന ഭൃത്യൻ മടങ്ങിയെത്തി; അദ്ദേഹത്തിൻെറ വരുതിപ്രകാരം ഞാൻ ഭർത്തൃസോദരിയുടെ ഗൃഹത്തിലേക്കു പോരുകയും ചെയ്തു.

പിന്നീടുണ്ടായ സംഭവങ്ങൾ അദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തീട്ടുള്ളതിനാൽ * വീണ്ടും ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ല. അദ്ദേഹം നാടുകടത്തപ്പെട്ടു്, തിരുവിതാംകൂർ

---

* 'എൻെറ നാടുകടത്തൽ' എന്ന പുസ്തകം നോക്കുക.

വിട്ട് ബ്രിട്ടീഷ് രാജ്യമായ തിരുനൽവേലിയിൽ എത്തിയ ഉടൻ തന്നെ അനുഗമിച്ചിരുന്ന ഭൃത്യന്മാരിലൊരാളെ എൻെറ അടുക്കലേക്കു മടക്കി അയക്കയും, ഞാൻ ഉടൻതന്നെ തിരുനൽവേലിക്കു പുറപ്പെട്ടുചെന്നു ഭർത്താവിനെക്കണ്ടു സമാധാനപ്പെടുകയും ചെയ്തു.

അപ്രതീക്ഷിതമായി സംഭവിച്ച ഈ ആപത്തുകളും ദ്രവ്യനാശവും രാജ്യഭ്രംശവും അദ്ദേഹത്തെ വ്യാകുലനാക്കിയേക്കുമെന്ന്, ഞാൻ ശങ്കിച്ചിരുന്നു. എന്നാൽ എൻെറ ശങ്ക തീരെ അസ്ഥാനത്തിലായിപ്പോയി. ഞാനും കുട്ടികളും തിരുനൽവേലിയിലെത്തിയ സമയം ഞങ്ങളെ എതിരേററ് തൻെറ തല്ക്കാലവാസസ്ഥലമായ സത്രത്തിലേക്കു കൂട്ടിക്കൊണ്ടു പോകാനായി അദ്ദേഹം തീവണ്ടിസ്റ്റേഷനിൽ കാത്തുനിന്നിരുന്നു. ഉടുത്ത വസ്ത്രത്തോടുകൂടിമാത്രം നാടുവിട്ടു പോകേണ്ടിവന്നതിനാൽ, ഞങ്ങൾ ചെന്നുചേൎന്നതുവരെ കുളിച്ച് വസ്ത്രം മാറുന്നതിനു മററു വസ്ത്രമോ കുപ്പായമോ ഇല്ലായിരുന്നു; പുതിയതു വാങ്ങി ഉപയോഗിക്കുന്നതിന് കൈയിൽ കാശുമില്ലായിരുന്നു. അതിനാൽ യാത്രകൊണ്ടു ക്ഷീണിച്ച്, മലിനവസ്ത്രധാരിയായിട്ടാണ് അദ്ദേഹം അവിടെ കാണപ്പെട്ടത്. മുഖത്തു വളൎന്നുനിന്നിരുന്ന ശ്മശ്രുശകലങ്ങൾ മുഖശോഭയെ ഏതാണ്ട് മറച്ചിരുന്നു. എന്നാൽ ആ കണ്ണുകൾ! ഹാ! ആ തേജോഗോളങ്ങളുടെ പ്രഭയെ കുറയ്ക്കുന്നതിനു യമദൂതന്മാൎക്കല്ലാതെ മററാൎക്കു കഴിയും? ധൈൎയ്യവും സ്ഥൈൎയ്യവും സ്നേഹവും കരുണയും ഒന്നുപോലെ പ്രതിബിംബിച്ചിരുന്ന ആ പുണ്യനേത്രങ്ങളാൽ ചെയ്ത ഒരൊററക്കടാക്ഷത്താൽ എൻെറ സകല ഭയങ്ങളും ആശങ്കകളും, സൂൎയ്യസാന്നിദ്ധ്യത്തിൽ ഇരുൾ എന്നപോലെ, ഓടിയൊളിച്ചു. 'മലകളിളകിലും മഹാജനാനാം മനമിളകാ' എന്ന മഹദ്വചനതത്വം ഈ അവസരത്തിൽ എനിക്കനുഭവസിദ്ധമായി.

കഴിഞ്ഞ സംഭവങ്ങളെപ്പററിയും ഞങ്ങളുടെ ഭാവിയെപ്പററിയും ഞങ്ങൾ പലതും സംസാരിക്കയും ആലോചിക്കയും ചെയ്തിരുന്ന മദ്ധ്യേ അദ്ദേഹം ഇങ്ങനെ പറഞ്ഞു:—"തിരുവിതാംകൂറിനോടുള്ള എൻെറ ബന്ധം വേർപെട്ടു. മാതൃഭൂമിയോടുള്ള എൻെറ കടമ ഞാൻ നിൎവ്വഹിച്ചുകഴിഞ്ഞു. എനിക്കിനി അവിടേയ്ക്കു മടങ്ങിപ്പോകണമെന്നാഗ്രഹമില്ല; അതിനിടവരികയുമില്ല. എൻെറ വൃദ്ധയായ മാതാവിനെക്കണ്ട് വിടവാങ്ങിപ്പോരുവാൻ സാധിച്ചില്ലെന്നുള്ള ഒരൊററ മനസ്താപമേ എനിക്കുള്ളു. ഇനി ഈശ്വരസന്നിധിയിൽ ഞങ്ങൾ തമ്മിൽ കണ്ടുകൊള്ളാം."

അദ്ദേഹം തിരുവിതാംകൂർ അതിൎത്തികടന്നു തിരുനൽവേലിയിൽ പ്രവേശിച്ച് എഴുത്തുസാമഗ്രികൾ ലഭിച്ച ഉടൻ തൻെറ ജ്യേഷ്ഠനു താഴെപ്പറയുംപ്രകാരം ഒരു കത്തെഴുതി അയച്ചു.

തിരുനൽവേലി,
29-9-1910.

ശ്രീ

ഇന്നലെ രാത്രി എട്ടുമണിക്കു് ഇവിടെ എത്തി. വഴിയിൽ യാതൊരസൗകര്യവും ഉണ്ടായില്ല. യാത്രാക്ഷീണമല്ലാതെ സുഖക്കേടില്ല. ഇന്നു രാവിലെതന്നെ തിരുവനന്തപുരത്തെ വിശേഷങ്ങൾക്കു് കമ്പി അടിച്ചു ചോദിച്ചു........ഇവിടെനിന്നു മദിരാശിക്കു പോകാമെന്നു വിചാരിക്കുന്നു...... തമ്മിൽ പിരിഞ്ഞ സമയം ചില കാര്യങ്ങൾ പറയാനുണ്ടായിരുന്നു. ജ്യേഷ്ഠൻെറ വ്യസനം കണ്ടതിൽ അതിനു മനസ്സുറപ്പിക്കാൻ കഴിഞ്ഞില്ല. ഇപ്പോഴത്തെ സംഭവത്തെപ്പററി നിങ്ങളാരും വ്യസനിപ്പാനോ മററാരേയും കുററം പറയാനോ ഇല്ല. ഈശ്വരേച്ഛ തടുത്തുകൂടാത്തതാണു്. അവിടെ അമ്മ മുതലായവരുടെ ദുഃഖം കാണാൻ കഴിയാഞ്ഞാണു് ഞാൻ അവിടെ (നെയ്യാററിൻകരെ) അധികനേരം താമസിക്കയോ, വഴിയിൽവെച്ചു് വീട്ടിൽനിന്നു് അവരെ വിളിച്ചറിയിക്കയോ ചെയ്യാഞ്ഞതു്. അമ്മയെ ആരും മുള്ളുവാക്കു പറഞ്ഞു് വ്യസനിപ്പിക്കാതിരിക്കാൻ ജ്യേഷ്ഠൻ പ്രത്യേകം ശ്രദ്ധവെയ്ക്കണമെന്നപേക്ഷയുണ്ടു്...... ഞാൻ നിങ്ങളോടു ചെയ്തിട്ടുള്ള അപരാധങ്ങളൊക്കെ പൊറുത്തുകൊണ്ടു് മാപ്പു തരുന്നതിനപേക്ഷിക്കുന്നു.........അമ്മയോടു പ്രത്യേകം എന്തു പറയേണ്ടു എന്നു്.... എൻെറ മനസ്സിനു ധൈര്യമില്ല. അമ്മയെ.......ഇതാ, കണ്ണുനീർ നിറഞ്ഞിരിക്കുന്ന നയനങ്ങളാൽ ദൈവത്തിൻെറ പാദത്തിങ്കൽ സമൎപ്പിക്കുന്നു.........ഈ എഴുത്തു് സ്വജനങ്ങളെയെല്ലാം കേൾപ്പിപ്പാൻകൂടെ അപേക്ഷിക്കുന്നു.

പ. ലി.

ഞാൻ മരിച്ചുപോകുന്ന കാലത്തു് ജ്യേഷ്ഠൻെറ ദയാദൃഷ്ടി എൻെറ കുട്ടികളുടെമേൽ പതിപ്പാനും അപേക്ഷയുണ്ടു്.

എന്നു്,
അനുജൻ.

അദ്ദേഹത്തിൻെറ അതുവരെയുള്ള സമ്പാദ്യം മുഴുവനും പത്രത്തിലും മാസികകളിലുമായി മുടക്കിയിരുന്നതിനാൽ, അവ ഗവൺമെൻറ് പിടിച്ചടക്കിയതോടുകൂടി തൻെറ സവ്വസ്വവും നശിച്ചു എന്നു നിലയിലായി; തന്റെ കുപ്പായക്കീശയിൽക്കിടന്നിരുന്ന പേന മാത്രം എടുത്തുകൊൾവാൻ അനുവദിച്ചിരുന്നു. ഈ പേനയുടെ സഹായത്താൽത്തന്നെ ഭാവിജീവിതം കഴിച്ചുകൂട്ടേണമെന്നായിരുന്നു വിധിമതം. എന്നാൽ നിയമപരീക്ഷയ്ക്കുള്ള വായന വീണ്ടും തുടങ്ങണമെന്നും, പരീക്ഷയിൽ ജയിച്ച് കുടുംബം പുലത്തത്തക്ക സമ്പാദ്യം അദ്ദേഹത്തിനുണ്ടാകുന്നതുവരെ ഞാനും കുട്ടികളും തിരുവനന്തപുരത്തു താമസിക്കുന്നതാണ് നല്ലതെന്നും, അദ്ദേഹം ആദ്യം എന്നോടുപദേശിച്ചു. ഞങ്ങൾ ദാരിദ്ര്യക്ലേശം അനുഭവിക്കാൻ ഇടവരരുതെന്നുള്ള ഉദ്ദേശത്താൽ മാത്രമാണ് ഇങ്ങനെ ഉപദേശിച്ചതു്. എന്നാൽ അദ്ദേഹത്തിൻെറ ഈ ആപൽക്കാലത്തു് എൻെറ ധമ്മം മറന്നു പ്രവത്തിക്കാൻ ഞാൻ തയ്യാറല്ലെന്നറിയിച്ചപ്പോൾ, തൻെറ ദാരിദ്ര്യജീവിതത്തിൽ പങ്കുകൊള്ളുന്നതിനു് അനുവാദം നല്കി.

എൻെറ ജോലി സംബന്ധിച്ചും വീട്ടുകാര്യങ്ങൾ സംബന്ധിച്ചും പലതും ഏപ്പാടുചെയ്യാനുണ്ടായിരുന്നതിനാൽ ഭത്താവിനോടുകൂടി ഉടൻതന്നെ മദിരാശിക്കു പോകുന്നതിനു് എനിക്കു സാധിച്ചില്ല. ഞാൻ തിരുനൽവേലിയിലെത്തിയതിൻെറ പിറേറദിവസംതന്നെ, അദ്ദേഹം മദിരാശിക്കും ഞാൻ തിരുവിതാംകൂറിലേക്കും പുറപ്പെട്ടു. രണ്ടാഴ്ചയ്ക്കകം വീണ്ടും ഞങ്ങൾ തമ്മിൽ ചേരുകയും, മദിരാശിയിൽ പെരിമേടിനുസമീപം ആഡംബരരഹിതമായ ഒരു തെരുവീഥിയിൽ ഒരു ചെറുഭവനം വാടകയ്ക്കു മേടിച്ചു ഞങ്ങൾ ഞങ്ങളുടെ പുതിയ ജീവിതം ആരംഭിക്കുകയും ചെയ്തു. പോസ്റ്റാപ്പീസ് സേവിംഗ്സ് ബാങ്കിൽ എൻെറ പേരിൽ ഇരുന്നൂററുറുപ്പികയും രൊക്കം തൊണ്ണൂററുറുപ്പികയും, ഇങ്ങനെ 290 ഉറുപ്പിക ഈ സമയത്തു് ഞങ്ങൾക്കു മൂലധനമായുണ്ടായിരുന്നു.

മലബാറിലും കൊച്ചിയിലുമുള്ള പല പത്രങ്ങളും ഭത്താവിനെ ഈ ഘട്ടത്തിൽ പത്രാധിപത്യം വഹിപ്പാൻ ക്ഷണിച്ചു. മദിരാശിയിലെ ചില പ്രതിദിനപത്രമാപ്പീസുകളിലും അദ്ദേഹത്തിനു് മാന്യമായ ഒരു സ്ഥാനം ലഭിക്കുവാൻ സൗകയ്യമുണ്ടായിരുന്നു. എന്നാൽ രാജ്യകായ്യസംബന്ധമായി നടത്തപ്പെടുന്ന ഏതൊരു വാദപ്രതിവാദത്തിലും മേലാൽ ഏപ്പെടുന്നതിലുള്ള വിമുഖതകൊണ്ടു് അദ്ദേഹം യാതൊരു ജോലിയും സ്വീകരിച്ചില്ല. ധനദൗർലഭ്യത്താൽ ചില്ലറ ബുദ്ധിമുട്ടുകളും ക്ലേശങ്ങളും

ഉണ്ടായെങ്കിലും പ്രിയസന്താനങ്ങൾ ശീലിച്ചുവന്ന പല സുഖങ്ങളും നിറുത്തേണ്ടിവന്നതിനാൽ ചിലപ്പോൾ ഞങ്ങൾക്കു കണ്ടിതമുണ്ടായെങ്കിലും, ആറേഴമാസക്കാലം ഞങ്ങൾ മദിരാശിയിൽ ആകപ്പാടെ സുഖമായും സന്തോഷമായും സൈ്വരമായും ശാന്തമായും ജീവിച്ചു.

ഏപ്രിൽമാസാവസാനത്തിൽ മാത്രമേ ഈ ശാന്തജീവിതത്തിന്ന് ഉടവുപററിയുള്ളു. ഇതിന്നു കാരണമാക്കിയ സംഭവം അദ്ദേഹത്തിൻെറ മാതാവിൻെറ മരണമാണ്. തൻെറ രാജ്യഭ്രംശംകൊണ്ടുണ്ടായ വ്യസനഭാരം അധികവും തൻെറ മാതാവാണ് വഹിക്കുന്നതെന്നും, ആ സാധ്വി തൻെറ വാർദ്ധക്യം നിമിത്തം ഈ ദുഃഖം ദീർഘകാലം വഹിച്ചുകൊണ്ടിരിക്കാൻ ശക്തയല്ലെന്നും, അദ്ദേഹം അറിഞ്ഞിരുന്നു. എന്നാൽ മദ്ധ്യവേനൽക്കല്ലനക്കാലത്തു മാതാവിനെ മദിരാശിക്കു കൂട്ടിക്കൊണ്ടുവരാമെന്ന് അദ്ദേഹത്തിൻെറ ജ്യേഷ്ഠസഹോദരൻ പ്രതിജ്ഞചെയ്തിരുന്നതിനാലും, മദ്ധ്യവേനൽക്കല്ലനക്കാലം ആരംഭിച്ചിരുന്നതിനാലും, അമ്മയെ കാണാൻ കൗതുകത്തോടുകൂടിയിരിക്കെ, പെട്ടെന്ന് കേൾപ്പാനിടയായ ഈ മരണവാർത്ത ഭർത്താവിനെ അസാമാന്യമായി പരിതപിപ്പിച്ചു. ഈ സംഭവത്തിന്ന് ഒരു മാസം മുൻപു് അദ്ദേഹത്തിൻെറ ഒരു സ്നേഹിതൻ എഴുതി അയച്ചിരുന്ന കത്തിൽ ഇങ്ങനെ പറഞ്ഞിരുന്നു: ''ഞാൻ ഇന്നലെ ഇലഞ്ഞിമൂട്ടുവീട്ടിൽ പോയി അമ്മയെ കണ്ടു. പുത്രദുഃഖത്താൽ കൃശയായി ദീനയായി മലിനവസ്ത്രധാരിണിയായി പുറത്തളത്തിൽ തൂണുംചാരിയിരുന്ന് 'രാമകൃഷ്ണാ, രാമകൃഷ്ണാ' എന്നു ജപിച്ച് കണ്ണുനീർവാർത്തുകൊണ്ടിരുന്ന ആ സാധ്വിയെ കണ്ടപ്പോൾ, ഭർത്തൃവിരഹത്താൽ ക്ലേശിച്ചു പരവശയായി ശിംശപാവൃക്ഷച്ചുവട്ടിൽ രാമരാമേതിജപത്തോടുകൂടി വിലപിച്ചുകൊണ്ടിരുന്ന സീതാദേവിയുടെ രൂപം ഓർമ്മയിൽവന്നു.'' ഈ കത്തു വായിച്ച സമയത്തും, മാതാവിൻെറ ചരമവൃത്താന്തം യദൃച്ഛയാ പത്രത്തിൽ കണ്ടറിഞ്ഞപ്പോഴും, ഇങ്ങനെ രണ്ടു സന്ദർഭങ്ങളിൽ മാത്രമേ ഞങ്ങളുടെ ദാമ്പത്യത്തിന്നിടയിൽ, ഭർത്താവിൻെറ കണ്ണുനീർ കാണ്മാൻ എനിക്കു സംഗതിയായിട്ടുള്ളു. അമ്മ മരിച്ച സമയം, അദ്ദേഹത്തിന്നു പരീക്ഷ സമീപിച്ചിരിക്കയാൽ പരീക്ഷ കഴിഞ്ഞശേഷം വിവരമറിയിച്ചാൽ മതിയെന്നു കരുതി, ബന്ധുക്കൾ ഈ മരണവാർത്ത മറച്ചുവെച്ചു. എന്നാൽ പരീക്ഷയുടെ തലേന്നാൾ രാവിലെ ഒരു മലയാളപത്രത്തിൽ നിന്നു യദൃച്ഛയാ വിവരം വായിച്ചറിയാനിടയായി.

അക്കൊല്ലം ഭൎത്താവു് എഫ്. എൽ. പരീക്ഷയ്ക്കും ഞാൻ ബി. എ-യ്ക്കു തത്വശാസ്ത്രത്തിലും ചേൎന്നിട്ടുണ്ടായിരുന്നു. അദ്ദേഹം അക്കുറി ജയിച്ചു; ഞാൻ തോല്ക്കുകയും ചെയ്തു. പരീക്ഷ കഴിഞ്ഞു മദ്ധ്യവേനല്ക്കാലത്തു് ചൂടിന്റെ ആധിക്യത്താൽ, കുട്ടികൾക്ക ശരീരാസ്വാസ്ഥ്യം നേരിട്ടതുനിമിത്തം ഞങ്ങൾ മദിരാശിവിട്ടു് പാലക്കാട്ടേയ്ക്കു പോന്നു. ഇതിനിടയിൽ 'എന്റെ നാടുകടത്തൽ' എന്ന പുസ്തകം ഇംഗ്ലീഷിലും മലയാളത്തിലും വെവ്വേറെ എഴുതി പ്രസിദ്ധപ്പെടുത്തി. 'വൃത്താന്തപത്രപ്രവൎത്തനം' എന്ന പുസ്തകവും എഴുതി തയ്യാറാക്കി.

മദ്ധ്യവേനൽ മൂന്നുമാസവും ഞങ്ങൾ മലബാറിൽ താമസിച്ചതിനിടയിൽ രണ്ടുമാസം പാലക്കാട്ടും ഒരു മാസം കോഴിക്കോട്ടു്, തെങ്കുറിശ്ശി, മഞ്ഞളൂർ, കോട്ടയ്ക്കൽ എന്നീ സ്ഥലങ്ങളിൽ ഓരോ സ്നേഹിതന്മാരുടെ ക്ഷണം സ്വീകരിച്ചും സൎക്കീട്ടിലും കഴിച്ചുകൂട്ടി. ഇക്കാലത്തു് ഞങ്ങൾക്ക പറയത്തക്ക ബുദ്ധിമുട്ടുകളോ സുഖക്കേടോ മററു ക്ലേശങ്ങളോ ഉണ്ടായില്ല. ഒതുങ്ങിയമട്ടിൽ ജീവിക്കുന്നതിനുള്ള സൗകര്യവും സുഖവും ഇവിടെയുണ്ടെന്നു് കണ്ടപ്പോൾ പാലക്കാട്ടുതന്നെ സ്ഥിരതാമസമാക്കണമെന്നു ഞങ്ങൾക്കു് അപ്പോൾ ആഗ്രഹം തോന്നി. എന്നാൽ ഭൎത്താവു് അപ്പോൾ 'ഇൻഡ്യൻ പെടിയററു്' എന്ന പത്രത്തിന്റെ മേൽ നടത്തിയിരുന്ന വ്യവഹാരം നിമിത്തം കൂടെക്കൂടെ മദിരാശിക്ക പോകേണ്ട ആവശ്യമുണ്ടായിരുന്നതിനാൽ, വ്യവഹാരം അവസാനിക്കുന്നതുവരെയോ അദ്ദേഹം ബി. എൽ. പരീക്ഷ ജയിക്കുന്നതുവരെയോ മദിരാശിയിൽ പാൎക്കാതെ ഗത്യന്തരമില്ലായിരുന്നു. ഇക്കാരണത്താൽ, 1911 ആഗസ്റ്റു് അവസാനത്തിൽ ഞങ്ങൾ മദിരാശിക്കുതന്നെ മടങ്ങി...

ഇക്കാലത്തു് ഞങ്ങൾക്ക സ്ഥിരമായ വരവു് യാതൊന്നും ഉണ്ടായിരുന്നില്ല. പുസ്തകങ്ങളിൽനിന്നു കിട്ടിയിരുന്ന ലാഭം കൊണ്ടുമാത്രമാണു് ഉപജീവനം കഴിച്ചിരുന്നതു്. എന്നാൽ, പുസ്തകക്കച്ചവടക്കാർ കാണിച്ചിരുന്ന അമാന്തം നിമിത്തവും ചില കൂട്ടരുടെ ചതിപ്രയോഗം നിമിത്തവും പണത്തിനു് അസാമാന്യമായ ഞെരുക്കം നേരിട്ടിരുന്നു. തന്റെ പല ക്ഷേമകാംക്ഷികളും സ്നേഹിതന്മാരും, പത്രബന്ധുക്കളും അദ്ദേഹത്തിനു് ഗണ്യമായ ധനസഹായം ചെയ്തിരുന്നു; എന്നാൽ ഇങ്ങനെ ലഭിച്ച സഹായധനം മുഴുവനും 'പെടിയററു്' പത്രത്തിന്റെ മേൽ നടത്തിയിരുന്ന വ്യവഹാരച്ചെലവുകൾക്കു് വേണ്ടിവന്നു. ഇക്കാലത്തു് ജസ്റ്റീസ് സർ ശങ്കരൻനായരവർകളുടെ രണ്ടു പുത്രിമാരെ പഠിപ്പിക്കുന്നതിനു് എന്നോടാവശ്യപ്പെടുകയും ഞാൻ ആ പണി

കൈയേല്ക്കുകയും ചെയ്തു. ആ ജോലിയും ബി. എ-യ്ക്കുള്ള വായനയും ഗർഭക്ലേശങ്ങളും നിമിത്തം ഞാൻ കുഴങ്ങുന്നതുകണ്ടു്, ഗൃഹഭരണക്ലേശങ്ങൾ എന്നിൽനിന്നു വിടുത്തുന്നതിനു് ഭർത്താവു് ശ്രമിച്ചു. ഇതുനിമിത്തം എന്റെ ക്ലേശങ്ങൾ കുറഞ്ഞുവെങ്കിലും, പുതിയ ജോലിയിൽ തനിക്കുണ്ടായിരുന്ന പരിചയക്കുറവു നിമിത്തവും, ഒരു പണിക്കാരിയെ കൂടുതലായി നിയമിക്കേണ്ടി വന്നതിനാലുണ്ടായ ചെലവുവർദ്ധനയാലും അദ്ദേഹം കുഴങ്ങുകയും, തന്നിമിത്തം തന്റെ പല അത്യാവശ്യങ്ങളെയും നിറവേറ്റാതിരിക്കുകയും ചെയ്തു. എന്നാൽ, ഈ കുഴപ്പങ്ങൾ യാതൊന്നും എന്നെ ധരിപ്പിക്കാതിരിക്കാനുള്ള ശ്രമം കുറേനാളത്തേയ്ക്കു സഫലമായി. ഭാവിഫലമോ? രോഗം, ക്ലേശം, ജീവാപായം, വൈധവ്യം, അനന്യശരണത്വം—ഇതൊക്കെത്തന്നെ. ഭാവിഫലത്തെ കണ്ടറിയാനുള്ള ശക്തി മനുഷ്യർക്കു് ലഭിച്ചിരുന്നുവെങ്കിൽ, ലോകത്തിൽ പാപമോ, ദുഃഖമോ, ക്ലേശമോ, നാശമോ യാതൊന്നും ഉണ്ടാകുന്നതല്ലല്ലോ. എന്നാൽ സംസാരദുഃഖം പ്രകൃതിവിഹിതമായിരിക്കേ അതിനെ നിവാരണം ചെയ്വാൻ ആർക്കു സാധിക്കും?

ഇങ്ങനെ ഭാവിചിന്ത കൂടാതെ, തന്റെ അത്യാവശ്യസുഖങ്ങളെപ്പോലും ഈ നിർഭാഗ്യമൂർത്തിക്കുവേണ്ടി ബലികഴിച്ച കാലത്താണു്, അദ്ദേഹത്തിന്റെ ജീവാപഹരണംചെയ്ത രോഗം ഉത്ഭവിച്ചതു്. ആദ്യകാലത്തുതന്നെ ഈ രോഗോത്ഭവത്തെ കണ്ടറിയാനും ശരിയായ ചികിത്സകൾ നടത്തുവാനും സാധിച്ചിരുന്നുവെങ്കിൽ, പക്ഷേ ഇത്ര വേഗത്തിൽ അദ്ദേഹത്തിനു ജീവാപായം നേരിടുകയില്ലായിരുന്നു. വിധിവിഹിതം മറിച്ചാകയാൽ അതിനു സംഗതിയായില്ല.

വ്യാഴവട്ടസ്മരണകൾ] [ബി. കല്യാണി അമ്മ

അഭ്യാസം

1. നാടുകടത്തപ്പെട്ടതിനുശേഷം രാമകൃഷ്ണപിള്ള അനുഭവിക്കേണ്ടിവന്ന ക്ലേശങ്ങൾ ചുരുക്കിയെഴുതുക.
2. രാമകൃഷ്ണപിള്ളയുടെ ആദർശധീരതയെപ്പറ്റി ഉപന്യസിക്കുക.
3. നടുവിനയെച്ചം എങ്ങനെയാണു് തൻവിനയെച്ചമാകുന്നതു്? ഉദാഹരണംകൊണ്ടു തെളിയിക്കുക.
4. 'വഹിച്ചുകൊണ്ടിരിക്കാൻ ശക്തയല്ല.' ഇതിലെ മുൻവിനയെച്ചവും പിൻവിനയെച്ചവും എടുത്തുകാണിക്കുക.
5. 'ശ്മശ്രുശകലങ്ങൾ മുഖശോഭയെ ഏതാണ്ടു മറച്ചിരുന്നു.' കർമ്മണിപ്രയോഗമാക്കുക.

നല്ലവർ

[ശൂരനാട്ടു കുഞ്ഞൻപിള്ള—തിരുവനന്തപുരം സംസ്കൃത ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി ജോലിയിൽ പ്രവേശിച്ചു. തുടർന്നു തിരുവനന്തപുരം ആർട്ട്സ് കാളേജിൽ ലെക്ചററായി. പല തുറകളിൽക്കൂടി കടന്ന് എഡ്യൂക്കേഷൻ അസി: സിക്രട്ടറിപദത്തിലെത്തി. അവിടെ ഇരിക്കെയാണ്, മലയാളം ലെക്സിക്കൻെറ ചീഫ് എഡിററായി നിയമിക്കപ്പെട്ടതു്, ഇപ്പോഴും ആ ജോലി തുടരുകയാണ്. അംബാദേവി, കല്യാണസൗധം, പുഷ്പാഞ്ജലി, മാതൃപൂജ, സാഹിത്യഭൂഷണം, ലീലാതിലകവ്യാഖ്യാനം, ഉണ്ണുനീലിസന്ദേശവ്യാഖ്യാനം തുടങ്ങി രണ്ടു ഡസനോളം കൃതികളുടെ കർത്താവാണ് ഇദ്ദേഹം.]

ഡയോജനിസ്സ് എന്ന തത്വജ്ഞാനിയെപ്പററി പ്രസിദ്ധമായ ഒരു കഥയുണ്ടു്. ഒരു ദിവസം മദ്ധ്യാഹ്നത്തിൽ അദ്ദേഹം ആതൻസ് നഗരിയിലെ വീഥികളിൽക്കൂടി യാത്ര തുടങ്ങി. കൊളുത്തിയ ഒരു വിളക്ക് എടുത്തുംകൊണ്ടായിരുന്നു പുറപ്പാടു്. വഴിയിൽ കണ്ട ഓരോരുത്തരേയും അദ്ദേഹം സൂക്ഷിച്ചു നോക്കുന്നുണ്ടായിരുന്നു. സാധാരണക്കാർക്ക് ഭ്രാന്തെന്നു തോന്നിയ ആ പുതുമ കണ്ടു പലരും അമ്പരന്നു.

ഒരാൾ ചോദിച്ചു:—എന്തിനാണ് പകൽ വിളക്കു കൊളുത്തിക്കൊണ്ടു നടക്കുന്നതു്?

ഡയോജനിസ്സ്:—അന്ധകാരം നിറഞ്ഞ ഈ വീഥിയിൽ വെളിച്ചത്തിനുതന്നെ.

മറെറാരാൾ:—പകൽ ഇരുട്ടോ?

ഡയോജനിസ്സ്:—എൻെറ കണ്ണിൽ ഈ നഗരം മുഴുവൻ ഇരുട്ടിൽ ആണ്ടുകിടക്കുകയാണ്.

മറെറാരാൾ:—എന്താണ് തിരക്കി നടക്കുന്നതു്?

ഡയോജനിസ്സ്:—ഒരു മനുഷ്യനെ കാണാൻ.

മറെറാരാൾ:—ഈ പോകുന്നവരൊക്കെ മനുഷ്യരല്ലേ?

ഡയോജനിസ്സ്:—ആണെന്നു എനിക്കു തോന്നുന്നില്ല.

ഡയോജനിസ്സ് മനുഷ്യനെ തിരക്കിയ കഥ ഒരു കാലത്തും മറക്കാവുന്നതല്ല. ഒരു മനുഷ്യനെ കണ്ടുകിട്ടാൻ അത്ര പ്രയാസമാണെങ്കിൽ ഒരു നല്ല മനുഷ്യനെ കണ്ടുകിട്ടാൻ എത്രയോ കൂടുതൽ പ്രയാസമുണ്ടു്. അനുഭവങ്ങളെ ആധാരമാക്കാമെങ്കിൽ, ഈ അഭിപ്രായത്തിൻെറ സാധുത്വത്തിൽ സംശയത്തിനു് സ്ഥാനമില്ല.

ജീവിതാനുഭവങ്ങൾ കുമിഞ്ഞുകൂടുന്നതോടെ മനസ്സിന്റെ ഭാരം വല്ലാതെ വർദ്ധിക്കുന്നു. അനുഭവങ്ങൾക്കു വല്ല യാഥാർത്ഥ്യവുമുണ്ടെങ്കിൽ, അവ സാമാന്യക്കാരെ വൈരാഗ്യബുദ്ധികളാക്കിത്തീർക്കും; വിരക്തന്മാരെ ലോകവിദ്വേഷികളും ആക്കും. അനുഭവങ്ങൾ ആ വിധത്തിലാണു് സാധാരണ പരിണമിക്കുന്നതു്. പ്രത്യക്ഷത്തിൽ സമ്മോഹനമെന്നു തോന്നുന്ന കാര്യങ്ങൾ സൂക്ഷ്മപരിശോധനയിൽ ഭയാവഹമായി കലാശിക്കുന്നതാണു്. യോഗ്യത തികഞ്ഞവരായി ആദ്യം തോന്നുന്ന വ്യക്തികൾ അവഗാഢമായ പരിചയം സിദ്ധിക്കുമ്പോൾ വിപരീതഗുണങ്ങൾക്കു് ആവാസമായിരിക്കുന്നതു കാണാം. മനുഷ്യരെപ്പററി വലിയ അഭിമാനത്തോടും വിശ്വാസത്തോടും കൂടിയാണു് നാം ജീവിതവ്യാപാരങ്ങളിൽ ഏർപ്പെട്ടുതുടങ്ങുന്നതെങ്കിൽ അവിചാരിതമായ വിധത്തിലുള്ള ആശാഭംഗങ്ങൾ അടിക്കടി നേരിട്ടുപോകും.

മനുഷ്യലോകത്തോടുള്ള പരിചയത്തിന്റെ ആഭ്യന്തരഭാവങ്ങളാണു് ഇവിടെ വിചാരഗോചരമാകുന്നതു്. നല്ലവർ നിറഞ്ഞ ഒരു ലോകമാണു നമ്മുടെ പരിചയത്തിൽ ആദ്യം അറിവാകുന്നതു്. നല്ലവർ !—നമുക്കു് അതിനു നിർവ്വചനം ആവശ്യമില്ല. എത്രയോ തരത്തിലുള്ള നല്ലവർ നമുക്കു് ആദ്യം പരിചയക്കാരാകും. സ്നേഹശാലികൾ, കാരുണ്യസമ്പന്നർ, ഉപകാരനിപുണന്മാർ, സേവനകുശലന്മാർ എന്നു് ഏതെല്ലാം തരത്തിൽപ്പെട്ട നന്മയുള്ളവരാണു് നമ്മെ പരിചയംകൊണ്ടു് പ്രീണിപ്പിക്കാനടുക്കുന്നതു്! ലോകത്തിന്റെ നന്മയിൽ നാം പരവശരായി ചമഞ്ഞുപോകും. കവികൾ സ്വപ്നം കാണുന്ന നന്മ, സ്നേഹം, പരോപകാരസന്നദ്ധത, സൽസ്വഭാവം, ആദരവു്, ഔദാര്യം, ദാക്ഷിണ്യം, ആർജ്ജവം, വിനയം എന്നിവയെല്ലാം സാമാന്യലോകത്തിന്റെ സാധാരണ സിദ്ധികളാണെന്നു നമുക്കു തോന്നിപ്പോകും. ഒരാളിൽ തിന്മ ആശങ്കിക്കുന്നതിനു നമുക്കു വൈഷമ്യം തോന്നും. മധുരമായ സംഭാഷണം, മൃദുവായ മന്ദഹാസം, വിനയനമ്രമായ ഉപചാരപ്രകടനം എന്നീ ഭാവങ്ങൾ സുലഭമായിരിക്കും. അവയ്ക്കു പിറകിൽ തീരെ മാധുര്യമില്ലാത്ത വിചാരങ്ങളും മാർദ്ദവമില്ലാത്ത മനോഭാവങ്ങളും ഉദ്ധതമായ മത്സരബുദ്ധിയും ഒളിച്ചിരിക്കുന്നു എന്നു മനസ്സിലാക്കാൻ എളുപ്പമുണ്ടോ? ആദിപരിചയങ്ങൾ ലോകത്തിന്റെ നന്മയുടെ വശീകരണത്തിൽപ്പെട്ടു നിത്യമുഗ്ദ്ധമായി അങ്ങനെ കഴിയട്ടെ.

ജീവിതത്തിന്റെ ആരംഭത്തിൽ മനുഷ്യരെ അവിശ്വസിക്കുകയെന്ന ഒരു ദുസ്സ്വഭാവം ആർക്കും ഉണ്ടായിരിക്കുകയില്ല; അഥവാ വല്ല ഭയവും വല്ലവരെപ്പററിയും ഉണ്ടായാലും അതു്,

അവരിൽ കുടികൊള്ളുന്ന യഥാൎത്ഥദൂഷ്യങ്ങളെപ്പററി ആയിരിക്കയും ഇല്ല. എല്ലാവരും നല്ലവർ എന്ന ബുദ്ധിതന്നെ ഉണ്ടാവാനാണ് എളുപ്പം. ഇല്ലെങ്കിലും, എല്ലാവരും ചീത്തയാണെന്ന ബുദ്ധി ഉണ്ടാകാൻ തീൎച്ചയായും പ്രയാസമാണ്. മൃഗങ്ങളെക്കാൾ നല്ലതു പക്ഷികളെന്നും, പക്ഷികളെക്കാൾ നല്ലതു സ്വപക്ഷീയരായ മനുഷ്യരെന്നും ഉള്ള വിശ്വാസമുണ്ടാകും. നമ്മുടെ അച്ഛനും അമ്മയും സഹോദരരും ഉൾപ്പെടുന്ന സമുദായം—മനുഷ്യസമുദായം—നമുക്കു സൎവ്വവുമാണ്; അതു് അങ്ങനെ ആയിരിക്കാനേ തരമുള്ളു: ആക്കിവെയ്ക്കേണ്ടതു് ആവശ്യവുമാണ്. അങ്ങനെയല്ലാതാകുന്നതു് ആപത്തുമാണ്. എങ്കിലും ലോകത്തോടുള്ള വിശ്വാസത്തിൽ നാം എത്രകണ്ടു് ഉറച്ചുനില്ക്കുന്നു എന്നതിലാണ് നമ്മുടെ വിജയപരാജയങ്ങൾ സ്ഥിതിചെയ്യുന്നതു്. നമ്മുടെ വിശ്വാസങ്ങൾ നമ്മുടെ ജീവിതഗതിക്കു രൂപം കൊടുക്കുന്ന പ്രകാരത്തിൽ ലോകം നമ്മുടെ ജീവിതഗതിക്കു രൂപം നൽകുന്നില്ല എന്നു പറയാം. ലോകത്തിൻെറ പ്രേരണാശക്തിയെ തരംതാഴ്ത്തുകയല്ല ഇവിടെ ചെയ്യുന്നതു്; നമ്മുടെ വിശ്വാസങ്ങൾക്കു നമ്മുടെ ജീവിതത്തോടുള്ള ബന്ധത്തിൻെറ ശക്തിയെ പുകഴ്ത്തുക മാത്രമാണ്.

ആയുസ്സ് മുമ്പോട്ടുമുമ്പോട്ടു് പ്രക്രമിക്കുന്നതോടുകൂടി അനുഭവങ്ങൾ അഭിപ്രായങ്ങളെ അനുക്ഷണം പുതുക്കിക്കൊണ്ടിരിക്കും. "മഞ്ജുഭാവനമീ ലോകമെത്രമാത്രം ഭയങ്കരം!" എന്നു പ്രതിനിമിഷം വിലപിക്കേണ്ടിവരും. ബന്ധുക്കളായും മിത്രങ്ങളായും പരിചയക്കാരായും അയല്ക്കാരായും സ്വവൎഗ്ഗീയരായും മമതാബന്ധമുള്ള എല്ലാവരേയും ഒരു പുതിയ പരിശോധന നടത്താൻ ആവശ്യവും അവകാശവും നേരിടും. ആ ഘട്ടത്തിൽ ബന്ധു ആരെന്നും പരിചയക്കാരൻ ആരെന്നും നാട്ടുകാരൻ ആരെന്നും വിദേശി ആരെന്നും അല്ല മുഖ്യമായ അന്വേഷണം; നല്ലവൻ ആരെന്നാണ്. കൂടെ വളൎന്ന കൂട്ടുകാരോടല്ല, ഒരിക്കൽമാത്രം കണ്ട ഏതോ ഒരാളോടാണ് കൂടുതൽ വിശ്വാസം തോന്നുന്നതു് എന്നുവരും, അനുഭവം ആ വിധത്തിലാണ് നമ്മെ പ്രേരിപ്പിക്കുന്നതു്. നിസ്സാരമായ നൂറുകാൎയ്യങ്ങൾക്കു നമ്മോടു കൂടുതൽ കൃതജ്ഞത പറയാൻ വെമ്പുന്നവർ, നമുക്കു് എന്തെങ്കിലും ആവശ്യമോ ആപത്തോ നേരിട്ടാൽ, അറിയാത്ത മട്ടിൽ കടന്നുകളയുന്നതു കാണുമ്പോഴാണ് നമുക്കു് വെളിവുണ്ടാകുന്നതു്. ആ അവസരങ്ങളിലാണ് അഭിപ്രായങ്ങളും വിശ്വാസങ്ങളുമെല്ലാം അഴിച്ചിട്ടു പരിശോധിപ്പാൻ നാം തുടങ്ങുന്നതു്. അപ്പോഴെല്ലാം നമ്മുടെ അന്വേഷണം നല്ലവർ ആരെന്നാണ്, നമ്മുടെ അനുഭവം എന്തു പറയുന്നു എന്നാണ്.

അനുഭവം! - ജീവനെ ഞെരിക്കുന്ന എന്തൊരു വലിയ ചുമടാണതു്! സത്യാസത്യങ്ങളും ധർമ്മാധർമ്മങ്ങളും സുഖദുഃഖങ്ങളും പുണ്യപാപങ്ങളും മാനാപമാനങ്ങളും ന്യായാന്യായങ്ങളുമെല്ലാം അനുഭവങ്ങളിൽ അധിഷ്ഠിതമായിരിക്കുന്നു. അനുഭവങ്ങൾ അഭിപ്രായങ്ങളെ നശിപ്പിക്കയും ഉല്പാദിപ്പിക്കയും ചെയ്യുന്നു. അനുഭവങ്ങൾ കൂടാതെയോ അപൂർണ്ണമായ അനുഭവങ്ങളിൽ നിന്നോ ഉണ്ടായ അഭിപ്രായത്തെ പിന്നീടുള്ള അനുഭവങ്ങൾ തകർത്തു കളയുന്നു. തകർന്ന അഭിപ്രായങ്ങളുടെ സ്ഥാനത്തു് നൂതനങ്ങളായ അഭിപ്രായങ്ങളെ പ്രതിഷ്ഠിക്കയും ചെയ്യും. ചെറിയ ചില അനുഭവങ്ങളെപ്പററി ആലോചിക്കുക. ഒരാളുടെ കൈയിൽനിന്നു് ഒരു പെൻസിൽ താഴെ വീഴുന്നു. നാം അതു പെട്ടെന്നു കുനിഞ്ഞെടുത്തു് അയാൾക്കു് കൊടുക്കുന്നു. 'വളരെ ഉപകാരമായി' എന്നു് അയാൾ കൃതജ്ഞത പ്രകാശിപ്പിക്കും. 'എന്തൊരു നല്ല ആൾ' എന്നു നമുക്കഭിമാനവും തോന്നും. വേറെ ഒരവസരത്തിൽ അയാളുടെ കൈയിൽനിന്നു നമുക്കു ചെറിയ ഒരുപകാരം വേണ്ടി വരുന്നു. അയാളെ സംബന്ധിച്ചിടത്തോളം വളരെ നിസ്സാരമായ ഒരു കാര്യം. നമുക്കോ? അതു സാധിച്ചുകിട്ടിയാൽ വലിയ ഒരുപകാരവും. പണ്ടു കൃതജ്ഞത പറഞ്ഞ ആളാണെന്നു നമുക്കു വിശ്വാസവും ഉണ്ടല്ലോ. നാം നമ്മുടെ ആവശ്യവുംകൊണ്ടു് അയാളെ സമീപിക്കുന്നു. അക്കാര്യം സാധിച്ചുതരുന്നതിനു് അയാൾക്കു് നൂറുതരം വിരോധമാണു് അപ്പോൾ. ആ കാര്യം ചെയ്യുന്നതു് അയാളുടെ മനസ്സാക്ഷിക്കു ചേർന്നതല്ല; നിയമത്തിനു് അതു് വിരുദ്ധമാണു്; താൻ അനുസരിക്കുന്ന തത്വങ്ങൾ അതിനു് അനുകൂലമല്ല—എന്നു തുടങ്ങി പല പല വിഷമങ്ങൾ പുറത്തു വരും. നേരേമറിച്ചു് അയാൾക്കു വേണ്ട കാര്യമായിരുന്നു എങ്കിൽ, ഈ യുക്തികളും വിരോധങ്ങളും ഒന്നും വെളിക്കു വരികയില്ലായിരുന്നു. മനസ്സാക്ഷിയും നിയമങ്ങളും തത്വങ്ങളുമെല്ലാം അപ്പോൾ സുഖനിദ്രചെയ്തുകൊള്ളും. അതാണു് നന്മ; അതാണു് നമ്മുടെ അഭിപ്രായത്തെ തകർത്തുകളയുന്ന അനുഭവവും.

ഇങ്ങനെയുള്ള അനുഭവങ്ങൾ ഓരോ ദിവസവും ലോകത്തെപ്പററി നമുക്കു ഭീതിയും ശങ്കയും വളർത്തുന്നു. നല്ലവരുടെ എണ്ണം നമ്മുടെ പരിഗണനയിൽ കുറഞ്ഞുകുറഞ്ഞു വരും. ആത്മപരിശോധന ചെയ്യാനുള്ള സാമർത്ഥ്യം നമുക്കുണ്ടെങ്കിൽ നമ്മിൽത്തന്നെ യഥാർത്ഥമായ നന്മയുണ്ടോ എന്നു സംശയമുണ്ടാകും. സത്യമാണു് നന്മ എന്നു വിചാരിക്കുക. അങ്ങനെയാണെങ്കിൽ നാം എത്രയെത്ര അസത്യങ്ങൾക്കു ചുമതല വഹിക്കണം? എല്ലാവരേയും സ്നേഹിക്കുന്നതാണു നന്മയെന്നു കരുതുക. അങ്ങനെയായാൽ നമ്മെപ്പോലെ തിന്മയിൽ മുഴുകിയവർ ചുരുക്കമാണെന്നു കാണാം.

നാം എത്രപേരെ ദ്വേഷിക്കുന്നു? യഥാർത്ഥ സ്ഥിതി പരിശോധിച്ചാൽ, നമ്മുടെ ദ്വേഷം അധികവും അകാരണം കൂടിയല്ലേ? 'നല്ലവർ' എന്നു മററുള്ളവർ പറയണമെന്നല്ലാതെ, നല്ലവരായി ജീവിക്കണമെന്നു നമുക്കാഗ്രഹമുണ്ടോ? ഇല്ലെന്നാണു് എന്റെ വിശ്വാസം. നാം അസത്യവാദികളാണെന്നു് ഒരാൾ പറഞ്ഞാൽ നമുക്കു് അതപമാനമാണു്. നാം അതു ക്ഷമിക്കുമെന്നു തോന്നുന്നില്ല. സത്യംപറഞ്ഞ ഒരാളിനെപ്പററി ഒരാൾ അപവാദം പറഞ്ഞാലും അയാൾ കോപിച്ചില്ലെന്നു വരാം. പൊളിപറഞ്ഞ ആളിനെ നോക്കി 'താൻ പറഞ്ഞതു കളവാണു്' എന്നു് ഒരാൾ പറഞ്ഞാൽ അയാളതു തീരെ സഹിക്കുകയില്ല. വലിയ കള്ളനാണു് ശുദ്ധസത്യവാനായി നടിക്കാൻ അധികം തിടുക്കം കാണിക്കുന്നതു്. ദുരഹങ്കാരികളാണു് തങ്ങളുടെ വിനയത്തെപ്പററി അത്യഭിമാനം കൊള്ളുന്നതു്. ചുരുക്കത്തിൽ, നന്മയെപ്പററി തിന്മയ്ക്കുള്ളിടത്തോളം അഭിമാനം നന്മയ്ക്കുതന്നെയില്ല. ഇതാണു് ലോകത്തിന്റെ ഒരു സവിശേഷത.

പരിചയം കൂടുന്തോറും നല്ലവരുടെ എണ്ണം കുറയുമെന്നാണല്ലോ പറഞ്ഞതു്. കുറയും, നിശ്ചയമായിട്ടും കുറയും. നല്ലവരുടെ എണ്ണം വളരെ വളരെ കുറഞ്ഞുവരാനേ തരമുള്ളു. വിദ്വാന്മാർ നല്ലവരാണെന്നു കരുതി നാം അടുത്തു കൂടും. അവർ അസൂയയുടെയും ദുർമ്മത്സരത്തിന്റെയും നിധികളാണെന്നു നമുക്കു ക്രമേണ മനസ്സിലാകും. ഏഴകളായ ഗ്രാമീണന്മാരിലാണു് നന്മയെന്നു ചില ബുദ്ധിമാന്മാർ അഭിമാനിക്കും. പക്ഷേ, അവർ ദുരാഗ്രഹികളും സ്വാർത്ഥതല്പരന്മാരുമാണെന്നു പരിചയം തെളിച്ചുകാട്ടും. നല്ല കൃതികൾ നിർമ്മിച്ച ഒരു കവിയെപ്പററി 'ഇദ്ദേഹം വളരെ നന്മയുള്ള ആളാണു്' എന്നു നാം വിചാരിക്കും. അദ്ദേഹത്തിന്റെ വാക്കിൽ കണ്ട നന്മകളൊന്നും ഹൃദയത്തിലില്ലെന്നു നാം അചിരേണ കണ്ടുപിടിക്കും. യാചകന്മാരെപ്പററി കവിതയെഴുതിക്കൊണ്ടിരുന്ന ഒരു കവി പിച്ചതെണ്ടാൻ ചെന്ന ഒരു യാചകനെ ഓടിച്ച കഥ രസമുള്ളതാണല്ലോ. ലോകക്ഷേമമാണു് ലക്ഷ്യമെന്നു പ്രഖ്യാപനം നടത്തുന്ന ലോകനായകന്മാരുണ്ടു്. തങ്ങളുടെ മനോരഥം സാധിച്ചു കഴിഞ്ഞാൽ, ദീനന്മാരുടെ ഒരു വാക്കു കേൾക്കാൻപോലും അവർക്കു് അവസരവും ക്ഷമയും ഇല്ലെന്നു വന്നേക്കാം. കവികളിലും കലാകാരന്മാരിലും പണ്ഡിതന്മാരിലും നേതാക്കന്മാരിലും കാണാത്ത നന്മ പിന്നെ ആരിലാണു് നിലകൊള്ളുന്നതു്? എവിടെയാണു് അതു തിരക്കേണ്ടതു്?

നാം പ്രതീക്ഷിക്കുന്ന പല ആളുകളിലും നന്മയുടെ കണിക പോലും കാണാതെ വരാം. എന്നാൽ പ്രതീക്ഷിക്കാത്ത ആളുകളിലും ഘട്ടങ്ങളിലും നന്മ തെളിഞ്ഞുവിളങ്ങുന്നതുകണ്ടു എന്നും വരാം. കൃതജ്ഞതാബോധം എൻെറ ഹൃദയത്തിൽ ഉറങ്ങിക്കിടക്കുന്ന പല വിശിഷ്ടസ്മരണകളേയും തട്ടിയുണർത്തി ഗുണവതിയായ ഒരു വൃദ്ധയെ പ്രശംസിക്കാൻ പ്രേരിപ്പിക്കുന്നു. വിസ്മൃതിയിൽ സമ്പൂർണ്ണമായി മറഞ്ഞ ആ ഗുണവതിയെപ്പററി ലോകം ഇനിയൊന്നും അറിയാൻ പോകുന്നില്ല. വിദ്യാദേവത അവരെ കടാക്ഷിച്ചില്ല. അവരുടെ ജീവിതമണ്ഡലം ഗൃഹപരിധിയെ അതിക്രമിച്ചിരുന്നില്ല. ഭർത്താവും സന്താനങ്ങളും ഇല്ലാത്ത ആ എഴുപതു വയസ്സുകാരി ജഗദീശ്വരനെ ഭർത്താവായും മനുഷ്യസമൂഹത്തെ സന്താനങ്ങളായും വിശ്വസിച്ച് അതേവിധത്തിൽ പെരുമാറി. ഒററമകൻ മാത്രമുള്ള അമ്മ ആ പുത്രനോടു കാണിക്കുന്ന സ്നേഹം ഈ മുത്തമ്മ സകലരോടും കാണിക്കും. മഹാപ്രഭുക്കന്മാരേയും അവരുടെകൂടെ ചെല്ലുന്ന ഭൃത്യന്മാരേയും ഒരുപോലെ 'മക്കളേ' എന്നാണ് അവർ സംബോധന ചെയ്യുക. ഹൃദയത്തിൽ തങ്ങിത്തുളുമ്പുന്ന സ്നേഹവും വാത്സല്യവും പ്രവഹിക്കുന്ന ആ വാക്കുകൾ പ്രഭുവിനെ എന്നപോലെ ഭൃത്യനേയും ആനന്ദത്തിൽ ആറാടിക്കും. തൻെറ മുതൽ ആവശ്യക്കാരുടെ വകയാണെന്ന് അവർ പ്രവൃത്തികൊണ്ടു തെളിയിച്ചു. നന്മയ്ക്കു് അങ്ങനെ ഒരു മാതൃക എൻെറ പരിചയത്തിൽ എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്.

മാതൃപൂജ] [ശൂരനാട്ട് കുഞ്ഞൻപിള്ള

അഭ്യാസം

1. 'പരിചയം കൂടുംതോറും നല്ലവരുടെ എണ്ണം കുറയും' ഈ വസ്തുത ഉപന്യാസകർത്താവ് സ്പഷ്ടമാക്കുന്നതെങ്ങനെ ?
2. ഡയോജനിസ്സ് കൊളുത്തിയ വിളക്കുമെടുത്തുകൊണ്ട് മദ്ധ്യാഹ്നത്തിൽ നടന്നതിൻെറ ഉദ്ദേശമെന്ത് ?
3. പാക്ഷികവിനയെച്ചത്തിൻെറ സ്വരൂപം വിവരിച്ച് പാഠത്തിൽനിന്ന് രണ്ടുദാഹരണങ്ങൾ എടുത്തുകാണിക്കുക.
4. ഒരു മനുഷ്യനെ കണ്ടുകിട്ടാൻ അത്ര പ്രയാസമാണെങ്കിൽ ഒരു നല്ല മനുഷ്യനെ കണ്ടുകിട്ടുക അതിലും പ്രയാസമാണ്. ഇതിലെ വിനയെച്ചങ്ങളെടുത്തെഴുതി അവ ഏതെല്ലാം വിഭാഗത്തിൽ പെടുന്നു എന്നു കാണിക്കുക.
5. മത്സരബുദ്ധി, സത്യാസത്യങ്ങൾ, അധിഷ്ഠിതം—ഇവ സ്വന്തം വാക്യത്തിലുപയോഗിക്കുക.

പാഠം 5

എന്റെ ജയിൽജീവിതം

[കെ. പി. കേശവമേനോൻ—ബാരിസ്റ്റർ പരീക്ഷ പാസ്സായശേഷം മദ്രാസ്സ്, മലയാ, സിംഗപ്പൂർ, മലാക്ക എന്നീ സ്ഥലങ്ങളിൽ വളരെക്കാലം അഭിഭാഷകനായിരുന്നു. വൈക്കം സത്യാഗ്രഹത്തിൽ പങ്കുകൊണ്ടതിന്നു് തിരുവിതാംകൂറിൽ ആറുമാസം ജയിൽവാസം അനുഭവിച്ചിട്ടുണ്ടു്. സിംഗപ്പൂരിൽ താമസിക്കുന്ന കാലത്തു് ജപ്പാൻകാരുടെ തടവുകാരനായി. കുറെക്കാലം സിലോണിലെ ഹൈക്കമ്മീഷണരായിരുന്നു. ഇപ്പോൾ മാതൃഭൂമിപത്രാധിപരായിരിക്കയാണു്. ബിലാത്തിവിശേഷം, കഴിഞ്ഞകാലം, ജീവിതചിന്തകൾ, ബന്ധനത്തിൽനിന്നു, ഭൂതവും ഭാവിയും, ദാനഭൂമി മുതലായവയാണു് കൃതികൾ.]

ഇൻഡിപ്പെൻഡൻസ് ലീഗിൽനിന്നു് * ഒഴിഞ്ഞതോടുകൂടി ജപ്പാൻകാർക്കു് എന്റെപേരിൽ സംശയം തുടങ്ങി. എന്റെ വീട്ടിൽ ആരെല്ലാമാണു വരുന്നതെന്നു് അവർ സൂക്ഷ്മമായി രഹസ്യപ്പോലീസ്സുമുഖാന്തിരം അറിഞ്ഞുവന്നു. അടുത്ത സുഹൃത്തുക്കൾപോലും അവിടെ വരാൻ ഭയപ്പെട്ടു. വൈകുന്നേരം നടക്കുവാൻ പോകുമ്പോഴല്ലാതെ ഞാൻ വീടുവിട്ടു പുറത്തുപോയിരുന്നില്ല. ആപ്പീസ്സ് പേരിനു തുറന്നുവെച്ചിരുന്നുവെങ്കിലും, അവിടെ പറയത്തക്ക പ്രവൃത്തിയൊന്നുമുണ്ടായിരുന്നില്ല. കഷ്ടിച്ചു ദിവസം കഴിച്ചുകൂട്ടിയിരുന്ന അനേകം കുടുംബങ്ങൾ അന്നു സിംഗപ്പൂരിലുണ്ടായിരുന്നു. ഒരുനേരം ചോറും, ഒരുനേരം കഞ്ഞിയും, ചിലദിവസം കോറയും, മററു ദിവസങ്ങളിൽ മരക്കിഴങ്ങുമായി കഴിഞ്ഞുകൂടിയ കാലമായിരുന്നു അതു്. ഭക്ഷണത്തിന്റെ കുറവിരിക്കട്ടെ, ഭയം വിട്ടുപിരിഞ്ഞ സമയം ഇല്ലായിരുന്നു. സ്ത്രീകളും കുട്ടികളുമുള്ള ഒരു വലിയ കുടുംബത്തോടൊപ്പം, അടുത്ത നിമിഷത്തിൽ എന്താണുണ്ടാകാൻ പോകുന്നതെന്നറിയാതെ, പേടിച്ചു വീട്ടിനകത്തു കഴിച്ചുകൂട്ടേണ്ടിവന്ന കഥ ഇപ്പോഴും സമാധാനത്തോടുകൂടി വിചാരിക്കുവാൻ കഴിയുന്നില്ല. ഒന്നുരണ്ടു പ്രാവശ്യം ജപ്പാൻകാരായ ചില പട്ടാളോദ്യോഗസ്ഥന്മാർ എന്റെ നില അറിയുവാനായി എന്നെ ആളയച്ചു കൂട്ടിക്കൊണ്ടുപോയി. മൂന്നു നാലു മണിക്കൂർനേരം പല ചോദ്യങ്ങളും

---

* ബ്രിട്ടീഷ്കാരിൽനിന്നു് ഇന്ത്യയെ സ്വതന്ത്രമാക്കാൻ ജപ്പാനിലെ ഇന്ത്യാക്കാർ രൂപവല്ക്കരിച്ച ഒരു പ്രസ്ഥാനം. പക്ഷേ, പിന്നിൽനിന്നു പ്രവർത്തിച്ചിരുന്നതു് ജപ്പാൻകാരുടെ കറുത്ത കൈകളായിരുന്നു.

ചോദിച്ച് എൻെറ ഉത്തരം എഴുതിയെടുത്തതിനുശേഷം വീട്ടിൽ തിരിച്ചുകൊണ്ടുവന്നാക്കി. അങ്ങനെ മാസങ്ങൾ കുറെ കഴിഞ്ഞു. അതിനിടയ്ക്കു് പുതിയ നേതൃത്വത്തിൽ ലീഗിൻെറ പ്രവർത്തനം പിന്നെയും ആരംഭിച്ചു.

ഇൻഡിപ്പെൻഡൻസ് ലീഗുമായുള്ള എൻെറ ബന്ധം വേർപെട്ടിരുന്നുവെങ്കിലും, എൻെറയൊന്നിച്ചു പ്രവൃത്തിയെടുത്തിരുന്ന പല സുഹൃത്തുക്കളും ഇടയ്ക്കിടെ എന്നെ കാണാൻ വന്നിരുന്നു. അവരുമായുള്ള സംഭാഷണത്തിൽ എൻെറ അഭിപ്രായം തുറന്നു പറയേണ്ടിയിരുന്നില്ലെന്നു പിന്നീടാണ് ഞാനോർത്തതു്. ജപ്പാൻകാരുടെ സഹായത്തോടുകൂടി ഇന്ത്യയെ മോചിപ്പിക്കുന്നപക്ഷം, അതു് ഇന്ത്യയുടെ മോചനമാവുകയില്ലെന്ന അടിയുറച്ച വിശ്വാസമാണ് എനിക്കുണ്ടായിരുന്നതു്. അതു് ഈ സുഹൃത്തുക്കളോടു പറയുവാനും ഞാൻ മടിച്ചില്ല. ആ സംഭാഷണങ്ങളിലൂടെ എന്നെ ബന്ധിക്കുവാനുള്ള ചങ്ങല ഞാൻ തന്നെ ഉണ്ടാക്കുകയാണെന്ന് അപ്പോൾ എനിക്കു മനസ്സിലായിരുന്നില്ല. എത്ര സൂക്ഷിച്ചാലും വിവേകം നമ്മെ കൈവെടിയുന്ന ചില അവസരങ്ങളുണ്ടു്. അങ്ങനെയുള്ള ഒരവസരമാണ് അന്നെനിക്കു നേരിടേണ്ടിവന്നതു്. ഞാനുമായുണ്ടായ സംഭാഷണമെല്ലാം സുഹൃത്തുക്കളിൽ ചിലർ ജപ്പാൻകാരെ അറിയിച്ചു. ഞാൻ പറയാത്ത കാര്യങ്ങൾകൂടി എൻെറ അഭിപ്രായമായി അവർ റിപ്പോർട്ടുചെയ്തു.

എൻെറ നിലയിൽ മാററംവരുത്തുവാൻ ചില സുഹൃത്തുക്കൾ ഉപദേശിച്ചു. എൻെറ അഭിപ്രായം ശരിയാണെന്ന് അവർക്കു തോന്നാതിരുന്നില്ല. എന്നാൽ അതു് എൻെറ രക്ഷയ്ക്കുപററിയതല്ലെന്നാണ് അവർ വാദിച്ചതു്. പേരിനു മാത്രമായെങ്കിലും ഇൻഡിപ്പെൻഡൻസ് ലീഗുമായി ബന്ധം തുടർന്നുകൊണ്ടു പോകുവാൻ അവർ എന്നോടാവശ്യപ്പെട്ടു. അങ്ങനെ ചെയ്യുന്നതു് എൻെറ മനസ്സാക്ഷിയെ വഞ്ചിക്കുകയായിരിക്കുമെന്ന തോന്നൽ എനിക്കുണ്ടായി. ജപ്പാൻകാർ ഇന്ത്യയിലെത്തിയാൽ ഉണ്ടാകുവാൻ പോകുന്ന ഭയങ്കരസംഭവങ്ങൾ എൻെറ ഭാവനയിൽ തെളിഞ്ഞുവന്നു. വാക്കുകൊണ്ടോ ഭാവംകൊണ്ടോ പ്രവൃത്തികൊണ്ടോ അതിനെ സഹായിക്കുന്നതു് ക്ഷന്തവ്യമല്ലാത്ത അപരാധമാണെന്നെനിക്കു തോന്നി. അഭിപ്രായം അങ്ങനെയിരിക്കെ, അതിനു വിപരീതമായി പ്രവർത്തിക്കുവാൻ ഞാൻ ഒരുങ്ങിയില്ല. ആ നില തുടർന്നുപോകുന്നതുകൊണ്ടു് ഉണ്ടാകാനിടയുള്ള ആപത്തിനെക്കുറിച്ച് എനിക്കറിയായ്കയില്ല. എങ്കിലും, എൻെറ

വിശ്വാസത്തിന്നനുസരിച്ചു പ്രവർത്തിക്കുന്നതിൽനിന്നുളവായ മനസ്സമാധാനം ആ വിഷമഘട്ടത്തിൽ എന്നെ ആശ്വാസപ്പെടുത്തി. ശരിയായ ഉപദേശം ലഭിക്കുവാൻ മാർഗ്ഗം കാണാതെ ഞാൻ കുഴങ്ങി. അവസാനതീർപ്പിലെത്തുന്നതിനു മുൻപു് മനസ്സിനെ അങ്ങോട്ടുമിങ്ങോട്ടും പിടിച്ചുവലിക്കുമ്പോളുണ്ടാകുന്ന അസഹ്യമായ വേദനയും എനിക്കനുഭവിക്കേണ്ടിവന്നു. എങ്ങനെയാണു് ഞാൻ ഈ അവസരങ്ങളെ അഭിമുഖീകരിച്ചതു്? വെറുതേ സംഭവങ്ങൾ വിവരിക്കുവാൻ മാത്രമല്ല ഞാനുദ്ദേശിക്കുന്നതു്. എന്റെ വിചാരങ്ങളും, വികാരങ്ങളും, മോഹവും, ഭയവും വായനക്കാരുടെ മുമ്പിൽ വയ്ക്കുന്നതിനുകൂടി ഞാനാഗ്രഹിക്കുന്നു. എന്റെ നില ന്യായീകരിക്കുവാനല്ല അങ്ങനെ ചെയ്യുന്നതു്; അതംഗീകരിക്കുന്നതിനു പ്രേരിപ്പിച്ച കാരണങ്ങളും അപ്പോഴത്തെ പരിതഃസ്ഥിതികളും അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണെന്നു കരുതീട്ടാണു്.

എന്താണു് ജീവിതത്തിൽനിന്നു നമുക്കു സാധിക്കേണ്ടതു് എന്നതിനെപ്പററി ഒരു ഉറച്ച വിശ്വാസമുണ്ടായിരിക്കുന്നതു്, നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സമാധാനത്തോടെ നേരിടുന്നതിനു സഹായിക്കാതിരിക്കയില്ല. നമ്മുടെ ആദ്ധ്യാത്മിക വിശ്വാസം വെറും വിശ്വാസമായിരിക്കാതെ ജീവിതത്തെ പ്രായോഗികമായ വിധത്തിൽ നിയന്ത്രിക്കാൻ തുടങ്ങുമ്പോൾ, യാതൊരു പതർച്ചയും പരിഭ്രമവുമില്ലാതെ കാര്യങ്ങളും സംഭവങ്ങളും വീക്ഷിക്കുവാൻ സാധിക്കും. മററുള്ളവർക്കുണ്ടാകുന്ന കുഴപ്പങ്ങൾ നമ്മേയും നേരിടുമായിരിക്കാം ; മററുള്ളവർക്കുണ്ടാകുന്ന ദുഃഖങ്ങൾ നമുക്കും സഹിക്കേണ്ടിവന്നേക്കാം. എന്നാൽ, നമ്മുടെ ആദ്ധ്യാത്മികവിശ്വാസത്തിൽനിന്നുണ്ടാകുന്ന ശക്തി ആവക കുഴപ്പങ്ങളെ ശാന്തതയോടെ അഭിമുഖീകരിക്കുന്നതിനു് നമ്മെ സഹായിക്കാതിരിക്കയില്ല. നിസ്സഹായത തോന്നുമ്പോൾ ഉശിരുണ്ടാകുവാനും, നിരാശതനേരിടുമ്പോൾ ഉത്സാഹമുണ്ടാകുവാനും ആ വിശ്വാസം കാരണമായിത്തീരും. പലരും നമ്മുടെ നില തെററിദ്ധരിച്ചേക്കാം, ചിലർ അതിനെ കർശനമായി വിമർശിച്ചേക്കാം, നമ്മുടെ ഉദ്ദേശശുദ്ധിയെ ചോദ്യംചെയ്യാൻപോലും അവർ മടിച്ചില്ലെന്നുവരാം. ഈ ഘട്ടങ്ങളിലെല്ലാം താങ്ങും തുണമായി നില്ക്കേണ്ടതു് നമ്മുടെ വിശ്വാസമാണു്.

പല മഹാന്മാരുടേയും ചരിത്രം ഈവക അവസരങ്ങളിൽ എനിക്കു് ആശ്വാസവും ആവേശവും നൽകീട്ടുണ്ടു്. അവരുടെ വാക്കുകളും പ്രവൃത്തികളും നേട്ടങ്ങളും അനുഭവങ്ങളും അനുസ്മരിക്കുന്നതിനും, അവയെപ്പററി കൂടുതൽ വിവരങ്ങൾ അറിയുന്നതിനും

എനിക്കുത്സാഹമുണ്ടായിരുന്നു. ഒരുകാലത്തു സൂക്ഷിച്ചുവെച്ച പണം അത്യാവശ്യം നേരിടുന്ന മറെറാരവസരത്തിൽ സഹായമായിത്തീരുന്നതുപോലെ, ചിലക്കുണ്ടായ അനുഭവങ്ങളെപ്പററി വായിച്ച ഓമ്മ ആ തരത്തിലുള്ള അനുഭവങ്ങൾ നമുക്കുണ്ടാകുമ്പോൾ നമ്മുടെ സഹായത്തിനു് എത്തിച്ചേരുന്നു.

ജപ്പാൻകാർ എന്നെ അറസ്റ്റ് ചെയ്യാൻപോകുന്നുണ്ടെന്ന വത്തമാനം കുറെ ദിവസങ്ങളായി കേട്ടിരുന്നു. വേണ്ട മുൻകരുതലുകൾ ചെയ്യുവാൻ ചില സുഹൃത്തുക്കൾ എന്നെ ഉപദേശിച്ചു. ജപ്പാൻകാരുടെ അറസ്റ്റ് ബ്രിട്ടീഷുകാരുടേതുപോലെയല്ല. അറസ്റ്റ് ചെയ്യപ്പെട്ട ആൾ മടങ്ങിവരുന്നതു ചുരുക്കമൊണെന്നു എല്ലാവക്കുമറിയാം. എൻെറ ഉല്ക്കണ്ഠയെല്ലാം എൻെറ കുടുംബത്തെസംബന്ധിച്ചായി. എൻെറ വേർപാടിൽ അവക്കു യാതൊരാശ്രയവും ഇല്ലാതാകുമെന്ന വിചാരം എന്നെ വിട്ടൊഴിഞ്ഞില്ല. വലിയ ഒരു കുടുംബമാണു് അന്നു സിംഗപ്പൂരിൽ എനിക്കുണ്ടായിരുന്നതു്. ജപ്പാൻകാരുടെ കൈവശത്തിൽ പെടരുതെന്ന ഉദ്ദേശത്തോടെ ഞാൻ ചില കടലാസ്സുകളെല്ലാം വേറെ ചിലരുടെ കൈവശം കൊടുത്തേല്പിച്ചു.

1944 ഏപ്രിൽ 24-ാംനു പുലർച്ചെ നാലുമണിക്കു് വാതില്ക്കൽ ആരോ മുട്ടുന്നതു കേട്ടു. വാതിൽ തുറന്നപ്പോൾ എട്ടുപത്തു ജപ്പാൻകാർ അകത്തേക്കു കടന്നു. അവർ മിലിററി പോലിസ്സുദ്യോഗസ്ഥന്മാരായിരുന്നു. എന്നെ അറസ്റ്റ് ചെയ്യുവാനാണു് അവർ വന്നതെന്നു മനസ്സിലായി. പിന്നെ അവിടെ നടന്നതൊന്നും ഞാൻ ഇവിടെ വിസ്തരിക്കുന്നില്ല. അറസ്റ്റ് കഴിഞ്ഞാൽ പിന്നെ ആരോടും സംസാരിക്കുവാൻ ജപ്പാൻകാർ അനുവദിക്കയില്ല. കുടുംബാംഗങ്ങളോടു യാത്രപറയുന്നതിനുപോലും എനിക്കു സാധിച്ചില്ല. ജപ്പാൻകാർ കൊണ്ടുവന്ന കാറിൽ കയറി, എവിടെയ്ക്കാണു കൊണ്ടുപോകുന്നതെന്നറിയാതെ, പട്ടാളക്കാവലോടെ യാത്രചെയ്യുമ്പോൾ അവ്യക്തമായ പല ആലോചനകളും എൻെറ മനസ്സിൽ പൊന്തിവന്നു. മകൾ തങ്കം അന്നു രോഗിണിയായി ആസ്പത്രിയിൽ കിടക്കുകയാണു്. കുടുംബാംഗങ്ങളെപ്പററിയുള്ള ആലോചനകളെല്ലാം മറക്കുവാൻ ഞാൻ ശ്രമിച്ചു. ആ ശ്രമം അസഹ്യമായ വേദന എന്നിലുളവാക്കി. നാലു മാസത്തോളം എനിക്കു ലാക്കപ്പിൽ കിടക്കേണ്ടിവന്നു. ജപ്പാൻകാർ അടുത്ത നിമിഷത്തിൽ എന്താണു് ചെയ്യുവാൻ പോകുന്നതെന്നറിയാതെ ഭയപ്പെട്ടിരുന്ന കാലമാണു് അതു്. ശൌര്യവും ഉന്മേഷവും നശിച്ചു്, ആത്മവിശ്വാസം തകന്നു്, സ്വരക്ഷയെമാത്രം എപ്പോഴും ചിന്തിച്ചുകഴിയുന്ന ഏതാണ്ടൊരു

മൃഗജീവിതമായിരുന്നു അപ്പോഴത്തേതു്. അവിടെ കണ്ട ഭയങ്കര കാഴ്ചകളും കേട്ട ദയനീയശബ്ദങ്ങളും അനുഭവിച്ച കഷ്ടതകളും മായാത്തവിധം ഇപ്പോഴും എന്റെ മനസ്സിൽ പതിഞ്ഞു കിടക്കുന്നു. മനുഷ്യന്റെ ക്രൂരത എത്രമാത്രം മൂർച്ഛിക്കാമെന്നു കണ്ടറിഞ്ഞ ഒരവസരമായിരുന്നു അതു്.

ദിവസേന ചോദ്യംചെയ്യാൻ എന്നെ പാർപ്പിച്ച മുറിയിൽ നിന്നു മിലിററി പോലീസ്സുകാർ മറെറാരിടത്തേക്കു കൊണ്ടുപോകും. വല്ലാത്ത ഒരനുഭവമാണു് അവിടെയുണ്ടാവുക. അവരുടെ ഭാവവും സമ്പ്രദായവും ഒരു സാധാരണ മനുഷ്യനെ നരിയുടെ മുമ്പിൽപ്പെട്ട ആടിനെപ്പോലെയാക്കും. ജപ്പാൻകാരുടെ ഭേദ്യം സഹിക്കവഹിയാതെ അടുത്ത മുറികളിൽ കിടന്നു നിലവിളിക്കുന്ന ഭാഗ്യഹീനന്മാരുടെ ശബ്ദം ഭയജനകമായിരുന്നു. നാലുമാസം കഴിഞ്ഞു് എന്നെ അവിടെനിന്നു മിലിററി ജയിലിലേക്കു മാററി. ഈരണ്ടാളുകളെ ഓരോ മുറിയിലിട്ടു് അടയ്ക്കുകയാണു് അവിടെ ചെയ്തിരുന്നതു്. കാലത്തു് 9 മണിക്കു് കുളിക്കാൻ പുറത്തേക്കു കൊണ്ടുപോകും. ബാക്കിസമയമെല്ലാം മുറിയിലിട്ടടയ്ക്കും. യാതൊരു വസ്ത്രവുമില്ലാതെ തടവുകാരെ നടത്തിക്കൊണ്ടുപോവുന്ന കാഴ്ച ജപ്പാൻകാരുടെ തടവിൽ മാത്രമേ കാണുകയുള്ളു. എല്ലാ തടവുകാരും അങ്ങനെയാണെങ്കിൽ, പിന്നെ ആർക്കും അതിനെപ്പററി ആവലാതിപ്പെടാൻ തരമില്ലല്ലോ.

ദീനം പിടിച്ചവരേയും പിടിക്കാത്തവരേയും ഒന്നിച്ചു ഒരു മുറിയിലിട്ടു പൂട്ടും. യാതൊരു മരുന്നും രോഗികൾക്കു കൊടുക്കുകയില്ല. എന്റെ പരിചയക്കാരായ ഒട്ടധികം ഉദ്യോഗസ്ഥന്മാർ ആ ജയിലിലുണ്ടായിരുന്നു. അർശ്ശസ്സും ബറിബറിയും പിടിപെട്ടു് അവരിൽ പലരും മരിച്ചു. രണ്ടുമൂന്നാളുകളെ അവരുടെ അന്ത്യകാലത്തു ശുശ്രൂഷിക്കുന്നതിനുള്ള അവസരം എനിക്കു ലഭിച്ചു. മർമ്മഭേദകമായ കാഴ്ചയായിരുന്നു അതെല്ലാം. ഇപ്പോൾ മലയയിൽ കമ്മീഷണർ ജനറാളുടെ ഉദ്യോഗത്തിലിരിക്കുന്ന സർ ജോൺ സ്കോട്ടു് അന്നു് ആ ജയിലിലുണ്ടായിരുന്നു. ജപ്പാൻ പട്ടാളക്കാരുടെ ബൂട്സ് തുടച്ചു വെടിപ്പാക്കുകയാണു് അദ്ദേഹത്തിനും എനിക്കും കുറേക്കാലം നിശ്ചയിച്ചിരുന്ന ജോലി. തല്ലു കിട്ടാതെ പണിയെടുക്കുവാനുള്ള ഭാഗ്യം ചുരുക്കം ചിലർക്കു മാത്രമേ ലഭിച്ചിരുന്നുള്ളു. ആ ജയിലിൽനിന്നു വിചാരണ ചെയ്യാനായി എന്നെ മിലിററി കോർട്ടിലേക്കു കൊണ്ടുപോയി. ഒരു മിലിററി വാനിൽ കൈയും കാലും കെട്ടിയിട്ടാണു്

കൊണ്ടുപോയതു്. വിചാരണയെല്ലാം വെറും പ്രഹസനമായിരുന്നു. കൗൺസിൽ ആഫ് ആക്‌ഷനിൽനിന്നു ഞാൻ രാജിവെച്ചതു് ജപ്പാൻകാരോടുള്ള വിരോധംകൊണ്ടാണെന്നത്രേ എൻെറ മേൽ ആരോപിച്ച പ്രധാന കുററം. ആസാദ്ഹിന്ദ് ഗവണ്മെൻറിനോടു് സഹകരിക്കാതിരുന്നതു മറെറാരു കുററവും. മിലിററി കോർട്ടു് എനിക്കു് ആറുകൊല്ലം കഠിനതടവാണു് വിധിച്ചതു്.

വിധി കഴിഞ്ഞു് എന്നെ മറെറാരു ജയിലിലേക്കു കൊണ്ടുപോയി. യുദ്ധം അവസാനിക്കുന്നതുവരെ ഞാൻ ആ ജയിലിലാണു് പാർത്തതു്. കിടക്കുവാൻ ഒരു മരപ്പലകയും തലയ്ക്കുവെയ്ക്കാൻ ഒരു മരമുട്ടിയും കിട്ടി. വററില്ലാത്ത കഞ്ഞി കാലത്തും ഈരണ്ടുപിടിച്ചോറു് ഉച്ചയ്ക്കും വൈകുന്നേരവും. പത്തും പതിനഞ്ചും തടവുകാർ ദിവസേന മരിച്ചുകൊണ്ടിരുന്നു. വളരെപ്പേരെ അതിനകം തൂക്കിക്കൊല്ലുകയും ചെയ്തിരുന്നു. ചകിരി തല്ലലും കയറുപിരിക്കലും ബൂട്സ് തുടയ്ക്കലും പട്ടാളക്കാരുടെ ഉടുപ്പുമടക്കലുമാണു് ഓരോസമയം എനിക്കുണ്ടായിരുന്ന ജോലി. ജയിലിൽ ലഭിച്ചിരുന്ന ഭക്ഷണംകൊണ്ടുമാത്രം ജീവിക്കുക പ്രയാസമായിരുന്നു. സ്വതേതന്നെ വിശപ്പു കുറെ ജാസ്തിയുള്ള ഒരുവനാണു് ഞാൻ. എന്നിരിക്കെ, വററില്ലാത്ത കഞ്ഞിയും രണ്ടുപിടിച്ചോറുംകൊണ്ടു വല്ലതും ആകുമോ? മററു പല കഷ്ടതകളും ജയിലിനുള്ളിൽ അനുഭവിച്ചെങ്കിലും, എന്നെ ഒരിക്കലും വിട്ടൊഴിയാത്ത വിശപ്പായിരുന്നു അത്യന്തദുസ്സഹം.

ഒരു ദിവസം വൈകുന്നേരം മുറിയിലിട്ടടച്ചതിനുശേഷം, "കുറെ ചോറു് കിട്ടീട്ടുണ്ടു്; അതുവേണോ?" എന്നു് ഒരു വാർഡൻ എന്നോടു ചോദിച്ചു. അടക്കാൻവയ്യാത്ത അത്യാർത്തിയോടുകൂടിയാണു് ഞാനതു് കേട്ടതു്. ഉടൻ വേണമെന്നു പറഞ്ഞു. മുറി തുറക്കാനുള്ള താക്കോൽ വാർഡൻെറ കൈയിലുണ്ടായിരുന്നില്ല. മുറിയിൽനിന്നു ഒരു ചെറിയ ദ്വാരത്തിൽകൂടി, ചോറു് അപ്പുറത്തു വെച്ചിരിക്കുന്നതു് കാണുവാനേ തരമുണ്ടായിരുന്നുള്ളു. എനിക്കു ഒരുപായം തോന്നി. അടച്ച വാതിലിൻെറ താഴെ ഏകദേശം അര ഇഞ്ചു വീതിയിൽ കുറച്ചു സ്ഥലം ഒഴിഞ്ഞുകിടന്നിരുന്നു. ഞാൻ ധരിച്ചിരുന്ന കീറിയ കുപ്പായം അഴിച്ചുപരത്തി ആ ദ്വാരത്തിൽകൂടി പുറത്തേക്കു നീക്കിക്കൊടുത്തു. വാർഡൻ ചോറു് അതിൽ വിതറി. കുപ്പായത്തിൻെറ ഒരു തല ഞാൻ അകത്തുനിന്നു പിടിച്ചിട്ടുണ്ടായിരുന്നു. ചോറെല്ലാം വിതറിക്കഴിഞ്ഞപ്പോൾ ഞാൻ പതുക്കെ കുപ്പായം അകത്തേക്കു വലിച്ചു. ആ ചോറെല്ലാം

ആർത്തിയോടുകൂടി തിന്നുതീർത്തു. വെറും ചോറുമാത്രമേ ഉണ്ടായിരുന്നുള്ളു. കുടിക്കുവാൻ വെള്ളംപോലുമില്ലായിരുന്നു. എങ്കിലും എന്തു സ്വാദാണ് അപ്പോൾ തോന്നിയതു്! വിശപ്പടക്കുവാൻ മനുഷ്യൻ എന്തു വേണമെങ്കിലും ചെയ്യും.

മറ്റൊരു കാര്യംകൂടി പറയാം: ജയിലിൽനിന്നു കിട്ടിയ ഭക്ഷണം മാത്രമേ കഴിച്ചിരുന്നുള്ളുവെങ്കിൽ അതിനുള്ളിൽനിന്നു ഞാൻ ജീവനോടെ പുറത്തേക്കു വരികയില്ലായിരുന്നു. ബെറിബെറി ആരംഭത്തിൽ എന്നെയും ബാധിച്ചതാണ്. എൻെറ വീട്ടിൽ നിന്നും തരംകിട്ടുമ്പോൾ ഭക്ഷണപദാർത്ഥങ്ങൾ അയച്ചുതന്നിരുന്നു. ജയിലിലെ ഒരുയർന്ന ഉദ്യോഗസ്ഥനായ ധനപതിയാണ് ഈ കാര്യത്തിൽ എന്നെ സഹായിച്ചതു്. ചെറിയ സഹായങ്ങൾ ചിലപ്പോൾ എത്ര വലിയ അനുഗ്രഹമായിത്തീരുന്നു!

മനുഷ്യസ്വഭാവത്തിൻെറ രണ്ടു വശങ്ങളും—നല്ലതും ചീത്തയും—ജയിലിൽ കാണാം. ചിലരുടെ സ്വാർത്ഥവും ക്രൂരതയും, മററു ചിലരുടെ ത്യാഗശീലവും സഹതാപവും എന്നെ അത്ഭുതപ്പെടുത്തി. ഒരാളുടെ സ്വഭാവത്തിൻെറ ശരിയായ രൂപം അറിയാൻ കഴിയുന്നതു് ഇങ്ങനെയുള്ള അവസരങ്ങളിലാണ്.

എൻെറ മകൾ തങ്കത്തിൻെറ സുഖക്കേടിനെപ്പററി സൂചിപ്പിച്ചിട്ടുണ്ടല്ലോ. അതു് അധികമാണെന്നറിഞ്ഞു വേദനപ്പെട്ടിരിക്കുന്ന സമയത്താണ്, ഒരു ദിവസം കാലത്തു ജയിൽ സൂപ്രണ്ടിന്റെ മുറിയിലേക്കു ചെല്ലാനാവശ്യപ്പെട്ടിരിക്കുന്നുവെന്നു് ഒരു വാഡർ വന്നു് എന്നെ അറിയിച്ചതു്. ഞാൻ അവിടെ എത്തിയപ്പോൾ മകൻ ഉണ്ണി എന്നെ കാണുവാൻ കാത്തുനിന്നിരുന്നു. തങ്കം മരിച്ച വിവരം അറിയിക്കാൻ വന്നതാണ്. വിവാഹിതയായിരുന്നു എൻെറ മകൾ. രണ്ടു കുട്ടികളുമുണ്ടു്. ദിവസംതോറും അനവധി മരണങ്ങൾ ആ കാലത്തു് അവിടെ സംഭവിച്ചിരുന്നു. ചില കുടുംബങ്ങൾ നിശ്ശേഷം നശിച്ചു. മരണത്തെ മാത്രമേ ചുററും കണ്ടിരുന്നുള്ളു. എന്നാൽ ആവക ചിന്തകളൊന്നും എനിക്കാശ്വാസം തന്നില്ല. എൻെറ മകളുടെ സ്വരൂപം മനോദർപ്പണത്തിൽ കണ്ടുംകൊണ്ടു് കണ്ണീരും കൈയുമായി തനിയേ തടവുമുറിക്കുള്ളിൽ കുറെ ദിവസം കഴിച്ചുകൂട്ടി.

യുദ്ധഗതിയെപ്പററിയുള്ള വിവരങ്ങൾ ഇടയ്ക്കിടെ ചില ജയിലുദ്യോഗസ്ഥന്മാരിൽനിന്നു് അറിഞ്ഞിരുന്നു. ആഗസ്റ്റ് 15-ാംനു ജപ്പാൻകാർ കീഴടങ്ങി എന്ന വിവരം കേട്ടപ്പോൾ

ഞങ്ങൾക്കതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ജയിലിൽ അതി ജാഗ്രതയായി നടന്നിരുന്ന ഒരുക്കങ്ങൾ ആ വർത്തമാനം ശരിയാണെന്നു വെളിപ്പെടുത്തി.

1945 ആഗസ്റ്റ് 20-ാംനു ഉച്ചഭക്ഷണം കഴിഞ്ഞു ഞാൻ മുറിക്കകത്തിരിക്കുകയായിരുന്നു. ഒരു വാർഡൻ വന്ന് എന്നെ സൂപ്രണ്ട് വിളിക്കുന്നു എന്നു പറഞ്ഞു. ഞാൻ കൂടെപ്പോയി. ജയിലുടുപ്പ് അഴിച്ചുവയ്ക്കുവാൻ എന്നോടു പറഞ്ഞു. എന്റെ കീറിയ കുപ്പായം എനിക്ക് മടക്കിത്തന്ന്, എന്നെ ജയിലിൽനിന്നു വിട്ടിരിക്കുന്നു എന്നറിയിച്ചു. വീട്ടിൽനിന്നയച്ച പുതിയ ഉടുപ്പു ധരിച്ചു കാറിൽ കയറി ഏകദേശം മൂന്നുമണിക്കു ഞാൻ വീട്ടിലെത്തി. പടി കയറുവാൻ എനിക്കു വയ്യായിരുന്നു. ചുററും നോക്കുവാനും ധൈര്യമുണ്ടായില്ല. വീട്ടിലുള്ളവരെല്ലാം എന്റെ വരവും കാത്തു നിൽക്കുന്നുണ്ട്. തങ്കത്തിനെ മാത്രം അവിടെ കണ്ടില്ല. മറെറാരു ലോകത്തുനിന്ന് അവളും സ്വതന്ത്രനായ എന്നെ സ്വാഗതം ചെയ്തിട്ടുണ്ടാകാം. മോചനംകൊണ്ടുണ്ടായ സന്തോഷത്തെ, അവളുടെ അഭാവം നഷ്ടപ്പെടുത്തി. വിധിയുടെ കല്പന തടുക്കുകവയ്യല്ലോ, അതനുഭവിക്കുവാനല്ലേ നിർവ്വാഹമുള്ളു.

കഴിഞ്ഞകാലം] [കെ. പി. കേശവമേനോൻ

അഭ്യാസം

1. ജയിൽപുള്ളികളോടുള്ള പെരുമാററത്തിൽ ജപ്പാൻകാർ മനുഷ്യത്വത്തെപ്പോലും വകവയ്ക്കാറില്ലെന്നു തെളിയിക്കുക.
2. ജീവിതോദ്ദേശത്തെ സംബന്ധിച്ച വിശ്വാസത്തെപ്പററി കെ. പി. കേശവമേനോന്റെ അഭിപ്രായമെന്ത്?
3. കൃതികൃത്ത് എന്നുവെച്ചാലെന്ത്? വിവരിച്ച് ഈ പാഠത്തിൽനിന്ന് അഞ്ചുദാഹരണങ്ങളെടുത്തു കാണിക്കുക.
4. 'നടത്തിക്കൊണ്ടുപോകുന്ന കാഴ്ച' ഇതിലെ പേരെച്ചം, വിനയെച്ചം, കൃതികൃത്ത് എന്നിവ ചൂണ്ടിക്കാണിക്കുക.
5. 'കണ്ണീരും കൈയുമായ്' എന്ന ശൈലിയുടെ അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.

പാഠം 6

കത്തുകൾ

[എം. പി. പോൾ (1904—1952)—ഒരു സ്വതന്ത്ര ചിന്തകനായിരുന്നു. ഇതിന്റെ ഫലമായിട്ടാണു് പല കോളേജുകളിലേയും പ്രൊഫസർ സ്ഥാനം ഉപേക്ഷിക്കേണ്ടിവന്നതു്. സാഹിത്യപരമായ കാര്യങ്ങളിലും പ്രതിഫലിച്ചിരുന്നു ഈ സ്വതന്ത്ര ചിന്താഗതി. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ ജനയിതാക്കളിൽ ഒരാളായിത്തീരാനും ഒടുവിൽ അതിൽനിന്നു തെററിപ്പിരിയാനും ഇടയായതു് അതുകൊണ്ടുതന്നെയാണു്. നോവൽസാഹിത്യം, ചെറുകഥാപ്രസ്ഥാനം, സാഹിത്യവിചാരം, സൗന്ദര്യനിരീക്ഷണം മുതലായ പല കൃതികളും എഴുതിയിട്ടുണ്ടു്.]

സാഹിത്യാരാമത്തിന്റെ പരിസരങ്ങളിൽ കാണുന്ന ഒരുവക കാട്ടുചെടിയാണു് സ്വകാര്യക്കത്തു്. എന്നാലെന്തു്? മലർവാടിയിൽ നിഷ്കർഷിച്ചു നട്ടുവളർത്തുന്ന ചെടികളെക്കാൾ അഴകും ഗുണവും ചില കാട്ടുചെടികൾക്കുണ്ടാകരുതെന്നുണ്ടോ? മററു സാഹിത്യപ്രസ്ഥാനങ്ങളെ അപേക്ഷിച്ചു് കത്തിനുള്ള ഒരു പ്രത്യേകത എന്തെന്നാൽ അതു സാഹിത്യമായിത്തീരുന്നുണ്ടെങ്കിലും, സാഹിത്യമായിട്ടല്ല അതിന്റെ പുറപ്പാടു്. ഉദ്ബുദ്ധമായ കലാനിർമ്മാണത്തിന്റെ ഫലമല്ല അതു്. ആദ്യം രണ്ടുപേരെ മാത്രമേ അതു സംബന്ധിക്കുന്നുള്ളു. സഹൃദയലോകത്തെ എഴുത്തുകാരൻ സ്മരിക്കുന്നതേയില്ല. എഴുത്തിനു വല്ല സാഹിത്യഗുണവുമുണ്ടെങ്കിൽ, അതു് എഴുത്തുകാരനറിയാതെ വന്നുചേരുന്നതാണു്. പില്ക്കാലത്തു് സഹൃദയന്മാർ അതിനെ സാഹിത്യഭണ്ഡാഗാരത്തിലേയ്ക്കു മുതൽക്കൂട്ടിയെന്നുവരാം. ഇതിനു് എഴുത്തുകാരൻ ഉത്തരവാദിയല്ലല്ലോ.

അച്ചടിക്കണമെന്നു കരുതിക്കൂട്ടി ചില പ്രശസ്ത സാഹിത്യകാരന്മാർ സ്വകാര്യക്കത്തുകൾ എഴുതിവിട്ടിട്ടുണ്ടു്; പക്ഷേ, അവയിൽ എഴുത്തുകൾക്കു് അവശ്യം വേണ്ടതായ ആത്മാർത്ഥതയും ആർജ്ജവവും കുറവായിട്ടാണു് കാണുന്നതു്. ആംഗലസാഹിത്യലോകത്തിൽ ഒരുകാലത്തു് ഏകച്ഛത്രാധിപതിയായി വാണ 'പോപ്പു്' എന്ന മഹാകവി തന്റെ സ്വകാര്യക്കത്തുകൾ പ്രസിദ്ധപ്പെടുത്തി. ആ വഴിക്കു കീർത്തി സമ്പാദിക്കുവാൻ പ്രയോഗിച്ച തന്ത്രം ആ കവിയുടെ യശസ്സിൽ അനല്പമായ കളങ്കം ചാർത്തിയിട്ടുണ്ടു്.

പോപ്പുതന്നെ പ്രച്ഛന്നവേഷനായി ഒരു പ്രസാധകനെ സമീപിച്ചു്, 'എനിക്കു് പോപ്പിന്റെ ചില എഴുത്തുകൾ കിട്ടിയിട്ടുണ്ടു്. പ്രസിദ്ധപ്പെടുത്തുന്നതുവരെ ആരും അറിയരുതു്. പ്രതിഫലം

ഇപ്പോൾത്തന്നെ തരണം' എന്നു പറഞ്ഞു. പോപ്പിൻെറ എഴുത്തുകളുടെ വില മനസ്സിലാക്കിയിരുന്ന പ്രസാധകൻ ഈ കരാറിനു വഴിപ്പെടുകയും ചെയ്തു. എഴുത്തുകൾ പുറത്തുവന്നപ്പോൾ പോപ്പു കുപിതനായി ഭാവിച്ച്, 'എൻെറ എഴുത്തുകൾ ആരോ മോഷ്ടിച്ചിരിക്കുന്നു. പ്രസാധകനെ പ്രോസിക്യൂട്ടു ചെയ്യണം' എന്നു കോലാഹലംകൂട്ടി. പ്രച്ഛന്നവേഷനായിട്ടാണ് പോപ്പു ചെന്നിരുന്നതെങ്കിലും, പ്രസാധകന് ആളെ മനസ്സിലായി എന്നാണ് പറയപ്പെടുന്നത്. അയാൾ അക്കാര്യം കുറേശ്ശെ, പുറത്തുവിട്ടതോടുകൂടി പോപ്പിൻെറ ആവലാതിയും നിലച്ചു.

"കുറേപ്പേരെ എല്ലാക്കാലത്തേക്കും, എല്ലാവരേയും കുറേക്കാലത്തേക്കും വഞ്ചിക്കുവാൻ സാധിക്കുമെങ്കിലും, എല്ലാവരേയും എല്ലാക്കാലത്തേക്കും വഞ്ചിക്കുവാൻ സാധിക്കുകയില്ല" എന്ന മഹദ്വചനം ഇവിടെ സ്മർത്തവ്യമാണ്. പ്രത്യേകിച്ചും സാഹിത്യലോകത്തിൽ പ്രസിദ്ധീകരണത്തിനായി എഴുതപ്പെടുന്ന കത്തുകൾക്ക് എന്തോ ഒന്നിൻെറ പോരായ്മയുള്ളതായിട്ടാണ് കാണുന്നത്. പോപ്പിൻെറ എഴുത്തുകൾ ഇന്ന് ആരും മാനിക്കുന്നില്ല.

എഴുത്തിൻെറ രൂപത്തിനുള്ള സൗകര്യങ്ങൾ പ്രമാണിച്ചു ചില സാഹിത്യകാരന്മാർ അതിനെ ഒരു സാഹിതീരൂപമായി സ്വീകരിച്ചിട്ടുണ്ട്. 'നരകത്തിൽനിന്നുള്ള കത്ത്" അത്തരത്തിലുള്ള ഒന്നാണല്ലോ. പല നോവലുകളിലും ഈ രൂപം പ്രയോഗിച്ചു കാണുന്നുണ്ട്. നോവലുകൾ മാത്രമല്ല, പല നീണ്ട ഉപന്യാസങ്ങളും എഴുത്തിൻെറ രൂപത്തിൽ പുറപ്പെട്ടിട്ടുണ്ട്. സിസറോ സ്നേഹിതന്മാർക്കും, ചെസ്റ്റർഫീൽഡ്പ്രഭു സ്വപുത്രനും, ജവഹർലാൽ നെഹ്റു സ്വപുത്രിക്കും, സെൻറ്പോൾ കൊറിന്തിയാക്കാർക്കും അയച്ച ലേഖനങ്ങൾ സ്വകാര്യക്കത്തുകളാണെന്ന് ആരും പറയുകയില്ല.

അങ്ങനെയുള്ള ലേഖനങ്ങളല്ല ഇവിടെ പ്രതിപാദ്യം. സ്നേഹിതന്മാരും കാമിനീകാമുകന്മാരും മററും അങ്ങോട്ടുമിങ്ങോട്ടും അയക്കുന്നവയും, സ്വതസ്സിദ്ധമായ സാഹിത്യോല്ക്കർഷത്താലും എല്ലാററിനുമുപരിയായി നിഷ്കളങ്കമായ ആത്മാർത്ഥതയാലും പില്ക്കാലത്തു സാഹിത്യമായി സ്വീകരിക്കപ്പെടുന്നവയുമായ കത്തുകളെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. അതും ഗദ്യത്തിലുള്ള എഴുത്തുകളെക്കുറിച്ചുമാത്രം. നമ്മുടെ പൂർവ്വകവികൾ അന്യോന്യം എഴുത്തുകളയച്ചിരുന്നതു് പദ്യത്തിലായതുകൊണ്ട് പദ്യസാഹിത്യത്തിനു പറയത്തക്ക നേട്ടമൊന്നുമുണ്ടായിട്ടില്ലെങ്കിലും, ഗദ്യസാഹിത്യത്തിനു വലിയ നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇന്നാകട്ടെ, അഭ്യസ്തവിദ്യരായ പലരും—

മലയാളത്തിൽ ഐഡിയാസ് എക്സ്പ്രെസ്സ് ചെയ്യാൻ ഒട്ടം ഡിഫിക്കൽട്ടി ഇല്ലാത്തവർപോലും — ഇംഗ്ലീഷിലാണ് അന്യോന്യം എഴുത്തുകളയക്കുന്നതു്. (ഇതെഴുതുന്ന ആളും അക്കാര്യത്തിൽ അപരാധിയാണെന്നു സമ്മതിച്ചുകൊള്ളട്ടെ) ഇതുകൊണ്ടു് ഇംഗ്ലീഷ് ഭാഷയ്ക്കു നേട്ടമൊന്നുമില്ലെങ്കിലും, മലയാളത്തിനു പല നല്ല എഴുത്തുകളും നഷ്ടപ്പെട്ടിട്ടുണ്ടായിരിക്കണം. ചില മലയാള പുസ്തകങ്ങൾക്കു് മലയാളികൾ ഇംഗ്ലീഷിൽ അവതാരിക എഴുതിക്കണ്ടിട്ടുണ്ടു്. ഇതുപോലെതന്നെ ലജ്ജാവഹമാണ് മലയാളികൾ അന്യോന്യം ഇംഗ്ലീഷിൽ എഴുതെഴുതുന്നതും.

എഴുത്തുസാഹിത്യത്തിന്റെ ചരിത്രം നോക്കിയാൽ ചില സാഹചര്യങ്ങളിൽമാത്രമേ അതു് അഭിവൃദ്ധിപ്രാപിച്ചിട്ടുള്ളു എന്നു കാണാവുന്നതാണ്. അവയിലൊന്നു് ദേശസഞ്ചാരത്തിലുള്ള കൗതുകമാണ്. വേർപാടില്ലെങ്കിൽ എഴുത്തിന്റെ ആവശ്യം ഉണ്ടാകയില്ലല്ലൊ. ദേശസഞ്ചാരം ബന്ധുജനങ്ങളെ വേർപെടുത്തുകയും എഴുത്തുകൾക്കു പ്രേരകമായി ഭവിക്കുകയും ചെയ്യുന്നു. പുതിയ പുതിയ ഭൂവിഭാഗങ്ങൾ, അപരിചിതരായ ജനങ്ങൾ, കൗതുകാവഹമായ ആചാരവിശേഷങ്ങൾ എന്നിവ ദേശസഞ്ചാരത്തിൽ അനുഭവപ്പെടുമ്പോൾ എഴുത്തുകൾക്കു വിഷയദാരിദ്ര്യമുണ്ടാകയില്ല. "വിശേഷമൊന്നുമില്ലാത്തതുകൊണ്ടു് എഴുത്തു നിറുത്തുന്നു" എന്ന ഒഴികഴിവിനു പ്രസക്തിയുണ്ടാകയില്ല. എന്നാൽ, ആധുനികകാലത്തു് ദിനപ്പത്രങ്ങളുടെ പ്രാചുര്യം എഴുത്തുകളുടെ പ്രയോജനത്തെ കുറഞ്ഞൊന്നു ബാധിച്ചിട്ടുണ്ടു്. എഴുത്തുകൾക്കു വിഷയമായ പല സംഭവങ്ങളും പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ടു് ഇക്കാലത്തുള്ള എഴുത്തുകളിൽ വിഷയദാരിദ്ര്യം ഒരു മുഖ്യപ്രശ്നമാണ്. എഴുത്തുകിട്ടുന്നതിനുമുമ്പു് അതിൽ വിവരിച്ചിരിക്കുന്ന സംഭവം നാം പത്രത്തിൽ വായിച്ചു കഴിഞ്ഞിരിക്കും. തൻമൂലം, വിഷയത്തിനു പുതുമയുണ്ടാകയില്ല. ഇംഗ്ലണ്ടിലെ എഴുത്തു സാഹിത്യം അത്യുച്ചകോടിയിലെത്തിയതു് പതിനെട്ടാം നൂററാണ്ടിലാണെന്നു് കാണാം. അതിനു കാരണമായി പറയപ്പെടുന്നതു് അക്കാലത്തെ ദേശസഞ്ചാരകൗതുകവും വർത്തമാനപ്പത്രവൈരളൃവുമാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും, മനുഷ്യക്കു് മാനുഷികമായ ഏതു സംഗതിയിലും കൗതുകമുള്ള കാലത്തോളം സാഹിത്യഗുണം തികഞ്ഞ എഴുത്തുകൾക്കു് ക്ഷാമമുണ്ടാകയില്ല. ദിനപ്പത്രങ്ങൾ എത്രതന്നെ പ്രചരിച്ചാലും, കണ്ണും കരളുമുള്ള സാഹിത്യകാരനു് പലതിനെപ്പററിയും എഴുതാനുണ്ടാകും. അറേബ്യൻ ലാറൻസു്,

ഡി. എച്ച്. ലാറൻസ്, ബർനാഡ്ഷാ എന്നിവരുടെ എഴുത്തുകളും ഉത്തമസാഹിത്യകൃതികളാണ്. നിസ്സാരകാര്യങ്ങൾ കൗതുകപൂർവ്വം വീക്ഷിക്കുക, അഥവാ യാതൊരു കാര്യവും നിസ്സാരമെന്നു വെച്ചു തള്ളാതിരിക്കുക, അതാണ് എഴുത്തുകാരനുവേണ്ട മുഖ്യ ഗുണം. വില്യം കൂപ്പർ ഒരു മുയലിൻെറ ഓട്ടമോ ഒരു സ്ഥാനാർത്ഥി വോട്ടുപിടിക്കുവാൻ വരുന്നതോ വർണ്ണിക്കുന്നതിൽ ഒരു ചെറുകഥയുടെ ചമൽക്കാരം കാണാം.

അന്യനെ സന്തോഷിപ്പിക്കുന്നതിലുള്ള കൗതുകം—അതാണ് നല്ല എഴുത്തുകാരൻെറ പ്രധാന ലക്ഷണം. കലാകാരൻ ബഹുജനങ്ങളേയും, എഴുത്തുകാരൻ എഴുത്തുകിട്ടുന്ന ആളേയും രസിപ്പിക്കുവാൻ ശ്രമിക്കുന്നു—അത്രമാത്രമേ വ്യത്യാസമുള്ളു. ഞാൻ, ഞാൻ, എന്ന പ്രയോഗം എഴുത്തുകളിൽ എത്ര കുറഞ്ഞിരിക്കുന്നുവോ അത്രയ്ക്കു നന്നു്. ഓരോരുത്തനും അവനവൻെറ കാര്യത്തിലാണ് താല്പര്യമുള്ളതു്. എഴുതെഴുതുന്ന ആൾ എഴുത്തു കിട്ടുന്ന ആളിൻെറ കാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചെങ്കിൽ മാത്രമേ എഴുത്ത് ആഹ്ലാദപ്രദമായിരിക്കുകയുള്ളു. "ദൈവസഹായത്താൽ എനിക്കു സുഖംതന്നെ" എന്നു നിങ്ങളെഴുതുന്നു. നിങ്ങളുടെ സുഖാസുഖങ്ങളെപ്പററി അറിഞ്ഞിട്ട് ആക്കെന്തു കാര്യം? നേരെ മറിച്ച്. "താങ്കളുടെ തലവേദന മാറിയോ? ആരോഗ്യത്തിൻെറ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണേ!" എന്നു നിങ്ങൾ എനിക്കെഴുതിയാൽ എനിക്കു സന്തോഷമായി. എൻെറ ആരോഗ്യത്തിൽ താൽപര്യമുള്ള മറെറാരാളുണ്ടല്ലോ എന്ന വിചാരം എൻെറ സന്തോഷത്തിനു മാററുകൂട്ടുന്നു. നിങ്ങൾ എന്നെപ്പററി ചിന്തിക്കുന്നതും പറയുന്നതുമൊക്കെ എനിക്കിഷ്ടമാണ്. നിങ്ങളുടെ സ്വന്തം കാര്യങ്ങളിൽ എനിക്ക് അത്രതന്നെ പ്രതിപത്തിയില്ല. അതുകൊണ്ട് ഒരു നല്ല എഴുത്ത് തികച്ചും പരാർത്ഥമായിരിക്കണം.

എന്നാൽ, പരോക്ഷമായി എഴുത്തുകാരൻെറ സ്വഭാവവും എഴുത്തിൽ വ്യഞ്ജിക്കാതിരിക്കയില്ല. രസാത്മകമായ എഴുത്തിൽ നിന്ന് അതെഴുതുന്ന ആളിൻേറയും അതു കിട്ടുന്ന ആളിൻേറയും സ്വഭാവം ഏറെക്കുറെ മനസ്സിലാക്കാം. ചാൾസ് ലാംബ് എന്ന ഗ്രന്ഥകാരനും അദ്ദേഹത്തിൻെറ സഹോദരി മേരിയും, അന്നത്തെ ആസ്ഥാനകവിയായ റോബട്ട് സദേ (Southey) യുടെ ഉററ മിത്രങ്ങളായിരുന്നു. ലാംബിൻെറ ഉപന്യാസങ്ങളിലെ മതപരമായ ചില അഭിപ്രായസ്വാതന്ത്ര്യങ്ങൾ സദേ ചൂണ്ടിക്കാണിച്ചപ്പോൾ, ലാംബ് അതിനു മറുപടിയായി 'സദേയ്ക്കു് ഒരു തുറന്ന

കത്തു്'' പ്രസിദ്ധപ്പെടുത്തി. ഇതു് സദേയെ വളരെ വേദനിപ്പിച്ചു. പക്ഷേ അദ്ദേഹം പരസ്യമായി അതു ഖണ്ഡിക്കുന്നതിനു പകരം സ്നേഹമസൃണമായ ഒരെഴുത്തു് ലാംബിനു് അയക്കുകയാണു് ചെയ്തതു്. അതിനു ലാംബയച്ച മറുപടി താഴെചേൎക്കുന്നു:

"പ്രിയപ്പെട്ട സദേ,

താങ്കളുടെ സൗഹാൎദ്ദപൂൎവ്വമായ എഴുത്തു് എന്നെ ആവരണം ചെയ്തിരുന്ന മൂടൽമഞ്ഞിനെ അകററിയിരിക്കുന്നു. ഒരു നിഴലിനോടാണു് ഞാൻ പൊരുതിയതു്..... ......താങ്കൾ ഇവിടെ വരുമ്പോൾ ഞാൻ എങ്ങനെ മുഖത്തു നോക്കും? നിരപരാധിനിയായ എൻെറ സഹോദരിക്കു് അതിലുമധികം ലജ്ജയും വ്യഥയുമുണ്ടു്. മേരിയുടെ അറിവുകൂടാതെയാണു് ഞാൻ ആ തുറന്ന കത്തു് പ്രസിദ്ധപ്പെടുത്തിയതു്. അതറിഞ്ഞതിനുശേഷം മേരിക്കു മനസ്സുഖമുണ്ടായിട്ടില്ല. അതെഴുതുന്ന സമയം എൻെറ കാവൽ മാലാഖ എന്നെ വിട്ടുപിരിഞ്ഞിരിക്കുകയായിരുന്നു.

എന്നാലും, അടുത്ത വാരത്തിൽ (ബുധനാഴ്ചയൊഴിച്ചു്) ഏതെങ്കിലുമൊരുദിവസം താങ്കൾ വരിക. താങ്കളുടെ മുഖത്തു നോക്കാനുള്ള ധൈൎയ്യം ഞാൻ പണിപ്പെട്ടു സമ്പാദിക്കാം. ഈഡിത്തിനെക്കൂടെ (സദേയുടെ ഭാൎയ്യ) കൊണ്ടുവരുമല്ലോ. അതു ഞങ്ങൾക്കു മറെറാരു ശിക്ഷയായിരിക്കും. ഞങ്ങളോടു് അവൾക്കു വെറുപ്പായിരിക്കും. എന്നാലും, വന്നു ഞങ്ങളെ തീച്ചൂളയിലിടുക, ഞങ്ങൾ അതൎഹിക്കുന്നു—ഞാൻ ചെയ്തതിനു ഞാനും, എൻെറ സഹോദരിയായിപ്പോയതുകൊണ്ടു് മേരിയും.

പകൽവരണേ! മിൽട്ടൻെറ കൃതികളുടെ ദുൎല്ലഭമായ ഒരു കാപ്പി താങ്കളെ കാണിക്കുവാനുണ്ടു്..........തലേദിവസം എന്നെ അറിയിക്കുമോ?

എന്നു് പശ്ചാത്താപപൂൎവ്വം,
സി. ലാംബ്."

ഇരുവരുടേയും സ്വഭാവവും അവൎക്കുതമ്മിലും അവരുടെ കുടുംബങ്ങൾ തമ്മിലുമുള്ള ബന്ധവും എഴുത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിയും. ഹൃദയാലുവായ എഴുത്തുകാരനുമാത്രമേ ഒന്നാന്തരം എഴുത്തുകളെഴുതുവാൻ സാധിക്കുകയുള്ളു. ചാൾസ് ലാംബ് ഇംഗ്ലീഷ് ഭാഷയിലെ ഒന്നാംകിട ഗദ്യകാരൻ മാത്രമല്ല, ഒന്നാംകിടയിലുള്ള എഴുത്തുകാരൻകൂടിയായി ഗണിക്കപ്പെടുന്നതു് ഇക്കാരണത്താലാണു്. ജീവിതത്തിലും സാഹിത്യത്തിലും നിഷ്കപടമായ ആത്മാൎത്ഥതയാണു് സൎവ്വഥാ വരണീയം.

സാഹിത്യവിചാരം] [എം. പി. പോൾ.

അഭ്യാസം

1. 'കൎത്തുകൾ'ക്കു് സാഹിത്യത്തിലുള്ള സ്ഥാനമെന്തു് ?
2. കൎത്തുകളെഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാൎയ്യങ്ങളേവ ?
3. കൃതികൎത്തും കാരകകൎത്തും തമ്മിലുള്ള വ്യത്യാസമെന്തു് ?
4. 'വിദ്യാൎത്ഥികൾ നാണംകുണുങ്ങികളോ മരഞ്ചാടികളോ ആകരുതു്; നുണയന്മാരും ചതിയന്മാരുമാകാതിരിക്കാനും ശ്രദ്ധിക്കണം.' ഇതിൽ നിന്നു് കാരകകൎത്തുകൾ മാത്രം എടുത്തു കാണിക്കുക.
5. തെററു തിരുത്തുക :—
സ്വതസിദ്ധം, വിഷയദാരിദ്ര്യം, മാനുഷീകം.

പാഠം 7

അനശ്വരസാഹിത്യം

[കെ. വി. എം.—കെ. വാസുദേവൻമൂസ്സതു് എന്നാണു് പൂൎണ്ണമായ നാമധേയം. പുന്നശ്ശേരി നമ്പി നീലകണ്ഠശൎമ്മയുടെ ശിഷ്യൻ. ഗുരുനാഥനെപ്പോലെതന്നെ സംസ്കൃതത്തിൽ നിരൎഗ്ഗളമായി സംസാരിക്കയും പ്രസംഗിക്കയും ചെയ്യും. വിജ്ഞാനചിന്താമണി (സംസ്കൃതം), മംഗളോദയം മുതലായവയുടെ പത്രാധിപരായിരുന്നിട്ടുണ്ടു്. കൗടില്യന്റെ അൎത്ഥശാസ്ത്രം, സാഹിത്യദൎപ്പണം, ലീലാതിലകം മുതലായ സംസ്കൃത ഗ്രന്ഥങ്ങൾക്കു വ്യാഖ്യാനങ്ങളെഴുതിയിട്ടുണ്ടു്. സംസ്കൃതത്തിലും മലയാളത്തിലുമായി നൂറോളം ഗ്രന്ഥങ്ങളുടെ കൎത്താവാണു്.]

"ശബ്ദമയമായ തേജസ്സു്. അതായതു് സാഹിത്യം, സൂൎയ്യചന്ദ്രന്മാരുള്ളിടത്തോളംകാലം പ്രകാശിച്ചുകൊണ്ടിരിക്കുന്നില്ലെങ്കിൽ ഈ ലോകങ്ങൾ മൂന്നും നിശ്ശേഷം കൂരിരുട്ടായി പരിണമിക്കും" എന്നൎത്ഥമുള്ള ഒരഭിജ്ഞവചനം സംസ്കൃത ഭാഷയിലുണ്ടു്. * സൂൎയ്യചന്ദ്രന്മാരുള്ളിടത്തോളംകാലം എന്നുവച്ചാൽ, എല്ലാക്കാലത്തും എന്നാണൎത്ഥമെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു്, സാഹിത്യം എല്ലാക്കാലത്തും നിലനില്ക്കുന്നതാണെന്നു്, മറെറാരുവിധത്തിൽ പറഞ്ഞാൽ അനശ്വരമാണെന്നു്, സിദ്ധിക്കുന്നു. എന്നാൽ, സാഹിത്യമെന്ന പേരിൽ നാം ഇന്നു കാണുന്ന ശബ്ദപ്രപഞ്ചം മുഴുവനും അനശ്വരമാണെന്നു പറയുവാൻ കഴിയുമോ? തീൎച്ചയായും ഇല്ല. ക്ഷണഭംഗുരങ്ങളായ ഗ്രന്ഥങ്ങളും സാഹിത്യത്തിൽ ധാരാളം സ്ഥലം പിടിച്ചിട്ടുണ്ടു്. ആരും തിരിഞ്ഞുനോക്കാതെ വിസ്മൃതിയിൽ പെട്ടുപോകുന്ന ഗ്രന്ഥങ്ങൾ

---

* ഇദമന്ധം തമഃ കൃത്സ്നം ജായേത ഭുവനത്രയം
യദി ശബ്ദാഹ്വയം ജ്യോതിരാചന്ദ്രാൎക്കം ന ദീപ്യതേ

നമ്മുടെ ഭാഷയിൽ കുറച്ചൊന്നുമല്ല. ഇതുതന്നെയാണ് മിക്ക ഭാഷകളുടേയും നില. ആ സ്ഥിതിക്ക്, സാഹിത്യത്തെ നശ്വര സാഹിത്യമെന്നും അനശ്വരസാഹിത്യമെന്നും രണ്ടായി തരം തിരിക്കുന്നതിൽ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല.

ഏതാണ് നശ്വരസാഹിത്യം? ഏതാണ് അനശ്വര സാഹിത്യം? ഈ ചോദ്യങ്ങൾക്ക് സമാധാനം കണ്ടെത്തുക യാണ് ഇനി നമുക്ക് ചെയ്യാനുള്ളത്. ക്ഷണത്തിൽ നശിച്ചു പോകുന്ന സാഹിത്യം നശ്വരസാഹിത്യവും, എന്നെന്നും നില നില്ക്കുന്നതു് അനശ്വരസാഹിത്യവുമാണെന്ന് ഒററ വാകൃത്തിൽ ഇതിനുത്തരം പറയാം. പക്ഷെ, അത്രമാത്രംകൊണ്ടു വിഷയം വിശദമാകയില്ല. ദേഹം ജഡവും അതേ കാരണത്താൽ നശ്വരവു മാകുന്നു; ജീവനാകട്ടേ, ചേതനവും അതിനാൽ അനശ്വരവു മത്രേ. സാഹിത്യത്തിൽ ജീവനായിട്ടുള്ളതു് രസമാണ്. അതു കൊണ്ട്, രസാത്മകമായ സാഹിത്യമാണ് അനശ്വരസാഹിത്യം. രസം സാർവകാലികമാകയാലാണ് രസാത്മകസാഹിത്യം അന ശ്വരമെന്നു പറഞ്ഞതു്. ഏതുകാലത്തും സഹൃദയന്മാരുടെ ഹൃദ യത്തെ ആഹ്ലാദിപ്പിക്കത്തക്ക സാഹിത്യം അനശ്വരവിഭാഗത്തിൽ പ്പെടുന്നു. ചിലകാലത്തുമാത്രമോ ചിലക്കുമാത്രമോ ചമൽക്കാരം തോന്നിക്കുന്ന ശബ്ദപ്രപഞ്ചമെല്ലാം നശ്വരമാകുന്നു. നശ്വരവും അനശ്വരവുമായ സാഹിത്യത്തെക്കുറിച്ച് നമുക്കല്പം ചിന്തിക്കാം. സാമയികവും സാങ്കേതികവുമായ സാഹിത്യം നശ്വരമത്രേ. ഈ രണ്ടുതരം സാഹിത്യത്തേയും വിശദീകരിക്കാൻ ശ്രമിക്കാം.

1. സാമയികസാഹിത്യം:—അതാതു കാലത്തേയ്ക്കു മാത്രം ഉതകുന്ന ഒരുതരം സാഹിത്യകൃതികളുണ്ട്. അവയെഴുതുന്ന കാലത്തു് അവയെക്കുറിച്ചു് ആവേശം കൊള്ളുന്നവർ ധാരാളമുണ്ടാ യിരിക്കും. രാഷ്ട്രീയമോ, സാമുദായികമോ, മതസംബന്ധിയോ, സാംസ്കാരികമോ ആയ വിഷയങ്ങളിൽ ജനങ്ങളുടെ ചിന്താ ഗതിക്കു താല്ക്കാലികമായി വരുന്ന മാററമനുസരിച്ചാണ് സാമ യികസാഹിത്യത്തെ ജനങ്ങൾ കൊണ്ടാടുകയോ കൊണ്ടാടാതിരി ക്കുകയോ ചെയ്യുന്നതു്. ഒരു കാലത്തു് നമ്മുടെ നാട്ടിൽ രാജാക്ക ന്മാർ സർവ്വാധിപതികളായിരുന്നു. "രാജാ പ്രത്യക്ഷദൈവതം" എന്നായിരുന്നു അന്നത്തെ വിശ്വാസം. രാജഭക്തിയെക്കവിഞ്ഞ പ്രാധാന്യം അന്നു മറെറാരു വസ്തുവിനുമുണ്ടായിരുന്നില്ല; അങ്ങനെ യുള്ള കാലത്തു് രാജസ്തുതിപരങ്ങളായ കൃതികൾ സാഹിത്യത്തിൽ സാർവ്വത്രികമായി ഉണ്ടായിവന്നു. രാജാക്കന്മാരെ വർണ്ണിക്കുക, അവരെ സ്തുതിക്കുക മുതലായതു് അക്കാലത്തെ കവികൾ കവി ധർമ്മമായി കരുതിവന്നു. തന്നിമിത്തം സംസ്കൃതത്തിലും മററു

ഭാരതീയ ഭാഷകളിലും രാജസ്തുതിപരങ്ങളായ ഗ്രന്ഥങ്ങളും മുക്തകങ്ങളും ഗാനങ്ങളും സുലഭമായി അവതരിച്ചു. ശാസ്ത്രീയഗ്രന്ഥങ്ങൾ നിർമ്മിക്കുമ്പോൾപ്പോലും അവയിൽ പറയുന്ന കാര്യങ്ങൾ ഒരു രാജാവിൽ ഉദാഹരണരൂപേണ സംക്രമിപ്പിക്കുന്നതിനു് അക്കാലത്തെ കവികൾ മുതിരുകയുണ്ടായിട്ടുണ്ടു്. പ്രതാപരുദ്രീയം, വിക്രമാലങ്കാരം മുതലായ കൃതികൾ ഇതിലേക്കു് ഉദാഹരിക്കപ്പെടാം.

കാലാന്തരത്തിൽ രാജാധികാരത്തെക്കുറിച്ചു് ജനതാമദ്ധ്യത്തിലുള്ള അഭിപ്രായത്തിനു മാററം സംഭവിച്ചു. രാജാക്കന്മാരുടെ സ്വേച്ഛാഭരണം സ്വീകാര്യമല്ലെന്നും പ്രജായത്തഭരണമാണു് ഉത്തമമെന്നും ജനങ്ങൾ ദൃഢമായി വിശ്വസിക്കാൻ തുടങ്ങി. അതോടുകൂടി സാഹിത്യത്തിൻെറയും സമ്പ്രദായം മാറി. രാജകീയഭരണത്തിൽ കഴിഞ്ഞുകൂടുന്നവരുടെ ജീവിതത്തെ നരകയാതനാമയമായും, പ്രജായത്തഭരണത്തിൽപ്പെട്ടവരുടെ ജീവിതത്തെ സ്വർഗ്ഗസുഖപൂർണ്ണമായും ചിത്രീകരിക്കുന്ന കവിതകളും കഥകളും പ്രസ്തുത കാലഘട്ടത്തിൽ പ്രചാരത്തിൽവന്നു. ഇക്കാലത്തെ ജനങ്ങളെ രസിപ്പിക്കാൻ ഇത്തരത്തിലുള്ള കൃതികൾക്കു മാത്രമേ കഴിവുള്ളു. ഇപ്പോൾ രാജസ്തുതിപരമായ സാഹിത്യത്തെ നിശിതമായി വിമർശിക്കയും അപഹസിക്കയും ചെയ്യാത്തവർ ചുരുക്കമായി. പ്രജാധികാരത്തെ പ്രശംസിക്കുന്ന സാഹിത്യത്തെ അഭിനന്ദിക്കാത്തവർ ആരുമില്ലെന്നും വന്നു. ഇനിയൊരു കാലത്തു് കാററു് തിരിഞ്ഞടിക്കുകയും, രാഷ്ട്രീയമായ ചിന്താഗതിയും സിദ്ധാന്തവും വ്യത്യാസപ്പെടുകയും ചെയ്യുന്നു എന്നു വിചാരിക്കുക. അപ്പോൾ ഈ രണ്ടുതരത്തിലുള്ള സാഹിത്യവും വിസ്മൃതിയിലാണ്ടുപോകും. അന്നത്തെ ചിന്താഗതിക്കനുസരിച്ചുള്ള പുത്തൻ സാഹിത്യം ആവിർഭവിക്കുകയും ചെയ്യും. രാഷ്ട്രീയമായ ചിന്താഗതി സാഹിത്യത്തിൽ വരുത്തുന്ന പ്രത്യാഘാതങ്ങൾക്കു് ഇതു് ഒന്നാംതരം ഉദാഹരണമാണു്. ഈ രീതിയിൽ നോക്കുന്നതായാൽ, പണ്ടത്തെ രാജസ്തുതിസാഹിത്യവും ഇന്നത്തെ പ്രജാസ്തുതിസാഹിത്യവും കേവലം സാമയികസാഹിത്യം മാത്രമാണെന്നു കാണാം.

ഇനിയും നോക്കാം. പ്രജാധിപത്യസിദ്ധാന്തത്തിൽത്തന്നെ പല വകഭേദങ്ങളുണ്ടല്ലോ. ചിലർ, ഭൂരിപക്ഷഭൂരിസുഖമെന്നോ ഡെമോക്രസി എന്നോ പറയാവുന്ന പ്രജായത്തഭരണത്തിൽ വിശ്വസിക്കുന്നു; മററു ചിലർ സോഷ്യലിസത്തിലും, വേറെ ചിലർ കമ്മ്യൂണിസത്തിലും, ഇനിയും ചിലർ കാർഷിക തൊഴിലാളിഭരണത്തിലും വിശ്വസിക്കുന്നു. ഈവക ഭരണക്രമങ്ങൾക്കു

പരസ്പരം ചില വ്യത്യാസങ്ങളും ഉണ്ടു്. ഇവയിൽവെച്ചു് ഏതെങ്കിലും ഒന്നിൽ വിശ്വസിക്കുന്നവർ അതിനെ സ്തുതിച്ചുകൊണ്ടും, മറെറാന്നിൽ വിശ്വസിക്കുന്നവർ ആ മറെറാന്നിനെ സ്തുതിച്ചുകൊണ്ടും കൃതികൾ നിർമ്മിക്കുകയും, ആ കൃതികൾക്കു സാഹിത്യലോകത്തിൽ പ്രചാരം സിദ്ധിക്കുകയും ചെയ്യുന്നു. എന്നാൽ, ഈവക ഭരണസംബന്ധമായ അഭിപ്രായങ്ങളൊന്നും ചിരസ്ഥായികളല്ല. ഓരോവക കാരണങ്ങളാൽ ഇവ ക്ഷണത്തിൽ മാറിക്കൊണ്ടിരിക്കും. രാജ്യഭരണമീമാംസകന്മാർ, ഭരണക്രമങ്ങൾക്കു പലതരത്തിലുള്ള പരിണാമങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുമെന്നു സിദ്ധാന്തിക്കുന്നുണ്ടു്. രാജാധികാരം ദുഷിച്ചു് പ്രജാധികാരമായും, പ്രജാധികാരം ദുഷിച്ചു കലഹവും കലാപവും വർദ്ധിച്ചു് ഏകാധിപത്യഭരണമായും, കുറേക്കാലം കഴിഞ്ഞാൽ അതും ദുഷിച്ചു് മറെറാരു തരത്തിലുള്ള ഭരണമായും പരിവർത്തനം ചെയ്യുമെന്നാണു് ചിന്തകന്മാരുടെ അഭിപ്രായം, അനുഭവവും അതിൽനിന്നു ഭിന്നമല്ല. അതിനാൽ, രാഷ്ട്രീയമായ അഭിപ്രായഭേദങ്ങളെ പ്രമാണമാക്കി നമ്മുടെ സാഹിത്യത്തിൽ പ്രതിദിനമെന്നപോലെ ഉണ്ടായിക്കൊണ്ടിരിക്കുന്ന കവിതകളും കഥകളും മററും സാമയികസാഹിത്യവിഭാഗത്തിൽ പെടുത്താനേ നിവൃത്തിയുള്ളു.

മതസംബന്ധിയായ വിശ്വാസപ്രമാണങ്ങളും സാഹിത്യത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ടു്. മതത്തിൽ സനാതനങ്ങളും കാദാചിൽക്കങ്ങളുമായ അംശങ്ങൾ ധാരാളമുണ്ടു്. അഹിംസ, സത്യം, അസ്തേയം, ശൗചം, ഇന്ദ്രിയനിഗ്രഹം മുതലായ മതതത്ത്വങ്ങൾ സനാതനങ്ങളത്രേ. എന്നാൽ, ആചാരകൃതങ്ങളായ ഉച്ചനീചതത്വങ്ങളും അതുപോലെ വെറും ബാഹ്യങ്ങളായ മററാചാരങ്ങളും ചില കാലത്തേക്കുമാത്രം ബാധകമായിട്ടുള്ളവയാണു്. മഹാകവി കുമാരനാശാൻ പറഞ്ഞതുപോലെ,

“ ഇന്നലെച്ചെയ്തോരബദ്ധം-ലോക-
ക്കിന്നത്തെയാചാരമാകാം ;
നാളത്തെശ്ശാസ്ത്രമതാകാം”

എന്നിങ്ങനെ ക്ഷണപരിവർത്തികളാണു് ആചാരകൃതങ്ങളായ അത്തരം അവസ്ഥാവിശേഷങ്ങൾ. അവയ്ക്കു മതത്തിലുള്ള സ്ഥാനം ഒരുവിധത്തിലും ശാശ്വതമല്ല. ഒരു കാലത്തു ബ്രാഹ്മണാദികളായ ജാതികൾക്കു് ഉത്തമാധമതത്വങ്ങൾ കല്പിച്ചുവന്നിരുന്നു. “ബ്രാഹ്മണോ മമ ദൈവതം” എന്നും “ശൂദ്രമക്ഷരസംയുക്തം

ദൂരതഃപരിവർജ്ജയേൽ'' എന്നും മററുമായിരുന്നു അന്നത്തെ പ്രമാണങ്ങൾ. അതിനാൽ പുരാതനകാലത്തു ബ്രാഹ്മണരെ വാഴ്ത്തിക്കൊണ്ടും അബ്രാഹ്മണരെ താഴ്ത്തിക്കൊണ്ടുമുള്ള കൃതികൾക്ക പ്രാധാന്യവും പ്രാചുര്യവും ഉണ്ടായിരുന്നു. എന്നാൽ ഇക്കാലത്തു ജനസമുദായത്തിലുള്ള ഈ ഇടുങ്ങിയ ഭിത്തികൾ ഇടിഞ്ഞുപൊളിഞ്ഞു വീണുപോയി. അതിനാൽ ഒരു ജാതിയെ പുകഴ്ത്തിക്കൊണ്ടും മറെറാരു ജാതിയെ ഇകഴ്ത്തിക്കൊണ്ടുമുള്ള കൃതികൾക്കു് ഇക്കാലത്തു സ്ഥാനമില്ല.

ബ്രാഹ്മണജാതിയിൽപ്പെട്ട ഒരുവനും അന്യജാതിക്കാരനായ മറെറാരുവനും ഒരേ തരത്തിലുള്ള ഒരു കുററംചെയ്താൽ ബ്രാഹ്മണനെ നിസ്സാരമായ ഒരു ശിക്ഷയ്ക്കും മറേറ ആളെ കഠിനശിക്ഷയ്ക്കും വിധേയനാക്കുന്നതു നമ്മുടെ നാട്ടിൽ പതിവായിരുന്നു. ഈ പതിവിൻെറ നഷ്ടശിഷ്ടങ്ങൾ ഇവിടത്തെ നിയമസംഹിതയിൽനിന്നു് ഇന്നും നിശ്ശേഷം മാഞ്ഞുപോയിട്ടുണ്ടെന്നു തോന്നുന്നില്ല. കുററക്കാരനായ ബ്രാഹ്മണനെ ശിക്ഷയിൽനിന്നു വിമുക്തനാക്കുന്നതു ധർമ്മമാണെന്നു പ്രതിപാദിക്കുന്ന കൃതികളും നിസ്സാരമായ കുററംചെയ്ത ബ്രാഹ്മണേതരനെ കഠിനശിക്ഷയ്ക്കു പാത്രമാക്കുന്ന രീതിയെ അഭിനന്ദിക്കുന്ന കൃതികളും ഭാരതീയസാഹിത്യത്തിൽ കാണാം. മതത്തിൻെറ ആഭാസവശമായ ആചാരങ്ങളിലുള്ള വിശ്വാസമാണു് ഇത്തരത്തിലുള്ള കൃതികളിൽ ജനങ്ങൾക്കു് അഭിരുചി തോന്നുന്നതിനുള്ള കാരണം. എന്നാൽ ഇന്നു നീതിന്യായവിഷയത്തിൽ അത്തരത്തിലുള്ള പക്ഷപാതങ്ങൾ അസ്തമിച്ചുപോയിരിക്കുന്നു. മതം സാഹിത്യത്തിൽ കൈകാര്യം നടത്തുന്നതിനു് ഇതുപോലുള്ള ഉദാഹരണങ്ങൾ എത്രവേണമെങ്കിലും എടുത്തുകാണിക്കാൻ സാധിക്കും. മതത്തിലെ ആചാരഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള കൃതികൾക്കും സാമയികസാഹിത്യത്തിൽ മാത്രമേ സ്ഥാനമുള്ളൂ.

ഇതുപോലെ, സാമുദായികമായും, സാംസ്കാരികമായുമുള്ള വിശ്വാസപ്രമാണങ്ങളും സാഹിത്യത്തിൽ അധികാരം ചെലുത്തുന്നുണ്ടു്. യുദ്ധം ചെയ്കയും, ശത്രുസംഹാരമെന്ന പേരിൽ നരഹത്യ നടത്തുകയും ചെയ്യുന്നതു സാമുദായികമായും സാംസ്കാരികമായും പരമമായ ആദർശമാണെന്നു കരുതിവന്ന ഒരു കാലമുണ്ടായിരുന്നു. ധീരതയോടുകൂടി പൊരുതു മരണമടയുന്ന ഭടന്മാർ വീരസ്വർഗ്ഗത്തിലെത്തിച്ചേരുമെന്നും, അവരെ സുന്ദരികളായ ദേവസ്ത്രീകൾ മാലയിട്ടു വരിക്കുമെന്നും മററുമുള്ള സങ്കല്പങ്ങളുടെ

ഉറവിടം ഈ ആദർശത്തിലുള്ള ഉറച്ച വിശ്വാസംതന്നെയായിരിക്കണം. ഏതാദൃശമായ ആദർശത്തെ വർണ്ണിക്കുകയും സ്ഥാപിക്കുകയും ചെയ്യുന്ന കൃതികൾ അക്കാലത്തു ധാരാളമുണ്ടായിട്ടുണ്ട്. അവയെ സഹൃദയന്മാർ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തോടുകൂടി അത്തരത്തിലുള്ള ആദർശത്തിൻെറ വില വളരെ കുറഞ്ഞുപോയിട്ടുണ്ട്. യുദ്ധങ്ങളേയും, കൂട്ടക്കൊലകളേയും, അവജ്ഞയോടും വെറുപ്പോടും കൂടിയല്ലാതെ വിചാരിക്കുവാൻപോലും വയ്യാത്തവിധം അത്ര വലിയ ഒരു മനഃപരിവർത്തനമാണ് അക്കാര്യത്തിൽ ഇന്നു വന്നുചേർന്നിട്ടുള്ളതു്. അതനുസരിച്ച്, ശാന്തിയേയും സമാധാനത്തേയും സഹോദരസ്നേഹത്തേയും പരമാദർശമായി പ്രഖ്യാപനംചെയ്യുന്ന കൃതികൾക്കു സാഹിത്യത്തിൽ ഏറെക്കുറെ പ്രചാരവും പ്രാധാന്യവും വന്നുതുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇനി ഒരു കാലത്ത് ജനതയുടെ വിചാരഗതി വീണ്ടും മാറിക്കൂടായ്കയില്ല. അക്കാലത്ത് ആ പുതിയ വിചാരരീതിയെ പ്രതിബിംബിപ്പിക്കുന്ന കൃതികൾ അവതരിക്കയും ചെയ്യും. അത്തരം കൃതികളും സാമയിക സാഹിത്യവിഭാഗത്തിൽ മാത്രമേ ഉൾപ്പെടുകയുള്ളു എന്നതു സ്പഷ്ടമാണല്ലോ.

2. സാങ്കേതികസാഹിത്യം:—സങ്കേതങ്ങളെ അവലംബിച്ചുകൊണ്ടുള്ള സാഹിത്യത്തെ സാങ്കേതികസാഹിത്യമെന്നു പറയാം. ഏറെക്കുറെ എന്ന വ്യത്യാസത്തോടുകൂടി പല തരത്തിലുള്ള സങ്കേതങ്ങൾ എല്ലാ രാജ്യങ്ങളിലേയും സാഹിത്യത്തിൽ കാണാം. സുന്ദരികളുടെ പാദസ്പർശമേററാൽ ചില വൃക്ഷങ്ങൾ പുഷ്പിക്കുമത്രേ. സംസ്കൃതസാഹിത്യത്തിലാണ് ഇത്തരം സങ്കേതങ്ങൾ ധാരാളമുള്ളതു്. താദൃശസങ്കേതങ്ങളെക്കൊണ്ട് ജടിലമായ കാവ്യങ്ങളിൽ പ്രാചീനർ രസിച്ചിരുന്നുവെങ്കിലും ആധുനികസഹൃദയർക്ക് അവയിൽ അത്ര ആഭിമുഖ്യമൊന്നും കാണുന്നില്ല. ഇക്കാലത്തെ ചില സാഹിത്യകാരന്മാർ വേറെ ചില സങ്കേതങ്ങളെയാണ് ഇഷ്ടപ്പെടുന്നതു്. അവയിൽ മിക്കതും വൈദേശിക സാഹിത്യങ്ങളിൽനിന്ന് ഇറക്കുമതിചെയ്യപ്പെട്ടവയത്രേ. പറയാനുദ്ദേശിക്കുന്ന വിഷയത്തെ മറച്ചുവെച്ച് തൽസ്ഥാനത്ത് തത്തുല്യമാണെന്നു കവി വിചാരിക്കുന്ന മറെറാരു വിഷയത്തെ ഉപന്യസിക്കുക എന്നതു് ഇന്നത്തെ പല കൃതികളിലും പതിവായി കാണുന്നുണ്ട്. തൽക്കർത്താക്കന്മാർ അവലംബിക്കുന്ന സങ്കേതങ്ങൾ സാധാരണക്കാരായ സഹൃദയന്മാർക്ക് അപരിചിതങ്ങളാകയാൽ, ആവക കൃതികളിലെ കവിഹൃദയമെന്നല്ല സാമാന്യമായ അർത്ഥം പോലും മനസ്സിലാക്കുവാൻ പ്രയാസം നേരിടുന്നു. സങ്കേതങ്ങളെ

പ്പററി ഓരോ കാലത്തും ദേശത്തുമുള്ള ധാരണയുടെ വ്യത്യാസം ഇതിൽനിന്നു വിശദമാകുന്നുണ്ടല്ലോ. ഇത്തരം സങ്കേതാവലംബികളായ സകല കൃതികളേയും സാങ്കേതികസാഹിത്യത്തിൽ ഉൾപ്പെടുത്താം.

മേൽവിവരിച്ച രണ്ടു തരം സാഹിത്യത്തിനും ശാശ്വതമായ നിലനില്പ് സംഭവ്യമല്ല. ആകയാൽ അതിനെ നശ്വരസാഹിത്യമായിട്ടു മാത്രമേ വിചാരിക്കാൻ തരമുള്ളു. ഈ വിഭാഗത്തിൽപ്പെട്ട ആയിരക്കണക്കിനുള്ള കൃതികളുടെ സ്മരണപോലും ഇന്ന് ഇല്ലാതായിട്ടുണ്ട്. കാളിദാസൻേറയും ഷേക്സ്പിയരുടേയും സമകാലീനന്മാരായി അനേകം കവികളുണ്ടായിരുന്നിരിക്കണം. പക്ഷേ, അവരിൽ ആരുടെയെങ്കിലും ഒരു കൃതിയുടെ പേരുപോലും ഇന്നാക്കും അറിഞ്ഞുകൂടാ. അഥവാ, എന്തിന് അത്ര അധികം പഴമയിലേക്കു പോകുന്നു? തുഞ്ചത്തെഴുത്തച്ഛന്റെ സമകാലികരിൽ ആരുടെയെങ്കിലും കൃതികളെപ്പററി നമുക്കു വല്ലതും അറിയാമോ? ഇതുപോലെ, ഇന്നുണ്ടാകുന്ന കൃതികളിലും വലിയ ഒരംശം ഭാവികാലത്തിൽ വിസ്മൃതമായി പരിണമിക്കാതിരിക്കയില്ല. അങ്ങനെ നശിച്ചുപോയവയും നശിക്കാൻപോകുന്നവയുമായ ക്ഷുദ്രകൃതികളെ മാററിനിർത്തിയാൽ, സാഹിത്യലോകത്തിൽ വളരെ കുറച്ചു കൃതികൾ മാത്രമേ ശേഷിക്കയുള്ളു എന്നുവരാം. ഈ വിധത്തിൽ അവശേഷിക്കുന്നതേതോ അതാണ് അനശ്വരസാഹിത്യം. ഏതു ഭാഷയിലും കാലത്തെ അതിജീവിച്ചു പോന്നിട്ടുള്ള അത്തരം കൃതികളെ പരിശോധിച്ചു നോക്കുന്നപക്ഷം, ശാശ്വതങ്ങളായ മാനുഷികവികാരങ്ങളെയാണ് അവയിൽ പ്രധാന പ്രതിപാദ്യവിഷയമായി അംഗീകരിച്ചിട്ടുള്ളതെന്നും, അവയിലെ പ്രതിപാദനരീതി അങ്ങേ അററം രസാത്മകമായിട്ടുണ്ടെന്നും കാണാൻ കഴിയും.

കാട്ടുപൂക്കൾ] [കെ. വി. എം.

അഭ്യാസം

1. എങ്ങനെയുള്ളതാണ് അനശ്വരസാഹിത്യം?
2. സാമയിക സാഹിത്യം, സാങ്കേതിക സാഹിത്യം—ഇവയെ വിവരിക്കുക.
3. നിലനിൽപ്പ്, പഴമ, ചെയ്യായ്ക—ഇവ ഏതുതരം കൃത്തുകളാണെന്നു പറയുക.
4. 'മുതിരുകയുണ്ടായിട്ടുണ്ട്' ഈ വാക്കിലെ പ്രാക്പ്രയോഗവും അനുപ്രയോഗവും വേർതിരിച്ചു കാണിക്കുക.
5. സർവ്വാധിപതി, പ്രത്യാഘാതം—അർത്ഥം പറഞ്ഞു സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.

പാഠം 8

രണ്ടു് അഭിവാദനങ്ങൾ

[കുട്ടികൃഷ്ണമാരാർ—'സാഹിത്യശിരോമണി'യായതിനുശേഷം കലാമണ്ഡലത്തിലെ സാഹിത്യാദ്ധ്യാപകനും വള്ളത്തോളിന്റെ സന്തതസഹചാരിയുമായിരുന്നു കുറേക്കാലം. പിന്നീടു് വളരെക്കാലം മാതൃഭൂമി ആഫീസിൽ ജോലിനോക്കി. അതിൽനിന്നൊഴിഞ്ഞു വിശ്രമിക്കയാണിപ്പോൾ. നിരൂപകൻ എന്ന നിലയിലാണു് കൂടുതൽ പ്രശസ്തി. ഭാരതപര്യടനം, രാജാങ്കണം, സാഹിത്യസല്ലാപം, ചർച്ചായോഗം, വ്യാകരണപരിചയം, മലയാളശൈലി മുതലായവയാണു് കൃതികൾ. രഘുവംശം, ശാകുന്തളം, മേഘസന്ദേശം, കുമാരസംഭവം എന്നീ കാളിദാസകൃതികൾ വ്യാഖ്യാനിച്ചിട്ടുമുണ്ടു്.]

സൂര്യനുദിച്ചു. ഇന്നാണു് ചിരപ്രതീക്ഷിതമായ ഭാരതയുദ്ധം തുടങ്ങുന്നതു്. കുരുക്ഷേത്രത്തിന്റെ കിഴക്കുവശത്തു് ഭീഷ്മപിതാമഹന്റെ ആധിപത്യത്തിൽ കൗരവന്മാരുടെ പതിനൊന്നക്ഷൗഹിണിപ്പടയും, തിരയടിച്ചുതുള്ളുന്ന കടലുകൾപോലെ ശസ്ത്രപ്രയോഗങ്ങൾക്കു വെമ്പിക്കൊണ്ടു് നേക്കുനേരേ നിരന്നു നില്ക്കുന്നു. പെരുമ്പറക്കൊട്ടും ശംഖുവിളിയും ആനകളുടെ ചിന്നംവിളിയും കുതിരകളുടെ ചിനയ്ക്കലും, അററത്തു കുടമണി കെട്ടിത്തൂക്കിയ ഉയർന്ന തേക്കൊടിമരങ്ങളിൽനിന്നു കാററടിക്കുമ്പോൾ കരിമ്പനക്കാട്ടിൽനിന്നെന്നപോലെ പുറപ്പെടുന്ന ഝണഝണൽകാരവുംകൊണ്ടു് ആകാശമണ്ഡലം മുഖരിതമായി.

പെട്ടെന്നതാ, യുധിഷ്ഠിരൻ ആയുധംവെച്ചു കവചമഴിച്ചു തേരിൽനിന്നിറങ്ങി, മിണ്ടാതെ ഭീഷ്മരെനോക്കി തൊഴുതുംകൊണ്ടു കിഴക്കോട്ടു് ശത്രുസേനയുടെ നേക്കു കാൽനടയായി പോകുന്നു. അതുകണ്ടു് മററു പാണ്ഡവന്മാരും കൃഷ്ണനും ഇറങ്ങിച്ചെന്നു് അദ്ദേഹത്തെ പിന്തുടർന്നു. "എന്താണിക്കാട്ടുന്നതു ജ്യേഷ്ഠൻ?"—"എങ്ങോട്ടാണിപ്പോകുന്നതു്?" എന്നു് അനുജന്മാരോരോരുത്തരും കയറിച്ചോദിച്ചു; യുധിഷ്ഠിരൻ മറുപടിയൊന്നും പറയാതെ നടക്കുകതന്നെ. ഭഗവാൻ കൃഷ്ണൻ കാര്യം മനസ്സിലാക്കി ഭീമാദികളോടു പറഞ്ഞു;—"ഇദ്ദേഹം ഭീഷ്മരോടും മററു ഗുരുജനങ്ങളോടും വിടവാങ്ങീട്ടുവേണം യുദ്ധം തുടങ്ങാനെന്നുവെച്ചു പോകയാണു്. ആവിധം ചെയ്താലേ ഗുരുശാപമേല്ക്കാതെ ജയിപ്പാൻ കഴിയൂ എന്നാണു് ശാസ്ത്രം."

യുധിഷ്ഠിരന്റെ ആ വരവു കണ്ടിട്ടു് കൗരവസൈന്യങ്ങൾക്കിടയിൽ വലിയ കൂക്കുംവിളിയുമായി. ആ ക്ഷത്രിയന്മാർ പറഞ്ഞു: "കുലംകെടുക്കുന്ന ഇയാൾ യുദ്ധംചെയ്യാനാളല്ല. തീർച്ചയായും,

പേടിപിടിച്ച് അനുജന്മാരോടുകൂടി ഭീഷ്മരോട് ശരണം യാചിപ്പാൻ വരികയാണ്. ആ ഭീമാർജ്ജുനാദികളൊക്കെയുണ്ടായിട്ടും ഇയാൾക്ക് ഈ പേടിപിടിച്ചുവല്ലോ. ഇയാൾ ക്ഷത്രിയകുലത്തിൽ ജനിച്ചവനല്ല; തീർച്ച.'' അവർ കൗരവരെ പ്രശംസിച്ചുകൊണ്ടു വസ്ത്രം വീശി. യുധിഷ്ഠിരൻ വന്നടുക്കുംതോറും ആ കലമ്പൽ നിലച്ചു.

യുധിഷ്ഠിരനാകട്ടെ, അനുജരാലും കൃഷ്ണനാലും ചൂഴപ്പെട്ട് ശരശക്തിസമാകുലമായ ശത്രുസേനയിൽകേറി നടന്ന് ഭീഷ്മരുടെ അടുക്കൽ ചെന്നു; അദ്ദേഹത്തിൻെറ കാലുപിടിച്ചു പറഞ്ഞു: "താത, ദുർദ്ധർഷനായ അങ്ങയോടു ഞാൻ യുദ്ധം ചെയ്യാൻ തുടങ്ങുന്നതു് അനുവദിച്ചാലും; എന്നെ ആശീർവ്വദിച്ചാലും.''

"രാജാവേ, നന്നായി'' ഭീഷ്മർ പറഞ്ഞു. "നീ യുദ്ധം തുടങ്ങുന്നതിനു മുൻപ് ഇങ്ങനെ വന്നില്ലായിരുന്നുവെങ്കിൽ, ഞാൻ നിന്നെ തോല്ക്കാൻ ശപിച്ചേനെ. മകനെ യുദ്ധംചെയ്തുകൊൾക; ജയം നേടുമാറാക. വരം വല്ലതും വരിച്ചുകൊള്ളുക. മനുഷ്യൻ ധനത്തിൻെറയല്ലാതെ, ധനം മനുഷ്യൻെറ ദാസനല്ല. ഞാൻ ധനംമൂലം കൗരവരോടു ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ നിന്നോടു ക്ലീബനെപ്പോലെ സംസാരിക്കുന്നതു്.''

"മഹാപ്രാജ്ഞ, അങ്ങ് എപ്പോഴും എനിക്കുവേണ്ടി സംസാരിക്കുക. കൗരവർക്കുവേണ്ടി യുദ്ധംചെയ്യുക—ഇതാണെനിക്കു ചോദിക്കാനുള്ള വരം.''

"രാജാവേ, ഞാനെന്താണ് നിന്നെ സഹായിക്കേണ്ടതു്? പറയാൻ കരുതിയതു പറയൂ.''

"യുദ്ധത്തിൽ ഞാനെങ്ങനെയാണ് അങ്ങയെ ജയിക്കുക? അതു പറഞ്ഞുതന്നാൽ കൊള്ളാം. ശ്രേയസ്സാണെന്നു തോന്നുന്നുണ്ടെങ്കിൽ.''

"അങ്ങനെയൊരാളെ ഞാൻ കാണുന്നില്ല, എന്നെ ജയിക്കാൻ പോന്നവനായിട്ട്.''

"ഹാ, അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നതു്—പിതാമഹ, അങ്ങയെ ജയിക്കാനെന്തുവഴി?''

"ആട്ടെ, എനിക്കിപ്പോൾ മൃത്യുകാലമായില്ല. പിന്നെ വരൂ.''

യുധിഷ്ഠിരൻ ആ വാക്യവും സ്വീകരിച്ചു വീണ്ടും അഭിവാദ്യം ചെയ്ത്, വഴിയെ ദ്രോണരുടേയും കൃപരുടേയും ശല്യരുടേയും

അടുക്കൽ ചെന്നു. അവിടങ്ങളിലും ഇതേ അഭിവാദ്യവും ആശീർവ്വാദവുമെല്ലാം നടന്നു......

മടക്കത്തിൽ ഇരുസൈന്യങ്ങളുടെ ഒത്തനടുക്കെത്തിയപ്പോൾ യുധിഷ്ഠിരൻ ഒന്നുനിന്നു വിളിച്ചു പറഞ്ഞു: "ഞങ്ങളോടു ചേരാമെന്നുള്ള ആരോടും ഞാൻ ഞങ്ങളെ സഹായിപ്പാൻ അപേക്ഷിക്കുന്നു."

ഇതു കണ്ടപ്പോൾ കൗരവപക്ഷത്തിൽനിന്നു് യുയുത്സു—ധൃതരാഷ്ട്രർക്കു് ഒരു വൈശ്യസ്ത്രീയിലുണ്ടായ മകൻ—ആ ക്ഷണം സ്വീകരിച്ചു. യുധിഷ്ഠിരൻ അയാളെ സസന്തോഷം കൈയേററു്, "നീവഴിക്കാണു് ധൃതരാഷ്ട്രർക്കുള്ള പിണ്ഡവും വംശവും നിലനില്ക്കാൻ പോകുന്നതെ"ന്നു് ആശീർവദിച്ചു് ഇങ്ങോട്ടു കൂട്ടിക്കൊണ്ടുപോന്നു. ക്ഷത്രിയന്മാർ പാണ്ഡവരുടെ ഗുരുഭക്തിയേയും ജ്ഞാതിവാത്സല്യത്തേയും സൗഹൃദത്തെയുമെല്ലാം എടുത്തുവാഴ്ത്തി. മ്ലേച്ഛന്മാരും ആര്യന്മാരുമായി അവിടെ വന്നുകൂടിയവരിൽ പാണ്ഡവരുടെ ഈ നടപടി കണ്ടവരും കേട്ടവരുമെല്ലാം തൊണ്ടയിടറി കരഞ്ഞുപോയി.

*   *   *

പത്തുദിവസത്തെ കൊടുമ്പിരിക്കൊണ്ട യുദ്ധത്തിനുശേഷം പത്താംദിവസം സൂര്യാസ്തമയത്തിനു മുൻപു്, ശിഖണ്ഡിയെ പുരസ്കരിച്ചു് യുദ്ധംചെയ്തിരുന്ന അർജ്ജുനനാൽ ഭീഷ്മർ തേരിൽനിന്നു വീഴിക്കപ്പെട്ടു; അദ്ദേഹം ദേഹത്തിൽ നിറയെ തറഞ്ഞുനില്ക്കുന്ന അമ്പുകളിന്മേൽ, നിലംതൊടാതെ കിടപ്പായി. കൗരവപാണ്ഡവന്മാരും മററു ക്ഷത്രിയരുമെല്ലാം ദുഃഖിതരായി യുദ്ധം നിറുത്തി ബന്ധുക്കളുടെ നിലയിൽ അദ്ദേഹത്തെ ചുഴന്നു. സ്വച്ഛന്ദമൃത്യുവായ അദ്ദേഹം ദക്ഷിണായനം കഴിവോളം ആ നിലയിൽത്തന്നെ കിടക്കാൻ പോകയാണു്. അദ്ദേഹത്തിനു് അവിടെ വേണ്ടുന്ന രക്ഷയും സ്വാസ്ഥ്യവും ഏർപ്പെടുത്തപ്പെട്ടു. പിറേറന്നു രാവിലെയും അവരെല്ലാവരും അദ്ദേഹത്തെ ചെന്നു വന്ദിച്ചു. ഭീഷ്മർ ആ കിടപ്പിൽ കിടന്നു്, "എൻെറ അവസാനത്തോടുകൂടിയെങ്കിലും ഈ കലഹം തീരട്ടെ" എന്നു്, നിഷ്ഫലമായി കെഞ്ചി. ഇരുപക്ഷക്കാരും പിരിഞ്ഞുപോയി. ഭീഷ്മർ ഉഗ്രവ്രതവും ഉൽകടവ്യായാമവുമായ ആ ദീർഘജീവിതത്തിനുശേഷം, നിത്യവിശ്രാന്തി കാത്തു് കണ്ണടച്ചു കിടന്നു.

ആ സമയത്തു് പുരുഷർഷഭനായ കർണ്ണൻ ഭീഷ്മരുടെ വധത്തിൽ അല്പം നടുക്കത്തോടുകൂടി അങ്ങോട്ടു തിടുക്കപ്പെട്ടുവന്നു്, അദ്ദേഹത്തിൻെറ കാല്ക്കൽവീണു്, കണ്ണീർ തടഞ്ഞിടറുന്ന തൊണ്ടയുമായി

പ്പറഞ്ഞു :—“ കുരുശ്രേഷ്ഠ, രാധേയനാണ് ഞാൻ—എന്നും അങ്ങയുടെ കണ്മുമ്പിലിരുന്നവനും, ഒരു കുററവും ചെയ്യാതെ അങ്ങയുടെ ദ്വേഷത്തിന്ന പാത്രമായവനും.”

ഭീഷ്മർ പണിപ്പെട്ടു കണ്മിഴിച്ച് സ്നേഹാർദ്രമായി നോക്കി, കാവൽ നില്ക്കുന്നവരെ അകററി, അച്ഛൻ മകനെ എന്നപോലെ കൎണ്ണനെ ഒററക്കൈകൊണ്ടു കെട്ടിപ്പിടിച്ചുരിയാടി: “വരു വരു, എൻെറ എതിരാളേ, നിനക്കു് എന്നോടു കിടമത്സരമാണു്. നീയിപ്പോൾ വന്നില്ലായിരുന്നുവെങ്കിൽ, തീർച്ചയായും നിനക്കു് ശ്രേയസ്സുണ്ടാകാതെ പോയേനെ. നീ രാധേയനല്ല. കൗന്തേയനാണു്—നാരദനും വ്യാസനും കൃഷ്ണനും പറഞ്ഞു ഞാൻ കേട്ടിട്ടുണ്ടു്. ഉണ്ണി, ഞാൻ സത്യം പറയുന്നു, എനിക്കു നിന്നോടു് ഒരു ദ്വേഷവുമില്ല. നിന്റെ ഉശിരടക്കി നിൎത്താൻവേണ്ടി ഞാൻ നിന്നെ ശകാരിച്ചുപോന്നു എന്നേയുള്ളു. നീ കാരണമില്ലാതെ പാണ്ഡവരോടു പകവെയ്ക്കുന്നുണ്ടെന്നു കണ്ടു്, കുലകലഹം കൂടാതെ കഴിപ്പാനാണു് ഞാനങ്ങനെ ചെയ്തിരുന്നതു്. ശത്രുക്കൾക്കു പൊറുക്കരുതാത്ത നിൻെറ യുദ്ധവീര്യവും ബ്രാഹ്മണഭക്തിയും ശൗര്യവും പരമമായ ദാനശീലവുമെല്ലാം എനിക്കറിയാം. അമരോപമ, മനുഷ്യരിൽ നിൻെറ കിടയ്ക്കു് ഒരാളുമില്ല; അസ്ത്രവിദ്യയിലെല്ലാം നീ അൎജ്ജുനനോടും മഹാത്മാവായ കൃഷ്ണനോടും തുല്യനാണു്. മുൻപു ഞാൻ നിന്നോടു കാണിച്ചുപോന്ന ദ്വേഷ്യം ഇന്നു തീൎന്നു. പൗരുഷംകൊണ്ടു ദൈവത്തെ കവച്ചുകടക്കാവതല്ല. നീ നിൻെറ ഉടപ്പിറവികളായ പാണ്ഡവരോടു ചേരു—അതാണെനിക്കിഷ്ടം. അങ്ങനെ ഞാൻ മുഖേന ഈ വൈരം അവസാനിക്കട്ടെ. ഭൂമിയിൽ രാജാക്കന്മാരെല്ലാം നിരാമയരാവട്ടെ.”

കൎണ്ണൻ പറഞ്ഞു:—“മഹാപ്രാജ്ഞ എനിക്കറിയാം, അങ്ങു പറഞ്ഞതുപോലെ, ഞാൻ കുന്തി പെററവനാണെന്നും അവർ എന്നെ വലിച്ചെറിഞ്ഞു് സൂതൻ എടുത്തു വളൎത്തിയതാണെന്നും. എന്നാൽ ഇത്രയും കാലം ദുര്യോധനന്റെ ഐശ്വര്യം ഭുജിച്ചിട്ടു് ഇന്നതിനെ പാഴാക്കുവാൻ ഞാൻ ആളല്ല. എനിക്കുള്ള സ്വത്തും ശരീരവും ശ്രേഷ്ഠമായ കീൎത്തിയുമെല്ലാം ഞാൻ ദുര്യോധനന്നു വേണ്ടി ഉഴിഞ്ഞുവെച്ചിരിക്കുന്നു. ദുര്യോധനന്നുവേണ്ടിയാണു് ഞാൻ പാണ്ഡവരോടു് പകവെയ്ക്കുന്നതു്. പൗരുഷംകൊണ്ടു ദൈവത്തെ തിരിച്ചുവിടുവാൻ ആരാളാവും? പിതാമഹ, ഭൂമിയാകെ നശിക്കാൻ പോകുന്ന ലക്ഷണങ്ങളുള്ളതായി നിങ്ങളൊക്കെ കാണുകയും പറയുകയും ചെയ്തിട്ടുണ്ടല്ലോ. പാണ്ഡവരേയും കൃഷ്ണനേയും ആരും ജയിക്കാൻ പോകുന്നില്ലെന്നും എനിക്കറിയാം. എന്നാലും ഞാനവരോടു നേരിടും. അതിന്നങ്ങു കനിഞ്ഞനുവദിക്കുമാറാകണം; അങ്ങയുടെ അനുമതിയോടുകൂടിവേണം യുദ്ധം

ചെയ്യാൻ എന്നു ഞാൻ വിചാരിക്കുന്നു. ക്രോധംകൊണ്ടോ ചാപല്യംകൊണ്ടോ ഞാൻ മറുത്തു പറഞ്ഞതും പ്രവൎത്തിച്ചതുമെല്ലാം ക്ഷമിക്കുമാറാകണം.''

" ഈ വൈരം വെടിയാൻ വയ്യെങ്കിൽ '' ഭീഷ്മർ പറഞ്ഞു : " കൎണ്ണാ, നീ സ്വൎഗ്ഗകാമനായി യുദ്ധം ചെയ്തുകൊള്ളുക—ഞാൻ സമ്മതിക്കുന്നു. പകയില്ലാതെ, ക്രോധമില്ലാതെ, സജ്ജനവൃത്തിയനുസരിച്ച്, കഴിവുപോലെയും ഉത്സാഹംപോലെയും ക്ഷത്രിയന്റെ വേലചെയ്യുക. നീ ആഗ്രഹിച്ചതു നേടുമാറാക ! ക്ഷത്രിയധൎമ്മംകൊണ്ടു നേടിയ ലോകങ്ങളുണ്ടായുമാറാക. ക്ഷത്രിയന്നു യുദ്ധത്തെക്കാൾ മുന്തിയ ഒരു ധൎമ്മമില്ല. ഈ കലഹമൊതുക്കാൻ വേണ്ടി ഞാൻ വളരെക്കാലം പണിപ്പെട്ടു—സാധിച്ചില്ല. യതോ ധൎമ്മസ്തതോ ജയഃ''

കൎണ്ണൻ വീണ്ടും ആ കുരുവൃദ്ധനെ അഭിവാദ്യംചെയ്ത് വിടവാങ്ങി തേരിലേറി ദുര്യോധനന്റെ അടുക്കലേക്കു പോയി.

* * *

ഭീഷ്മാദികളുടെ അടുക്കലുണ്ടായ യുധിഷ്ഠിരന്റെ ഉദാത്തമായ ആ വിനയാനുഷ്ഠാനം അദ്ദേഹത്തിന്റെ പിഴപറ്റാത്ത ധൎമ്മബോധത്തെ ഉദാഹരിക്കുന്നു. ഏതവസ്ഥയിലും സ്വന്തം നിലപാടിൽ നിന്നിളകാതെതന്നെ, ഗുരുജനങ്ങളെ അഭിവന്ദിക്കാം ; അങ്ങനെ ചെയ്യുന്നതു് അപരിഹാൎയ്യമായ ധൎമ്മവുമാണ്. അതു ചെയ്യില്ലെങ്കിലോ, ആ 'പൂജ്യപൂജാവ്യതിക്രമം' ശ്രേയസ്സിനെ പ്രതിബന്ധിക്കും. ഇതാണ് ഭീഷ്മാദികൾ " നീ വന്നില്ലെങ്കിൽ ഞാൻ ശപിച്ചേനേ'' എന്നു പറഞ്ഞതിനൎത്ഥം. അവർ മനഃപൂൎവ്വം ശ്രേയസ്സുകെടുത്താൻ ഇച്ഛിക്കുമെന്നല്ല, അനിവാൎയ്യമായി ശ്രേയോഹാനി വരുമായിരുന്നു എന്നാണ് വിവക്ഷ. ഭീഷ്മർ കൎണ്ണനോടു പറഞ്ഞതും അങ്ങനെയാണ്.

ഈ ധൎമ്മം സ്പഷ്ടമാണെങ്കിലും, ആ ഗുരുജനങ്ങളോടു തന്നെ എതിരിടേണ്ടിവരുന്ന ഇത്തരം സന്ദൎഭങ്ങളിൽ മിക്കവൎക്കും അതനുഷ്ഠിക്കാൻ തോന്നാറില്ല. താൻ അപരാധിയല്ലെന്നു ദൃഢബോധമുള്ളവൎക്കേ അതു തോന്നു. അങ്ങനെയൊരാൾ അതനുഷ്ഠിക്കുമ്പോൾ, അതിനെ അഭിനന്ദിപ്പാനും സാധാരണക്കാൎക്കു സാധിക്കില്ല. നേരേമറിച്ച്, അത്തരം ധൎമ്മാനുഷ്ഠാനം സ്വജനങ്ങളാൽ 'അവിവേക'മെന്നാക്ഷേപിക്കപ്പെടുകയും, എതിരാളികളാൽ 'ദൌൎബ്ബല്യ'മെന്ന് അപഹസിക്കപ്പെടുകയും ചെയ്യു

എന്നതു് അതിൻെറ വിധിയാണു്. സ്വസഹോദരന്മാരുടെ തട്ടിക്കേറ്റത്തെയും കുരുപക്ഷക്കാരുടെ കൂക്കുവിളിയേയും, രണ്ടിനേയും, ഗണിക്കാതെ മിണ്ടാതെ മുന്നോട്ടു നടന്നു പോകുന്ന യുധിഷ്ഠിരൻെറ ആ യാത്രകൊണ്ടു കവി ധർമ്മത്തിൻെറ പതറാത്ത ഗതിയെ സുവ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു. അതുപോലെതന്നെ, ധർമ്മാനുഷ്ഠാനത്തിൻെറ സുപരിണാമം വെളിപ്പെടുമ്പോൾ അതു പ്രാകൃതരും പരിഷ്കൃതരുമായ എല്ലാത്തരം ആളുകളുടേയും ഹൃദയത്തെ അലിയിച്ചുകൊള്ളുമെന്നും കവി ഇവിടെ ഉദാഹരിച്ചിരിക്കുന്നു. ("മ്ലേച്ഛന്മാരും ആര്യന്മാരുമായി അവിടെ വന്നുകൂടിയവരിൽ പാണ്ഡവരുടെ ഈ നടപടി കണ്ടവരും കേട്ടവരുമെല്ലാം തൊണ്ടയിടറി കരഞ്ഞുപോയി" എന്ന കവിവാക്യം ശ്രദ്ധിക്കുക.) ഇതിൻഫലമായി യുധിഷ്ഠിരനു് എതിർപക്ഷത്തിൽനിന്നു സ്വപക്ഷത്തിലേക്കു കിട്ടിയ യുയുത്സു, വിലയേറിയ ധർമ്മവിജയത്തിൻെറ ഒരു ലഘു സൂചനമാത്രമത്രെ!

അങ്ങനെ ധർമ്മോത്സുകന്മാർക്കു് ബഹുമാന്യമായ ഒന്നാണു യുധിഷ്ഠിരൻെറ ഈ ഗുരൂപസർപ്പണം. എന്നാൽ, അതിനേക്കാൾ തുലോം ബഹുമാന്യമത്രെ കർണ്ണൻെറ ആ ഭീഷ്മോപസർപ്പണം. യുധിഷ്ഠിരന്നറിയാം, ഭീഷ്മാദികൾ കൗരവപക്ഷത്തിലാണു്, യുദ്ധം ചെയ്യുന്നതെങ്കിലും, അവരുടെ കൂറുമുഴുവൻ തന്നോടാണെന്നു്. കൂറുള്ള ഗുരുജനങ്ങളുടെ അടുക്കൽ വിനയമനുഷ്ഠിക്കുന്നതു്, എപ്പോൾ എവിടെവെച്ചായാലും, ധർമ്മബോധമുള്ള ആർക്കും എളുപ്പമാണു്, അഭിമാനാവഹവുമാണു്. നേരേ മറിച്ചു്, കർണ്ണൻെറ നേർക്കു് ഭീഷ്മർ അന്നോളം ഒരു കൂറും കാണിച്ചിട്ടില്ല; തരംകിട്ടുമ്പോഴൊക്കെ—അതു ധാരാളം കിട്ടിയിരുന്നുതാനും—കൂറില്ലായ്മ നന്നായി കാണിച്ചിട്ടുമുണ്ടു്. അങ്ങനെയുള്ള ഒരാളുടെ അടുക്കൽ താൻ വിനയമനുഷ്ഠിക്കേണ്ടതുണ്ടെന്നു് ഒരാൾക്കു തോന്നുവാനേ വിഷമമുണ്ടു്, തോന്നിയാൽ അനുഷ്ഠിപ്പാനും. അതിനു ധർമ്മബോധത്തിലും കവിഞ്ഞു് ഒരു സഹിഷ്ണുതകൂടി വേണം. മാത്രം പോരാ, സ്വന്തം അഭിമാനബോധത്തെ തെല്ലിടയ്ക്കെങ്കിലും അടച്ചിടുകയും വേണം. തന്നെക്കണ്ടാൽ, ആ ഗുരുജനം, പണ്ടെപ്പോഴുമെന്നപോലെ തേജോവധം ചെയ്താലോ! അതനുസരിച്ചു് താനങ്ങോട്ടും പെരുമാറിപ്പോയാലോ! ഗുരുത്വത്തിനു് പുറപ്പെട്ടിട്ടു് അങ്ങനെയൊരു ദുഷ്പരിണതിക്കിടയാകുന്നതിലും ഭേദം, ആ ഗുരുത്വം വേണ്ടെന്നുവയ്ക്കുകയാണു്. ഇത്തരം വിപരീതാനുഭവം കർണ്ണനു് അപരിചിതവുമല്ല; അയാൾ സർവ്വാസ്ത്രസിദ്ധിക്കുവേണ്ടി പരശുരാമൻെറ ശിഷ്യനായിരുന്നിട്ടു്, ശുശ്രൂഷാതിശയംമൂലം, ആ പഠിച്ച വിദ്യയെല്ലാം വേണ്ടസമയത്തു് ഉപയോഗപ്പെടാതെ പോകട്ടെ എന്ന

ശാപമാണല്ലോ നേടിയതു്. എന്തായിട്ടും, കണ്ണൻ ഭീഷ്മരെ കാണേണ്ട എന്നു വെച്ചില്ല. അദ്ദേഹം അപ്പോഴും തേജോവധം ചെയ്യാനാണു് ഭാവമെങ്കിൽ, അതു പലരും കേൾക്കെ കൂടുതൽ ദുസ്സഹമാകമാറു വേണ്ട, താനൊററയ്ക്കു കേട്ടു സഹിച്ചാൽമതി, എന്നുവെച്ചാവാം ആളൊഴിഞ്ഞ സമയംനോക്കി ചെന്നതു്. ഇതാലോചിച്ചു തീർച്ചപ്പെടുത്തുവാൻ കുറെനേരം വേണ്ടിവന്നതുകൊണ്ടാകാം, ആ സന്ദർശനം പിറേറ ദിവസത്തേക്കു നീണ്ടതു്.

മറെറാരുവിധം നോക്കുമ്പോൾ, യുധിഷ്ഠിരന്റെ ആ അനുഷ്ഠാനത്തിനു് ഒരു പ്രദർശനത്തിന്റെ പുറംപകിട്ടുണ്ടു്—അദ്ദേഹം അതുദ്ദേശിച്ചിരുന്നില്ലെങ്കിൽക്കൂടി. എന്നല്ല, ഭീഷ്മാദികളിൽനിന്നു ജയാശീർവ്വാദം വാങ്ങുകയും അപ്പുഴതിലൂടെ അവരെ ജയിക്കാനുള്ള വഴി അവരിൽനിന്നുതന്നെ കേൾക്കുകയും ചെയ്ത എന്ന സ്വാർത്ഥാപായസ്പർശത്താൽ അതു് ഉത്തമകോടിയിൽപ്പെടുന്നുമില്ല.

കണ്ണന്റേതിലാകട്ടെ, ആ പ്രദർശനച്ഛായ തെല്ലുമില്ല; ഉത്തമതയെ കെടുത്തുന്ന യാതൊന്നുമില്ല. കണ്ണന്റെ ഈ മനസ്വിതയ്ക്കൊത്തവണ്ണം ഭീഷ്മരും കണ്ണനോടു് ഉള്ളുഴിഞ്ഞു പെരുമാറി. യുധിഷ്ഠിരനു ജയോപായം പറഞ്ഞുകൊടുക്കുന്നതിൽ അദ്ദേഹം വൈമനസ്യം കാണിച്ചു; കണ്ണനോടാകട്ടെ, "അച്ഛൻ മകനെ എന്നപോലെ" എന്നു കവി ഉപമിച്ചിരുന്നില്ലെങ്കിൽപ്പോലും, സുവ്യക്തമായ പിതൃവാത്സല്യത്തോടുകൂടി, താൻ അതേവരെ തേജോവധം ചെയ്തുപോന്നതിനെല്ലാം പരിഹാരമാമ്മാറു് പ്രശംസിച്ചു സംസാരിച്ചു. അതുകേട്ടു് കണ്ണൻ തീർച്ചയായും ആശ്വസിച്ചിരിക്കണം. തനിക്കു ജീവകാലത്തു ചുരുക്കമായി മാത്രം കൈവന്ന വാത്സല്യബഹുമതികളിൽ ഏററവും വിലപ്പെട്ടതു് മഹാരഥനായ ദേവവ്രതന്റെ ആ ഒററക്കൈകൊണ്ടുള്ള ആശ്ലേഷവും ആ പ്രശംസോപദേശങ്ങളുമാണെന്നു്.

എങ്കിലും, കുരുവൃദ്ധൻ ഒടുക്കംചെയ്ത സന്ധ്യുപദേശത്തെ അയാൾക്കു് അനുസരിക്കാൻ സാധിച്ചില്ല. ഏതു കാരണംകൊണ്ടു് അദ്ദേഹം താൻതന്നെ കൗരവപക്ഷത്തിനുവേണ്ടി വീഴുവോളം യുദ്ധം ചെയ്യുമോ, അതേ അർത്ഥബന്ധംകൊണ്ടു് തനിക്കും അതു ചെയ്യാതിരിക്കാൻ നിവൃത്തിയില്ലെന്നു വിനീതമായി വ്യക്തമാക്കി. ഭീഷ്മർ അതിനെ അറിഞ്ഞഭിനന്ദിക്കുകയും കണ്ണനു വീരമംഗളം ആശംസിക്കുകയുംചെയ്തു. അങ്ങനെ ആരോടു മത്സരിച്ചു്, അദ്ദേഹം വീഴുവോളം താൻ യുദ്ധം ചെയ്യില്ലെന്നുവെച്ചുവോ, ആ ഭീഷ്മരോടു വിനയാവനതനായി അനുഗ്രഹം വാങ്ങിട്ടാണു് കണ്ണൻ പിന്നെ യുദ്ധത്തിനൊരുങ്ങിയതു്. കണ്ണന്റെ സുകൃതങ്ങളിലൊന്നാണിതു്.

സാഹിത്യനിരൂപണഭാഷയിൽ ചുരുക്കിപ്പറഞ്ഞാൽ, നേക്കു നേരെ കയൎത്തുനില്ക്കുന്ന ആ രണ്ടു സൈന്യനിരയുടെ നടുക്കുവെച്ചു നടന്ന ഒന്നാംരംഗത്തിനു രൂപോജ്ജ്വലത കൂടുമെങ്കിലും, അതിനെക്കാൾ ഭാവോൽകൃഷ്ടത ഈ രണ്ടാംരംഗത്തിലാണുള്ളതു്.

ഭാരതപൎയ്യടനം] [കുട്ടികൃഷ്ണമാരാരു്

അഭ്യാസം

1. ധൎമ്മപുത്രരുടേയും കൎണ്ണന്റേയും അഭിവാദനങ്ങൾക്കു തമ്മിലുള്ള വ്യത്യാസമെന്തു്?
2. ഈ പാഠത്തെ അടിസ്ഥാനപ്പെടുത്തി കൎണ്ണന്റെ സ്വഭാവം വെളിവാക്കുക.
3. യുധിഷ്ഠിരൻ എന്ന പദത്തിന്റെ സമാസവും, ഭീഷ്മർ എന്ന പദത്തിന്റെ വചനവും ഏതു തരത്തിൽപ്പെട്ടതാണെന്നു വിവരിക്കുക.
4. 'എന്നെ ആശീൎവ്വദിച്ചാലും.' ഈ വാക്യത്തിലെ ക്രിയയുടെ പ്രകാരമെന്തു്?
5. 'വന്നില്ലായിരുന്നു,' 'കാണിച്ചിട്ടുണ്ടു്' ഇവയിലെ അനുപ്രയോഗങ്ങൾ എടുത്തുകാണിക്കുക.

പാഠം 9

സാഹിത്യവും ജീവിതവും

[എം. ആർ. നായർ (1903—1943)-സഞ്ജയൻ എന്ന തൂലികാനാമത്തിനാണു് പ്രസിദ്ധി. മാണിക്കോത്തു രാമുണ്ണി നായർ എന്നാണു് പൂൎണ്ണമായ നാമധേയം. കോഴിക്കോട്ടു് ഹജൂരാപ്പീസിൽ ഗുമസ്ഥനായിരുന്നു കുറേക്കാലം. പിന്നീടു് കോഴിക്കോട്ടു് മലബാർ ക്രിസ്ത്യൻ കോളേജിൽ ഇംഗ്ലീഷ് ലെൿചററായി. ഫലിതസാഹിത്യത്തിലായിരുന്നു കൂടുതൽ താൽപര്യം. സഞ്ജയൻ, വിശ്വരൂപം എന്നീ ഫലിതമാസികകളുടെ ആവിർഭാവംതന്നെ ഈ ഫലിതപ്രിയതയിൽനിന്നാണു്. സാഹിത്യനികഷം (രണ്ടുഭാഗം), സഞ്ജയൻ (നാലുഭാഗം), ആദ്യോപഹാരം, ഹാസ്യാഞ്ജലി, ഒഥല്ലോ എന്നിവയാണു് പ്രധാന കൃതികൾ.]

"ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം?"

എന്നു കുഞ്ചൻ ചോദിക്കുന്നതു് ദുശ്ശീലത്തെക്കുറിച്ചു പ്രസംഗിക്കുന്ന ഘട്ടത്തിലാണെങ്കിലും, സച്ഛീലത്തിനും അതു് അത്രതന്നെ ബാധകമാണു്. ചെറുപ്പകാലത്തുണ്ടാകുന്ന കൂട്ടുകാരാണു് ആജീവനാന്തം നിലനില്ക്കുന്ന സ്നേഹിതന്മാർ. നാല്പതുവയസ്സു കഴിഞ്ഞ ഒരാളോടു് അദ്ദേഹത്തിന്റെ പ്രാണസ്നേഹിതന്മാരെക്കുറിച്ചു് അന്വേഷിക്കുന്ന പക്ഷം, അവരിൽ നൂറിൽ തൊണ്ണൂറെറാൻപതുപേരും ഇരുപതു

വയസ്സിനു മുൻപു അദ്ദേഹവുമായി ദൃഢബന്ധത്തിൽപ്പെട്ടുകഴിഞ്ഞവരാണെന്നു കാണാം. "കുട്ടിക്കാലം മുതല്ക്കു് എനിക്കതു് പഥ്യമാണു്; കുട്ടിക്കാലം മുതല്ക്കേ എനിക്കതിനോടു് വെറുപ്പാണു്." ഇത്രയും പറഞ്ഞുകഴിഞ്ഞാൽ, പ്രതിപാദ്യവിഷയത്തിനു് അനുകൂലമായോ പ്രതികൂലമായോ വേറൊരാൾ ഒന്നും പറയേണ്ടതില്ലെന്നാണു് വക്താവു് ധ്വനിപ്പിക്കുന്നതു്. യഥാർത്ഥത്തിൽ കാര്യം അങ്ങനെയാണുതാനും.

ആംഗ്ലേയകവിവര്യനായ ഷേക്‌സ്പിയർ എഴുതീട്ടുള്ള A Midsummer Night's Dream എന്ന നാടകത്തിൽ ഒരിടത്തു് ഒരു ദിവ്യൗഷധിയെപ്പററി പറയുന്നുണ്ടു്. അതിൻെറ രസം ഉറങ്ങിക്കിടക്കുന്ന ഒരാളുടെ കൺപോളകളുടെ മേൽ പുരട്ടിയാൽ, അയാൾ കണ്ണുതുറന്ന ഉടനെ മുന്നിൽ കാണുന്ന വസ്തു ഏതോ—അതു് മനുഷ്യനായാലും മൃഗമായാലും ശരി—അതിനെ മതിമറന്നു സ്നേഹിക്കുവാൻ നിർബ്ബദ്ധനായിത്തീരുമത്രെ. ശൈശവദശകഴിഞ്ഞു് ബാല്യത്തിലേക്കു കാലെടുത്തുവയ്ക്കുന്ന ഒരു കുട്ടിയുടെ കണ്ണുകൾക്കു്, ഈ ഔഷധരസം പുരട്ടിയാലെന്നതുപോലുള്ള ഒരു സ്വഭാവവിശേഷമുണ്ടു്. ആദ്യം മുന്നിൽ കാണുന്ന വസ്തുക്കൾ അവയേയും, അവയിലൂടെ വികസ്വരമായിത്തീരുന്ന ബാലമനസ്സിനേയും ആകർഷിക്കുന്നു. അതുകൊണ്ടാണു് വാസനാസരിത്തിനെ ഉത്ഭവസ്ഥാനത്തിന്നടുത്തു്, അതു് ഒരു ചെറുതോടായിരിക്കുമ്പോൾ തന്നെ, നല്ല പദ്ധതിയിലേക്കു് തിരിച്ചുവിടണമെന്നു് അറിവുള്ളവർ ഉപദേശിക്കുന്നതു്. മനുഷ്യൻ വകതിരിവുള്ളവനായിരിക്കുന്നിടത്തോളംകാലം അവൻെറ അഭിപ്രായഗതിയെ നിയന്ത്രിക്കുവാൻ നമുക്കു് കഴിഞ്ഞേക്കാം. പക്ഷേ, പതിനഞ്ചു വയസ്സിനു ശേഷം അവൻെറ വാസനയേയോ, ഇരുപത്തഞ്ചു വയസ്സിനുശേഷം അവൻെറ രുചിയേയോ, നിയന്ത്രിക്കുവാൻ ശ്രമിക്കുന്നതു വെറുതെയായിരിക്കും. ഇളംചെടിയെ രണ്ടുവിരലുപയോഗിച്ചു വളയ്ക്കാം; പക്ഷേ, മാമരത്തിനെ വളയ്ക്കുവാൻ ആർക്കു കഴിയും? സാഹിത്യവുമായി പരിചയപ്പെടുന്നതു് ചെറുപ്പത്തിൽത്തന്നെ വേണം എന്നു് കാണിക്കുന്നതിനുവേണ്ടിയാണു് ഞാൻ ഇത്രയും പ്രസ്താവിച്ചതു്. അങ്ങനെയായാൽ പിൽക്കാലത്തു് അവർ സാഹിത്യത്തെ വെറുക്കാൻ ഇടവരികയില്ല.

ഇവിടെ ഒരു പ്രശ്നം ഉത്ഭവിക്കുന്നു: "ഇത്ര ബുദ്ധിമുട്ടി കുട്ടികളിൽ സാഹിത്യവിഷയകമായ അഭിരുചി ഉണ്ടാക്കിത്തീർത്തിട്ടു് എന്താണു് പ്രയോജനം? അതുകൊണ്ടു് അവർക്കു ഭാവിജീവിതത്തിൽ എന്തു മെച്ചമാണു്, എന്തു നേട്ടമാണു്, കിട്ടുവാൻ പോകുന്നതു്? അവർ മുതിർന്നാൽ ഒരുപക്ഷേ പത്രങ്ങളിലേക്കു് ലേഖനമെഴുതി അയക്കുകയോ, പ്രസംഗവേദിയിൽ കയറിനിന്നു

പ്രസംഗിക്കുകയോ ചെയ്യുമായിരിക്കാം. പക്ഷേ, അതുകൊണ്ട് ആർക്കെന്തുകാര്യം? എല്ലാവരും കവികളായിത്തീർന്നാൽ രാഷ്ട്രംതന്നെ ഇരപ്പാളിയായിപ്പോകുമല്ലോ. നമുക്കു വേണ്ടുന്നതു് എഴുത്തുകാരും പ്രഭാഷകന്മാരുമല്ല, പ്രവർത്തകന്മാരാണ്" എന്നൊക്കെ ചിലർ വാദിക്കുന്നതു ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്.

ഈ വാദം വമ്പിച്ച രണ്ടു തെററിദ്ധാരണകളുടെ ഫലമാണ്. ഇവയിൽ ഒന്ന്, ചെറുപ്പത്തിൽ സാഹിത്യം അഭ്യസിക്കുന്നവരൊക്കെ മുതിർന്നാൽ സുപ്രസിദ്ധ ഗദ്യസാഹിത്യകാരന്മാരും മഹാകവികളുമായിപ്പോകുമെന്നുള്ളതാണ്. അതു് ഒരബദ്ധമാണെങ്കിൽ, അങ്ങനെ ഒരബദ്ധം വന്നുപോകുമെന്നു വിചാരിച്ചു നിങ്ങളാരും പരിഭ്രമിക്കേണ്ട. ആരോഗ്യത്തെ നിലനിർത്തുവാനായി നിയമേന വ്യായാമം ശീലിക്കുന്ന കുട്ടികൾ, മുതിർന്നാൽ രാമമൂർത്തികളായോ സാൻറോമാരായോ താരാഭായിമാരായോ തീർന്ന് ചങ്ങല വലിച്ചു പൊട്ടിക്കുകയും ആനയെ മാറത്തു കേററുകയും മോട്ടോർകാറുകൾ പിടിച്ചുനിർത്തുകയും ചെയ്തുകൊണ്ട് നാടെങ്ങും സഞ്ചരിച്ചേക്കുമെന്ന് ആരെങ്കിലും ഭയപ്പെടാറുണ്ടോ? ചെറുപ്പത്തിൽ സംസ്കൃതകാവ്യങ്ങൾ വായിച്ചവരൊക്കെ വളർന്നു വലുതാകുമ്പോൾ രഘുവംശവും ശാകുന്തളവുമെഴുതി ജീവിതത്തിലെ ഇതരകൃത്യങ്ങൾ നിർവ്വഹിക്കുവാൻ അസമർത്ഥരായിത്തീരാറുണ്ടോ? വാസനാവിശേഷത്തോടുകൂടി ജനിച്ച കവിയേയും സാഹിത്യകാരനേയും അഭ്യാസം സംസ്കരിക്കുമെന്നല്ലാതെ, അതു് വാസനയെ ജനിപ്പിക്കുവാൻ സമർത്ഥമല്ല. അഭ്യാസംകൊണ്ടു കവിയെ—അതു് ഗദ്യകവിയായാലും ശരി, പദ്യകവിയായാലും ശരി—ഉണ്ടാക്കുവാൻ ശ്രമിക്കുന്നതു്, യന്ത്രസഹായംകൊണ്ട് പനിനീർപ്പൂവിനെ നിർമ്മിക്കുവാൻ ശ്രമിക്കുന്നതുപോലെയാണ്.

ഈ ഘട്ടത്തിലാണ് വേറൊരു ചോദ്യം ഉത്ഭവിക്കുന്നതു്. "അങ്ങനെയാണെങ്കിൽ, നിങ്ങൾ എല്ലാ കുട്ടികളെയും സാഹിത്യവിഷയത്തിൽ പ്രോത്സാഹിപ്പിക്കുന്നതെന്തിന്? സാഹിത്യപരമായ വാസനയുടെ പരിസ്ഫുരണമുള്ള കുട്ടികളെ തിരഞ്ഞു പിടിക്കുന്നതു് എളുപ്പമല്ലേ? അങ്ങനെയുള്ള കുട്ടികൾക്കു മാത്രം സാഹിത്യാഭ്യസനം കൊടുത്താൽ പോരേ? മററു കുട്ടികളെ അനാവശ്യമായി ബുദ്ധിമുട്ടിക്കണമൊ!" ഈ ചോദ്യത്തിൽ—അഥവാ ചോദ്യങ്ങളിൽ—ആണ് ഞാൻ മുമ്പുദ്ധരിച്ച പ്രായോഗികതാപക്ഷപാതികളുടെ വാദത്തിൽ ഒളിഞ്ഞുകിടക്കുന്ന രണ്ടാമത്തെ അബദ്ധധാരണ വെളിപ്പെടുന്നതു്. ദൈനന്ദിന ജീവിതത്തെയും പ്രായോഗികമായ സാമുദായികജീവിതത്തെയും സംബന്ധിച്ചിടത്തോളം സാഹിത്യം നിഷ്പ്രയോജനമാണെന്നുള്ളതാണ്

ഈ അബദ്ധധാരണ. "കവിയെയും കാമുകനെയും ഭ്രാന്തനെയും ഒരേയിനത്തിൽപ്പെടുത്തി, അവർ ഭാവനയുടെ പ്രത്യേകതകൊണ്ടു തുല്യന്മാരാണെന്നു സമ്മതിച്ചതു് പാശ്ചാത്യ കവിസാമ്രാട്ടായ ഷേക്സ്പിയർ തന്നെയല്ലേ? അല്ലാതെ ഞങ്ങളാരെങ്കിലുമാണോ?" എന്നു് അവർ ചോദിക്കുന്നു; കവി രാപകൽ സങ്കല്പസൃഷ്ടമായ ഒരു സ്വപ്നസാമ്രാജ്യത്തിൻെറ ചെങ്കോലും കിരീടവുമില്ലാത്ത രാജാവു മാത്രമാണെന്നു് അവർ സമർത്ഥിക്കുന്നു; മററൊന്നും ചെയ്യുവാനില്ലാത്തപ്പോൾ ഒന്നോ രണ്ടോ മണിക്കൂർ സമയം വൃഥാ കളയുവാൻ സഹായിക്കുകയല്ലാതെ, ഒരുപക്ഷേ, പണ്ടുതന്നെ പഠിച്ച ചില സദാചാരപാഠങ്ങളെ വീണ്ടും കേൾക്കുവാൻ സുഖമുള്ള വാക്കുകളിൽ പകർത്തിപ്പറയുകയല്ലാതെ, ഇക്കൂട്ടരെക്കൊണ്ടു വല്ല കാര്യവുമുണ്ടോ എന്നു് അവർ ശങ്കിക്കുന്നു; 'സാഹിത്യകാര'നെന്നു പറഞ്ഞാൽ 'മററൊന്നിനും കൊള്ളാത്തവൻ' എന്നതിൻെറ മാനനീയമായ ഒരു പര്യായഭേദം മാത്രമാണെന്നു് അവർ അപഹസിക്കുന്നു; സാഹിത്യമെന്നതു്, പനിനീർച്ചെടിയുടെ പുഷ്പംപോലെ, മനോജ്ഞമെങ്കിലും ഫലമില്ലാത്ത ഒരലങ്കാരവസ്തുമാത്രമാണെന്നു് അവർ ഉദാഹരിക്കുന്നു; ജീവിതപാരാവാരത്തിൻെറ അഗാധമായ അടിത്തട്ടിനെ സ്പർശിക്കാതെയാണു്, ക്ഷണികജീവിതങ്ങളായ പാൽനുരയും ശബ്ദവുമുണ്ടാക്കിക്കൊണ്ടു സാഹിത്യ കല്ലോലങ്ങൾ മുകൾപ്പരപ്പിലൂടെ പാഞ്ഞുപോകുന്നതെന്നു് അവർ ഉൽപ്രേക്ഷിക്കുന്നു; സാഹിത്യം മേഘവിതാനമദ്ധ്യവിലസത്തായ സൗദാമിനീവിഭ്രമത്തെപ്പോലെ ഭാസുരമെങ്കിലും, അതുപോലെതന്നെ ചഞ്ചലവും പ്രയോജനശൂന്യവുമാണെന്നു് അവർ സിദ്ധാന്തിക്കുന്നു.

ഇതിനെല്ലാംകൂടി മറുപടിയായി എനിക്കു പറയാനുള്ളതു് "അല്ല" എന്ന രണ്ടക്ഷരം മാത്രമാണു്. അല്ല, ഒരിക്കലുമല്ല. ഇവ അസത്യങ്ങളെക്കാൾ അബദ്ധത്തിലേക്കു് വഴികാണിക്കുന്നവയും, അതുകൊണ്ടു് നിഷേധത്തെ അതിലധികം അർഹിക്കുന്നവയുമായ അർദ്ധസത്യങ്ങളാണു്. സാഹിത്യമാകുന്ന പനിനീർപ്പൂവു് ഫലത്തിൽ പര്യവസാനിക്കുന്നില്ലായിരിക്കാം; പക്ഷേ, അതിൻെറ അഭൗമമായ വാസനാവിശേഷം ആളുകളെ ആത്മഹത്യയിൽനിന്നുപോലും പിന്തിരിപ്പിച്ചിട്ടുണ്ടു്. സാഹിത്യത്തിൻെറ മനോഹരമെങ്കിലും കാഴ്ചയ്ക്കു കട്ടിതോന്നാത്ത അലച്ചാർത്തുകളാണു്, വീണ്ടും വീണ്ടും പൊട്ടിച്ചിരിച്ചു പാഞ്ഞുകയറി നിരാശതയുടെ കരിമ്പാറക്കൂട്ടങ്ങളെ, എല്ലാവരുടെയും കൺമുമ്പിൽവെച്ചെങ്കിലും ആരുംകാണാതെ, തല്ലിയുടച്ചു മണൽത്തരിയാക്കിപ്പൊടിച്ചു്, അവയുടെ സ്ഥാനത്തു ആനന്ദംകൊണ്ടിളകി

മറിയുന്ന സ്വന്തം ദേഹത്തെമാത്രം വെളിപ്പെടുത്തുന്നതു്. സാഹിത്യത്തിൻെറ മിന്നൽപ്പിണർ മേഘമാർഗ്ഗത്തിലാണനുഭവിക്കുന്നതെന്നു് ഞാൻ സമ്മതിക്കുന്നു ; പക്ഷേ, അതു പലപ്പോഴും ഇറങ്ങിവന്നു്, ജീവിതയാത്രയിൽ വഴിപിഴച്ചു് അലയുന്ന പാന്ഥപാദത്തെ സാഹസമാകുന്ന കൊടുംപാറയിൽ തട്ടാതെ കാക്കുന്നുണ്ടു്. മഹാകവി കുമാരനാശാൻ ചോദിച്ചതുപോലെ, ആ മേഘജ്യോതിസ്സിൻെറ ക്ഷണികജീവിതം, സനാതനമായ ആ ഉൽക്കാശിലയുടേതിനേക്കാൾ കാമ്യമല്ലേ? ഈ മിന്നൽപ്പിണർ വഴിപോക്കന്നു് അപായം കാണിച്ചുകൊടുക്കുക മാത്രമല്ല ചെയ്യുന്നതു്. അതു് ഇടയ്ക്കൊക്കെ ഇടിത്തീയായി ഇറങ്ങിവന്നു് അധർമ്മവനത്തിലെ വന്മരങ്ങളെയാകെത്തന്നെ അന്യോന്യം തീപിടിപ്പിച്ചു ദഹിപ്പിക്കയും ചെയ്യുന്നു.

ഞാൻ പറയുന്നതു് തെല്ലെങ്കിലും അതിശയോക്തിസ്പൃഷ്ടമാണെന്നു് തെററിദ്ധരിക്കരുതു്. ജിജ്ഞാസുവിനു സ്പഷ്ടമായി വായിക്കുവാൻ കഴിയത്തക്കരീതിയിൽ, ലോകചരിത്രം അതാ നിങ്ങളുടെ മുമ്പിൽ തുറന്നുകിടക്കുന്നു. അതിൻെറ ഏടുകൾ നിങ്ങളൊന്നു മറിച്ചു നോക്കുവിൻ. അനേകം രാഷ്ട്രങ്ങളെ സ്വതന്ത്രങ്ങളാക്കിത്തീർത്തതും, അനേകം സ്വേച്ഛാപ്രഭുത്വശിരസ്സുകളെ 'ഒരുവൻ തന്നെക്കളഞ്ഞൊരിടം രക്ഷിക്കണം' എന്ന നിയമത്തെ ആസ്പദമാക്കി വെട്ടിവീഴ്ത്തിയതും, മതത്തിനും മാനത്തിനും സമത്വത്തിനും സാഹോദര്യത്തിനുംവേണ്ടി വമ്പിച്ച ചോരപ്പുഴകളൊഴുക്കിയതും, ഭടൻെറ കൈവാൾതന്നെ എന്നു തെളിയിക്കുന്ന അദ്ധ്യായങ്ങൾ അതിൽ എത്രയോ ഉണ്ടു്. പക്ഷേ, അവയ്ക്കു തൊട്ടുമുമ്പുള്ള അദ്ധ്യായങ്ങളിൽ, ഭടൻെറ വാൾ ഇളകുന്നതിനു മുമ്പു്, സാഹിത്യകാരൻെറ തൂലിക തെല്ലൊന്നിളകിയതായി വർണ്ണിച്ചിട്ടുള്ളതു് നിങ്ങൾക്കു് കാണാം. പതിനെട്ടാം നൂററാണ്ടിൽ നടന്ന ഫ്രെഞ്ചുവിപ്ലവത്തിൽ അനീതിയുടെ അഭയസങ്കേതമായിത്തീർന്ന രാജാധികാരത്തിൻെറ ഇരുമ്പുകോട്ടയെ മിറാബൊ, ഡാൻടൻ റോബെസ്പിയർ എന്നീ അതിമാനുഷന്മാരുടെ കരങ്ങൾ വലിച്ചുതാഴ്ത്തിത്തള്ളിയിട്ടതു നിങ്ങൾ ഒരദ്ധ്യായത്തിൽ വായിക്കുന്നു. പക്ഷേ, ഇവരുടെ കൈവാൾ അനീതിയുടെ ചെഞ്ചോരയിൽ മുങ്ങുന്നതിനുമുമ്പു്, റൂസോ എന്ന സാഹിത്യകാരൻെറ അമർത്തിപ്പിടിച്ചാൽ ഒടിഞ്ഞുപോകുന്ന ഒരു തൂവൽ കറുത്ത മഷിയിൽ മുങ്ങിയിരുന്നു. റൂസോവിൻെറ ലേഖനങ്ങളാണു് ഫ്രെഞ്ചുവിപ്ലവത്തിൻെറ ബീജങ്ങളെ ഫ്രാൻസിൽ നെടുനീളെ വിതച്ചതു്. ഇല്ല, സാഹിത്യത്തിൻെറ കൺമുന ചുവക്കാതെ ഭടൻെറ കൈവാൾമുന ധർമ്മസമരത്തിൽ ചുവക്കുകയില്ല. 'ധർമ്മയുദ്ധ'മെന്നു ഞാൻ

പ്രത്യേകം എടുത്തുപറഞ്ഞതു് എന്താനും കൊല്ലങ്ങൾക്കുമുമ്പു് യൂറോപ്യൻ ശേകായുകൾ തമ്മിൽ നടന്ന യുദ്ധത്തെ കഴിവാക്കുവാനാണു്. ഇനിയും എത്രയോ ഉദാഹരണങ്ങൾകൊണ്ടു് ഈ പ്രമേയത്തെ വിശദമാക്കാൻ കഴിയും.

ഇപ്പറഞ്ഞ ഉദാഹരണത്തിൽ ആപച്ഛങ്ക ദശിക്കുന്നവരുണ്ടായേക്കാം. "എത്ര അപായകരമായ ഉദാഹരണമാണു് ഈ ചൂണ്ടിക്കാട്ടിയതു്? ഇതു സാഹിത്യകാരന്മാരെ വിപ്ലവകരമായ സാഹസത്തിലേക്കു് പ്രേരിപ്പിക്കുകയാണെന്നു അപകചബുദ്ധികൾ വ്യാഖ്യാനിക്കുകയില്ലേ? യുവദൃഷ്ടികൾക്കു മുമ്പാകെ ചുവന്ന വാൾ മുനയെയാണോ എടുത്തുകാട്ടേണ്ടതു്? ഹിംസയിലേക്കും സാഹസത്തിലേക്കും വഴികാണിക്കുകയാണോ സാഹിത്യത്തിൻെറ പരമധർമ്മം?" എന്നൊക്കെ അവർ ചോദിച്ചു എന്നും വരാം.

നിണത്തിൽ കുളിച്ച വാളിൻെറ വണ്ണപ്പകിട്ടു കാണിക്കാൻ വേണ്ടിയല്ല, സാഹിത്യം ദുർബ്ബലവും നിഷ്പ്രയോജനവും ആണെന്ന വാദത്തെ നിർമ്മൂലം ഖണ്ഡിക്കുന്നതിനായിട്ടാണു ഞാൻ ഈ ഉദാഹരണം ചൂണ്ടിക്കാണിച്ചതു്. ദൃഷ്ടാന്തംതേടി എനിക്കു് പാശ്ചാത്യ രാജ്യങ്ങളിലേക്കു പോകേണ്ടിവന്നു എന്നു മാത്രം. പൗരസ്ത്യസാഹിത്യത്തിലും ഇതിനുദാഹരണങ്ങൾ ഇല്ലെന്നില്ല. പക്ഷേ, പാശ്ചാത്യൻെറ വാൾ ഉറയിൽനിന്നും ഊരുന്നതു സാഹിത്യമാണെങ്കിൽ, പൗരസ്ത്യൻെറ വാളിനെ ഉറയിൽ താഴ്ത്തി അഹിംസാമന്ത്രം ജപിച്ചുകൊണ്ടു് അവനെ കൈകെട്ടി നിർത്തുന്നതും സാഹിത്യം തന്നെയാണെന്നു് നിങ്ങൾ വിസ്മരിക്കരുതു്. മഹാത്മാഗാന്ധിയെ ഒരു സാഹിത്യകാരനായി നിങ്ങൾ കാണാനില്ലായിരിക്കാം. ഒരു കർമ്മയോഗിയുടെ നിലയിലുള്ള പ്രകാശപ്രവാഹത്തിൽ സാഹിത്യകാരൻെറ പ്രഭ മങ്ങിപ്പോകുന്നു എന്നതാണു് അതിനു കാരണം. ജ്ഞാനിയും കർമ്മയോഗിയും എപ്പോഴും സാഹിത്യകാരനേക്കാൾ മേലെയാണു്. യഥാർത്ഥത്തിൽ ഗാന്ധിജി റൂസോവിനേക്കാൾ എത്രയോ മേലേക്കിടയിൽ നിൽക്കുന്ന ഒരു സാഹിത്യകാരനത്രെ. "ഇന്ത്യയിൽ 'ശാന്തതയുണ്ടു്; പക്ഷേ, അതു ശവകുടീരത്തിലെ ശാന്തതയാണു്." ഇതു് ആ ദിവ്യ സാഹിത്യകാരൻെറ വാക്കുകളാണു്. ഈ വാക്കുകൾ ഒരു സാഹിത്യകാരൻെറ പേനയിൽനിന്നല്ല പുറപ്പെട്ടതെന്നു് ആരാണു് പറയുക? അതിലടങ്ങിയ രോമാഞ്ചജനകമായ അലങ്കാരം മററാരേയുമല്ല, കാളിദാസനെയാണു് അനുസ്മരിപ്പിക്കുന്നതെന്നു് നിങ്ങൾ അറിയുന്നുണ്ടോ? "ശവകുടീരത്തിലെ ശാന്തി!" ഈ രണ്ടു വാക്കിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന ശോകനിർഝരം ഹിമവാൻ മുതൽ കന്യാകുമാരിവരെയുള്ള ദേശത്തെ

കണ്ണീരിൽ മുക്കുകയില്ലേ?—ഞാൻ പറയുന്നതു്, വിപ്ലവത്തിലേക്കും സമരത്തിലേക്കും മാത്രമല്ല, ചിരന്തന ശാന്തിയിലേക്കും ആത്മബോധത്തിലേക്കും അഹിംസയിലേക്കും കൂടി സാഹിത്യം മനുഷ്യരെ നയിക്കുന്നു എന്നുമാത്രമാണു്.

"നിഴലിൻവഴി പൈതൽപോലെ പോ-
യുഴലാ ഭോഗമിരന്നു ഞാനിനി"

എന്നുള്ള ആശാൻെറ വരികൾ, നിരാശതകൊണ്ടു മയങ്ങിക്കിടക്കുന്ന എത്ര ഹൃദയങ്ങളിൽ വീണ്ടും ജീവരക്തം പ്രവഹിപ്പിച്ചിട്ടുണ്ടായിരിക്കുമെന്നു് നിങ്ങൾക്കറിയാമോ? സാഹസപ്രേരകമായ യൗവനാരംഭഘട്ടത്തിൽ ഒരിക്കൽ പ്രാവിനെ വെടിവയ്ക്കുവാൻ മുന്നുപ്രാവശ്യം പൊങ്ങിയ ഒരാളുടെ തോക്കു്,

"പെട്ടെന്നതാ പക്ഷി തിരിഞ്ഞുകൊണ്ടു
കീഴ്പോട്ടു വീഴുന്നു ഹരേ മുകുന്ദ!"

എന്ന മഹാകവി വള്ളത്തോളിൻെറ വരികളിലെ ചിത്രം ഓർമ്മയിൽ വരികയാൽ താഴോട്ടുതന്നെ പോയതായി എനിക്കറിയാം.

"പരിചരണോദ്യതർ പല ജീവികൾതൻ-
പരിതഃസ്ഥിതിമൂലം
പദേ പദേ നാം പ്രമുദിതർ കാൺമൂ
ഭവാബ്ധി ഗോഷ്പദമായ്"

എന്ന മഹാകവി ഉള്ളൂരിൻെറ രണ്ടു വരികൾ അർത്ഥം മനസ്സിലാക്കി ഓർമ്മിച്ചുകൊണ്ടിരിക്കുന്നവർ ആത്മഹത്യചെയ്യുകയെന്നതു് എളുപ്പത്തിൽ സംഭവ്യമല്ല.

രണ്ടു പ്രമേയങ്ങളാണു് ഈ പ്രബന്ധംകൊണ്ടു തെളിയിക്കണമെന്നു ഞാനുദ്ദേശിച്ചിരുന്നതു്: ഒന്നു്, ബാല്യദശയിൽത്തന്നെ സാഹിത്യവുമായി പരിചയപ്പെടുന്നതാണു് ആശാസ്യമെന്നു്; രണ്ടു്, സാഹിത്യപരിചയം ദൈനന്ദിനജീവിതത്തിൽ പ്രയോജനമുള്ളതല്ല എന്ന വാദം മിഥ്യാഭ്രമജന്യമാണെന്നു്. ഇതു രണ്ടും, മതിയായ ഉദാഹരണങ്ങളോടുകൂടിയല്ലെങ്കിലും ഒരുവിധം തെളിയിക്കാൻ സാധിച്ചിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

MUNAVVIRUL ... COCHIN-11 ERNAKULAM

അഭ്യാസം

1. സാഹിത്യവും ജീവിതവും തമ്മിലുള്ള ബന്ധമെന്തു് ?
2. സാഹിത്യം മനുഷ്യസ്വഭാവത്തെ എങ്ങനെ നന്നാക്കുന്നു?
3. 'തദ്ധിത'ത്തിന്റെ ലക്ഷണം വിവരിക്കുക.
4. കൃത്തും തദ്ധിതവും തമ്മിലുള്ള വ്യത്യാസമെന്തു് ?
5. സച്ഛീലം, നിർബ്ബന്ധം, വികസ്വരം—അർത്ഥമെഴുതി സ്വന്തം വാക്യത്തിലുപയോഗിക്കുക.

പാഠം 10

ജീവചരിത്രകല

[പി. ശങ്കരൻ നമ്പ്യാർ (1067—1129)—പല കോളേജുകളിലും ഇംഗ്ലീഷ് പ്രൊഫസറായിരുന്നിട്ടുണ്ടു്. എറണാകുളം മഹാരാജകലാശാലയിൽ പ്രിൻസിപ്പാളായിരിക്കുമ്പോഴാണു് ഗവണ്മെൻറുസർവ്വീസിൽ നിന്നു് വിരമിച്ചതു്. പിന്നീടു തൃശ്ശൂർ കേരളവർമ്മകോളേജിൽ പ്രിൻസിപ്പാളായി. ഇംഗ്ലീഷ്, മലയാളം, സംസ്കൃതം—ഈ മൂന്നു ഭാഷകളിലും ഒരുപോലെ പാണ്ഡിത്യമുണ്ടായിരുന്നു. ഹൈസ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ എഴുതിയതാണു് 'പാലാഴി മഥനം ചമ്പു'. സാഹിത്യനിഷ്കടം, മകരന്ദമഞ്ജരി, സാഹിത്യവും സംസ്കാരവും, പ്രസ്ഥാനത്രയം, സുവർണ്ണമണ്ഡലം, അഭിനവനിരൂപണാദർശം, ചാണക്യൻ മുതലായവയാണു് മററു കൃതികൾ.]

പ്രാചീനലോകത്തിലെ മഹാത്ഭുതങ്ങളായിരുന്ന ഈജിപ്തു്, ബാബിലോൺ, അസ്സീറിയ, ഗ്രീസ് മുതലായ സാമ്രാജ്യശക്തികേന്ദ്രങ്ങൾ ഏതുപ്രകാരം കാലത്താൽ ഗ്രസിക്കപ്പെട്ടുവോ അതുപ്രകാരംതന്നെയാണു് അസാമാന്യമായ വൈഭവമോ പ്രതിഭാചൈതന്യമോ തികഞ്ഞ വിശിഷ്ട വ്യക്തികൾ കാലനു് ഇരയായിത്തീരുന്നതു്. ചിന്താശക്തിയുള്ള സർവ്വജനങ്ങളുടെയും ആശ്ചര്യസമ്മിളിതമായ ആദരത്തെ അർഹിക്കത്തക്കവിധം കുറെനാൾ ലോകസമക്ഷം പ്രശോഭിച്ചതിനുശേഷം, രാഷ്ട്രീയശക്തികളും മഹനീയ വ്യക്തികളും ഒരുപോലെ ഭൂമുഖത്തുനിന്നു് തിരോഭവിക്കുന്നു എന്നുള്ളതു് കരുണമയമായ ഒരു നിയതിഗതിയാണു്. എന്നാൽ, കേവലം ഭൗതികങ്ങളായ അംശങ്ങളെ മാത്രമെ കാലാക്രമണം ബാധിക്കുകയുള്ളു എന്നും, അവയിൽ കവിഞ്ഞുള്ള ചില അംശങ്ങൾ ഏതു കാലത്തും അനശ്വരങ്ങളായിത്തന്നെ പരിലസിക്കുമെന്നുള്ള പരമാർത്ഥം മർത്ത്യജാതിക്കു പൊതുവേ സ്വല്പം ആശ്വാസം നൽകുന്നതുമുണ്ടു്. ഇങ്ങനെ

രണ്ടു തരത്തിലുള്ള അംശങ്ങളെ വേർതിരിച്ചറിഞ്ഞു്, ആദ്യം പറഞ്ഞവയെ വിസ്തരിച്ചു വർണ്ണിക്കുന്നതിനിടയ്ക്കു് രണ്ടാമതു് പറഞ്ഞ ആ ശാശ്വതാംശങ്ങൾക്കു് അവ അർഹിക്കുന്ന പ്രാധാന്യം നൽകി വിശദീകരിച്ചു രേഖപ്പെടുത്തുകയാണു് ഉത്തമരാജ്യചരിത്രകാരന്റേയും ഉത്തമജീവചരിത്രകാരന്റേയും മുഖ്യധർമ്മം. മഹത്ത്വം കളിയാടുന്ന രാഷ്ട്രങ്ങളും വ്യക്തികളും കാലാപഗ്രഥനത്തിനു വിഷയീഭവിക്കുമെങ്കിലും, അവയിലെ അനശ്വരാംശങ്ങളെ ഉദ്ഗ്രഥനംചെയ്തു കാണിച്ചുകൊണ്ടു് ചരിത്രകാരന്മാർ ലോകത്തിനു് ഉത്തേജനം നൽകുന്നു.

ആദ്യഘട്ടങ്ങളിൽ വ്യക്തിചരിത്രം രാജ്യചരിത്രത്തിൽ ലയിച്ചുകിടന്നിരുന്നതിനാൽ, 'ജീവചരിത്രം' എന്ന ഒരു പ്രത്യേക ശാഖയ്ക്കു പ്രസക്തി ഉണ്ടായിരുന്നില്ല. അഥവാ, ഏതാനും ചില വ്യക്തികളുടെ ജീവചരിത്രം വേറെ എഴുതപ്പെട്ടു എന്നുവെച്ചാൽത്തന്നെ, അവയുടെ ഉദ്ദേശ്യം മിക്കവാറും തത്ത്വോപദേശമായിരുന്നു എന്നു പറയാം. ചില പ്രത്യേക പാഠങ്ങൾ പഠിപ്പിക്കയോ സാരോപദേശങ്ങൾ നൽകുകയോ ചെയ്യാനുള്ള ഉപകരണങ്ങൾ മാത്രമായിരുന്നു ജീവചരിത്രങ്ങൾ എന്നർത്ഥം. തന്മൂലം അവയിൽ ഗ്രന്ഥകാരന്മാരുടെ ധർമ്മോപദേശവ്യഗ്രത മുഴച്ചുകാണുകയും ചെയ്യാമായിരുന്നു. മറ്റു ചില ജീവചരിത്രങ്ങളിൽ നായകന്മാരായ വ്യക്തികൾ ഏതെങ്കിലും ചില തരക്കാരുടെയോ വർഗ്ഗങ്ങളുടെയോ പ്രതിനിധികളായി പ്രതിപാദിക്കപ്പെട്ടിരുന്നതിനാൽ, പ്രായേണ ഒരു വിധം 'മാതൃക' കളായി കലാശിക്കയും ചെയ്തിരുന്നു. ഇവയിലെല്ലാം ഗ്രന്ഥകാരന്മാരുടെ താത്പര്യം, ശാശ്വതാംശങ്ങളെ ശേഖരിച്ചു രേഖപ്പെടുത്തിവയ്ക്കുകയായിരുന്നു എന്നു സ്പഷ്ടമാണല്ലോ.

അതുപോലെതന്നെ, നായകനിലുണ്ടായിരുന്നതായി കല്പിക്കപ്പെട്ട നാനാവിധ ഗുണവിശേഷങ്ങളെ പ്രകീർത്തിക്കുകമാത്രം ചെയ്തിരുന്ന ഒരുതരം ജീവചരിത്രങ്ങളും പണ്ടു പ്രചാരത്തിലിരുന്നിരുന്നു. 'ചരമപ്രശംസ'കളുടെ (Funeral Orations) ഛായയിൽ വെറും സ്തുതിപാഠങ്ങൾ മാത്രമായിരുന്ന അവയുടേയും ആന്തരമായ പ്രയോജനം, അനന്തരകാലികന്മാർക്കു് അനുകരണീയങ്ങളായ ആദർശങ്ങളേയും ആശയങ്ങളേയും ഉദാഹരിച്ചു കാണിച്ചു കൊടുക്കുകതന്നെയായിരുന്നിരിക്കാം. പക്ഷേ, അവയുടെ ആവിർഭാവം ഇപ്പറഞ്ഞ പ്രത്യേക രൂപത്തിലാകുന്നതിനു് ഒരു ഉപപത്തികൂടി പറയാനുണ്ടു്. മരിച്ചവരെപ്പറ്റിയുള്ള ദോഷപ്രഖ്യാപനം ഒരു വക മഹാപാതകമായിട്ടാണല്ലോ മനുഷ്യർ കരുതിപ്പോരുന്നതു്.

പരേതന്റെ ശരീരത്തോടൊപ്പം ദോഷാംശങ്ങളെ കുഴിച്ചുമൂടണമെന്നത്രേ സമുദായസങ്കേതം വിധിച്ചിട്ടുള്ളതു്. മൺമറഞ്ഞവരെ ഭക്തിസ്നേഹാദരങ്ങളോടുകൂടി മാത്രമേ സ്മരിക്കാവൂ, അവരുടെ കുററങ്ങളേയും കുറവുകളേയും കുത്തിപ്പൊക്കിക്കാണിക്കരുതു് എന്നൊക്കെയാണു് മനുഷ്യർ എല്ലാ കാലത്തും എല്ലാ ദേശത്തും നിശ്ചയം ചെയ്തിട്ടുള്ളതു്. ജീവചരിത്രങ്ങൾ സ്തുതിപാഠങ്ങളായും, തൽകർത്താക്കൾ ഗുണൈകദൃക്കുകളായും പരിണമിക്കുന്നതിനു് ഇതും ഒരു കാരണമായിരുന്നിരിക്കാം.

ഏതായാലും മരിച്ചവരെപ്പററിയുള്ള ദാക്ഷിണ്യമസൃണമായ ഈ പക്ഷപാതമനഃസ്ഥിതി സത്യം സമഗ്രമായി പ്രകാശിപ്പിക്കുന്ന കാര്യത്തിൽ ജീവചരിത്രകാരന്റെ വഴിയിൽ വിലങ്ങടിച്ചു കിടക്കുന്ന ഒരു വലിയ പ്രതിബന്ധം തന്നെയാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. കൂടാതെ, പരേതന്റെ ബന്ധുമിത്രങ്ങൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അവർക്കുണ്ടാകാവുന്ന വികാരങ്ങളെ വ്രണപ്പെടുത്താതെ നോക്കേണ്ടതായും വരുന്നു. അത്തരത്തിലുള്ള ബന്ധുമിത്രങ്ങൾ അനേകം തലമുറകളായി നായകനെ അതിജീവിക്കുന്നുണ്ടായിരിക്കും. സത്യപ്രഖ്യാപനം ചിലപ്പോൾ അവർക്കു നീരസജനകമായേക്കാം. മുഷിച്ചൽ ഏല്ക്കാതിരിക്കണമെന്നു നിർബ്ബന്ധമുള്ള ജീവചരിത്രകാരനു്, വിഷയത്തിന്റെ ഒരു വശം മിക്കവാറും മൂടിവയ്ക്കേണ്ടതായിത്തന്നെ വരും. അങ്ങനെയായാൽ അതു സത്യത്തോടുചെയ്യുന്ന ഒരപരാധമായിത്തീരുകയും ചെയ്യും.

എന്നുവച്ചു്, നായകന്റെ ജീവിതത്തിലേയും സ്വഭാവത്തിലേയും വൈകല്യങ്ങളെ മുഴുവൻ തേടിപ്പിടിച്ചു വിസ്തരിച്ചു പ്രതിപാദിക്കുന്നതു് അത്യന്താപേക്ഷിതമാണെന്നു തെററിദ്ധരിക്കേണ്ടതില്ല. വിശേഷിച്ചു്, പൊതുജനദൃഷ്ടിയിൽ പ്രാധാന്യമില്ലാത്തവയാണു് അവ എന്നുവരികിൽ കുത്തിപ്പൊക്കേണ്ടുന്ന ആവശ്യം ഒട്ടുമില്ലതന്നെ. വാസ്തവത്തിൽ ജീവചരിത്രംകൊണ്ടു സാധിക്കേണ്ടതു്, അതിനു വിഷയീഭവിക്കുന്ന വ്യക്തിയെ യഥാർത്ഥജീവിതത്തിലെന്നപോലെ നമ്മുടെ മുൻപിൽ കാണുമാറാക്കുകയാണു്. മനുഷ്യനെ ദേവനായി അവതരിപ്പിച്ചു് എല്ലാവരെക്കൊണ്ടും ആരാധിപ്പിക്കേണമെന്നുവെച്ചു പുറപ്പെട്ടാൽ, തൽഫലമായി നമ്മുടെ മുൻപിൽ കാണുമാറാകുന്നതു് സജീവമായ ഒരു വ്യക്തിയല്ല. ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചർച്ചിക്കുവാനുള്ള ഒരു പ്രതിമയായിരിക്കും. നായകന്റെ ജീവിതത്തേയും സ്വഭാവത്തേയും സ്പർശിക്കുന്ന സംഗതികൾ അസംഖ്യങ്ങളും വിവിധങ്ങളുമായിരിക്കും. അവയിൽനിന്നു ഗ്രഹിക്കേണ്ടവയെ ഗ്രഹിക്കുകയും ത്യജിക്കേണ്ടവയെ ത്യജിക്കുകയും ചെയ്തുകൊണ്ടു്, നായകൻ

അസാമാന്യനാണെങ്കിലും നമ്മുടെ കൂട്ടത്തിൽപ്പെട്ട ഒരു മനുഷ്യൻ തന്നെയാണെന്നുള്ള പ്രതീതിക്കു കോട്ടംതട്ടാത്ത വിധത്തിൽ വർണ്ണിക്കുന്നതിലാണ് ജീവചരിത്രകാരൻെറ കലാപാടവം കാണേണ്ടതു്.

ഇപ്രകാരം ജീവചരിത്രസാമഗ്രികളെ ശേഖരിച്ചു് വിശകലനംചെയ്തു്, കൂറടക്കം തെററാത്തമട്ടിൽ, അവയെ കൂട്ടിയിണക്കുന്നതു് ഒരു നല്ല കലതന്നെയാണു്. അഭിനന്ദനാർഹങ്ങളായ അംശങ്ങളെ മാത്രമെടുത്തു് കുറെ അതിശയോക്തികളും ചേർത്തു വർണ്ണിച്ചാൽ അതുകൊണ്ടു നമ്മുടെ മുമ്പിൽ പ്രത്യക്ഷമാകുന്നതു് ഒരു സജീവവ്യക്തിയല്ലാ, ഒരാശയമോ ആദർശമോ അഭിപ്രായമോ ആയിരിക്കും. ഒരാളുടെ ചിത്രം വരയ്ക്കുമ്പോൾ അതിൽ രൂപം വിശദമാക്കുന്നതിനുപകരം ധാരാളം ചായം കോരിയൊഴിച്ചു് അങ്ങുമിങ്ങും നിറംപിടിപ്പിക്കമാത്രം ചെയ്താൽ, അതെങ്ങനെ ഉത്തമകലാമാതൃകയാകും? അതുപോലെതന്നെയാണു്, സ്ഥാനത്തും അസ്ഥാനത്തും വിശേഷണങ്ങളെ കോരിവാരി വിളമ്പിക്കൊണ്ടുള്ള ജീവചരിത്ര നിർമ്മാണം. നായകനെക്കുറിച്ചുള്ള മതിപ്പിനു കുറവുവന്നേക്കാമെന്നു ഭയപ്പെട്ടു് അദ്ദേഹത്തിൻെറ ന്യൂനതകളെ സർവ്വത്ര മറച്ചുവെച്ചും, ഉള്ളതിനെ ഇല്ലാതാക്കിയും, ഇല്ലാത്തതിനെ ഉണ്ടാക്കിയും രചിക്കുന്ന ജീവചരിത്രം വിശ്വാസയോഗ്യമല്ലെന്നു വായനക്കാർ ധരിച്ചാൽ അതിലത്ഭുതമില്ലല്ലൊ. അപ്പോൾ അവർ അതിനെ അത്രമാത്രമേ വിലമതിക്കയും ചെയ്യുകയുള്ളു. ചുരുക്കിപ്പറഞ്ഞാൽ വലിയവരെ ചെറുതാക്കുകയോ ചെറിയവരെ വലുതാക്കുകയോ അല്ലാ ജീവചരിത്രത്തിൻെറ ഉദ്ദേശം. നായകൻെറ വ്യക്തിവൈശിഷ്ട്യം മുഴുവനും തെളിയിച്ചു കാണിക്കുന്നതിലാണു ജീവചരിത്രകാരൻെറ കലാനൈപുണ്യം തെളിയേണ്ടതു്. നായകൻെറ ജീവിതപ്രയാണത്തിലെ അനുഭവങ്ങളെ യഥാർത്ഥ രൂപത്തിൽ പ്രകാശിപ്പിക്കുകയാണു് ജീവചരിത്ര നിർമ്മാതാവിൻെറ കർത്തവ്യം.

ഇത്തരത്തിലുള്ള ശരിയായ ജീവചരിത്രമാതൃകകൾ യൂറോപ്പിൽ ആവിർഭവിച്ചതു് താരതമ്യേന അടുത്തകാലത്തു മാത്രമാണു്. പഴയ സമ്പ്രദായത്തിൽ മഹത്വപ്രകീർത്തനം, ആദർശപ്രചാരണം, വർഗ്ഗപ്രതിനിധാനം മുതലായ ഉദ്ദേശങ്ങളോടുകൂടി എഴുതപ്പെട്ടിരുന്ന ജീവചരിത്രങ്ങൾ പതിനെട്ടാം ശതവർഷമായപ്പോഴേയ്ക്കു് ഇംഗ്ലണ്ടിൽ വ്യക്തിചിത്രണ രൂപത്തിലുള്ള പുതിയ രീതിക്കു വഴികൊടുത്തു പിന്മാറി. വിമർശകാഗ്രഗണ്യനും പണ്ഡിതവരേണ്യനുമായ ഡോക്ടർ ജോൺസൻ ജീവചരിത്ര കലയുടെ മർമ്മമെന്തെന്നു സ്വകൃതികളാൽ ഉദാഹരിച്ചു കാണിച്ചു.

സംഗതിവശാൽ അദ്ദേഹംതന്നെയായി, ജീവചരിത്രപ്രസ്ഥാനത്തിൽ ഇന്നും ലോകോത്തരമാതൃകയായി കണക്കാക്കപ്പെടുന്ന ബോസ്വൽക്കൃതിയുടെ വിഷയം! അതിനുശേഷം ഇംഗ്ലണ്ടിലുണ്ടായിട്ടുള്ള നാനാതരം ജീവചരിത്രങ്ങൾക്കു കൈയുംകണക്കുമില്ല. സ്കോട്ടിനെപ്പററി അദ്ദേഹത്തിൻെറ ജാമാതാവായ ലോക്കാർട്ട് എഴുതിട്ടുള്ള ബൃഹൽഗ്രന്ഥം അതിനോടടുത്തുനില്ക്കുന്നു; എന്നാൽ ബോസ്വലെഴുതിയ ജോൺസൻെറ ജീവചരിത്രംതന്നെയാണ് അനുപമമായി പ്രശോഭിക്കുന്നതു്. പത്തൊൻപതാം ശതവർഷം മുതൽ ആവിർഭവിച്ചിട്ടുള്ള സംഖ്യാതീതങ്ങളായ ജീവചരിത്രങ്ങളിൽ ചിലതു് ബോസ്വലിൻേറയും ലോക്കാർട്ടിൻേറയും കൃതികളെപ്പോലെ പൂർണ്ണജീവിതവിവരണങ്ങളാണ്; മററു ചിലതു് ആഖ്യായികാരൂപത്തിലുള്ളതാണ്. മൂന്നാമതൊരു വിഭാഗമുള്ളതിൽ, നായകൻെറ ജീവിതത്തിലെ ഏതെങ്കിലുമൊരു ഘട്ടം, ഒരദ്ധ്യായം, ഒരുവശം മാത്രമെടുത്തു് സ്ഫടികസ്ഫുടമായ രീതിയിൽ പ്രകാശിപ്പിക്കുകയാണ ചെയ്യുകാണുന്നതു്. ഈ ഉപന്യാസങ്ങളെ പരിപൂർണ്ണജീവചരിത്രങ്ങളെന്നു പറയാൻ നിവൃത്തിയില്ല; എങ്കിലും, അവയിൽനിന്നു നായകൻെറ സ്വഭാവത്തെക്കുറിച്ചു് വിശദമായ ഒരു സ്വരൂപജ്ഞാനം നമുക്കു സിദ്ധിക്കുന്നു.

അടുത്തകാലത്തുണ്ടായിട്ടുള്ള ജീവചരിത്രനിർമ്മാതാക്കളിൽ വെച്ചു് നമ്മുടെ സവിശേഷശ്രദ്ധയെ അർഹിക്കുന്ന ഒരു സരസസാഹിത്യകാരനാണ് ലിട്ടൻസ്ട്രാച്ചി. അദ്ദേഹം മനുഷ്യനെ മനുഷ്യനായിത്തന്നെ കാണിക്കണമെന്ന നിർബ്ബന്ധക്കാരനാകയാൽ, നായകൻെറയോ നായികയുടെയോ ഗുണങ്ങളേയും ദോഷങ്ങളേയും ഏകദേശം തുല്യപ്രാധാന്യത്തോടുകൂടി വിശദീകരിക്കുവാൻ ശ്രമിച്ചിരിക്കുന്നു. ചിലപ്പോൾ അദ്ദേഹം തൻെറ നായകനേയോ നായികയേയോ കല്പിച്ചുകൂട്ടി അപഹസിക്കുകയാണെന്നുപോലും വായനക്കാൎക്കു സംശയം തോന്നിപ്പോകും. ഏതുൽകൃഷ്ടവ്യക്തിയായിരുന്നാലും, എത്ര മഹാനായാലും, ഒരു മനുഷ്യനു സ്വഭാവത്തിൽ നാനാവശങ്ങളുണ്ടായിരിക്കുമെന്നും ജീവിതത്തിൽ ഏററങ്ങളും ഇറക്കങ്ങളും കാണുമെന്നും മനുഷ്യൻെറ കഴിവുകൾക്കു പരിമിതികളുണ്ടാകാതെ തരമില്ലെന്നും അസാധാരണശക്തികളോടു ചേൎന്നു ചില സാധാരണ ദൌർബ്ബല്യങ്ങളും പ്രത്യക്ഷമായേക്കാമെന്നുമുള്ള തത്വമത്രേ സ്ട്രാച്ചി തൻെറ ജീവചരിത്രങ്ങൾക്കു് അടിസ്ഥാനമായി സ്വീകരിച്ചതു്. അദ്ദേഹത്തിൻെറ രീതിയെ അപലപിക്കുന്ന വിമർശകന്മാരും ഇല്ലെന്നില്ല. എന്നാൽ, വാസ്തവത്തെ പാടെ മൂടിവെച്ചു മനുഷ്യനെ അമാനുഷനാക്കിക്കൊണ്ടെഴുതുന്ന ജീവചരിത്രം, ചരിത്രദൃഷ്ട്യാ നോക്കിയാലും

സാഹിത്യദൃഷ്ട്യാ നോക്കിയാലും രണ്ടാംതരമാകാനേ നിവൃത്തിയുള്ളൂ എന്നു നിസ്സംശയം പറയാം.

സ്മരിക്കപ്പെടുവാൻ അർഹതയുള്ള ഒരു വ്യക്തിയായിരിക്കണം ഉത്തമജീവചരിത്രത്തിന്റെ വിഷയം എന്നിരിക്കെ, വലിയ അതിശയോക്തിപ്രയോഗമൊന്നും അതിൽ ആവശ്യമുണ്ടായിരിക്കയില്ല. പ്രകീർത്തിക്കത്തക്ക മാഹാത്മ്യമൊന്നുമില്ലാത്ത ഒരാളെ നായകനാക്കി എഴുതേണ്ടിവരുമ്പോഴാണു് ജീവചരിത്രകാരനു വൈഷമ്യം നേരിടുന്നതു്. അപ്പോൾ ചരിത്രജീവനായ വാസ്തവപ്രസ്താവത്തെക്കാൾ കവിതാമർമ്മമായ അത്യുക്ത്യാദികൾക്കു പ്രാധാന്യാധിക്യം കല്പിക്കുവാൻ അയാൾ പ്രകൃത്യാ പ്രലോഭിതനാകുന്നു. ശരിയായി ആലോചിച്ചാൽ ഇതൊന്നും വേണമെന്നില്ല. നായകനോടുചേർന്നു് അമാനുഷവൈഭവമോ അസാധാരണവിക്രമമോ, വായനക്കാരിൽ അത്ഭുതരസം ജനിപ്പിക്കത്തക്കവിധം പ്രകാശിപ്പിച്ചാൽ മാത്രമേ ജീവചരിത്രത്തിനു മെച്ചം കിട്ടുകയുള്ളൂ എന്ന വിചാരം വെറുമൊരു ഭ്രാന്താണു്. നേരമറിച്ചു്, നായകനു നമ്മെക്കാളെത്രയോ അധികം മഹത്ത്വം, ദിവ്യമായ വൈശിഷ്ട്യം, ഉണ്ടെന്നുവരികിലും, നമ്മെപ്പോലെതന്നെ ഒരു മനുഷ്യനാണു് അദ്ദേഹം എന്ന പ്രതീതികൂടി ജീവചരിത്രപഠനസമയത്തു നമുക്കുണ്ടാവുകയാണു് വേണ്ടതു്. എന്നാലാണു്, നമ്മുടെ ഹൃദയം അദ്ദേഹത്തിന്റെ അനുഭവങ്ങളോടൊത്തു ചലിച്ചുകൊണ്ടിരിക്കുക. നായകൻ അമാനുഷനായാൽ നമുക്കു് അത്ഭുതം അഥവാ ആദരം തോന്നും; മനുഷ്യനായാൽ 'അനുകമ്പ'യും തോന്നും; ജീവചരിത്രത്തിൽ തന്മയീഭാവത്തിനു് ഇതാണു് അധികം ആവശ്യം എന്നു പറയേണ്ടതില്ലല്ലോ.

അതിനാൽ, ഏതെങ്കിലും പ്രകാരത്തിൽ സ്മർത്തവ്യമായ മഹത്ത്വമുള്ള വ്യക്തിയെ വിഷയമായി സ്വീകരിച്ചു്, അദ്ദേഹത്തിന്റെ ജീവിതത്തിലെ വസ്തുതകളെ പ്രകൃതിയിൽ നിഴലും വെളിച്ചവുമെന്നപോലെ ഗുണദോഷസമ്മിശ്രമായി യാഥാർത്ഥ്യബോധത്തോടുകൂടി കണ്ടു്, അദ്ദേഹത്തിന്റെ മഹത്ത്വത്തിനു ശാശ്വതമായ സാഹിത്യപ്രതിഷ്ഠ നൽകുമാറു് സാമഗ്രികളെ വിവേചനപൂർവ്വം തിരഞ്ഞെടുത്തു്, തൂക്കം ശരിയാക്കി കൂട്ടിയിണക്കി, ആശയഗതിക്കനുരൂപമായ ഭാഷയിൽ എഴുതപ്പെടുന്ന ജീവചരിത്രത്തിനാണു് ചരിത്രപരമായും കാവ്യപരമായും കൂടുതൽ മെച്ചം കിട്ടുക എന്നും അത്തരത്തിലുള്ള ജീവചരിത്രം ഏതുകാലത്തും വിജ്ഞാനപ്രദവും രസകരവുമായിരിക്കുമെന്നും നാം ധരിച്ചിരിക്കേണ്ടതാകുന്നു.

മകരന്ദമഞ്ജരി] [പി. ശങ്കരൻ നമ്പ്യാർ

അഭ്യാസം

1. ജീവചരിത്രം രചിക്കുന്നതിൽ ശ്രദ്ധിക്കേണ്ട സംഗതികളേവ?
2. ജീവചരിത്രങ്ങളുടെ പ്രേരണാശക്തിയെപ്പററി വിവരിക്കുക.
3. 'തദ്ധിതം' എത്രവിധം? ഓരോന്നും വിവരിക്കുക.
4. 'ജീവിതത്തിലേയും സ്വഭാവത്തിലേയും' ഇതിലെ സമുച്ചയം കളഞ്ഞു് ആ അർത്ഥം കിട്ടത്തക്കവിധം ഏകപദമാക്കുക.
5. തെററുണ്ടെങ്കിൽ തിരുത്തുക :—
   പ്രാധാന്യത, ബന്ധുമിത്രന്മാർ, അന്തശ്ഛിദ്രം.

പാഠം 11

സഹകരണപ്രസ്ഥാനം

[അപ്പൻ തമ്പുരാൻ (1051-1117)–കൊച്ചി രാജകുടുംബത്തിലെ ഒരംഗം. ജീവിതംതന്നെ സാഹിത്യമയമായിരുന്നു. ഗദ്യസാഹിത്യത്തിൽ വ്യക്തിമുദ്ര പതിച്ച അപൂർവ്വം ചില കേരളീയരിൽ ഒരാളാണു്. ഭാഷയിൽ ആദ്യമായി ഒരപസർപ്പകാഖ്യായിക (ഭാസ്കരമേനോൻ) എഴുതിയതു് ഇദ്ദേഹമാണു്. ഭൂതരായർ, പ്രസ്ഥാനപഞ്ചകം, ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും, സംഘക്കളി, മുന്നാട്ടുവീരൻ, മംഗളമാല (അഞ്ചുഭാഗം) ഇവയാണു് പ്രധാനകൃതികൾ. രസികരഞ്ജിനി, മംഗളോദയം ഇവയുടെ പ്രവർത്തനത്തിൽ വലിയ പങ്കുണ്ടായിരുന്നു. സമസ്തകേരള സാഹിത്യപരിഷത്തിന്റെ പ്രാരംഭപ്രവർത്തകന്മാരിലൊരാൾ.]

'പരസ്പരസഹായ'മെന്ന ശബ്ദത്തിന്റെ സമഷ്ടിയായും സാമാന്യമായും ഉള്ള അർത്ഥത്തിലല്ലാതെ, സംക്ഷിപ്തവും പരിമിതവും ആയ പരസ്പരസഹായസംഘം, എന്ന നാമധേയത്തിൽ പ്രചരിച്ചുവരുന്ന സംഘങ്ങളെക്കുറിച്ചു് ആലോചിച്ചു ക്ലേശിക്കുവാൻ എനിക്കു സംഗതിവന്നിട്ടില്ല. പരസ്പരസഹായമില്ലാഞ്ഞാൽ ഉണ്ടാവുന്ന ക്ലേശം ഞാനനുഭവിച്ചിട്ടുണ്ടു്. ആ ക്ലേശം നിമിത്തം ആ വിഷയത്തെക്കുറിച്ചു് കുറഞ്ഞൊന്നു വിചിന്തനം ചെയ്യാനും സംഗതി വന്നിട്ടുണ്ടു്. അന്യോന്യസഹായംകൂടാതെ ഒരു നിമിഷംപോലും ജീവിച്ചിരിക്കുവാൻ നമ്മൾക്കു സാധിക്കയില്ല. ബ്രഹ്മാണ്ഡകടാഹത്തിൽ ഏതൊരു വസ്തുപോലും, ചേതനമാകട്ടെ അചേതനമാകട്ടെ, പരസ്പരസഹായംകൂടാതെ ജീവിക്കുന്നില്ല. നാം കണ്ണുതുറന്നു് മേലോട്ടുനോക്കുന്നതായാൽ ആകാശവീഥിയിൽ അനേകായിരം തേജോമയങ്ങളായ ഗോളങ്ങൾ സ്ഥിതിചെയ്യുന്നതായി കാണാവുന്നതാണല്ലോ. ആയവ അതാതിന്റെ സ്ഥാനത്തു നിലനിന്നുപോരുന്നതു്, പരോക്ഷമായ ഒരു

ശക്തിവിശേഷംകൊണ്ടു നിത്യബദ്ധങ്ങളാകയാലാണെന്നു നാം അനുമിക്കുന്നു. മൂൎത്തവസ്തുക്കളിൽ സ്വാഭാവികമായുള്ള ആകർഷണശക്തി കൊണ്ടാണെന്നു വലിയ ശാസ്ത്രജ്ഞന്മാർ സിദ്ധാന്തിക്കുകയുംചെയ്യുന്നു. ഈ ശക്തിയുടെ സഹായത്താലും പരസ്പരവിനിമയത്താലുമാകുന്നു അനേകകോടി ഗോളങ്ങൾ ആകാശത്തിൽ സ്വസ്ഥാനങ്ങളിൽ നിന്നുകൊണ്ടു സ്വകൃത്യങ്ങളെ നിൎവ്വഹിച്ചു പോരുന്നതു്. അങ്ങനെയൊരു പരസ്പരസഹായപ്രേരകശക്തി ഇല്ലായിരുന്നുവെങ്കിൽ, ആ ഗോളങ്ങളുടെ അവസ്ഥ എന്തായിരിക്കും ? അവ തമ്മിൽ തട്ടിമുട്ടി വീഴുന്നതായാൽ ഈ ഭൂഗോളനിവാസികളുടെ അവസ്ഥ എന്തായിരിക്കും ? ഈ ഗോളങ്ങളിൽ നിന്നുതന്നെയാണു് നമ്മുടെ ജീവസന്ധാരണത്തിനാവശ്യമായ വെളിച്ചം, ചൂടു് മുതലായവയും കിട്ടുന്നതു്. ഇനി നാം കീഴ്പോട്ടുനോക്കുന്നതായാലും സഹായസഹകരണങ്ങളുടെ ഗൗരവവും അനപേക്ഷണീയതാവും വെളിപ്പെടുന്നതാണു്. കരചരണാദ്യവയവങ്ങളും പരസ്പരസഹായം കൂടാതെ വൎത്തിക്കുകയോ പ്രവൎത്തിക്കുകയോ ചെയ്യുന്നതല്ല. ഓരോരോ അവയവങ്ങളും അതാതിന്റെ പ്രവൃത്തിചെയ്യുന്നതും വളൎന്നുവരുന്നതും അവയവങ്ങൾ തമ്മിലുള്ള ഒരുമയുടെ ഫലമാകുന്നു.

ഇങ്ങനെ ഒരുമയോടെ പ്രവൎത്തിച്ചില്ലെങ്കിൽ നമുക്കു ജീവസന്ധാരണം അസാദ്ധ്യമായിത്തീരുന്നു. ബ്രഹ്മാണ്ഡകടാഹമാകുന്ന ശരീരത്തിലും ഈ പ്രകൃതിനിയമം നാം പ്രത്യക്ഷമായി കാണുന്നുണ്ടു്. നാം ഭക്ഷിക്കുന്ന പദാൎത്ഥങ്ങൾ, ശ്വസിക്കുന്ന വായു, കുടിക്കുന്ന ജലം എന്നുവേണ്ട ജീവരക്ഷയ്ക്കുള്ള ഏതൊരുപായവും പരസ്പരസഹായംകൂടാതെ നമുക്കു സ്വാധീനപ്പെടുന്നതല്ല. നാം വായുമണ്ഡലത്തിലെ പ്രാണവായുവിനെ ശ്വസിച്ചു് അമ്ലബാഷ്പത്തെ ഉച്ഛ്വസിക്കുന്നു. ഉച്ഛ്വസിതമായ ആ വിഷവായു വൃക്ഷലതാദികൾക്കു ഭക്ഷണമായിത്തീരുന്നു. ആ വിഷവായുവിൽനിന്നു് ഇംഗാലത്തെ വേർപെടുത്തി സ്വപുഷ്ടിക്കായി സ്വീകരിച്ചു്, ശുദ്ധിചെയ്ത പ്രാണവായുവിനെ ആയവ വീണ്ടും ഉച്ഛ്വസിക്കുന്നു. ഇങ്ങനെ പരിവൎത്തനരീതിയിലുള്ള പരസ്പരസഹായം കൂടാതെ ചേതനങ്ങൾക്കോ അചേതനങ്ങൾക്കോ ജനിച്ചുവളരുവാൻ സാധിക്കുന്നതല്ല. നാം കുടിക്കുന്ന ശുദ്ധജലവും, കാലാകാലങ്ങളിലുണ്ടാകുന്ന വേനൽ, വർഷം, മഞ്ഞു് മുതലായവയും, മനുഷ്യപ്രയത്നം കൊണ്ടു് സമ്പാദിക്കുന്നുവെന്നു നാം അഭിമാനിക്കുന്ന ഭക്ഷണപദാൎത്ഥങ്ങളും, പരസ്പരസഹായത്തോടുകൂടിയ പ്രയത്നത്തിൻെറ ഫലമെന്നേ പറഞ്ഞുകൂടൂ. വിത്തുകൾ മുളപൊട്ടിവളൎന്നു ഫലപ്രദങ്ങളായിത്തീരുന്നതു നമ്മുടെ പൗരുഷം കൊണ്ടല്ല. അപ്രത്യക്ഷങ്ങളും

പ്രത്യക്ഷങ്ങളുമായ അനേക ശക്തികളുടെ സഹായസഹകരണങ്ങൾകൊണ്ടാണ് പദാൎത്ഥങ്ങൾ നമുക്കു അനുഭവയോഗ്യങ്ങളായിത്തീരുന്നതു്. കർഷകന്മാർ കൃഷിഗുണത്തിനായിച്ചേൎക്കുന്ന വളങ്ങൾപോലും ഉദ്ദിഷ്ട സാദ്ധ്യത്തിനു് എത്രയോ ചുരുങ്ങിയ ഒരംശം മാത്രമേ ഉതകുന്നുള്ളു എന്നു ധരിക്കണം. ഭൂമിയുടെ അന്തർഭാഗത്തിൽ നിവസിക്കുന്ന ഞാഞ്ഞൂൾ മുതലായ ക്ഷുദ്രജന്തുക്കളാണ്, ഭൂമിയെ ഉഴുതുമറിച്ചു് അടിയിൽ കിടക്കുന്ന വളത്തെ മേല്പോട്ടു കൊണ്ടുവന്നു നിരത്തി അവിടം വിളവുള്ളതാക്കിത്തീൎക്കുന്നതു്. അങ്ങനെയുള്ള വളം മനുഷ്യർ ചേൎക്കുന്ന കൃത്രിമവളത്തെക്കാൾ എത്രയോ ഗുണം കൂടിയതാകുന്നു. ഈ ക്ഷുദ്രജന്തുക്കളുടെ സഹായമില്ലെങ്കിൽ, നാം ചേർക്കുന്ന അല്പമായ വളം ഒരുവിധത്തിലും മതിയാകുന്നതല്ല.

മനുഷ്യർ സ്വതന്ത്രന്മാരാണെന്നഭിമാനിക്കുന്നതിന്റെ ഫലമല്ലേ, അവർതമ്മിൽ യോജിക്കാതിരിക്കുന്നതെന്നു ഞാൻ സംശയിക്കുന്നു. ക്ഷുദ്രങ്ങളായ ജന്തുക്കളുടെയും തുച്ഛങ്ങളായ അചേതന പദാൎത്ഥങ്ങളുടെയും സഹകരണം നമ്മുടെ ജീവിതസന്ധാരണത്തിനു് അത്യന്താപേക്ഷിതമായിരിക്കേ, മനുഷ്യർ തമ്മിൽ തമ്മിൽ എത്രത്തോളം സഹകരിക്കണമെന്നു പറയേണ്ടതുണ്ടോ? നിങ്ങൾ ചുറ്റുപാടും നോക്കുന്നതായാൽ, ഏതു രാജ്യവും ഏതു സമുദായവും ഒരുമയ്ക്കായി ഭഗീരഥപ്രയത്നം ചെയ്യുന്നതു കാണാം. അതിന്റെ ഫലമോ ഭിന്നിപ്പായി കലാശിക്കുന്നു. യോജിപ്പിനു ശ്രമിക്കുന്നു, ഭിന്നിപ്പു പ്രത്യക്ഷപ്പെടുന്നു. ഈ അവസ്ഥ സ്വാൎത്ഥബുദ്ധികൊണ്ടു വന്നുകൂടുന്നതാണ്. സ്വാൎത്ഥം കൂടുമ്പോൾ 'എനിക്കു പരാപേക്ഷ വേണ്ട, ഞാൻ സ്വതന്ത്രനാണ്, എനിക്കു എന്തിനും ശക്തിയുണ്ടു്', എന്നെല്ലാം വിചാരിച്ചുതുടങ്ങും. പ്രകൃതിനിയമം പരാൎത്ഥപ്രധാനമായിട്ടുള്ളതാണെന്നു് അവർ കാണുന്നില്ല. പരാൎത്ഥബുദ്ധിതന്നെയാണ് സ്വാൎത്ഥലാഭത്തിനുള്ള ഉത്തമമാൎഗ്ഗമെന്നും അവരറിയുന്നില്ല.

വികൃതമായ വിദ്യാഭ്യാസം, അനാവശ്യമായ ചെലവുകളോടും പരിഷ്കാരഭ്രമത്തോടും തൊഴിലില്ലായ്മയോടും സഹകരിക്കുവാൻ തുടങ്ങിയപ്പോൾ ഈ സ്വാതന്ത്ര്യമെന്ന സ്വാൎത്ഥത്തിനു ചിറകുവെയ്ക്കുകയാണുണ്ടായിട്ടുള്ളതു്. പ്രകൃതിയുടെ മൂലനിയമങ്ങളെ ഉല്ലംഘിക്കുക നിമിത്തമാകുന്നു, ആത്മത്യാഗത്തിനു പകരം പരാൎത്ഥത്യാഗമെന്ന രോഗം ലോകത്തെ ബാധിക്കുവാൻ ഇടയായതു്. ന്യായലംഘനം ചെയ്യുമ്പോഴാണ് മനുഷ്യൎക്കു് നിയമം ആവശ്യമായിത്തീരുന്നതു്. ഈശ്വരന്റെ നിയമം സ്ഥിരവും മനുഷ്യർ നിൎമ്മിക്കുന്ന നിയമം അസ്ഥിരവുമാകുന്നു.

ഈശ്വരനിയമം സത്യത്തെ ആശ്രയിച്ചിരിക്കും. അതിന്നു മാററം വരുന്നതല്ല; മനുഷ്യരുടെ നിയമത്തിനു ഭേദഗതികൾ വന്നുകൊണ്ടിരിക്കും. നിയമലംഘനത്തെ തടുക്കുവാനാണു് മനുഷ്യർ നിയമമുണ്ടാക്കുന്നതു്. ധർമ്മലംഘനം ചെയ്യുന്നവരില്ലായിരുന്നുവെങ്കിൽ അധർമ്മനിവാരണത്തിനുള്ള നിയമങ്ങളും ഉണ്ടാവുന്നതല്ല. സ്വാർത്ഥത്തിനുവേണ്ടിയുള്ള പരാർത്ഥധ്വംസനം ലോകം മുഴുവൻ പരന്നുകഴിഞ്ഞിരിക്കുന്നുവെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഈ രോഗം രൂഢമായി ലോകം ക്ഷയോന്മുഖമായിത്തീൎന്നിരിക്കുന്നു. ഈ രോഗത്തിൻെറ ഉപദ്രവങ്ങൾ പലമുഖങ്ങളായി ലോകത്തിൽ കാണാവുന്നതാണു്. ബലവത്തുക്കളായ ഉപദ്രവങ്ങൾക്കുള്ള ശമനൗഷധം കണ്ടുപിടിക്കുന്നതിലാണു് ലോകത്തിൻെറ ഇപ്പോഴത്തെ ശ്രമങ്ങൾ മിക്കതും കണ്ടുവരുന്നതു്.

പരസ്പരസഹായസംഘങ്ങളുടെ ഉദ്ദേശ്യം മനുഷ്യരിൽ ഒരുമയും സത്യവും മര്യാദയും വർദ്ധിപ്പിക്കുകയാണെന്നു് ഒരു സഹകാരി എന്നോടു പറയുകയുണ്ടായി. ഈ ധർമ്മലംഘനം ഇല്ലാതിരുന്നുവെങ്കിൽ, പരസ്പരസഹായസംഘങ്ങളുടെ ആവിർഭാവത്തിന്നു അവകാശമുണ്ടായിരുന്നില്ല. എന്നാൽ, ലോകത്തിൻെറ ദുഃസ്ഥിതി പരിഹരിക്കുവാനും അഭിവൃദ്ധി സമ്പാദിക്കുവാനും ഇങ്ങനെയുള്ള സംഘങ്ങളുടെ സഹായംകൂടാതെ ഇക്കാലത്തുതന്നെയല്ല മേലിലും സാധിക്കയില്ലെന്നു സ്പഷ്ടമാകുന്നു. സുഖഭോഗങ്ങളിലും ധനാർജ്ജനത്തിലും ആസക്തരായ ജനങ്ങളെ സന്മാർഗ്ഗത്തിൽ നയിക്കുവാൻ അവരുടെ ആഗ്രഹങ്ങളെ നിവൎത്തിക്കാൻ, പരസ്പരസഹായംതന്നെയാണു് എളുപ്പവഴിയെന്നു ബോധ്യപ്പെടുത്തിക്കൊടുക്കണം. തൊഴിലില്ലായ്മയെ പരിഹരിക്കുവാനും ജനങ്ങളുടെ ഉപജീവനം സുഗമമാക്കിത്തീൎക്കാനും, പരസ്പരസഹായസംഘങ്ങൾ ഏററവും ഉപകാരപ്രദങ്ങളായിത്തീരുന്നതാണു്.

മംഗളമാല] [അപ്പൻതമ്പുരാൻ

അഭ്യാസം

1. മനുഷ്യജീവിതത്തിൽ സഹകരണം അത്യന്താപേക്ഷിതമാണെന്നു തെളിയിക്കുക.
2. പ്രകൃതിയിൽ കാണുന്ന വസ്തുക്കൾ മുഴുവൻ പരസ്പരസഹകരണത്തെ ആശ്രയിച്ചാണു് വൎത്തിക്കുന്നതെന്നു സമർത്ഥിക്കുക.
3. തത്ഭവം, തത്സമം—ഇവയെ വിവരിച്ചുദാഹരിക്കുക.
4. തീരുക, ധരിക്കുക—ഇവയുടെ പ്രയോജകരൂപം എഴുതുക.
5. തൊഴിലില്ലായ്മ, അടക്കം—ഇവ ഏതു തരത്തിൽപ്പെട്ട കൃത്തുകളാണെന്നു പറയുക.

പാഠം 12

ആ കണ്ണീർക്കണങ്ങൾ

[പി. കെ. പരമേശ്വരൻനായർ—സ്വദേശം അമ്പലപ്പുഴ. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ ഗുമസ്തനായി സർക്കാർ സർവ്വീസിൽ പ്രവേശിച്ചു. ഒടുവിൽ മലയാളം ലെക്സിക്കൻ ആഫീസിൽ ജോലിയിലിരിക്കുമ്പോഴാണു് പെൻഷൻ പററിയതു്. സാഹിത്യപഞ്ചാനനൻ, സി. വി. രാമൻപിള്ള, മഹാത്മാഗാന്ധി, സാഹിത്യസമീക്ഷകൾ, മലയാളസാഹിത്യചരിത്രം, ആധുനികമലയാളസാഹിത്യം, ഭാവരശ്മികൾ മുതലായവയാണു് കൃതികൾ. 'സാഹിത്യപഞ്ചാനനൻ' എന്ന ജീവചരിത്രഗ്രന്ഥത്തിനു് തിരുവിതാംകൂറും മദ്രാസും സർവ്വകലാശാലകളിൽനിന്നു് സമ്മാനം കിട്ടിട്ടുണ്ടു്.]

"ശുഭ്രമായ ഖദർവസ്ത്രത്താൽ ആച്ഛാദനംചെയ്യപ്പെട്ടിരുന്ന കസ്തൂർബായുടെ മൃതശരീരം ശവമഞ്ചത്തിൽനിന്നു ചിതയിലേക്കിറക്കിയപ്പോൾ ഗാന്ധിജിയുടെ നയനങ്ങൾ നിറഞ്ഞു; അദ്ദേഹം ഉത്തരീയത്താൽ കണ്ണീർ തുടയ്ക്കുന്നതു കാണപ്പെട്ടു." ഇപ്രകാരമാണു് അസോഷ്യേററഡ് പ്രസ്സിൻെറ റിപ്പോർട്ടിൽ ആ രംഗത്തെപ്പററി പ്രസ്താവിച്ചിരുന്നതു്.

ഗാന്ധിജി, ജിതേന്ദ്രിയനായ ആ യോഗിവര്യൻ, കണ്ണീർവാർത്ത അസാധാരണ സംഭവം ആരും അവിശ്വസിക്കാനാണു് എളുപ്പം. ദീർഘകാലത്തെ ആ മനശ്ശിക്ഷണം, കൊടുംയാതനകളെ നിർവ്വികാരനായി നേരിട്ടും അനുഭവിച്ചും സമ്പാദിച്ച ആ സർവ്വംസഹത്വം, സർവ്വതോമുഖമായ ആ നിർമ്മമത്വം, മരണത്തിൻെറ മടിത്തട്ടുമായുള്ള ആ നിതാന്ത സാഹചര്യം—ഇതെല്ലാം ഒരു നിമിഷനേരത്തേയ്ക്കു് എവിടെപ്പോയി മറഞ്ഞു? സബർമതിയിലെ ആ മഹായോഗി ബാഷ്പാവിലനേത്രനാകയോ?

പക്ഷേ, ഇതുപോലെയുള്ള സംഭവങ്ങൾ അഭൂതപൂർവ്വങ്ങളല്ല. സംയമപടുക്കളായ മഹർഷിമാരും ലോകോത്തര പരാക്രമികളായ ധീരപുരുഷന്മാരും ചിലപ്പോഴൊക്കെ കരഞ്ഞുപോയിട്ടുണ്ടു്. താൻ വളർത്തിയ ഓമൽപ്പുത്രിയുടെ വേർപാടിൽ ഗദ്ഗദകണ്ഠനും ബാഷ്പാകുലനേത്രനുമായി നിന്ന കണ്വമഹാമുനിയെപ്പററി നാം കേട്ടിട്ടുണ്ടല്ലോ. ഒരു ബാല്യകാലസഖാവിൻെറ ദൈന്യംപൂണ്ട വരവുകണ്ട ശ്രീകൃഷ്ണൻ—ജീവിതത്തിലൊരിക്കലും കരഞ്ഞിട്ടില്ലാത്ത ആ ധീരപുരുഷൻ—കണ്ണുനീരണിഞ്ഞില്ലേ? അപഥസഞ്ചാരിണിയെങ്കിലും, അവസാനകാലത്തു തന്നിൽ സ്നേഹസംപൂർണ്ണമായ ഹൃദയമർപ്പിക്കുവാൻ കഴിഞ്ഞ ഒരു സ്ത്രീയുടെ ശ്മശാനഭസ്മത്തിൽ,

ജിതേന്ദ്രിയനായ ഒരു ബുദ്ധശിഷ്യന്റെ കണ്ണിൽനിന്നു്, ആമലകീ ഫലംപോലെ ബാഷ്പകണങ്ങൾ അടന്നുവീണില്ലേ ?

ഇതെല്ലാം അസാധാരണ രംഗങ്ങളാണു്. അനവധി കാലങ്ങളുടെ അന്തരാളത്തിൽ, വിവിധപരിതഃസ്ഥിതികളിൽ, സംഭവിച്ചിട്ടുള്ളവയുമത്രെ. എന്നാൽ, ഇവയിലെല്ലാം പ്രവത്തിച്ചതു് ഒരേവികാരം, ഒരേ ശക്തി, ഒരേ തത്വം ആകുന്നു. യുഗയുഗാന്തരങ്ങളിലും മനുഷ്യനെ ഭരിക്കുന്ന ആ ശക്തി, സ്നേഹം തന്നെയാണു് ഈ വിവിധ സംഭവങ്ങളുടേയും ഏകകാരണമായി പ്രവത്തിച്ചതു്. ആഗാഖാൻ കൊട്ടാരത്തിലെ പ്രശാന്തപരിസരങ്ങളിൽവെച്ചു് മഹാത്മാഗാന്ധിക്കു് ഉണ്ടായ ബാഷ്പോദ്ഗമത്തിനും കാരണം ഈ സ്നേഹശക്തിയല്ലാതെ മറെറാന്നുമല്ല. ഏതൊരു ധീരചിത്തമാണു് നിമ്മലസ്നേഹത്തിന്റെ ഉറവുകളിൽ ആർദ്രമായിത്തീരാത്തതു്? ഗാന്ധിജിയും അതിനു് അതീതനല്ലെന്നു മാത്രമേ ആ സംഭവം സൂചിപ്പിക്കുന്നുള്ളു.

മനോബലത്തിന്റെയും ശിക്ഷണശക്തിയുടെയും സംയമശീലത്തിന്റെയും മൂത്തിമദ്ഭാവമാണു് മഹാത്മജി. ശാന്തിയുടെ ആവാസഗേഹമാണു് ആ മനസ്സു്. ആ ബുദ്ധിവൈഭവം അഗാധമത്രെ. ലോകത്തിലെ ഒന്നാംകിട രാജ്യതന്ത്രജ്ഞന്മാരെ നിൽക്കുന്ന നിൽപ്പിൽ സ്തബ്ധവൃത്തികളാക്കുന്ന വിദ്യകൾ അവിടെക്കറിയാം. പ്രശാന്തമെങ്കിലും ഭീകരമായ ഒരു ശക്തികേന്ദ്രമാണു് ആ കൊച്ചു മനുഷ്യൻ ഈ നിലകളിൽ ചിന്തിക്കുമ്പോൾ അദ്ദേഹം സാമാന്യലോകത്തിനു് എത്രയോ വിദൂരനും അനഭിഗമ്യനുമാണു്. ആ മഹോന്നതസ്ഥിതിയിൽ നാം അദ്ദേഹത്തെ ആരാധിക്കുന്നതല്ലാതെ അങ്ങോട്ടു് അടുക്കുന്നില്ല. ദൂരെനിന്നു് കൈതൊഴുതു പിൻവാങ്ങി മാറുന്നു.

എന്നാൽ ഈ അധൃഷ്യപുരുഷനെ അടുത്തു കാണ്മാൻ കഴിയുന്ന അവസരങ്ങളും ഉണ്ടു്. ആഗാഖാൻ കൊട്ടാരത്തിലെ ശ്മശാനരംഗം അപ്രകാരമുള്ള ഒരു ഘട്ടമായിരുന്നു. മഹാദേവദേശായിയുടെ ചിതാമണ്ഡപത്തിൽ ഗാന്ധിജി പുഷ്പമാല്യം അർപ്പിച്ചുവന്നതായി നാം കേട്ടു. ഇപ്പോൾ കസ്തൂർബായുടെ അവസാനവേർപാടിൽ ബാഷ്പധാര നിയന്ത്രിക്കുവാൻ അദ്ദേഹത്തിനു കഴിയുന്നില്ല. ഇങ്ങനെയുള്ള ഘട്ടങ്ങളിലാണു് നാം ഗാന്ധിജിയെ ഏററവും അടുത്തറിയുന്നതു്. സാമാന്യമനുഷ്യനു് അദ്ദേഹവുമായി സാരമായ സമാനധമ്മങ്ങൾ ഉണ്ടെന്നു് ഈ സംഭവങ്ങൾ വിളിച്ചറിയിക്കുന്നു. ഈ ദൗർബ്ബല്യപ്രകടനങ്ങൾ മനോബലത്തിന്റെ കുറവുകൊണ്ടുള്ളവയാണെന്നു വല്ലവരും പറഞ്ഞാൽത്തന്നെയും, ആ കുറവു് ആ മഹാപുരുഷനു് ഒരു അലങ്കാരമായേ നാം

കരുതുന്നുള്ളൂ. വാസ്തവത്തിൽ ഇതൊക്കെ മനസ്സിൻെറ ദൗർബ്ബല്യത്തേക്കാൾ സ്നേഹത്തിൻെറ ഗരിമാവിനെയല്ലേ പ്രദ്യോതിപ്പിക്കുന്നതു് ?

ശ്മശാനകർമ്മങ്ങൾക്കുശേഷം എല്ലാവരും പിരിയവേ, നിസ്സഹായനെന്നപോലെ തൻെറ വടിയുമൂന്നി ക്ഷണനേരത്തേക്കു ചിന്താമഗ്നനായി നിലകൊണ്ട ഗാന്ധിജിയുടെ അന്തരംഗത്തിൽ എന്തെല്ലാം വിചാരതരംഗങ്ങളായിരിക്കാം അലതല്ലിയതെന്നു് ആർക്കറിയാം? ഒരുപക്ഷേ അറുപതു ദീർഘസംവത്സരക്കാലത്തെ ആ ദാമ്പത്യജീവിതത്തിലെ പല സംഭവചിത്രങ്ങളും ഭാവനാസമ്പന്നമായ ആ ഹൃദയയവനികയിലൂടെ ചലച്ചിത്രത്തിലെന്നപോലെ കടന്നുപോയിരിക്കാം. കൗമാരദശ കഴിഞ്ഞയുടൻ പരസ്പരബദ്ധരായിത്തീർന്ന സമവയസ്കരായ ആ ദമ്പതിമാർക്കു്, വിവാഹജീവിതത്തിൻെറ മധുരസ്വപ്നങ്ങളൊന്നും ആസ്വദിക്കുവാൻ അവസരം ലഭിച്ചില്ല. വിവാഹമണ്ഡപത്തിൽനിന്നു മിക്കവാറും വിരഹത്തിൻെറ വിജനതയിലേക്കും, അനന്തരം, സമരത്തിൻെറ ഭീകരതയിലേക്കുമാണു് അവർ പ്രവേശിച്ചതു്. ജീവിതത്തിൻെറ മാധുര്യം ആസ്വദിക്കുന്നതിനല്ല, അതിൻെറ തിക്ത പരീക്ഷണങ്ങളെ നേരിടുന്നതിനാണു്, ആ ദമ്പതിമാർ വിവാഹമണ്ഡപത്തിൽവെച്ചു് കൈകോർത്തതു്. ജീവഗ്രാഹികളായ എത്ര മഹാസംഭവങ്ങൾ ആ അറുപതു മഹാസംവത്സരങ്ങൾ ദർശിച്ചു! അവയെല്ലാം ഒരേ ഹൃദയത്തോടെ, ഒരേ ആത്മാവോടെ, അവർ നേരിട്ടു.

എന്നാൽ, ആദ്യഘട്ടത്തിൽ അവർ തമ്മിലുണ്ടായിരുന്ന സ്വഭാവാന്തരം കുറച്ചൊന്നുമായിരുന്നില്ല. യാഥാസ്ഥിതികകുടുംബത്തിൽ ജനിച്ചു നിരക്ഷരയായി വളർന്നുവന്ന ഒരു ബാലികയാണു് ശൈശവദശയിൽതന്നെ ഏററവും കർക്കശനായ ഒരു സത്യാന്വേഷണപരീക്ഷകൻെറ സഹധർമ്മിണീപദത്തിൽ ചെന്നുപെട്ടതു്. അദ്ദേഹം പരീക്ഷണങ്ങളിൽനിന്നു പരീക്ഷണങ്ങളിലേക്കു ത്വരിതഗതിയിൽ പോകുമ്പോൾ ആ സാധ്വിയുവതി കണ്ണുനീർ വാർക്കേണ്ടിവന്നിട്ടുണ്ടു്; എന്താണു് ചെയ്യേണ്ടതെന്നറിയാതെ അമ്പരന്നു നിരാധാരയായി നിന്നുപോയിട്ടുണ്ടു്. ദക്ഷിണാഫ്രിക്കയിൽവെച്ചു പഞ്ചമനുപോലും ദാസ്യവൃത്തി ചെയ്യുവാൻ ഭർത്താവു വിധിച്ചു. അവർ കണ്ണുനീരോടെ അതനുസരിച്ചു. സ്വല്പം വിസമ്മതിച്ചപ്പോൾ അവർ പടിക്കുപുറത്തു നിഷ്കാസിതയാകുമെന്ന ദിക്കായി. ആഭരണങ്ങളോ പരിഷ്കൃതരീതിയിലുള്ള വസ്ത്രധാരണമോ അവർക്കു

നിഷിദ്ധമായിരുന്നു. ഒരിക്കൽ പൊതുജനങ്ങൾ ഭർത്താവിനു സംഭാവനചെയ്ത വിലപിടിച്ച ഉരുപ്പടികൾ അവൾക്കു സ്വന്തമായി വേണമെന്നു് ആഗ്രഹമുണ്ടായിരുന്നു; എന്നാൽ ഭർത്താവു് അവയും പൊതുക്കാര്യത്തിനു് മുതൽ കൂട്ടുവാനാണു് നിശ്ചയിച്ചതു്. വാസ്തവത്തിൽ, ഇത്ര കർക്കശനായ ഒരു ഭർത്താവിൻെറ ഭാര്യാപദവിക്കുള്ള തലയിലെഴുത്തു് ചുരുക്കം സ്ത്രീകൾക്കേ ഉണ്ടായിരുന്നിരിക്കാൻ ഇടയുള്ളൂ.

എന്നാൽ, അവസാനത്തിൽ, അഥവാ അധികം ആകുന്നതിനു മുൻപുതന്നെ കസ്തൂർബാ ഗാന്ധിയുടെ തത്ത്വസരണിയിൽ മരുങ്ങിക്കഴിഞ്ഞു; അത്രതന്നെയല്ല, അതിൽ ഒരു വിദഗ്ദ്ധ സഹചാരിണിയായി അവർ പ്രശോഭിക്കതന്നെ ചെയ്തു. എത്ര കഠോരപരീക്ഷണങ്ങളും ഒടുവിലൊടുവിലായപ്പോൾ അവക്കു നിരായാസമായി, ആനന്ദകരമായി. ഭർതൃമാർഗ്ഗാനുസരണമാണു് ജീവിതധർമ്മമെന്നുള്ള ദൃഢവിശ്വാസം എപ്പോഴും ഉണ്ടായിരുന്നതിനാൽ കസ്തൂർബായ്ക്കു് "എത്രയും കൂർത്തുമൂർത്തുള്ള കല്ലും മുള്ളും" പുഷ്പാസ്തൃതങ്ങളായ പട്ടുമെത്തകളായിട്ടാണു് തോന്നിയതു്. ക്രമേണ ഗാന്ധിജിതന്നെ അവരോടു തോററുതുടങ്ങി. അവരുടെ ഭക്തിയും ശുശ്രൂഷാപാടവവും ശിശുസഹജമായ ഹൃദയനൈർമ്മല്യവും അദ്ദേഹത്തെ നിശ്ശേഷം കീഴടക്കി.

കസ്തൂർബാ ഒരു സമരോത്സുകയായിരുന്നില്ല. ഒരു പ്രസ്ഥാനത്തെ തുടരുന്നതിനോ നയിക്കുന്നതിനോ അവക്കുള്ള കഴിവുകൾ പരിമിതമായിരുന്നു. എങ്കിലും ദാമ്പത്യസാമ്രാജ്യത്തിൽ അവർ ഒരു ചക്രവർത്തിനിതന്നെയായി, ഗാർഹസ്ഥ്യധർമ്മത്തിൽ അവർ സുപ്രസിദ്ധകളായ പൗരാണിക ഭാരതീയ വനിതകളെപ്പോലും പശ്ചാൽകരിച്ചു.

ബുദ്ധിവൈഭവത്തിലോ മനശ്ശക്തിയിലോ പ്രവൃത്തികുശലതയിലോ ഗാന്ധിജിയും കസ്തൂർബായുമായുള്ള അന്തരം അസാധാരണമായിരുന്നു. എന്നാൽ, പരമസാന്ദ്രമായ ആ ഹൃദയൈക്യത്തിൽ ആവക അസമാനതകളെല്ലാം അന്തർദ്ധാനംചെയ്തു. ഗാന്ധിജി ബുദ്ധിയും മനോബലവുംകൊണ്ടു സ്ഥാപിച്ചതിനെ കസ്തൂർബാ സ്നേഹവും സേവനവുംകൊണ്ടു കീഴടക്കി. കസ്തൂർബായുടെ നിർമ്മലവും സ്ഫടികസങ്കാശവുമായ ഹൃദയത്തിൻെറ മുമ്പിൽ ഗാന്ധിജിക്കും ഒരു എളിമയേ തോന്നിയിരുന്നുള്ളൂ.

ഗാന്ധിജി, സാഗരഗംഭീരനാണു്; പർവ്വതോന്നതനാണു്; വിഹായസവിശാലനാണു്. കസ്തൂർബായോ? കേവലം ഒരു

സാധാരണ സ്ത്രീ; ഒരു ഉത്തമ ഗൃഹനായിക മാത്രം. എന്നാൽ പവ്വതത്തെ പരമാണു ഗ്രസിച്ചതായ ഒരു കാഴ്ചയാണ് ആ ദാമ്പത്യജീവിതത്തിൽ നാം കാണുന്നതു്. മഹാസാഗരം ചെറുസരസ്സിനു കപ്പം കൊടുക്കുകതന്നെ ചെയ്തു. വിഹായസ്സിന്റെ വിശാലത മുഴുവൻ ഉൾക്കൊണ്ട ഒരു ചെറുചെപ്പായിരുന്നു കസ്തൂർബാ. ഇതത്രേ സ്നേഹത്തിന്റെ മഹേന്ദ്രജാലം, സേവനത്തിന്റെ സവ്വങ്കഷത്വം.

ശ്മശാനഘട്ടത്തിലെ കണ്ണീർക്കണങ്ങളുടെ പൊരുളും ഇതു തന്നെ. ആ കണ്ണീർക്കണങ്ങൾ ക്ഷണികങ്ങളായിരുന്നിരിക്കാം; എന്നാൽ, അവയെ ഉദ്ഗമിപ്പിച്ച ശക്തി അനശ്വരമാണ്.

ഭാവരശ്മികൾ] [പി. കെ. പരമേശ്വരൻനായർ

അഭ്യാസം

1. ശ്മശാനഘട്ടത്തിൽവെച്ചു ഗാന്ധിജി തൂകിയ കണ്ണീർക്കണങ്ങളുടെ പൊരുളെന്തു്?
2. 'യുഗയുഗാന്തരങ്ങളിലും മനുഷ്യനെ ഭരിക്കുന്ന ശക്തി സ്നേഹംതന്നെയാണ്' വിവരിക്കുക.
3. സന്ധിച്ചേത്തെഴുതുക :—മനഃ+ശിക്ഷണം; കൺ+നീർ ; പൊതു+കാര്യം.
4. 'അവരുടെ ഹൃദയനൈമ്മല്യം അദ്ദേഹത്തെ കീഴടക്കി' കമ്മണി പ്രയോഗമാക്കുക.
5. എളിമ, വലിപ്പം, വിസ്തൃതത്വം—ഇവ ഏതുതരത്തിലുള്ള തദ്ധിതമാണെന്നു പറയുക.

പാഠം 13

ബർണ്ണാഡ്ഷാ

[ജോസഫ് മുണ്ടശ്ശേരി—തൃശ്ശൂർ സെൻറ്തോമസ്സ് കാളേജിലെ മലയാളവിഭാഗത്തിന്റെ തലവനായിരുന്നു. ഇടയ്ക്കു് രാഷ്ട്രീയത്തിൽ പ്രവേശിച്ചു കേരളഗവണ്മെൻറിൽ വിദ്യാഭ്യാസമന്ത്രിവരെയായി. മലയാളത്തിലെ നിരൂപണശാഖയിൽ വ്യക്തിമുദ്ര പതിച്ച ഒരാളാണ് ഇദ്ദേഹം. കൈരളി, മംഗളോദയം മുതലായ മാസികകളുടെ സാഹിത്യനായകനായിരുന്നു കുറേക്കാലം. കാവ്യപീഠിക, അന്തരീക്ഷം, മാറ്റൊലി, കരിന്തിരി, രാജരാജന്റെ മാറ്റൊലി, വായനശാലയിൽ മൂന്നുഭാഗം, പ്രൊഫസ്സർ, കൊന്തയിൽനിന്നു് കുരിശ്ശിലേയ്ക്കു് മുതലായവയാണ് പ്രധാന കൃതികൾ.]

ബർണ്ണാഡ്ഷാ മരിച്ചിട്ടു് അനുശോചനക്കുറിപ്പെഴുതിയപ്പോഴും ഇംഗ്ലണ്ടിലെ പത്രാധിപന്മാരുടെ പേനയിൽ വെറുപ്പും അരിശവും വറ്റാതെ ബാക്കിനിന്നിരുന്നു—ആരായാലും മരിച്ചാൽ നല്ലതേ പറയാവൂ എന്നുള്ള പൊതുമര്യാദയെ അവഗണിച്ചു

കൊണ്ടു്, അപ്പൊഴും അങ്ങനെ തേട്ടിത്തേട്ടിവരുന്നുണ്ടെങ്കിൽ, അദ്ദേഹം ജീവിച്ചിരുന്ന കാലത്തു് ആ സംസ്കാരത്തിൻെറ മേൽനോട്ടക്കാർക്കുണ്ടായിരുന്ന വെറുപ്പും അരിശവും എത്രയായിരിക്കണം! വിടുവായൻ, വീമ്പൻ, വിടുവിഡ്ഢി, കോമാളി, പോക്കിരി, വിശ്വാസഘാതകൻ—ഇങ്ങനെയൊക്കെ വിളിച്ചു്, ഈ സൊല്ല ഒഴിയുന്നില്ലല്ലോ എന്നു ഷായെപ്പററി പരാതിപ്പെട്ടിരുന്നു. പാരമ്പര്യൈകജീവികളാകാൻ ഇഷ്ടപ്പെട്ടിരുന്ന ഇംഗ്ലീഷുകാർ, മാക്സിൻെറ പ്രസിദ്ധമായ ഒരു കാർട്ടൂണിൽ ഷായെ തലകുത്തിനിർത്തി അന്തരീക്ഷത്തിൽ കാലിട്ടിളക്കുന്നവനായി ചിത്രപ്പെടുത്തിട്ടുണ്ടു്. എന്തായാലും വേണ്ടില്ല, എപ്പോഴായാലും വേണ്ടില്ല, പതിവിനു വിപരീതമേ ഷായ്ക്കുള്ളു എന്നർത്ഥം. ഇതിൽനിന്നെല്ലാം മനസ്സിലാക്കാനുള്ളതു് ഒന്നാണു്—ഷാ അദ്ദേഹത്തിൻെറ കാലഘട്ടത്തെ സുധീരം അതിക്രമിച്ചും വെല്ലുവിളിച്ചും ജീവിച്ച ഒരു മഹാനാണു്; തൻെറ തലമുറയ്ക്കു തലവേദനയുണ്ടാക്കുകയും അനന്തരതലമുറകൾക്കു് ചിന്തിക്കുവാൻ തൻെറ ടംകൊടുക്കുകയും ചെയ്യുഎന്നുള്ളതിൽ കൃതാർത്ഥനായി കടന്നുപോയൊരു മഹാൻ.

പ്രത്യേകിച്ചൊരു രംഗത്തുമാത്രം പ്രവർത്തിച്ചോ പ്രത്യേകിച്ചൊരു വിഷയത്തിൽമാത്രം പ്രാഗത്ഭ്യം കാണിച്ചോ വിളിപ്പെട്ടൊരു വ്യക്തിയല്ല ബർണ്ണാഡ്ഷാ. അദ്ദേഹത്തെപ്പററി ചോദിച്ചാൽ അദ്ദേഹം ഇന്നതാണു് എന്നു് ഒററവാക്കിൽ സംഗ്രഹിക്കത്തക്കവണ്ണം ഒതുങ്ങിയ ഒരാളല്ല അദ്ദേഹമെന്നർത്ഥം. ഒരു വ്യക്തിയെന്നതിലുമധികം നാനാവകുപ്പുകളോടുകൂടിയ ഒരു മഹാസ്ഥാപനമാണദ്ദേഹം. ആകെക്കൂടി എന്തു സ്വഭാവമാണെന്നു നിർവ്വചിക്കുവാൻ നിവൃത്തിയില്ലാത്തവിധം പലമാതിരി വൃക്ഷങ്ങളും വള്ളികളും ഇടതിങ്ങി കൊളുത്തിപ്പിടിച്ചങ്ങനെ കിടക്കുന്ന ഒരു വൻകാടിനോടു് അദ്ദേഹത്തെ ഒരു നിരൂപകൻ ഉപമിച്ചതായി ഓർക്കുന്നു. ഗദ്യകാരൻ, ലഘുലേഖാവിദഗ്ദ്ധൻ, തർക്കപ്രിയൻ, പ്രാസംഗികൻ, ഫലിതക്കാരൻ, രാഷ്ട്രീയചിന്തകൻ, തത്ത്വജ്ഞാനി, പൊതുപ്രവർത്തകൻ, നാടകകർത്താവു്—ഇങ്ങനെ എത്രയോ നിലകളിൽ ഷായുടെ പ്രശസ്തസേവനം ഉണ്ടായിട്ടുണ്ടു്.

ബർണ്ണാഡ്ഷാ ജനിച്ചതു് 1856 ജൂലായ് 26-ാം തീയതി അയർലണ്ടിൽ ഡബ്ളിൻ എന്ന സ്ഥലത്താണു്—വലിയ സ്ഥിതിയൊന്നുമില്ലാത്ത ഒരിടത്തരം കുടുംബത്തിൽ. അത്ര വളരെ പഠിച്ചു കേമനായിട്ടൊന്നുമല്ല അദ്ദേഹം ജീവിതത്തിലേക്കു കടന്നുവന്നതു്. കുടുംബസ്ഥിതി അതിനൊന്നും അനുവദിച്ചിരി

ക്കാനിടയില്ലല്ലോ. നരച്ച പാരമ്പര്യത്തിൻെറ ഉടമയിൽ അഭിമാനംകൊണ്ടിരുന്ന വിക്ടോറിയൻയുഗം, പൊട്ടിത്തെറിക്കുന്ന അഭിപ്രായങ്ങളെ നിർഭയം ആരുടേയും മുഖത്തേക്കു വലിച്ചെറിയുവാൻ ചെറുപ്പത്തിലെ ഉത്സുകനായിരുന്ന ഷായെ ഉൾക്കൊള്ളുന്നതിനു പററിയതല്ലായിരുന്നു. എങ്കിലും ജീവിക്കണമല്ലോ എന്നു കരുതി അദ്ദേഹം ഒട്ടൊക്കെ പരിതഃസ്ഥിതിക്കു വഴങ്ങി പെരുമാറാമെന്നുവെച്ചു. പല ചില്ലറ ഉദ്യോഗങ്ങളും അദ്ദേഹം നോക്കി. പക്ഷെ, ഒന്നിലും അദ്ദേഹം ഉറച്ചില്ല. ഏതിൻെറയും കുടുസ്സായ വായിൽനിന്നു തെള്ളിത്തെറിക്കുന്ന എന്തോ ഒന്നുണ്ടായിരുന്നു അദ്ദേഹത്തിൽ. ഇണങ്ങാൻ കൂട്ടാക്കാത്ത ജന്തുവെ കൂട്ടിലിട്ടടച്ചാലുണ്ടോ ഒതുങ്ങുന്നു? ഒടുവിൽ എഡിസൻ ടെലിഫോൺ കമ്പനിയിലെ ജോലിയും വലിച്ചെറിഞ്ഞു വീട്ടിലേക്കു മടങ്ങി. പിന്നെ ഒരൊൻപതു കൊല്ലത്തേക്കു് അവിടെയിരുന്നു് എഴുത്തുതന്നെ എഴുത്തു്—നോവലെഴുത്തു്. അതിനിടയ്ക്കു് അഞ്ചു നോവലെഴുതിയത്രെ ആകപ്പാടെ. - ഒന്നെങ്കിലും ഏറെറടുത്തു പ്രസിദ്ധപ്പെടുത്തുവാൻ ആളുണ്ടായില്ല. പൂർവ്വവിശ്വാസങ്ങളിൽ പലതിനേയും ചോദ്യംചെയ്യുന്ന ആശയങ്ങൾ ഉൾക്കൊള്ളുന്നു എന്നതിൻെറ പേരിലാണു് ഷാ തൻെറ നോവലുകൾക്കു വിലയിരുത്തിയിരുന്നതു്. പക്ഷെ, ജനസാമാന്യത്തിൻെറ അന്ധവിശ്വാസങ്ങളെപ്പോലും വിററു കാശാക്കുവാൻ കാത്തിരുന്ന പ്രസാധകന്മാരുണ്ടോ, അമ്മാതിരി കൃതികളെ സ്വാഗതംചെയ്യുന്നു? അങ്ങനെ സ്വപ്രയത്നത്തിൻെറ ഫലമുണ്ടു ജീവിക്കുവാൻ ആവില്ലെന്നായപ്പോൾ അദ്ദേഹം അമ്മയുടെ തുച്ഛസമ്പാദ്യത്തിന്മേൽ പററിക്കൂടി. അതിനെപ്പററിയാണദ്ദേഹം പറഞ്ഞതു്, താൻ തന്നെയല്ല ജീവിതത്തിലേക്കു വലിച്ചെറിഞ്ഞതു്, തൻെറ അമ്മയെയാണു്, എന്നു്.

കഥയെഴുത്തിൽ ഗതിമുട്ടിയപ്പോൾ ഷാ പത്രങ്ങളിലേക്കു തുരുതുരെ ലേഖനങ്ങളെഴുതിത്തുടങ്ങി. അധികവും നിരൂപണങ്ങളായിരുന്നു—പ്രധാനമായി ചിത്രമെഴുത്തു്, സംഗീതം, നാടകാഭിനയം എന്നിവയെപ്പററി. അത്ഭുതപൂർവ്വങ്ങളായ പല സിദ്ധാന്തങ്ങളും അവയിലൂടെ പുറത്തിറങ്ങി. അനവധി പേക്കു് മുഖം കറുത്തു എന്നിരുന്നാലും പൊതുവെ വായനക്കാക്കിടയിൽ ഇളകിച്ചിന്തിക്കാനുള്ള ഒരു തൻേറടമുണ്ടായി. അപ്രിയങ്ങളാണെങ്കിലും ഷായുടെ വാക്കുകൾ ശ്രദ്ധിച്ചേ കഴിയൂ എന്നായി അവക്കു്. അതിൽവെച്ചു് ആ കുരുത്താകെട്ട ഐറിഷ്കാരൻ കേൾക്കാൻ കൂട്ടാക്കാത്തവരെ പിടിച്ചു് തൻെറ കേൾവിക്കാരാക്കി; വായിക്കാൻ കൂട്ടാക്കാത്തവരെ പിടിച്ചു് തൻെറ വായനക്കാരുമാക്കി.

അവിടെനിന്നു തുടങ്ങി, ഷായുടെ വിശ്വവ്യാപിയായ വിജയം. പിന്നെ അധികം വൈകിയില്ല, തൻെറ നൂതനസിദ്ധാന്തങ്ങൾ കൊള്ളിച്ചുകൊണ്ടുള്ള നാടകങ്ങൾതന്നെ ഷാ എഴുതിത്തുടങ്ങി. പക്ഷെ, കീൎത്തിയോടൊന്നിച്ചു പണം വളരെയൊന്നും കിട്ടുക യുണ്ടായില്ല, കടുത്ത ദാരിദ്ര്യംതന്നെ അക്കാലത്തു് ചിലപ്പോഴൊക്കെ അദ്ദേഹത്തിനു് അനുഭവപ്പെട്ടിരുന്നുവത്രെ. നാടകങ്ങൾ അരങ്ങേറേണ്ട ദിക്കായപ്പോൾ കരാറെടുത്തിരുന്ന കമ്പനിക്കാർ പതുക്കെയങ്ങു പിൻവാങ്ങിക്കളഞ്ഞു. വിവാദമാത്രാത്മകങ്ങളായ അദ്ദേഹത്തിൻെറ കൃതികൾ ഒന്നുരണ്ടെണ്ണം ഏതാനും ദിവസത്തെ റിഹേഴ്സലിനുശേഷം അരങ്ങത്തു ശോഭിക്കുന്നവയല്ലെന്നു പറഞ്ഞു് കമ്പനിപ്രവൎത്തകന്മാർ നിഷ്കരുണം തള്ളിക്കളഞ്ഞു.

പത്തുനാല്പതു വയസ്സോളം പണിപ്പെട്ടിട്ടേ ഷായ്ക്കു നാടകക്കമ്പോളത്തിൽ നില്പ്ക്കള്ളി കിട്ടിയുള്ളു. അതിനകം ഒരു നിരൂപകൻെറയും ചിന്തകൻെറയും നിലകളിൽ അദ്ദേഹം കൈക്കലാക്കിക്കഴിഞ്ഞിരുന്ന പ്രശസ്തി, അങ്ങനെയിരിക്കെ വിജയിച്ചുവശായ അദ്ദേഹത്തിൻെറ നാടകങ്ങളെ അവയുടെ സ്വന്തമുത്തരവാദിത്വത്തിന്മേൽ ആകാവുന്നിടത്തോളം വേഗത്തിൽ ഉയൎത്തിവിട്ടു. വളരെ താമസിച്ചില്ല, അവയോരോന്നും പിടിച്ചാൽ പിടികിട്ടാത്തമട്ടിലങ്ങു പൊന്തിപ്പൊന്തിപ്പോയി. അവയെ ആക്ഷേപിച്ചവരോടു പൊരുതിനില്പ്പാൻ മററാരെയും പ്രതീക്ഷിച്ചിരിക്കാതെ തന്നെത്തന്നെ പടക്കോപ്പണിയിച്ചിറക്കുകയാണു് അദ്ദേഹം ചെയ്തതു്—വിമൎശകനായ ഷായുടെ പടക്കോപ്പണിയിച്ചു് കേട്ടിട്ടില്ലേ, ഷായുടെ നാടകങ്ങൾക്കു് അദ്ദേഹംതന്നെ എഴുതാറുള്ള നീണ്ട അവതാരികകളെപ്പററി? ആ അവതാരികകളാണു് നാടകങ്ങളെക്കാളുമധികം കേമം എന്നു പരക്കെ ഒരഭിപ്രായംതന്നെയുണ്ടു്. ആ വാളും പരിചയും കണ്ടാൽമതി നാടകങ്ങളെ കടന്നെതിൎക്കാൻ സാമാന്യക്കാരാരും ധൈര്യപ്പെടുകയില്ല. അഥവാ വല്ലവരും പിന്നെ കയറി ദൃസ്സാക്കങ്ങൾക്കൊരുമ്പെട്ടാൽ അവരെക്കൊണ്ടായുധം വെയ്പിച്ചു അടിപണിയിക്കാനുള്ള യുക്തിശരങ്ങൾ അദ്ദേഹത്തിൻെറ ആവനാഴിയിൽ ഒടുങ്ങാതെയുണ്ടായിരിക്കയും ചെയ്യും.

നാടകമെഴുതലും അതിനെ നിരൂപിച്ചൊന്നാംതരമെന്നു സ്ഥാപിക്കലും—ഇതു രണ്ടും ഷാതന്നെ നിൎവ്വഹിച്ചതിനെ ഒരു പൊങ്ങച്ചമായി പലരും പറയാറുണ്ടു്. അതൊന്നും ആ മനുഷ്യൻ വകവെച്ചിരുന്നില്ല. നാല്പതോളം കൊല്ലം മററുള്ളവർ നിസ്സാരമാക്കിത്തള്ളിയിട്ടും വളൎന്നുവന്ന തൻെറ അസാമാന്യമായ യോഗ്യതകളെപ്പററി ഷാക്കു് വേണ്ടുവോളം ആത്മവിശ്വാസവും

മതിപ്പുമുണ്ടായിരുന്നു. അതാണ്, തനിക്കും തൻെറ അഭിപ്രായങ്ങൾക്കും വേണ്ടി ഒരു ക്രിമിനൽ വക്കീലിൻെറ വീറോടുകൂടി അദ്ദേഹം വാദിച്ചതു്. ഏററെക്കുറെ സമശീർഷനായ റസ്സൽ ഉൾപ്പെടെയുള്ള വലിയ എഴുത്തുകാർ കൈനീട്ടി വാങ്ങീട്ടുള്ള ബഹുമതികളോരോന്നിനേയും ബോധപൂർവ്വം നിരസിച്ചു സ്വപരിശ്രമത്താൽ നേടീട്ടുള്ള പ്രതിഭാപ്രകർഷമൊന്നിന്മേൽ ഉറച്ചു നിന്നു പയററാനേ അദ്ദേഹം ഇഷ്ടപ്പെട്ടുള്ളു. തൊഴിലാളിക്കക്ഷിയുടെ ഒന്നാമത്തെ പ്രധാനമന്ത്രിയായിരുന്ന റാംസെ മാക്കഡോണാൾഡ് ഒരു പ്രഭുപദവിയുമായി ഒരിക്കൽ ഷായെ സമീപിച്ചു. അപ്പോഴദ്ദേഹം പറഞ്ഞതിങ്ങനെയാണ്; "ഓ, എന്നെക്കൊണ്ടാവില്ല ഒരു പ്രഭുപദം പേറാൻ. നിങ്ങൾക്കാണെങ്കിൽ, അതിൽക്കുറഞ്ഞ ഒന്നു് സമ്മാനിക്കാനാവുകയുമില്ല."

മാക്കഡോണാൾഡു പറഞ്ഞു:—"അങ്ങനെയാണെങ്കിൽ അങ്ങേക്കു് ഓർഡർ ആഫ് മെരിററ് തന്നേ തീരു."

ഉടനെ ഷാ:—"അതോ, അതു് എത്രയോ മുൻപു ഞാൻതന്നെ കൊടുത്തുകഴിഞ്ഞതല്ലൊ എനിക്കു്."

എഴുതി രസിക്കാൻവേണ്ടി എഴുതുക—അങ്ങനെ ഒരു കമ്പം ഷായ്ക്കുണ്ടായിരുന്നില്ല—പല വലിയ കാര്യങ്ങൾ പറയണമെന്നുണ്ടായിരുന്നു അദ്ദേഹത്തിനു്—മനുഷ്യസമുദായത്തെക്കൊണ്ടു് ആത്മശോധന ചെയ്യിക്കാൻ മതിയായ വലിയ കാര്യങ്ങൾ. എങ്ങനെ പറഞ്ഞാലാണ് അവ മനുഷ്യരുടെ മസ്തിഷ്കത്തിൽ കൊടുങ്കാററുണ്ടാക്കുക എന്നു പരീക്ഷിച്ചു പരീക്ഷിച്ചു് ഒടുവിൽ അദ്ദേഹം നാടകത്തിലെത്തി. നല്ല നാടകത്തിൻെറ പുതിയ കുറെ മാതൃകകൾ രചിക്കുക എന്നതല്ലായിരുന്നു അദ്ദേഹത്തിൻെറ ഉന്നം. തൻെറ അഭിപ്രായങ്ങൾക്കു് നിഷ്പ്രയാസം മററുള്ളവരിലേക്കു കടന്നു ചെല്ലുവാൻ പററുന്ന രീതി കണ്ടുപിടിച്ചപ്പോൾ ഉടലെടുത്ത കലാരൂപത്തെ അദ്ദേഹം നാടകമെന്നു വിളിച്ചു. അത്രമാത്രം. ഉത്തമനാടകങ്ങളെന്ന നിലയ്ക്കു ഷായുടെ കൃതികൾ നിലനില്ക്കുകയില്ലെന്നു റസ്സലിനെപ്പോലുള്ള പല സമകാലിക നിരൂപകന്മാരും പ്രസ്താവിച്ചിട്ടുണ്ടു്. പക്ഷേ, അതിലൊന്നും അദ്ദേഹം കണ്ണിതപ്പെട്ടിട്ടില്ല; ഭാവി ദോഷപ്പെടുത്തുമോ എന്നു ഭയപ്പെട്ടിട്ടുമില്ല. തൻെറ നാടകനിർമ്മാണത്തെപ്പററി അദ്ദേഹം തന്നെ പറഞ്ഞിട്ടുള്ളതു നോക്കു:—

"ഞാനൊരു സാധാരണ നാടകകൃത്തല്ല. വിശ്വാസങ്ങൾക്കും നടപടികൾക്കും വിരുദ്ധമായുള്ള നാടകങ്ങളെഴുതുന്നതിൽ ഒരു വിദഗ്ദ്ധനാണ് ഞാൻ. തങ്ങളുടെ വിശ്വാസങ്ങളേയും സദാചാരദീക്ഷകളേയും പൊതുജനങ്ങളെക്കൊണ്ടു പുനഃപരിശോധന

ചെയ്യിക്കാൻ തുടർച്ചയായി നടത്തിയ സമരംകൊണ്ടാണ് എനിക്കു യശസ്സുണ്ടായതു്. സാമൂഹ്യവും ലൈംഗികവും മററുമായുള്ള കാര്യങ്ങളെ സംബന്ധിച്ച് എനിക്കുള്ള അഭിപ്രായങ്ങളിലേക്കു ജനതയെ മാനസാന്തരപ്പെടുത്തണമെന്നുള്ള ദൃഢപ്രതിജ്ഞയോടു കൂടിയാണ് ഞാൻ നാടകങ്ങളെഴുതുന്നതു്, മററു യാതൊരു പ്രേരണയുമില്ല എൻെറ നാടകരചനാശ്രമത്തിൽ. അതെനിക്കൊരു ജീവനോപായമല്ലതാനും."

ഇത്രയും അസന്ദിഗ്ദ്ധമായി അദ്ദേഹംതന്നെ പറഞ്ഞിരിക്കെ, അദ്ദേഹത്തിൻെറ നാടകങ്ങൾക്ക് ഉദ്ദേശ്യമെന്തെന്നോ അവയുടെ നാടകീയനിലവാരം എവിടെ നില്ക്കുന്നുവെന്നോ അന്വേഷിച്ചു വിഷമിക്കുന്നതു വിഡ്ഢിത്തമാണ്. എന്നുവെച്ച്, ഷായുടെ കൃതികൾ വിശ്വസാഹിത്യത്തിൽ ഒന്നുമല്ലെന്നോ ഒന്നുമായിട്ടില്ലെന്നോ അർത്ഥമാക്കേണ്ടതുമില്ല.

പാത്രവൈചിത്ര്യംകൊണ്ടും സംഭവവൈവിധ്യംകൊണ്ടും മററും അന്ധാളിപ്പിക്കുന്ന നാടകങ്ങൾ കണ്ടുകണ്ട്, നാടകമെന്നു വെച്ചാൽ ഇന്നമാതിരിയായിരിക്കണം എന്നൊരു മുൻവിധിയോടുകൂടി ഹാളിൽ സ്ഥലംപിടിക്കുന്ന പ്രേക്ഷകന്മാരെ ഷായുടെ നാടകങ്ങൾ ഒട്ടൊക്കെ ഇച്ഛാഭംഗപ്പെടുത്തും. വാഗ്വാദാത്മകങ്ങളാണ് അവ മിക്കവാറും. പൊതുവേ ഒരു പരാതിതന്നെയുണ്ട്, ഷായുടെ നാടകങ്ങൾക്കു നാടകീയത്വം വേണ്ടുവോളമില്ലെന്ന്; പക്ഷേ, ഈ പരാതിയെ അതിക്രമിച്ച് ഷായുടെ നാടകങ്ങൾ വീണ്ടും വീണ്ടും അരങ്ങേറി പുതിയൊരു നാടകീയാന്തരീക്ഷത്തെത്തന്നെ സൃഷ്ടിച്ചുകഴിഞ്ഞതിനാൽ, പിന്നീട് അവയും അവയെപ്പോലുള്ള നാടകങ്ങളും കാണവാനായിത്തീൎന്നു ആളുകൾക്കിഷ്ടം. എന്തും തുറച്ചുപറയുക—അതാണ് ഷായുടെ ഏററവും മൂർച്ചയുള്ള ആയുധം. കുറിക്കുകൊള്ളുന്ന ഫലിതങ്ങൾ പൊട്ടിച്ചുകൊണ്ട് അടിച്ചടിച്ചു കയറുന്ന വാദതരംഗങ്ങൾക്കു മുകളിലൂടെ അദ്ദേഹത്തിൻെറ കഥാപാത്രങ്ങൾ സ്വച്ഛന്ദമങ്ങനെ നീങ്ങിനീങ്ങിപ്പോകുന്നതു് കണ്ടുകൊണ്ടിരിക്കാൻ ഒരു രസം വേറെയുണ്ട്; സാധാരണക്കാരുടെ കൈയിലാണെന്നുവരട്ടേ, അമ്മാതിരി വാദധോരണിയിൽവെച്ചു കഥാപാത്രങ്ങൾ മുങ്ങിച്ചാവും. ഷായുടെ മിക്ക കഥാപാത്രങ്ങളും അദ്ദേഹത്തിൻെറ സ്വന്തം പ്ലെയിററുകളാണ്. ഓരോ പ്രശ്നവും വാദിച്ചുവാദിച്ച് ഒരിടത്തു കൊണ്ടെത്തിക്കുവാൻ ഏൎപ്പെടുത്തിയിട്ടുള്ള പാത്രങ്ങൾ അങ്ങനെയാകാതെ തരമില്ലല്ലോ. നിന്നേടത്തുനിന്നനങ്ങാതെ കഥാപാത്രങ്ങൾ ഒരു മണിക്കൂറിലേറെനേരം തുടർച്ചയായി സംഭാഷണംചെയ്തിട്ടും അരങ്ങുമുഷിപ്പിക്കാൻ കൂട്ടാക്കാതെ ജയിച്ചിറങ്ങിപ്പോന്നിട്ടുള്ള ഒരൊററ നാടകകൎത്താവേ ഉള്ളൂ—ഷാ.

നാടകങ്ങളിലും ലേഖനങ്ങളിലും പ്രസംഗങ്ങളിലും ഒക്കെ ക്കഴിച്ച് പോസ്ററുകാർഡുകളിലുമായി ഷാ പറഞ്ഞുപരത്തി യിട്ടുള്ള വിപ്ലവകരങ്ങളായ അഭിപ്രായങ്ങൾക്കു കൈയ്യും കണക്കു മില്ല. എല്ലാം ഒന്നുപോലെ ശരിയല്ലെന്നിരുന്നാലും, അവ യൊക്കെക്കൂടി, എന്തുവന്നാലും ചിന്തിക്കയില്ലെന്നുള്ള മനുഷ്യ രാശിയുടെ ആ മനോഭാവത്തിന്മേൽ സാരമായി പരിക്കേല്പിച്ചി ട്ടുണ്ട്. അതിൻെറ ഫലമായി കുറെയേറെ കൊള്ളരുതായ്മകളെ മനുഷ്യൻ കുടഞ്ഞുകളഞ്ഞിട്ടുമുണ്ട്, അത്രയും പോരാ, മനുഷ്യാവ കാശങ്ങൾ നിഷേധിക്കപ്പെട്ടിട്ടുള്ള ഭൂരിപക്ഷത്തിന്റെ ഭൗതികവും ആത്മീയവുമായ വളർച്ചയ്ക്കു ബാധകമായിക്കണ്ട എന്തിനേയും തുരത്തിക്കളഞ്ഞ് പുതിയൊരു തത്വശാസ്ത്രത്തിൻെറ വെളിച്ച ത്തിൽ പുതിയൊരു രാഷ്ട്രീയശക്തിയെ ഇംഗ്ലണ്ടിൽ നട്ടുവളത്താൻ മററാരെക്കാളും മറെറന്തിനെക്കാളുമധികം ഷായുടെ പ്രവത്തന ങ്ങൾ ഉപകരിച്ചു എന്നുള്ളതാണ് ഏററവും സ്മരണീയമായിട്ടു ള്ളതു്. "ദാരിദ്ര്യം ഒരു പാപമാണ്" എന്നുള്ള വിശ്വാസ ത്തിൽനിന്നു പുറപ്പെട്ട ഷായുടെ സാമൂഹ്യതത്വശാസ്ത്രം, ഫാബി യൻ സോഷ്യലിസത്തിൽച്ചെന്നു കൊടികുത്തിയതിൽ ഒട്ടും അത്ഭുതപ്പെടാനില്ല. ഒരു കത്തോലിക്കനായിരുന്നിട്ടും വെറും മനുഷ്യൻെറ കണ്ണുകൊണ്ട് കാര്യങ്ങൾ നോക്കിക്കാണാൻ ഭയ പ്പെടാതിരുന്ന ജി. കെ. ചെസ്റ്റർട്ടൻ ഷായെപ്പററി പറഞ്ഞിട്ടുണ്ട്, അദ്ദേഹത്തിനേററവും പ്രധാനം സാമൂഹ്യവും രാഷ്ട്രീയവുമായ പരിവത്തനമായിരുന്നുവെന്ന്. അക്ഷരംപ്രതി ശരിയാണ് ആ പ്രസ്താവന. പ്ലേറോ ആവശ്യപ്പെട്ടതുപോലെ, തൻെറ രാജ്യത്തിലെ ജനങ്ങൾക്ക് കൂടുതൽ ക്ഷേമകരമായ ജീവിതത്തി ലേക്കു വാതിൽ തുറന്നുകൊടുക്കണമെന്ന ഒരൊററ കരുതലോടു കൂടിയേ ഷാ എന്തും ചെയ്തിട്ടുള്ളു. വിപ്രതിഷേദ്ധ്യങ്ങളായ പ്രസ്താവനകളും വിമശ്ക്ഷമങ്ങളല്ലാത്ത വിശ്വാസങ്ങളും ഷായുടേ തായിട്ടുണ്ടെന്നിരുന്നാലും, മനുഷ്യരാശിയുടെ പുരോഗതിക്കു മുമ്പിൽ തടസ്സമായി ഒരു പുൽക്കൊടിപോലും അദ്ദേഹം വലി ച്ചിട്ടിട്ടില്ലെന്നു തീത്തുപറയാം.

അനഹങ്ങളായ താത്പര്യങ്ങളെ സാധൂകരിക്കുവാൻ മുന്നോട്ടു വന്ന എല്ലാത്തരം ദുഷിച്ച പാരമ്പര്യങ്ങളേയും കിഴക്കിയിരുത്തി യിരുന്ന ബർണ്ണാഡ്ഷായെ ഒരു നാസ്തികനായി കരിതേച്ചു കാട്ടു വാൻ കൗതുകപ്പെടുന്നവരുണ്ട്. അല്പജ്ഞരായ ബഹുലക്ഷമാളുക ളിൽനിന്ന് ആ മനുഷ്യനേയും അദ്ദേഹത്തിൻെറ ആശയങ്ങ ളേയും മനഃപൂർവ്വം അകററിനിത്തുവാൻ ഒന്നാന്തരം ഒരു ഉപായ മാണ് അതെന്നു സമ്മതിക്കാം. ലോകനീതികളെ അഴിച്ചു

കെട്ടുവാൻ ക്രൂസലററിറങ്ങിയിട്ടുള്ള കർമ്മധീരന്മാരോടെല്ലാം പ്രയോഗിച്ച പരാജയപ്പെട്ടിട്ടുള്ള അടവാണിതെന്നു പറയേണ്ട തില്ലല്ലോ. ഈ തത്ത്വപരകക്ഷിക്കാരെക്കാളേറെ ധർമ്മബോധ ത്തോടുകൂടി ജീവിക്കുവാനും ജീവിതത്തിൻെറ പരമോദ്ദേശ്യത്തെ പ്പററി ചിന്തിച്ചുരയ്ക്കുവാനും ജീവചൈതന്യത്തിൻെറ പ്രഭവ സ്ഥാനത്തോളം മനസ്സിനെ എത്തിച്ച നിർത്തുവാനും ഷായ്ക്കു കഴിഞ്ഞിരുന്നു.

എത്രമേൽ മഹാനായിത്തീർന്നിട്ടും, എത്രമേൽ അഹങ്കാര ത്തോടുകൂടി പറയുകയും എഴുതുകയും, ചെയ്തിട്ടും ഷായുടെ മനുഷ്യ ത്വത്തിനു മാററുകുറഞ്ഞില്ല. ഒരു മനുഷ്യസ്നേഹിയുടെ വിനയ ത്തോടുകൂടിയായിരുന്നു ആരോടും അദ്ദേഹത്തിന്റെ പെരുമാററം. തന്നോളമെന്നല്ല, തൻെറ ഒരു വിരലോളം തന്നെ വലുതാകുവാൻ ഭാഗധേയമില്ലാത്ത സഹധർമ്മിണിയോട് അദ്ദേഹം കാണിച്ചി രുന്ന സ്നേഹാദരങ്ങൾ വിശ്വസിക്കാൻ കഴിയാത്തവിധം വലുതായിരുന്നു. അവരുടെ ഒരൊററ അപേക്ഷയെങ്കിലും ഷാ നിരസിച്ചിട്ടില്ലത്രെ.

ചുരുക്കത്തിൽ ഷാ ആരായിരുന്നു? നല്ലൊരു മനുഷ്യസ്നേഹി. യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത ലോകസമാധാനവാദി. കാപട്യത്തിൻേറയും പാരതന്ത്ര്യകരമായ മർക്കടമുഷ്ടിയുടേയും ആജന്മശത്രു: ലോകപുരോഗതിയുടെ ഏററവും ആത്മാർത്ഥത യുള്ള ഒരു പടയാളിയും.

കരിന്തിരി] [ജോസഫ് മുണ്ടശ്ശേരി

അഭ്യാസം

1. ബർണ്ണാഡ്ഷ് ഷായുടെ ജീവചരിത്രം സംഗ്രഹിച്ചെഴുതുക.
2. ഷായുടെ സ്വഭാവവിശേഷങ്ങൾ വിവരിക്കുക.
3. സാഹിത്യത്തിൽ ഷായ്ക്കുള്ള സ്ഥാനമെന്ത്?
4. വിട്ടുവായൻ, വിമ്പൻ—ഈ പദങ്ങൾ തദ്ധിതത്തിൻെറ ഏതു വിഭാഗ ത്തിൽപ്പെടുന്നു എന്നു പറയുക.
5. ഒതുക്കുന്നു, ഇരുത്തുന്നു—ഇവയുടെ കേവലരൂപം കാണിക്കുക.

പാഠം 14

അഭിനവ കലാലയം

[കെ. മുഹമ്മദാലി—സ്വദേശം ഇടപ്പള്ളി. വളരെക്കാലം അദ്ധ്യാപകനായിരുന്നു. ഒടുവിൽ ഡിവിഷനൽ എഡ്യൂക്കേഷൻ ആഫീസ്സരായിരിക്കുമ്പോൾ പെൻഷൻ പററി. ഇപ്പോൾ മട്ടാഞ്ചേരി ഗുജറാത്തി ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായിരിക്കയാണ്. ധാരാളം ചരിത്രഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 'ഇന്ദിരയുടെ കത്തുകൾ' എഴുതിയതും ഇദ്ദേഹമാണ്.]

കാലത്തിനു യോജിച്ച രീതിയിൽ ചില മാററങ്ങളും രൂപഭേദങ്ങളും വന്നിട്ടുണ്ടായിരിക്കാമെങ്കിലും, വിജ്ഞാനം ഒരാളിൽനിന്നു മററുള്ളവരിലേക്കു പകരുക എന്ന സമ്പ്രദായം വളരെക്കാലം മുൻപുമുതല്ക്കുതന്നെ നടപ്പിൽ വന്നുകഴിഞ്ഞിരുന്നു. അതു പരിഷ്കരിച്ചാണ് ഗുരുകുലവിദ്യാഭ്യാസരീതി രൂപമെടുത്തത്. അച്ചടിയന്ത്രം കണ്ടുപിടിക്കപ്പെടാതിരുന്ന അക്കാലത്ത് ഗുരുമുഖത്തുനിന്നു നേരിട്ടുവേണ്ടിയിരുന്നു വിജ്ഞാനം ഏററുവാങ്ങാൻ. പഠനവും പരീക്ഷണവും പരീക്ഷയുമെല്ലാം ഗുരുസന്നിധിയിൽത്തന്നെ; ഗുരുവിന് അറിയാവുന്ന വിജ്ഞാനസമ്പത്തു മുഴുവൻ ജിജ്ഞാസുക്കളായ ശിഷ്യന്മാർക്ക് പകർന്നുകൊടുത്തിരുന്നു. വിജ്ഞാനഭിക്ഷുക്കളായി തങ്ങളെ സമീപിക്കുന്ന അന്തേവാസികളെ സംതൃപ്തരാക്കുവാൻ പോന്നവരായിരുന്നു അക്കാലത്തെ ഗുരുഭൂതന്മാർ. കാനനമദ്ധ്യത്തിലെ പർണ്ണശാലകളായിരുന്നു അന്നത്തെ സർവ്വകലാശാലകൾ; അവിടത്തെ മഹർഷിശ്രേഷ്ഠന്മാർ അന്തമററ വിജ്ഞാനത്തിന്റെ ഉറവിടങ്ങളും. അന്തേവാസികളാകട്ടെ, വിജ്ഞാനഭിക്ഷ യാചിച്ചുകൊണ്ടാണ് പർണ്ണശാലകളെ സമീപിച്ചിരുന്നത്. മറെറാരു വിധത്തിൽ പറഞ്ഞാൽ, ജ്ഞാനതൃഷ്ണയുള്ളവർ മാത്രമേ അക്കാലത്തു ജ്ഞാനം തേടിയിരുന്നുള്ളു. പിപഠിഷുക്കളായ അവർ, ഗുരുമുഖത്തുനിന്നടർന്നുവീഴുന്ന വിജ്ഞാനശകലങ്ങളെ ചതച്ചു മിനുക്കിയ ചെടിത്തണ്ടിലും മററുമായി എഴുതി സൂക്ഷിച്ചുപോന്നു. വാസ്തവത്തിൽ അതിന്റെ ആവശ്യം പോലും അന്നുണ്ടായിരുന്നില്ല; എന്തുകൊണ്ടെന്നാൽ, ഏകാഗ്രതയോടും ജിജ്ഞാസയോടുംകൂടി അദ്ധ്യയനവൃത്തിയിലേർപ്പെട്ടിരുന്ന അദ്ധ്യേതാക്കൾ, ഗുരുമുഖത്തുനിന്നു പുറപ്പെടുന്ന വിദ്യകൾ ഒരിക്കലും മാഞ്ഞുപോകാത്തവിധം സ്വന്തം ഹൃദയഫലകങ്ങളിൽ ആലേഖനം ചെയ്യാൻമാത്രം ശ്രദ്ധാലുക്കളായിരുന്നു.

പില്ക്കാലത്ത് ഈ രീതിക്കു മാററംവന്നു. കടലാസ്സും അച്ചടിയന്ത്രവും കണ്ടുപിടിക്കപ്പെട്ടു. ഓർമ്മശക്തിയുടെ ആവശ്യം സ്വാഭാവികമായിത്തന്നെ കുറഞ്ഞു. പാഠശാലകൾ നാട്ടുമുഴുവൻ

പരന്നു. സ്കൂളിൽ പഠിക്ക എന്നതു് ഒരുവിധം 'ഫാഷ'നായി ത്തീൎന്നു. ജ്ഞാനതൃഷ്ണയുള്ളവരും ഇല്ലാത്തവരും ഒരുപോലെ 'വിദ്യാൎത്ഥി'കളായി. വിജ്ഞാനത്തിന്റെ വിതരണത്തിലും സമ്പാദനത്തിലും 'ആഴ'ത്തേക്കാൾ കൂടുതൽ സ്ഥാനം ലഭിച്ചതു് 'പരപ്പി'നാണു്. പറയത്തക്ക അഗാധജ്ഞാനം ഒരു വിഷയ ത്തിലും സമ്പാദിക്കാതെതന്നെ 'ബിരുദധാരി'കളായി പാഠ ശാലകളിൽനിന്നും കലാശാലകളിൽനിന്നും ലോകരംഗത്തേക്കി റങ്ങുന്നവരുടെ സംഖ്യ വൎദ്ധിച്ചു. ഇക്കൂട്ടരെ നാം സാധാരണമായി 'അഭ്യസ്തവിദ്യന്മാർ' എന്നാണു് പറഞ്ഞുവരുന്നതു്. യഥാൎത്ഥ ത്തിൽ അവർ 'ആരബ്ധവിദ്യന്മാർ' മാത്രമാണു്. എന്തുകൊണ്ടെ ന്നാൽ, വിജ്ഞാനസമ്പാദനത്തിനുള്ള അടിത്തറ കെട്ടിപ്പടുക്കുക എന്ന കൃത്യം മാത്രമേ പാഠശാലകളിലും കലാശാലകളിലും വെച്ചു നിൎവ്വഹിക്കപ്പെടുന്നുള്ളു.

"ആചാര്യന്മാരിൽനിന്നു നാലൊന്നു പഠിക്കുന്നു,
നാലൊന്നു മൎത്ത്യൻ സ്വന്തം ബുദ്ധിയാൽ ഗ്രഹിക്കുന്നു,
കൂട്ടുകാരിൽനിന്നത്രേ നാലൊന്നു ഗ്രഹിക്കേണ്ടു,
നാലൊന്നു പിന്നെക്കാലക്രമത്തിൽ വരേണ്ടതാം."

എന്നു പാടിയ കവി ഈ തത്വത്തെയാണു് ഭംഗ്യന്തരേണ പ്രതിപാദിക്കുന്നതു്. ഇവിടെ രണ്ടാമതായും മൂന്നാമതായും പറഞ്ഞിട്ടുള്ള അൎദ്ധാംശം പുസ്തകപാരായണത്തിൽനിന്നു ലഭി ക്കേണ്ടതത്രെ; അതായിരിക്കണം കവിയുടെ വിവക്ഷയും. ഈ പുസ്തകപാരായണത്തിനുള്ള യോഗ്യത സമ്പാദിക്കയാണു് നാം പാഠശാലകളിൽവെച്ചു ചെയ്യുന്നതു്. ഇതു മനസ്സിലാക്കാതെ, ഏതെങ്കിലും ഒരു ബിരുദം സമ്പാദിച്ചുകഴിഞ്ഞാൽ പിന്നെ പുസ്തകം കൈകൊണ്ടു തൊടുന്നതു പോരായ്മയാണെന്നു വിചാരി ക്കുന്ന അപൂൎവ്വം ചിലരെങ്കിലും നമ്മുടെ ഇടയിലില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അത്തരക്കാർ വിജ്ഞാനലബ്ധിക്കുള്ള കവാടം അടച്ചുകളയുകയാണു് യഥാൎത്ഥത്തിൽ ചെയ്യുന്നതു്.

പുസ്തകങ്ങളുടെ മഹിമ ശരിക്കു മനസ്സിലാക്കീട്ടുള്ളവർ നമ്മുടെ ഇടയിൽ അധികം പേരുണ്ടെന്നു തോന്നുന്നില്ല. അനേകം തല മുറകളിൽപ്പെട്ട അനവധി ചിന്തകന്മാരും പണ്ഡിതന്മാരും സമാൎജ്ജിച്ച വിജ്ഞാനധനം ഭദ്രമായി സംഭരിച്ചുവെച്ചിട്ടുള്ള അമൂല്യനിധികളത്രേ പുസ്തകങ്ങൾ. ഭയഭക്തികളോടും ജിജ്ഞാസ യോടുംകൂടി തങ്ങളെ സമീപിക്കുന്ന ഏതൊരുത്തനേയും വിജ്ഞാനസമ്പന്നനാക്കിത്തീൎക്കുന്ന ഉത്തമഗുരുനാഥന്മാരുടെ സ്ഥാന മാണു് അവയ്ക്കുള്ളതു്. 'വടി എടുക്കാതേയും കണ്ണുരുട്ടാതേയും ക്ഷമയോടുകൂടി മനുഷ്യരെ പഠിപ്പിക്കുന്ന ഉത്തമഗുരുഭൂതന്മാരാണു്

ഗ്രന്ഥങ്ങൾ' എന്നു് ഒരു പണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുള്ളതു് അക്ഷരംപ്രതി അന്വത്ഥമാണു്. ഇക്കണക്കിനു നോക്കിയാൽ പല വിഷയങ്ങളെപ്പററിയും പ്രതിപാദിക്കുന്ന അനേകം ഉത്തമ ഗ്രന്ഥങ്ങൾ ശേഖരിച്ചുവെച്ചിട്ടുള്ള ഗ്രന്ഥശാല, അനേകം വിഷയങ്ങൾ പഠിപ്പിക്കുന്ന പല പല അദ്ധ്യാപകരോടുകൂടിയ ഒരു നല്ല സവ്വകലാശാലയാണെന്നു പറയുന്നതിൽ ഒട്ടും അനൗചിത്യമുണ്ടെന്നു തോന്നുന്നില്ല. "ഒരു നല്ല ഗ്രന്ഥശാല ഒരു യഥാത്ഥ സവ്വകലാശാല തന്നെയാണു്" എന്നു് കാർളൈൽ അഭിപ്രായപ്പെട്ടതു് ഈ അത്ഥത്തിലായിരിക്കണം.

നല്ല ഒരു ഗ്രന്ഥശാലയെ നമുക്കു ഭാവനയിൽ ഒന്നു വിഭാവനം ചെയ്തുനോക്കാം. അതാ, വിശാലമായ ഒരു മുറി. നൂററാണ്ടുകൾക്കു മുൻപു ജീവിച്ചിരുന്ന പണ്ഡിതന്മാരും ചിന്തകന്മാരും കവികളും സമ്മേളിച്ചിരിക്കുന്ന ഒരു വിദ്വൽസദസ്സാണു് നാം അവിടെ കാണുന്നതു്. തുളുമ്പാത്ത നിറകുടങ്ങൾ! എല്ലാവരും മൌനമവലംബിച്ചിരിക്കയാണു്; എങ്കിലും വാഗൈഭവത്തോടുകൂടിയുള്ള നിശ്ശബ്ദപ്രഭാഷണം അവിടെ നടക്കുന്നുണ്ടു്. ഒരു മുഖത്തും ഔദ്ധത്യത്തിൻെറയോ അക്ഷമയുടെയോ ലാഞ്ഛനംപോലുമില്ല. ഓരോരുത്തരും വിനീതരായി ആസ്ഥാനമുറപ്പിച്ചിരിക്കയാണു്. നൂററാണ്ടുകൾക്കുമുൻപു തുടങ്ങിയ അവരുടെ പ്രഭാഷണം ഇപ്പോഴും തുടൎന്നുകൊണ്ടേ ഇരിക്കുന്നു. "വരൂ, അടുത്തു വരൂ, ഏതു സംശയവും തീൎത്തുതരാം. എന്തുവേണമെങ്കിലും പഠിപ്പിക്കാം" എന്നിങ്ങനെ സമീപാഗതൎക്കു സ്വാഗതമരുളിക്കൊണ്ടിരിക്കയാണു് അവരെല്ലാം.

വിജ്ഞാനതൃഷ്ണയോടുകൂടി ഗ്രന്ഥശാലയിലേക്കു കയറിച്ചെല്ലുന്ന ഒരു വിദ്യാത്ഥിക്കുണ്ടാകുന്ന രോമാഞ്ചദായകമായ അനുഭൂതിയാണിതു്. ഏതു നല്ല ഗ്രന്ഥശാലയിൽ കയറിച്ചെല്ലുന്നവൎക്കുമുണ്ടാകേണ്ട വികാരവും ഇതുതന്നെയായിരിക്കണം. വാസ്തവത്തിൽ എന്താണവിടെ നടക്കുന്നതു്? ഒരു ഭാഗത്തു് കവികൾ ഭാവനയുടെ ചിറകു വിടൎത്തി അനന്തവിശാലമായ വിഹായസ്സിലേക്കുയൎന്നു് മനോഹരമായ ഗാനങ്ങളാലപിച്ചു നമ്മെ അങ്ങോട്ടേക്കാകൎഷിക്കുന്നു. നാടകകൃത്തുക്കൾ സജീവമായ നാടകവേദിയിൽ കയറിനിന്നുകൊണ്ടു് പലതും പറഞ്ഞു നമ്മെ ചിരിപ്പിക്കയും ചിന്തിപ്പിക്കയും ചെയ്യുന്നു. മനുഷ്യരാകുന്ന നടീനടന്മാരെക്കൊണ്ടു് അവർ പന്താടുകയാണു്. നമുക്കു കണ്ടുംകേട്ടും പരിചയമുള്ള പലരേയും ആ രംഗത്തു കാണാം. ത്യാഗിമുതൽ കോമാളിവരെയുള്ളവർ അവിടെയുണ്ടു്. മറെറാരിടത്തു് ചെറുകഥക്കാരും

നോവലെഴുത്തുകാരും മാനവഹൃദയങ്ങളെ മഥനം ചെയ്തുകൊണ്ടിരിക്കുന്നു. ചിലർ അവരെക്കണ്ടു നാണംകൊണ്ടു തലകുനിച്ചുകളയുന്നു; മററു ചിലർ തങ്ങളുടെ ചെമ്പു തെളിഞ്ഞേക്കുമെന്നു ഭയപ്പെട്ടു് ഒളിച്ചോടാൻ തക്കംനോക്കുന്നു; വേറെ ചിലർ, തങ്ങളുടെ ഭാവി ശോഭനമാക്കിത്തീക്കാൻ പ്രതിജ്ഞയെടുക്കുന്നു.

കുറെക്കൂടി മുന്നോട്ടുനീങ്ങി നോക്കുക. അവിടെ ഇരിക്കുന്നവരെല്ലാം തത്വചിന്തകന്മാരാണു്. ജീവിതത്തിൻെറ ആരംഭം, ഉദ്ദേശ്യം, അവസാനം മുതലായ വിഷയങ്ങളെപ്പററിയാണു് അവക്കു പറയാനുള്ളതു്. ജീവിതത്തിൻെറ എല്ലാ വശങ്ങളെപ്പററിയും അവർ ആലോചിക്കയും പഠിക്കയും പഠിപ്പിക്കയും ചെയ്യുന്നു. ഇടയ്ക്കിടയ്ക്കു ചില വാഗ്വാദങ്ങളും കേൾക്കാം. പക്ഷംചേന്നു് പടവാളുമേന്തി എന്തിനും ഒരുങ്ങിനില്ക്കുന്ന പാൾവത്തികളുമുണ്ടു്, അക്കൂട്ടത്തിൽ.

ചരിത്രവിഷയത്തിൽ നിഷ്ണാതരായ ചിലർ, മനുഷ്യാരംഭം മുതല്ക്കുള്ള കാര്യങ്ങൾ എഴുതിവായിച്ചുകൊണ്ടിരിക്കുന്നു; മററു ചിലർ ലോകാരംഭത്തിലേക്കുതന്നെ എത്തിനോക്കുന്നുണ്ടു്. സ്വന്തം ആശയഗതിക്കു യോജിച്ചവിധം ചരിത്രത്തെ വളയ്ക്കാനും ഒടിക്കാനും വല്ല വഴിയുമുണ്ടോ എന്ന ചിന്തയിൽ മുഴുകിയിരിക്കുന്ന ചിലരേയും കൂട്ടത്തിൽ കാണാം. ചരിത്രസത്യങ്ങളെ മുടിനാരുവണ്ണത്തിൽപ്പോലും മാററാനോ മറിക്കാനോ ശ്രമിക്കുന്നവരുടെമേൽ പതിപ്പിക്കാനുള്ള നിരൂപണഖഡ്ഗവുമേന്തി അടുത്തുതന്നെ വേറെ ചിലർ നില്ക്കുന്നുണ്ടു്. ആ ഭയങ്കരമായ ആയുധം എപ്പോൾ ആരുടെ മേത്താണു് പെട്ടെന്നു് പതിക്കുക എന്നോത്തു് നാം തന്നെ ഭയപ്പെട്ടുപോകും.

വിമശ്കന്മാരിരിക്കുന്ന സ്ഥലത്തെത്തിക്കഴിഞ്ഞാൽ, അന്തരീക്ഷത്തിനു് ചൂടുപിടിക്കയായി. ഗുണവും ദോഷവും വേർതിരിക്കയാണവർ. മററുള്ളവരുടെ പ്രവൃത്തിക്കു വിലയിരുത്തുകയാണല്ലോ വിമശ്കരുടെ ജോലി. അക്കൂട്ടത്തിൽ ചിലർ ഒന്നാംതരം മാഗ്ഗദശ്കികളാണു്. അവരെ നമുക്കു കണ്ണുമടച്ചു വിശ്വസിക്കാം. അവർ ഒരിക്കലും നമ്മെ പിഴച്ചവഴിയിലേയ്ക്കു നയിക്കയില്ല. എന്നാൽ വേറെ ചിലരുണ്ടു്, പുറമേയുള്ള ഭാവം നിഷ്പക്ഷമാണെങ്കിലും, അകവും അതുപോലെയാണെന്നു വിശ്വസിച്ചുകൂടാ. കൊലപാതകികളായ സ്വന്തം കക്ഷികളെ വാക്സാമത്ഥ്യംകൊണ്ടു് നിരപരാധരായി ചിത്രീകരിക്കുന്ന വക്കീലന്മാരെപ്പോലെയാണു് അവരുടെ നില. നിരപരാധരെ അപരാധികളാക്കാൻ ശ്രമിക്കുന്ന അഭിഭാഷകന്മാരേയും കൂട്ടത്തിൽ കാണാം.

മററൊരിടത്തു് അതാ ശാസ്ത്രജ്ഞന്മാർ പണിയെടുക്കുന്നു.
ശാസ്ത്രത്തിൻെറ എല്ലാ ശാഖകളിലും അവിരാമം അദ്ധ്വാനിച്ചു്
പുതിയ പുതിയ അറിവുകളെ ഉദ്ഘാടനം ചെയ്യാൻ ശ്രമിക്കയാ
ണവർ. മോട്ടോർകാർ നിർമ്മാണംമുതൽ അണുവായുധ
പരീക്ഷണംവരെ അവർ പഠിച്ചും പഠിപ്പിച്ചുംകൊണ്ടിരിക്കുന്നു.
ചന്ദ്രനിലേക്കെത്താനുള്ള എളുപ്പവഴി കണ്ടുപിടിക്കാൻ തല
പുകഞ്ഞാലോചിച്ചുകൊണ്ടിരിക്കയാണു് ചിലർ. മററു ഗ്രഹങ്ങ
ളിലേക്കു പോകാൻ വല്ല വഴിയുമുണ്ടോ എന്നാണു് വേറെ ചില
രുടെ ആലോചന. ഒരാൾ അതാ കൂട്ടത്തിൽനിന്നൊഴിഞ്ഞുമാറി
അല്പം അകലെയായി കണ്ണുമടച്ചിരിക്കുന്നു. അണുശക്തി ലോക
ക്ഷേമത്തിനുവേണ്ടി എങ്ങനെ വിനിയോഗിക്കാമെന്നു് ഏകാഗ്ര
തയോടുകൂടി ആലോചിച്ചുകൊണ്ടിരിക്കയാണു് അയാൾ.

എന്തിനധികം വിസ്തരിക്കുന്നു? തങ്ങളെ സമീപിക്കുന്നവ
രുടെ—അവർ ഏതുതരക്കാരായിരുന്നാലും ശരി—വിജ്ഞാന
മണ്ഡലപരിധി വികസിപ്പിക്കുവാൻ ഉദ്യുക്തരായിരിക്കയാണു്
ഓരോരുത്തരും. ശ്രദ്ധയോടും ഭക്തിയോടുംകൂടി അവരെ സമീ
പിക്കണമെന്നുമാത്രം. അവരുടെ വെറും നർമ്മസല്ലാപം മതി,
നമ്മെ ഉണർത്താനും ഉയർത്താനും ഉദ്ബുദ്ധരാക്കാനും. വിജ്ഞാന
പരിവേഷത്തിൽ പരിലസിക്കുന്ന ആ മഹാത്മാക്കളോടു് സമീ
പിക്കുന്തോറും നാം കൂടുതൽ കൂടുതൽ ആകൃഷ്ടരായിത്തീരും.

ഇതൊക്കെ ആലോചിച്ചാൽ, കാർലൈലിൻെറ അഭിപ്രായ
ത്തിൽ അതിശയോക്തി ഒട്ടുംതന്നെ കലർന്നിട്ടില്ലെന്നു കാണാം.
പക്ഷേ ഒന്നുണ്ടു്; പാഠശാലയിലോ കലാശാലയിലോ വളരെ
ക്കാലം പഠിച്ചു പരീക്ഷയിൽ ജയിച്ചോ ജയിക്കാതെയോ ആ
സ്ഥാപനങ്ങളോടു യാത്ര പറയുന്ന ചിലർ വിജ്ഞാനത്തെ സംബ
ന്ധിച്ചിടത്തോളം തീരെ ദരിദ്രരായി കാണപ്പെടുന്നുണ്ടല്ലോ.
പാഠശാലയോ കലാശാലയോ ആയിരിക്കയില്ല, മിക്കപ്പോഴും
അതിനുത്തരവാദികൾ. അതുപോലെ, ശ്രദ്ധയോടും ജ്ഞാനതൃഷ്ണ
യോടുംകൂടി സമീപിക്കാത്തപക്ഷം, ഗ്രന്ഥശാലകളാകുന്ന കലാല
യങ്ങൾക്കും നമ്മെ വിജ്ഞാനസമ്പന്നരാക്കിത്തീർക്കാൻ സാധിക്ക
യില്ല. ലോകത്തിൽ ഉയർന്ന നിലയിലെത്തിയവരിൽ അധികം
പേരും ഗ്രന്ഥപാരായണത്തിൽ അത്യുത്സുകരായിരുന്നു എന്നാണു
ചരിത്രം പറയുന്നതു്. "ഞാൻ ഒരു രാജാവല്ലായിരുന്നു എങ്കിൽ,
ബാഡിലിയൻ ഗ്രന്ഥശാലയുടെ സൂക്ഷിപ്പുകാരനായിരിക്കാൻ
ആഗ്രഹിക്കുമായിരുന്നു" എന്നു് ഇംഗ്ലണ്ടിലെ രാജാവായ
ജയിംസ് ഒന്നാമൻ ഒരിക്കൽ പറഞ്ഞതു് അദ്ദേഹത്തിൻെറ അട
ങ്ങാത്ത വിജ്ഞാനദാഹത്തെയാണല്ലോ കാണിക്കുന്നതു്.

വായിക്കാനുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരുവിധം നോക്കിയാൽ, ഗ്രന്ഥങ്ങളും ചങ്ങാതിമാരും ഒരുപോലെയാണ്. നമ്മളറിയാതെ തന്നെ നമ്മെ നന്നാക്കാനും കുഴിയിൽ ചാടിക്കാനും ഈ രണ്ടു കൂട്ടർക്കും കഴിയും. ചങ്ങാതിമാരെ തിരഞ്ഞെടുക്കുന്നതിലെന്നപോലെ പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിലും പ്രത്യേകം സൂക്ഷിക്കണമെന്നു പറയുന്നതു് അതുകൊണ്ടാണ്. എല്ലാ പുസ്തകങ്ങളും ഒരുപോലെ ഉത്തമങ്ങളായിരിക്കയില്ല; പതിരും മണിയുമെന്നപോലെയാണ് പുസ്തകങ്ങളുടേയും സ്ഥിതി. ചിലപ്പോൾ പതിരു കൂടിപ്പോയി എന്നും വരാം. അതുകൊണ്ടു പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിൽ പ്രത്യേകം ശ്രദ്ധിച്ചേ മതിയാവൂ.

വായനയിലും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ടു്. 'വളരെ വായിക്കയല്ല, വഴിയേ വായിക്കയാണ വേണ്ടതു്'. എന്നർത്ഥത്തിൽ ഒരു ചൊല്ലുണ്ടു്. വായിക്കുന്ന പുസ്തകത്തിലെ പ്രതിപാദ്യവിഷയം മനസ്സിൽ പതിയാതെ, വെറുതേ വായിച്ചതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. "ഒരു നിയമവുംകൂടാതെ കാര്യങ്ങൾ ഉള്ളിലേയ്ക്കു തള്ളിക്കയററുന്നതും, ഒരു ക്രമവുമില്ലാതെ ഉദരത്തിൽ ആഹാരം ചെലുത്തുന്നതും ഒരുപോലെയാണ്. ഒടുവിൽപ്പറഞ്ഞതു ശരീരത്തെ എന്നപോലെ ആദ്യം പറഞ്ഞതു മനസ്സിനേയും ദുഷിപ്പിക്കുന്നു." അവനവനു രുചിക്കുന്ന നല്ല പുസ്തകങ്ങൾ തിരഞ്ഞെടുത്തു കാര്യങ്ങൾ ദൃഢമായി മനസ്സിൽ പതിയത്തക്കവണ്ണം മനസ്സിരുത്തി വായിച്ചാലേ വായനകൊണ്ടു് പ്രയോജനമുള്ളു. ഒരു കവി പുസ്തകമാഹാത്മ്യത്തെപ്പററി എഴുതീട്ടുള്ള ഒരു ശ്ലോകംകൂടി ഉദ്ധരിച്ചുകൊണ്ടു് ഇതവസാനിപ്പിക്കാം.

"വായിപ്പോർക്കരുളുന്നനേകവിധമാം
വിജ്ഞാനമേതെങ്കിലും
ചോദിപ്പോർക്കുചിതോത്തരങ്ങളരുളി-
ത്തീർക്കുന്നു സന്ദേഹവും,
വാദിപ്പോർക്കുതകുന്ന യുക്തി പലതും
ചൂണ്ടിക്കൊടുക്കും, വൃഥാ
ഖേദിപ്പോർക്കരുളുന്നു സാന്ത്വനവച-
സ്സുൽകൃഷ്ടമാം പുസ്തകം."

—കെ. മുഹമ്മദാലി, ബി. എ., എൽ. ററി.

അഭ്യാസം

1. 'പുസ്തകങ്ങളും ചങ്ങാതിമാരും ഒരുപോലെയാണ്.' തെളിയിക്കുക.
2. ഗ്രന്ഥശാലയ്ക്കു 'അഭിനവകലാലയം' എന്ന പേരു് എങ്ങനെയാണു യോജിക്കുന്നതു് ?
3. വായനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?
4. കഴിയിൽ ചാടിക്ക, ചെമ്പുതെളിയുക—എന്നീ ശൈലികളുടെ അർത്ഥമെഴുതി സ്വന്തം വാക്യത്തിലുപയോഗിക്കുക.
5. തെററുണ്ടെങ്കിൽ തിരുത്തുക :—

   പ്രയോചനം, വിജ്ഞാനലബ്ദി, ഹ്രദയഭലകം.

പാഠം 15

സരസനായ ധിക്കാരി

[പി. കെ. ബാലകൃഷ്ണൻ—സ്വദേശം എടവനക്കാട്ട്. ഉത്തിഷ്ഠമാനനായ ഒരു യുവസാഹിത്യകാരനാണ് ഇദ്ദേഹം. പല സാഹിത്യകാരന്മാരുടേയും തൂലികാചിത്രങ്ങളെഴുതിയിട്ടുണ്ടു്. പത്രപ്രവർത്തനമാണ് കൂടുതൽ ഇഷ്ടം. ഇപ്പോൾ തിരുവനന്തപുരം കേരളകൗമുദി ആഫീസിൽ ജോലി ചെയ്യുന്നു. ചന്തുമേനോൻ—ഒരു പഠനം, ടിപ്പുസുൽത്താൻ, ശ്രീനാരായണ ഗുരു, പ്ലേറ്റോ പ്രിയപ്പെട്ട പ്ലേറ്റോ—എന്നിവ ഇദ്ദേഹത്തിൻെറ കൃതികളാണ്.]

ഒരു നോവലിസ്റ്റിൻെറ ഏററവും മികച്ച കലാസിദ്ധിയെന്താണ്? വിവിധ ഘടകങ്ങളും കഴിവുകളും ഊടും പാവും പോലെ ഒത്തിണങ്ങുകയാണെന്നു് എളുപ്പത്തിൽ പറയുമായിരിക്കാം. ആ പ്രസ്താവം തെററായിരിക്കയുമില്ല. പക്ഷേ, അതല്ല ചോദ്യം. ഒരുത്തനെ നോവലിസ്റ്റാക്കുന്നതോ അല്ലാതാക്കുന്നതോ ആയ എന്തെങ്കിലും ഒരു നിർണ്ണായകഘടകം അയാളുടെ കഴിവുകളിലുണ്ടോ എന്നുള്ളതാണ്. സ്ഥിരമായ പരിശ്രമം, നിരന്തരമായ പരിശീലനം, സാഹചര്യങ്ങളുടെ പ്രോത്സാഹനം, ഇവകൊണ്ടു് തരക്കേടില്ലാത്ത ഒരു നോവലെഴുതാൻ ഒരുമാതിരി ഭാവനയും ബുദ്ധിശക്തിയും വാസനയുമുള്ള ഒരാൾക്കു കഴിഞ്ഞേക്കും. പക്ഷേ, ഒരു അസാമാന്യ നോവലിസ്റ്റിനെ സാമാന്യ നോവലിസ്റ്റിൽനിന്നു തരംതിരിക്കുന്ന ഒന്നുണ്ടു്. അതു പാത്രസൃഷ്ടിക്കുള്ള കഴിവല്ലാതെ മറെറാന്നുമല്ല.

ഏതു സാഹിത്യശാഖയിലായാലും കഥ കൈകാര്യം ചെയ്യുന്ന സാഹിത്യകാരനു കഥാപാത്രങ്ങളും വേണ്ടിവരും. ആ നിലയിൽ പാത്രസൃഷ്ടി ഏതു സാഹിത്യകാരന്റേയും പൊതുവായ കൈമുതലാണു്. എന്നാൽ, ഈ സാമാന്യരീതിയിൽനിന്നു വളരെ ഭിന്നമാണു് നോവലിലെ പാത്രസൃഷ്ടി. സങ്കല്പത്തിൽ നാം ദൈവത്തിനായി കല്പിച്ചുകൊടുക്കുന്ന കഴിവുകളും കർത്തവ്യങ്ങളും കുറഞ്ഞൊന്നു പ്രയോഗത്തിൽ പരീക്ഷിക്കാനാവശ്യപ്പെടുന്ന ഒരു സന്ദർഭമാണതു്. അതും ഒരുമാതിരി സൃഷ്ടിതന്നെയാണെന്നു പറയാം. കഴിവുററ ഒരു നോവലിസ്റ്റു് സൃഷ്ടിക്കുന്ന കഥാപാത്രങ്ങൾ ജീവിച്ചുമരിക്കുന്ന അനേകായിരം മനുഷ്യരെക്കാളും കവിഞ്ഞ ജീവിതം നയിച്ചവരായി മാറുന്നു. സങ്കല്പം നെയ്തെടുത്ത ഈ നുണകൾ ഒരു രാജ്യത്തിൻെറ ചിന്തയിലും വിദ്യാഭ്യാസത്തിലും സംസ്കാരപാരമ്പര്യത്തിലും മരണമില്ലാത്ത സ്വാധീനതകളായി അലിഞ്ഞുചേരുന്നു. യഥാർത്ഥമായ നമ്മുടെ ജീവിതവ്യാപാരങ്ങളിൽ രക്തമാംസാദികളോടുകൂടി നമുക്കു പരിചിതരായിരുന്നവരെക്കാളേറെ ഈ കഥാപാത്രങ്ങൾ എപ്പോഴും നമ്മുടെ ചിന്താമണ്ഡലത്തെ സ്വാധീനപ്പെടുത്തുന്നു.

യഥാർത്ഥ നോവലിസ്റ്റിൻെറ കലാസിദ്ധിയുടെ ഏററവും പ്രധാനമായ അംശം പാത്രസൃഷ്ടിയാണു്. പൂർണ്ണവും വ്യാപകവുമായ അർത്ഥത്തിൽ പാത്രസൃഷ്ടി സാധിച്ചിട്ടുള്ള സാഹിത്യകാരന്മാരെല്ലാം സ്വയം സവിശേഷപാത്രങ്ങളുമായിരുന്നു എന്നു കാണാം. ഒരുമാതിരി 'എക്സെൻട്രിക്കുകൾ' എന്നുതന്നെ വേണമെങ്കിൽ പറയാം. കാര്യകാരണബന്ധത്തിൽ ചിന്തിക്കുന്നതിനും അപഗ്രഥിക്കുന്നതിനും മമതയില്ലാതെ ജീവിതത്തെയാകെ കാണുന്നതിനും കെല്പുററ ഈ അസാധാരണന്മാർ, അവരുടെ ഭാവങ്ങളിലും ചേഷ്ടകളിലും സ്വജീവിതത്തെ കൈകാര്യം ചെയ്യുന്ന രീതിയിലും മിക്കപ്പോഴും ഒരുമാതിരി 'എക്സെൻട്രിക്കുകൾ' ആയിരിക്കും; അതുപോലെ അസാധാരണന്മാരായ കഥാപാത്രങ്ങളുമായിരിക്കും. സ്വന്തമായ ഈ കഥാപാത്രാത്മകതയും കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിലുള്ള അവരുടെ കഴിവും തമ്മിൽ എന്തോ ബന്ധമുള്ളതുപോലെ തോന്നുന്നു. ഈ പൊതുരീതിക്കു് ഒരപവാദമായിരുന്നില്ല ചന്തുമേനോൻ.

"ചന്തുമേനോൻെറ ആകൃതി ദർശനീയവും ആകർഷകവുമായിരുന്നു. ആറടിയിലധികം പൊക്കം, അതിനനുസരിച്ചുള്ള കായപുഷ്ടി, വിശേഷവിധിയായി കുടവയ്റു—ഇങ്ങനെയുള്ള ആകൃതി സാധാരണ വല്ല മനുഷ്യർക്കുമുണ്ടായാൽ അതു് അല്പം ആഭാസമായിട്ടേ തീരുകയുള്ളൂ. എന്നാൽ, അസാമാന്യമായ

ബുദ്ധിശക്തിയും രസികത്വവും തിളങ്ങിക്കാണുന്ന മുഖകാന്തിയും ആത്മബോധത്തോടുകൂടിയ സത്യനിഷ്ഠയും അതുവഴിയുണ്ടായ ധൈര്യവും തിളങ്ങിക്കാണുന്ന നയനകാന്തിയും ചന്തുമേനോനു ണ്ടായിരുന്നതു മേൽപ്പറഞ്ഞ ആകൃതിക്കു മഹത്ത്വവും ഗാംഭീര്യവും നൽകിയിരുന്നു. വല്ലവരേയും ഭയപ്പെടത്തക്കവണ്ണം സ്ഥായിയായ ദുർഗ്ഗുണങ്ങളൊന്നും തനിക്കില്ലെന്നുള്ള ആത്മവിശ്വാസം നേത്രങ്ങളിൽ പ്രകാശിക്കുന്നതോടുകൂടി അല്പമായുണ്ടായിരുന്ന 'ഏറുകണ്ണ്' സാമാന്യക്കാർക്കൊന്നും അടുത്തു ചെല്ലാൻ ധൈര്യം വരാതിരിക്കത്തക്കവണ്ണം തീക്ഷ്ണതയുള്ളതായിരുന്നു.''

ശ്രീ. മൂർക്കോത്തു കുമാരൻെറ വിവരണമാണിത്. അവർ തമ്മിലുണ്ടായിരുന്ന വേഴ്ചയുടെ പ്രത്യേകതകളാലോചിച്ചാൽ, സൗന്ദര്യം കണ്ടെത്താൻ മി. കുമാരനുള്ള വ്യഗ്രത ക്ഷന്തവ്യമായി കരുതാനുള്ളതേയുള്ളു. ഈ വിവരണത്തിൽത്തന്നെയുള്ള അവയവങ്ങളെ കൂട്ടിഘടിപ്പിച്ചാൽ, വളരെ സവിശേഷമായ ഒരു സ്വരൂപം ഭാവനയിൽക്കാണാൻ കഴിയും: ആറടിയിലധികം പൊക്കം—അതിൻെറ മുകളിൽ ഒരു ടർബനുംകൂടി കൂട്ടിച്ചേർക്കണം. നമുക്കു കാണാൻ സാധിക്കുന്ന ചന്തുമേനോൻ അപ്പോൾ ഒരാറരയടിയോളം പൊക്കം വരും. കൊഴുത്തുചീർത്ത ശരീരമെന്നുവച്ചാൽ എന്തുമാത്രമെന്നുള്ളതു കുടവയറിനെപ്പററി ഒരു കഥയുള്ളതു വെളിവാക്കുന്നുണ്ട്. കോട്ടിന് അളവെടുക്കാൻ ഒരു തുന്നൽക്കാരൻ പയ്യൻ വരുന്നു. ഉരം, കൈ, കഴുത്ത് എന്നിവയുടെ അളവ് ഒതുങ്ങിയും ഓച്ഛാനിച്ചും നിന്നുകൊണ്ട് അവൻ എടുത്തുകാണണം. ചന്തുമേനോൻ കസേരയിൽ കുനിയിരുന്നു കൊടുത്തിട്ടോ, അതോ തയ്യൽക്കാരൻ വല്ല കസേരപ്പുറത്തും കയറി നിന്നിട്ടോ എന്നു നമുക്കു നിശ്ചയമില്ല. ഇനി വെയിസ്റ്റിൻെറ വണ്ണം വേണം. കുടവയറിന്മേൽ ടേപ്പിൻെറ ഒരററം തൊടുവിച്ച വിരൽകൊണ്ടമർത്തിപ്പിടിച്ചുകൊണ്ട് തയ്യൽക്കാരൻ പകച്ചുനില്ക്കുന്നു.

"മ്ഉം ?"

"എജമാനന്നേ, ഈ ടേപ്പിൻെറ അററം വിരൽകൊണ്ടൊന്നമർത്തിപ്പിടിച്ചുതരണം, അടിയന് പിൻപുറത്തുകൂടി ഒന്നു ചുററി മുമ്പിൽവന്ന് മറെറത്തല കൂട്ടിമുട്ടിച്ച് അളവു നോക്കാനാണ്.''

ഈ അഭ്യർത്ഥന കേൾക്കേണ്ട താമസം, മൂക്കത്തു മുൻകോപവും നാക്കത്ത് ഒരാട്ടും കുടിയിരുപ്പുള്ള ചന്തുമേനോൻ മേലാകെ ഉലയുമാറ് ഉറക്കെ ചിരിച്ചുതുടങ്ങി. ഇവിടെ ചന്തുമേനോൻെറ

കുടവയറിൻെറ വലിപ്പം മാത്രമല്ല, സ്വഭാവത്തിൻെറ അതിപ്രധാനമായ ഒരു പ്രത്യേകതയും നമുക്കു കാണാം. ഒരു നല്ല ഫലിതം ആരെപ്പോൾ പറഞ്ഞാലും, അതാരെപ്പററിയായാലും, മൂപ്പിന്നു് അതിൽ രസിച്ചു മതിമറന്നുപോകും. തുന്നൽക്കാരൻ പയ്യൻ ചന്തുമേനോൻ സബ്ബ്ജഡ്ജിയുടെ കുടവയറിനെപ്പററി പറഞ്ഞാലും കഥയ്ക്കു് മാററമില്ല. കഴിഞ്ഞില്ല; സ്വാഭാവികമായ ഈ രംഗത്തിനു് സ്വാഭാവികമായ ഒരവസാനംകൂടിയുണ്ടു്. കീശയിൽ കൈയിട്ടു് ഒരുറുപ്പിക ഫലിതക്കാരനു് ഉടനേ സമ്മാനിക്കുന്നു. രസിച്ചുപോയോ, ആ രസികതയെ അംഗീകരിച്ചാദരിച്ചേ അദ്ദേഹം അടങ്ങുകയുള്ളു. ഹിതകരവും രസകരവുമായി എന്തു ചെയ്യുന്നവക്കുമുണ്ടു്, ചന്തുമേനവൻെറ പക്കൽനിന്നു് അപ്രതീക്ഷിതമായൊരു പാരിതോഷികം.

അസാധാരണനും രസികനും കുടവയറനുമായ ഈ മനുഷ്യൻെറ ബാല്യകാലം എങ്ങനെയായിരുന്നുവെന്നു വെറുതേ വിഭാവനം ചെയ്യാൻ തോന്നിപ്പോകും. അതിനെപ്പററി ആരും ഒന്നും എഴുതിക്കണ്ടിട്ടില്ല. ചോദിക്കാൻ അച്ഛൻപോലുമില്ലാതിരുന്ന അക്കാലത്തു് ഗുരുത്തക്കേടുകൾ കുറെയേറെ ചെയ്തുകാണണം. ഏതായാലും ഗുമസ്തനായി ജോലിചെയ്തിരുന്നകാലത്തെ സഹപ്രവത്തകർ പറഞ്ഞു പ്രചാരത്തിൽ വന്നിട്ടുള്ള ഒരു വസ്തുതയുണ്ടു്. ചന്തുമേനോൻ തൻെറ ഗുമസ്താപ്പണിയൊക്കെ ഒരേയിരുപ്പിൽ ധടിതിയിൽ അങ്ങു ചെയ്തുതീക്കും. എന്നിട്ടു പേടിക്കേണ്ട 'മേലാവികൾ' ആഫീസ്സുവിടുന്ന തക്കവും നോക്കിയിരുപ്പാണു്. അവർ ഗേററിറങ്ങേണ്ട താമസം, തന്റെ വക ചില്ലറ കഥകളിയും ചെണ്ടമേളവുംകൊണ്ടു്, മുഷിഞ്ഞിരുന്നു ജോലിചെയ്യുന്ന മററുള്ളവരെ ശല്യപ്പെടുത്തിത്തുടങ്ങും. ഈ വാദ്യമേളങ്ങളിൽ രസം കയറി 'തീരാത്ത ജോലി അവിടെക്കിടക്കട്ടെ' എന്ന മട്ടിൽ ചിലരെല്ലാം കൂട്ടത്തിൽക്കൂടി ആട്ടവും ചാട്ടവുമാകും. മററു ചിലർ, "പഹയൻെറ തല തെറിക്കാൻ! വലിയ ശല്യമായല്ലോ" എന്ന മട്ടിൽ നെററി ചുളിച്ചു്, എഴുതാൻ ശ്രമിച്ചിട്ടും പററാതെ, തലയ്ക്കു കൈയും കൊടുത്തിരിക്കും. പ്രത്യാഘാതങ്ങൾ എങ്ങനെയെല്ലാമായാലും, കുസൃതിക്കാരനായ ആ സഹപ്രവത്തകനോടു് ആക്കും വെറുപ്പുണ്ടായിരുന്നില്ല. കാലം മുന്നോട്ടു നീങ്ങി; ജീവിതത്തിൻെറ താളലയങ്ങളാകെ വ്യത്യാസപ്പെട്ടു. പക്ഷേ, ഫലിതത്തിൻെറ രംഗവും രൂപവും മാറിയെന്നല്ലാതെ ചന്തുമേനോനു മാററമൊന്നും വന്നില്ല.

കോടതിയിൽ ചെണ്ടകൊട്ടിച്ച ന്യായാധിപൻെറ കഥ ഇന്നു് ഏറെക്കുറെ പ്രസിദ്ധമാണു്. ഒരു ന്യായാധിപനെന്ന

നിലയിൽ ചന്തുമേനോൻെറ നീതിബോധത്തിനും സ്വതന്ത്രതയ്ക്കും തെളിവാണ് ആ സംഭവം. ഫലിതത്തെക്കാൾ വലിയ ധിക്കാരംകൂടിയുണ്ട് അതിനടിയിൽ. സംഭവം ഇങ്ങനെയാണ്: ഡേവിഡ്സ് എന്ന പേരായ ഒരു യൂറോപ്യനായിരുന്നു അന്ന കോഴിക്കോട്ടെ ഡിസ്ത്രിക്ട് ജഡ്ജി. കോടതിയിൽ കേസ്സുവിസ്താരം നടക്കുമ്പോൾ സമീപത്തെങ്ങും കാററുപോലും വീശരുതെന്നുള്ള ഉഗ്രശാസനക്കാരനായിരുന്നു അദ്ദേഹം. ഒന്നിലധികം കോടതികളുള്ള കച്ചേരിവളപ്പിൽ ഈ നിഷ്ഠ പല രംഗങ്ങൾക്കും കാരണമായിത്തീർന്നിരിക്കണം. "ഇതിനൊരു പൊടിക്കൈ പ്രയോഗിച്ചിട്ടു കാര്യം" എന്നു രസികനായ ചന്തുമേനോൻ നിശ്ചയിച്ചു. അനവസരത്തിൽ എന്തെങ്കിലും ചെയ്താൽ അതു് മര്യാദകേടാവും. സംഗതികൾ ഇങ്ങനെയിരിക്കേയാണ് ചെണ്ടകൊട്ടു സംബന്ധിച്ച ഒരു കേസ്സ് കോടതിമുമ്പാകെ വന്നുപെട്ടതു്.

ഒരു പൂരത്തിനു പ്രത്യേകം ക്ഷണിച്ചുകൊണ്ടുവന്ന ഒന്നാംതരം ചെണ്ടക്കാരനായ ഒരു മാരാക്ക്, സാധാരണ ചെണ്ടക്കാരൻെറ 'ആന്ന്യ'മേ പൂരക്കാർ കൊടുത്തുള്ളു. ഇതുമൂലം ധനനഷ്ടം മാത്രമല്ല മാനഹാനിയും സംഭവിച്ച മാരാർ ഗത്യന്തരമില്ലാതെ വ്യവഹരിക്കാൻതന്നെ തീരുമാനിച്ചു. വ്യവഹാരം ചെന്നുപെട്ടതോ, ചന്തുമേനോൻെറ കോടതിയിലും. ന്യായം പ്രവർത്തിക്കാതെ പററുമോ? വിഷയമാണെങ്കിൽ ചെണ്ടകൊട്ടും. രംഗം വിഭാവനം ചെയ്യാവുന്നതേയുള്ളു. ഒരു കോടതിമുറി. അത്യുന്നത വിശാലമായ ഇരിപ്പുസജ്ജീകരണങ്ങളുടെ പിറകെ ചന്തുമേനോൻ സബ്ബ്ജഡ്ജി, തൻെറ പെരിയ വയറും പെരിയ ടർബനുമായി ഗാംഭീര്യത്തോടെ ഇരിപ്പുണ്ട്. മുൻഭാഗത്തും പാർശ്വങ്ങളിലുമായി സാക്ഷികൾക്കും പ്രതികൾക്കുമുള്ള കൂടുകൾ. നടുവേ കോടതിയെ അഭിമുഖീകരിച്ച് ഏതാനും വക്കീലന്മാർ. കക്ഷത്തിൽ ഒരാധാരക്കെട്ടുമായി ഓച്ഛാനിച്ചുനില്ക്കുന്ന കുറെ വക്കീൽ ഗുമസ്തന്മാരും കോടതിമുറിയിലുണ്ട്. കേസ്സുവിസ്താരം തുടങ്ങുകയായി.

തൊട്ടടുത്ത മുറിയിൽ ഡിസ്ത്രിക്ട്ജഡ്ജി ഡേവിഡ്സ് സായ്പിൻെറ കോടതിയാണ്. ഒരു ശവദാഹരംഗത്തെക്കാളും നിശ്ശബ്ദഗംഭീരമായി പതിവുപോലെ അവിടെ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഭയംകൊണ്ട് ശ്വാസമടക്കിപ്പിടിച്ചു കണ്ണുമിഴിക്കുന്ന ശിപായിമാർ, കലശലായി ഒന്നു തുമ്മാൻവന്നിട്ടു നിയന്ത്രിക്കാനാകാതെ പതുക്കെ നിലത്തു തൊട്ടുതൊട്ടില്ലെന്നമട്ടിൽ കോടതിമുറിയിൽനിന്നു പുറത്തേക്കു കടന്നോടുന്ന വക്കീലന്മാർ—എല്ലാമുണ്ട്പതിവുപോലെ. അപ്പോഴേക്കും അതാ അടുത്ത മുറിയിൽ

നിന്നു കേൾക്കുന്നു, 'ഡിണ്ടിമി ഡിമി ഡിമി—ഡിണ്ടിമി ഡിമി ഡിമി' എന്ന ചെണ്ടവാദ്യം. സായ്പ് ഒന്നു ഞെട്ടി. 'What?' എന്ന ഒർർദ്ധോക്തിയിൽ കണ്ണുമിഴിച്ച്, മുഖമുയർത്തി, നെററി ചുളിച്ച്, അത്ഭുതത്തോടെ ചെവിപാർത്തു, 'തികതരികിടതക—തിത്തരികിടതക..' ചെണ്ടമേളം മുറുകുകയാണ്—ഓലപ്പടക്കം പൊട്ടുന്നതുപോലെ. ഇതു ച്ചയനങ്ങിയാൽ കോപിക്കുന്ന ഡേവിഡ്സ് കോപംകൊണ്ടു വിറച്ച് ഒരു കുറിപ്പെഴുതി, ഒരലച്ച യോടെ പ്യൂണിനെ വിളിച്ച് അതു് സബ്ബ് ജഡ്ജിക്കു കൊടുക്കാനായി ഏല്പിച്ചു. പ്യൂൺ കുറിപ്പുംകൊണ്ട് അപ്പുറത്തുചെന്നപ്പോൾ ചെണ്ടകൊട്ട് തകൃതിയായി നടക്കയാണ്. നന്നായി ഒന്നു മലൻ ചാരി കണ്ണുകളടച്ച് ഇടയ്ക്കു താളത്തിനൊത്തവണ്ണം തലയും കൈവിരലും വെട്ടിച്ച്, ആനന്ദനിർവൃതിയിൽ ആണ്ടതുപോലെ ചന്തുമേനോൻ ഇരിക്കുന്നു.

പ്യൂണിൻെറ രംഗപ്രവേശം കണ്ടപ്പോൾത്തന്നെ എല്ലാവരും കാര്യമൂഹിച്ചു. ആ പാവം വിറച്ചു വിറച്ച് നടന്നുചെന്നു ന്യായാസനത്തിൻെറ മുമ്പിലെത്തി നിന്നു. പക്ഷേ, 'ന്യായാസനം' കണ്ണടച്ച് ഒരേയിരുപ്പാണ്. ഇടയ്ക്കു തലയാട്ടം കൈവെട്ടിക്കലുമുണ്ട്. മിനിട്ടുകൾ പോവുന്നു; ചെണ്ടയിൽ താളം മുറുകുന്നു. പാവം പ്യൂണിൻെറ പ്രാണനും താളത്തിനൊപ്പിച്ചു കുറേശ്ശെ പോവാൻ തുടങ്ങി. ഒന്നു വിളിക്കാമെന്നുവെച്ചാലോ? അയ്യോ! കാലനാണ്. ആദ്യത്തെ ആട്ടുകേട്ടുള്ള ഞെട്ടിത്തെറിക്കലിൽ നേരേ നരകത്തിൽ ചെന്നുവീഴും. കുറിപ്പു കൊടുക്കാതെ മടങ്ങിപ്പോകാമെന്നുവച്ചാലോ? സായ്പ് കൈയോടെ ഉദ്യോഗത്തിൽ നിന്നു ചവിട്ടിയോടിക്കും. "നാരായണ! ഭഗവതിയേ! എന്നെ രക്ഷിക്കണേ!" പാവം ഉള്ളുകൊണ്ടു പ്രാർത്ഥിച്ചു. പ്രാർത്ഥന ഫലിച്ചതുപോലെ! അടച്ച കണ്ണു തുറന്നു. അതിൽനിന്നു അസ്ത്രം പോലുള്ള ഒരു നോട്ടം പ്യൂണിൻെറ മുഖത്തു തറച്ചു. ഭയങ്കരമായ ഒരു നോട്ടം! പിന്നെ അനക്കമില്ല. തുറന്ന കണ്ണ് വീണ്ടും അടഞ്ഞു. ചെണ്ടകൊട്ടു മുറുകുന്നു.

അപ്പുറത്ത് ഡേവിഡ്സ് സായ്പിരുന്നു കലികൊണ്ടു വിറയ്ക്കുന്നു "എവിടെപ്പോയി ആ നായ സ്ലിപ്പുംകൊണ്ടുപോയിട്ട്?" പക്ഷേ, നായയെ കാണാനില്ല. ക്ഷമകെട്ട് ആ ധാര ചാടി എണീററു. 'ഠേ, ഠേ' എന്നു നിലം ചവിട്ടിപ്പൊടിച്ചു നേരേ സബ്ബ്ജഡ്ജിയുടെ കോടതിയിലേക്കു നടന്നു. വാതില്ക്കൽ ചെന്നപ്പോൾ രംഗം ഗംഭീരമാണ്. താൻ പറഞ്ഞയച്ച പ്യൂൺ നരകാഗ്നിയിൽ കിടന്നു വേവുന്ന മുഖഭാവത്തോടെ സബ്ബ്ജഡ്ജിയുടെ മുമ്പിൽനിന്നു വിറയ്ക്കുന്നു. ജഡ്ജിയാകട്ടെ, കണ്ണടച്ച്, 'തലവെട്ടിച്ച്,

വിരൽ ചലിപ്പിച്ചുകൊണ്ടു ചാരിക്കിടപ്പാണു്. മാരാർ വിയത്തു കളിച്ചു് വളഞ്ഞുപിരിഞ്ഞു് കൊട്ടോട്ടുകൊട്ടുതന്നെ. ധിക്കാരത്തിൻെറ വിളയാട്ടം! ഡേവിഡ്സ് വിറച്ചുകൊണ്ടു് അവിടെ നിന്നു—പിസ്റ്റളെടുത്തു് ജഡ്ജിസ്ഥാനത്തു കിടക്കുന്ന ആ പോക്കിരിയെ തകൎത്തുകളയാൻ പോന്നത്ര ഉഗ്രമായ കോപത്തിൽ—നല്ലൊരു ചിത്രകാരനുണ്ടെങ്കിൽ, ആ രംഗം ഒന്നു വരച്ചുകാണുവാൻ രസമായിരിക്കും. ഒരു ഭാഗത്തു ദുര്യോധനാൎജ്ജുനന്മാരുടെ മുമ്പിൽ കണ്ണടച്ചുകിടന്ന മഹാകള്ളനായ കൃഷ്ണനെപ്പോലെ ഒരു ചന്തുമേനോൻ; മററെ തലയ്ക്കൽ, കോപംകൊണ്ടു കത്തിജ്ജ്വലിച്ചു നില്ക്കുന്ന ഡേവിഡ്സ് എന്ന സീനിയർ ജഡ്ജി; ഒരു വശത്തുള്ള കൂട്ടിൽ, ചെണ്ടകൊട്ടു നിൎത്തണമോ തുടരണമോ എന്നറിയാതെ വിഷമിക്കുന്ന മാരാർ; ഇതിൻെറയെല്ലാം നടുക്കു് വില്ലയും തുപ്പട്ടാവുമടക്കം നിന്നു വിറയ്ക്കുന്ന പാവപ്പെട്ട പൂൺ; 'ഓഡിയൻസ്' മാരായി കുറെ വക്കീലന്മാരും ഗൃഹസ്ഥന്മാരും കക്ഷികളും........ഒന്നുരണ്ടു മിനിട്ടുനേരം ഇങ്ങനെ കഴിഞ്ഞു. ചന്തുമേനോൻ ചെണ്ടകൊട്ടു നിൎത്താൻ മാരാരോടു് ആംഗ്യം കാട്ടി. കണ്ണു തുറക്കാതെതന്നെ ഒരു വിധിപ്രസ്താവനയും: "മാരാക്കു് ഒന്നാംതരം മേളക്കാരൻെറ വഹ കൊടുക്കാൻ വിധിച്ചിരിക്കുന്നു."

പെട്ടെന്നു കണ്ണുതുറന്നു നോക്കുമ്പോഴുണ്ടു് ഡിസ്ത്രിക്ടു് ജഡ്ജി മുമ്പിൽ നില്ക്കുന്നു! ഉടനേ ചന്തുമേനോൻ, "Excuse me Mr. Davids. But I must do justice" എന്നിങ്ങനെ ഭംഗിയായ ഒരു ക്ഷമാപണം നടത്തി. എന്താണു് പറയുക? കലികൊണ്ടു വിറച്ചുതന്നെ സായ്പു് തൻെറ മുറിയിലേക്കു മടങ്ങി. വൈകുന്നേരം അതിനെപ്പററി പ്രതിഷേധത്തോടെ സംസാരിക്കാൻ മുതിൎന്ന സായ്പിനെ കാൎയ്യം വിവരിച്ചു ഗ്രഹിപ്പിച്ചുകൊണ്ടു ചന്തുമേനോൻ ചോദിക്കയാണു്, "മി. ഡേവിഡ്സ് ആ കണ്ട കലാവിദ്യയിൽ ഒരുത്തൻ. ഒന്നാന്തരക്കാരനായ വിദഗ്ദ്ധനാണോ, അതല്ല, വെറും സാമാന്യക്കാരനാണോ എന്ന പ്രശ്നമാണു് കേസ്സിൽ ഞാൻ തീരുമാനിക്കേണ്ടിയിരുന്നതു്. നിങ്ങളാണെങ്കിൽ അതെങ്ങനെ തീരുമാനിക്കും?" സായ്പിനു മറുപടിയുണ്ടായിരുന്നില്ല. "നിങ്ങൾ ഒരസാധാരണ ജഡ്ജിതന്നെ" എന്നു പറഞ്ഞു ചിരിച്ചു്, ചന്തുമേനോൻെറ കൈപിടിച്ചു കുലുക്കിക്കൊണ്ടു് അദ്ദേഹവും തൻെറ സഹപ്രവൎത്തകനെ അഭിനന്ദിച്ചു. ഒരു മനുഷ്യൻെറ അസാധാരണമായ സ്വഭാവത്തിൻെറ സൂചികയായി ഈ സംഭവത്തെ കണക്കാക്കിയാൽ, ഫലിതാസക്തി മാത്രമല്ല, അതിൽക്കവിഞ്ഞ പലതും ഇവിടെ കണ്ടേക്കും.......

ഒരു ദിവസം ഒരു തമിഴ്ബ്രാഹ്മണൻ ചന്തുമേനോൻെറ വീട്ടിൽ ചെന്നു. "മ്ഉം?......ആരാ?" ഗൃഹനാഥൻെറ ചോദ്യം. "ഭാഗവതരാണ്" ആഗതൻെറ മറുപടി. ഭാഗവതരാണെന്നു കേട്ട ഉടനേ മേനോനു രസംപിടിച്ചു. കോലായിൽ കടന്നിരിക്കാൻ ആഗതനെ ക്ഷണിച്ചു. "എന്നാൽ പാട്ടു തുടങ്ങാം." പുറകെ കല്പനയും. മൂളിക്കൊണ്ടിരുന്ന ഭാഗവതരെ ചന്തുമേനോൻ ഇടയ്ക്കിടയ്ക്കു് ഏറുകണ്ണിട്ടു് നോക്കുന്നുണ്ടു്. അല്പം മൂളലൊക്കെക്കഴിഞ്ഞപ്പോൾ പെട്ടെന്നൊരു ചോദ്യം. "ഫിഡിലറിയാമോ?" അറിയാമെന്നായിരുന്നു കഷ്ടകാലത്തിനു ഭാഗവതർ പറഞ്ഞ മറുപടി.

ഇതു കേൾക്കേണ്ട താമസം, "എടാ കൃഷ്ണാ, ആ ഫിഡിൽ എടുത്തുകൊണ്ടുവാ" എന്നാജ്ഞ പുറപ്പെട്ടു. ഭാഗവതർ ഒരു പതിനഞ്ചു മിനിട്ടുനേരം ഫിഡിലിൻെറ ശ്രുതി കൂട്ടിക്കൊണ്ടും ഇടയ്ക്കു ഭയന്നു ചന്തുമേനോനെ ഏറുകണ്ണിട്ടു നോക്കിക്കൊണ്ടും ഇരുന്നു. ഉടനേ പട്ടരോടായി ഒരാജ്ഞ. "എടോ, ഫിഡിലവിടെ വെക്കു". പട്ടർ ഭയപ്പെട്ടു ഫിഡിൽ താഴെവെച്ചു മിഴിച്ചുകൊണ്ടു നിന്നു.

"എവിടെയാ തൻെറ വീട്?"

"പാലക്കാട്ടാണ്."

"ഇവിടെനിന്നു് പാലക്കാട്ടേയ്ക്കു് എന്താണ് വണ്ടിക്കൂലി?"

"പതിന്നാലണ."

"എടാ കൃഷ്ണാ, ആ എഴുത്തുപെട്ടിയിൽനിന്നു് പതിന്നാലണയെടുത്തു് ഈ പട്ടർക്കു കൊടുക്കു്."

"പെട്ടിയിൽ ചില്ലറയില്ല."

"ഹു, ഏഭ്യാ! ഉറുപ്പിക കൊണ്ടുപോയി മാറി പതിന്നാലണ കൊടുക്കു്."

പതിന്നാലണ ചുമ്മാ കൊടുക്കാൻ തീരുമാനിച്ച സ്ഥിതിക്കു് അണ പതിനാറായാലും തരക്കേടില്ല. പക്ഷേ, കാര്യമതല്ല. സംഗീതകലയെ ആക്ഷേപിക്കുന്ന ആ പട്ടർ ഉടനേ വണ്ടികയറി രാജ്യം ശുദ്ധിയാക്കുന്നതിലേക്കാണ് കൃത്യം പതിന്നാലണ. അണ പതിനാറായാൽ അതിൽ രണ്ടണ പാരിതോഷികമാവും.

അതു പാടില്ല. ഈ സംഭവത്തിന്റെ ദൃക്സാക്ഷിയായ മൂർക്കോത്തു കുമാരൻ ആ അനുഭവം ഉപസംഹരിച്ചിട്ടുള്ളതിങ്ങനെയാണ്:— "അന്നു ചില്ലറ മാറാൻ പോകുന്ന ഭൃത്യന്റെ പിന്നാലെ പോയ ആ ബ്രാഹ്മണന്റെ മുഖഭാവം ഞാൻ ഒരു കാലത്തും മറക്കുകയില്ല," രസികത്വത്തിനും 'എക്സെൻട്രിസിറ്റി'ക്കുമെന്നതുപോലെതന്നെ അദ്ദേഹത്തിന്റെ സംഗീതജ്ഞതയ്ക്കുകൂടി നിദർശനമാണ് ഈ സംഭവം. കലയെ അദ്ദേഹത്തിന് മതിപ്പാണ്. പക്ഷേ, കല യായിരിക്കണം. കലാഭാസത്തേയും കലാവ്യഭിചാരത്തേയും ഒരുവക ഭ്രാന്തിന്റെ അസഹിഷ്ണുതയോടെ അദ്ദേഹം വെറുത്തിരുന്നു.

*　　　　*　　　　*　　　　*

ഇങ്ങനെ ആ ജീവിതത്തിന്റെ ഭാവങ്ങൾ നിരവധിയാണ്. ചന്തുമേനോന്റെ സാഹിത്യരംഗങ്ങളും അദ്ദേഹത്തിന്റെ കഥാപാത്രങ്ങളും അത്ഭുതകരങ്ങളാകാൻ കാരണം അദ്ദേഹത്തിന്റെ കലാസിദ്ധിയായിരിക്കാം. എന്നാൽ ഏററവും മികച്ച പാത്രങ്ങളെ സൃഷ്ടിക്കാൻ സാധിച്ച അദ്ദേഹം ഏററവും മികച്ച ഒരു പാത്രവുംകൂടിയായിരുന്നു എന്ന പരമാർത്ഥം തീരെ നിസ്സാരമായി തള്ളിക്കളയാവുന്ന ഒന്നല്ല.

ചന്തുമേനോൻ—ഒരു പഠനം]　　　　[പി. കെ. ബാലകൃഷ്ണൻ

അഭ്യാസം

1. നോവലിസ്റ്റിനുവേണ്ട ഏററവും മികച്ച കലാസിദ്ധിയെന്ത്?
2. ചന്തുമേനോൻ കോടതിയിൽവെച്ച് ചെണ്ടകൊട്ടിച്ച കഥ വിവരിക്കുക.
3. ചന്തുമേനോന്റെ ഫലിതരസികത ഉദാഹരണങ്ങളെക്കൊണ്ടു തെളിയിക്കുക.
4. 'പൂർണിതഭൂതം' വിവരിച്ചും ഈ പാഠത്തിൽനിന്നു് ഉദാഹരണം ചൂണ്ടിക്കാണിക്കുക.
5. മറക്കുക, മറയ്ക്കുക—ഇവയുടെ അർത്ഥവ്യത്യാസം വ്യക്തമാക്കി കാരിതമേതെന്നും പ്രയോജകമേതെന്നും നിർദ്ദേശിക്കുക.

പാഠം 16

മുത്തുമാല

[കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്—സ്വദേശം ചങ്ങനാശ്ശേരി. കുറേക്കാലം തിരുവനന്തപുരത്ത് അഭിഭാഷകനായിരുന്നശേഷം സർക്കാർ സർവ്വീസിൽ പ്രവേശിച്ച്, ഡിസ്ട്രിക്റ്റ് ജഡ്ജിയായി അടുത്തുൺ പറ്റി. ആദ്യകാലത്തു പത്രങ്ങളിലും മാസികകളിലും ചെറുകഥകളും മറ്റും ധാരാളമായി എഴുതിയിരുന്നു. ഏതാനും ചെറുകഥകളുടെ സമാഹാരമാണ് ആശാങ്കുരം.]

അസാമാന്യസൗന്ദര്യശാലിനികളായ പല സ്ത്രീകളും ഏററവും ദാരിദ്ര്യപരവശങ്ങളായ കുടുംബങ്ങളിൽ ജനിക്കാൻ ഇടയാകുന്നതു വിധാതാവിൻെറ സൃഷ്ടിവിധാനത്തിലുള്ള ഒരു പ്രമാദം കൊണ്ടാണെന്നോ, പ്രകൃതിയുടെ "സമീകരണനിയമ"മനുസരിച്ചാണെന്നോ ചില ചിന്തകന്മാർ അഭിപ്രായപ്പെടാറുണ്ട്. ഇതിന്റെ യഥാർത്ഥത എങ്ങനെയായിരുന്നാലും നിരാഭരണസുന്ദരിയായ പ്രേമ ദാരിദ്ര്യദേവതയുടെ നഗ്നമായ മടിത്തട്ടിലേക്കു ജനിക്കുവാനുണ്ടായ കാരണം അവളുടെ മാതാപിതാക്കന്മാർ ദരിദ്രരായിരുന്നതാണെന്നേ സാധാരണന്മാർക്കു തോന്നുകയുള്ളൂ.

അവൾ ജനിച്ചതു് ഒരു ദരിദ്രമായ ഭവനത്തിലാണെങ്കിൽ വളർന്നതു് അതിലും ദയനീയമായ രീതിയിലാണു്. എന്നിരുന്നാലും ഉദാരയായ പ്രകൃതിമാതാവു് അവളിൽ ഉള്ളഴിഞ്ഞു ചൊരിഞ്ഞിരുന്ന സൗന്ദര്യത്തിൻെറ ദിവ്യകിരണങ്ങളെ നാലുപാടും ചിതറിക്കൊണ്ടു് അവൾ അങ്ങനെ വളർന്നുവന്നു.

അതിബാല്യത്തിൽത്തന്നെ അവളെ പള്ളിക്കൂടത്തിൽ അയച്ചതിനാൽ രണ്ടുമൂന്നു വർഷം കൊണ്ടു് അവൾ എഴുതുവാനും വായിക്കുവാനും വശമാക്കി. എന്നല്ല, അതേ പള്ളിക്കൂടത്തിൽ പഠിച്ചിരുന്ന ചില പ്രഭുകുമാരികളുമായി പരിചയപ്പെടുന്നതിനും ചിലപ്പോൾ അവരുടെകൂടെ ആ ഗൃഹങ്ങളിൽ പോകുന്നതിനും അവൾക്കു് അവസരം ലഭിച്ചു. അങ്ങനെയുണ്ടായ പരിചയത്തിൻെറ ഫലമായി അവരുടെ ആ ആഡംബരജീവിതത്തിൽ അവൾക്കു് ഒരാഗ്രഹവും അങ്കുരിക്കയുണ്ടായി.

അവൾ ജീവിതത്തിലെ വസന്തകാലത്തിലേക്കു കാൽ ഊന്നി. അപ്പോഴേയ്ക്കും പരിഷ്കാരികളായ പല യുവരസികന്മാരുടെയും കടാക്ഷപാതങ്ങൾ ആ കോമളകളേബരയിൽ പൊഴിഞ്ഞുതുടങ്ങി

എന്നാൽ അവളെ വിവാഹം ചെയ്യത്തക്ക കരളുറപ്പു് അവരിലാർക്കുംതന്നെ ഉണ്ടായതുമില്ല. പണംകൊണ്ടോ പദവികൊണ്ടോ പ്രസിദ്ധനായ ഒരാളുടെ പ്രാണവല്ലഭയാകുന്നതിനുള്ള ഒരു ഭാഗ്യരേഖയും അവളുടെ ഉള്ളങ്കൈയിൽ കാണ്മാനുണ്ടായിരുന്നില്ല. എന്തിനേറെ? ആ കുപ്പയിൽ കിടന്ന മാണിക്കക്കല്ലിനെ മാറിലെടുത്തണയ്ക്കാൻ യോഗമുണ്ടായതു് പത്തും നാലും തികച്ചു ശമ്പളമുള്ള ഒരു പള്ളിക്കൂടം അദ്ധ്യാപകനായ ബാലഗോപാലനാണെന്നു പറഞ്ഞാൽ മതിയല്ലോ.

വളരെ ലഘുവായ രീതിയിലേ അവൾ വസ്ത്രധാരണം ചെയ്തിരുന്നുള്ളു. വലിയ വേഷപ്പകിട്ടിനൊന്നും വകയില്ലാതിരുന്നതുകൊണ്ടു് അവൾ ആഭരണങ്ങൾ ഒന്നുംതന്നെ അണിഞ്ഞിരുന്നില്ല. അവയൊന്നും ഇല്ലാതിരുന്നതിനാൽ, കല്യാണത്തിനുശേഷം അവൾ ഭർത്തൃഗൃഹത്തിൽ കഴിച്ചുകൂട്ടിയതു് കരയിൽവീണ ഒരു മത്സ്യമായിട്ടായിരുന്നു. എപ്പോഴും അവളുടെ മുഖത്തു് ഒരസ്വസ്ഥത, ഒരമ്പരപ്പു്, ഒരസംതൃപ്തി, കാണ്മാനുണ്ടായിരുന്നു. ലാവണ്യവതിയായ അവൾക്കു് അനുരൂപനായ ഒരു വരനെ ലഭിക്കാതിരുന്നതിലുള്ള ഒരു കുണ്ഠിതമായിരുന്നു അതു്. അവൾ കണ്ണിൽക്കണ്ട സകല യുവസുന്ദരന്മാരേയും സമ്പന്നന്മാരേയും ഉള്ളുകൊണ്ടു ശപിക്കയും ശകാരിക്കയും ചെയ്തുവന്നു. തന്നെ വിവാഹംചെയ്യാനല്ലായിരുന്നെങ്കിൽ പിന്നെയെന്തിനായിട്ടാണവരെ സൃഷ്ടിച്ചിരിക്കുന്നതെന്നവൾ ശങ്കിച്ചു. എന്നാലും തന്റെ അലോകസാമാന്യമായ സൗന്ദര്യത്തിൽ അവൾക്കു് അടക്കുവാൻ വഹിയാത്ത ഒരഭിമാനമുണ്ടായിരുന്നു. പണത്തേക്കാളും പാണ്ഡിത്യത്തേക്കാളും സ്ത്രീകളെ തുലോം കൂടുതലായി ദുരഭിമാനം കൊള്ളിച്ചു ഭരിക്കുന്ന ഒരു ശക്തിയാകുന്നു സൗന്ദര്യം. താൻ ഒരു കൗബേരപദവിയിൽ— രാജകീയാഡംബരമദ്ധ്യത്തിൽ — സർവ്വജനസമാരാദ്ധ്യയായിട്ടല്ലല്ലോ ജനിക്കാൻ ഇടയായതു് എന്നുള്ള ഒരു വിചാരം—ഒരു വിഷാദം—അവളുടെ ഹൃദയത്തിൽ സദാ സൂചി തറച്ചുകൊണ്ടേയിരുന്നു.

ഭർത്താവിന്റെ ഇടുങ്ങിയ വീടും, ഇരുട്ടടഞ്ഞ മുറികളും, ഇടിഞ്ഞുപൊളിഞ്ഞ തറയും, ഒടിഞ്ഞുപറിഞ്ഞ വീട്ടുസാമാനങ്ങളും അവളുടെ കണ്ണുകളെ കലക്കിമറിക്കുന്ന കരടുകളായിരുന്നു. അവളുടെ നിലയിലുള്ള മറ്റൊരു സ്ത്രീയ്ക്കും പരാതി പറയുന്നതിനോ പരിഭവിക്കുന്നതിനോ ഇടയില്ലാത്ത ആ സാമാനങ്ങളെല്ലാം അവൾക്കു് എന്തെന്നില്ലാത്ത സങ്കടത്തേയും നിരാശതയേയും ഉളവാക്കിയിരുന്നു.

ആ കാററും വെളിച്ചവും കേറാത്ത വീട്ട് വിശാലവും മനോഹരവുമായ് ഒരു മാളികയായിരുന്നെങ്കിൽ, അവിടത്തെ പരുപരുത്ത തറയിൽ ചില പരവതാനികൾ വിരിച്ചിരുന്നെങ്കിൽ, അവരുടെ പൊട്ടച്ചട്ടികളുടെ സ്ഥാനത്ത് കുറേ പൊൻകലശങ്ങളുമുണ്ടായിരുന്നെങ്കിൽ, ഹാ! അവൾ ഒരു പ്രഭുകുമാരിയായിരുന്നെങ്കിൽ, എത്ര പേർ അവളുടെ പരിചയത്തിനും പരിചയ്യ്ക്കുമായി വരുമായിരുന്നു! എത്ര പേർ അവളെ സല്ക്കരിക്കാനും അവളുമായി സല്ലപിക്കാനും ഉണ്ടാകുമായിരുന്നു!

ചിലപ്പോൾ—ഭർത്താവിൻെറ ഭക്ഷണസമയത്ത് അവൾ ഉടഞ്ഞ പാത്രങ്ങളിൽനിന്നും ഉപ്പില്ലാത്ത കറികൾ എടുത്തു വിളമ്പിക്കൊടുക്കുമ്പോൾ—"ഹാ! ഇന്നത്തെ സാമ്പാറ് പരമ രസികനായിരിക്കുന്നു. ഇത്ര നല്ലതു കൂട്ടിയിട്ടില്ല" എന്നു ഭർത്താവ് ഹൃദയപൂർവ്വം പ്രശംസിക്കുമ്പോൾ—പരമാർത്ഥത്തിൽ അന്നത്തേതു് സാമ്പാറുമായിരിക്കയില്ല, അതിന്ന് സ്വാദും കുറവായിരിക്കും —അവളുടെ മനസ്സാകട്ടെ താൻ ബാല്യകാലത്തിൽ കണ്ടിട്ടുള്ള പ്രഭുക്കന്മാരുടെ സദ്യവട്ടങ്ങളിലും അവരുടെ വെള്ളിത്താമ്പാളങ്ങളിലും പതിഞ്ഞിരിക്കയായിരിക്കും.

അവൾക്കില്ലാതിരുന്നതു് നല്ല വസ്ത്രങ്ങളും നല്ല ആഭരണങ്ങളും; അവൾക്കു വേണ്ടിയിരുന്നതോ അവ രണ്ടും. അവളുടെ അകൃത്രിമസൗന്ദര്യത്തെപ്പററി അന്യന്മാർ പ്രശംസിക്കുമ്പോൾ അവൾ ഞെളിഞ്ഞു് അഭിമാനത്തോണിന്മേൽ കയറി ആകാശത്തോളം ഉയരാറുണ്ട്. "ഹാ! അവൾക്ക് രണ്ടു വൈരക്കമ്മൽ കൂടെ ഉണ്ടായിരുന്നെങ്കിൽ!" അതു കേൾക്കുമ്പോൾ അവളുടെ ഹൃദയം പാതാളത്തോളം താണുപോകാറുമുണ്ട്.

അവൾ പള്ളിക്കൂടത്തിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ ആത്മാർത്ഥമായി സ്നേഹിച്ച് ഒന്നിച്ചു കളിച്ചുനടന്നിരുന്ന വാസന്തി ഒരു വലിയ ഉദ്യോഗസ്ഥൻെറ ഭാര്യയായതിൽപ്പിന്നെ അവളെ കാണുക പ്രേമമുള്ളവൾക്കു് പരമദുസ്സഹമായിരുന്നു. വാസന്തിയുടെ ആ ആഡംബരങ്ങളും ആഭരണങ്ങളും കണ്ടു സഹിക്കത്തക്ക ക്ഷമ അവൾക്കുണ്ടായിരുന്നില്ല. അവൾ ഏകാകിനിയും വിചാരമഗ്നയും ആയിട്ടായിരുന്നു നാൾ കഴിച്ചുവന്നിരുന്നതു്.

ഒരു ദിവസം പകലെ ബാലഗോപാലൻ പള്ളിക്കൂടത്തിൽനിന്നും തിരിച്ചുവന്നതു് ഒരു വലിയ വിജയസ്മിതത്തോടുകൂടിയായിരുന്നു. അയാൾ മുറിക്കകത്തു പ്രവേശിച്ചയുടനെ ഒരു ദീർഘനിശ്വാസത്തോടുകൂടി സ്വർണ്ണരേഖയുള്ള ഒരു കൂട്ട് അവളുടെ കൈയിൽ കൊടുത്തു.

"ഇതാ നിനക്കു് ഒരു ക്ഷണക്കത്തുണ്ടു്" അയാൾ അമിതമായ സന്തോഷത്തോടുകൂടി പറഞ്ഞു.

അവൾ ആ കൂട് വലിച്ചുകീറി അതിനകത്തുനിന്നും തങ്കരേഖയിൽ അച്ചടിച്ച ഒരെഴുത്തെടുത്തു് ഇങ്ങനെ വായിച്ചു.

"ഈ വരുന്ന ഞായറാഴ്ച 'വനിതാസദന'ത്തിൽവച്ചു നടക്കുവാൻ പോകുന്ന വനിതാസമ്മേളനത്തിനു താങ്കൾ ഭാര്യാസമേതം വന്നിരുന്നു സദസ്സിനു മാന്യത വരുത്തിത്തരണമെന്നപേക്ഷ. അവിടെവച്ചുതന്നെ ഒരു വിവിധവിനോദപ്രദർശനവും നടത്തുന്നതാണു്. ബഹുമതിട്ടിക്കററു് ഇതുസഹിതം അയക്കുന്നു.

എന്നു്, വിധേയ

സെക്രട്ടറി."

ഈ ക്ഷണക്കത്തു കണ്ടാൽ പ്രേമയ്ക്കു് എന്തെന്നില്ലാത്ത ആനന്ദവും അഭിമാനവും തോന്നുമെന്നാണു് അയാൾ ഊഹിച്ചിരുന്നതു്. എന്നാൽ അവളാകട്ടെ എഴുത്തെടുത്തു ദൂരെ വലിച്ചെറിഞ്ഞു് ഇങ്ങനെ പറഞ്ഞു:

"എനിക്കെന്തിനാണു് ഈ ക്ഷണക്കത്തു്? പൂച്ചയ്ക്കെന്തു് പൊന്നുരുക്കുന്നേടത്തു് കാര്യം?"

"എൻെറ ഓമനേ, ഇതു കണ്ടാലെങ്കിലും നിൻെറ മുഖത്തു് ഒരു പ്രസാദമുണ്ടാകുമെന്നല്ലേ ഞാൻ പ്രതീക്ഷിച്ചിരുന്നതു്. ഈ കനകാവസരത്തെ നീ ഇങ്ങനെ പാഴാക്കിക്കളയാൻ ഭാവിക്കുന്നോ? ഇതു കിട്ടാൻവേണ്ടി ഞാൻ പണിപ്പെട്ടതിനു കൈയും കണക്കുമില്ല. കണ്ട ചക്കിക്കും ചങ്കരനും കിട്ടുന്ന ഒന്നല്ലാ ഇതു്. വലിയ നിലയിലുള്ള ഉദ്യോഗസ്ഥന്മാക്കും പ്രഭുക്കന്മാക്കുമല്ലാതെ ഇതിനു ക്ഷണമേയില്ല."

അവൾ കോപരസം അല്പം അടക്കി ഇങ്ങനെ പറഞ്ഞു:—"എനിക്കു് വന്നാൽ കൊള്ളാമെന്നു മോഹമുണ്ടെങ്കിൽത്തന്നെയും ഒരു നല്ല വേഷത്തിലല്ലാതെ എങ്ങനെയാണു് പോകുക? എനിക്കു പട്ടുണ്ടോ? പാവാടയുണ്ടോ? ഇതൊന്നുമില്ലാതെ എങ്ങനെയാണു് പോകുന്നതു്?"

പരമാത്ഥത്തിൽ ആ വിഷയത്തെപ്പററി അയാൾ അത്ര ആലോചിച്ചിരുന്നില്ല. കുറേനേരം അതിനെക്കുറിച്ചു ചിന്തിച്ചശേഷം അയാൾ ഇങ്ങനെ മറുപടി പറഞ്ഞു:

"അതിനെന്താണു് വിഷമം? നീ അന്നൊരിക്കൽ നാടകത്തിനു പോയിരുന്നപ്പോൾ ധരിച്ചിരുന്നതില്ലേ? അതു ധാരാളം മതിയല്ലോ."

"അയ്യേ, അതിട്ടുകൊണ്ടുപോകാൻ എനിക്കു വയ്യ." അവരം തേങ്ങിക്കരഞ്ഞുകൊണ്ടു പറഞ്ഞപ്പോൾ അവളുടെ കണ്ണുകളിൽ നിന്നും രണ്ടു കണ്ണുനീർത്തുള്ളികൾ കവിളിലൂടെ കീഴ്പ്പോട്ടൊഴുകാൻ തുടങ്ങി.

"എന്തേ കരയാൻ ഭാവിക്കയാണോ? കാര്യം തുറന്നു പറയൂ."

"ഒന്നുമില്ല, എനിക്കു് നല്ല പട്ടുകളും മററുമില്ലാത്തതുകൊണ്ടു് ഞാൻ വരുന്നില്ലെന്നേയുള്ളു. ഈ ടിക്കററു് ഭേദപ്പെട്ട മററു വല്ലവക്കും കൊടുക്കു. ആ ഭാഗ്യശാലികളെങ്കിലും പോയിക്കൊള്ളട്ടെ."

അയാൾ ഒരു നെഞ്ചിടിപ്പോടുകൂടി ഇങ്ങനെ പറഞ്ഞു:—"ഓമനേ! ശുണ്ഠികടിക്കാതിരിക്കൂ. ആട്ടെ, ഒരു പുതിയ പട്ടോ ജാക്കററോ വാങ്ങുന്നതിനു് എന്തു വിലവരും?"

കേട്ടാൽ പെട്ടെന്നു ഞെട്ടത്തക്കവിധം അത്ര വിലകൂടാത്തതും, എന്നാൽ കണ്ടാൽ ആക്കും ഒന്നു നോക്കത്തക്കവണ്ണം അത്ര രസികനും ആയ ഒരു പട്ടിനും ഒരു ജാക്കററിനും കൂടി എന്തു വിലവരുമെന്നു് അവർ മനസ്സുകൊണ്ടൊന്നു സങ്കല്പിച്ചു് ഇങ്ങനെ പറഞ്ഞു:—

"പിന്നെ, എനിക്കു നല്ല നിശ്ചയം പോരാ, എങ്കിലും ഒരിരുപത്തഞ്ചു രൂപ വില വേണ്ടിവരുമെന്നാണു തോന്നുന്നതു്. ഇന്നാൾ സരോജത്തിൻെറ കൈയിൽ കണ്ടതിനു് മുപ്പതു രൂപായുണ്ടെന്നു പറഞ്ഞു. അത്ര വിലപിടിച്ചതൊന്നും നമുക്കു വേണ്ട, ഒരിരുപത്തഞ്ചിൻെറ ധാരാളം മതി."

അതു കേട്ടപ്പോൾ അയാൾ ഒന്നു ഞെട്ടുകയാണുണ്ടായതു്. അയാൾ കുറെക്കാലമായി ഒരു റിസ്ററുവാച്ചു് വാങ്ങിയാൽ കൊള്ളാമെന്നു കരുതി വളരെ ഞെക്കിഞെരുക്കി—എന്നു പറഞ്ഞാൽ ചില ദിവസങ്ങളിൽ ഉച്ചയ്ക്കു് കാപ്പി കുടിക്കാതെയും, ഉപയോഗിച്ചിരുന്ന സിഗററിൻെറ എണ്ണം കുറച്ചും—സമ്പാദിച്ചു് ഒരു സ്നേഹിതൻെറ കൈവശമേല്പിച്ചിരുന്ന രൂപ ഇരുപത്തഞ്ചോളംതന്നെ വരികയില്ലായിരുന്നു. ഒരു വാച്ചാണെങ്കിൽ, അതു കൈയ്ക്കൊരലങ്കാരം—കാണുന്നവക്കൊരു കൌതുകം—ഉടമസ്ഥന്നൊരഭിമാനം—സ്ത്രീകൾക്കൊരാകഷണം—ആണു്. നേരേ മറിച്ചു് ഒരു പുടവയാണെങ്കിൽ, അതു പട്ടായാലും ശരി, തുപ്പട്ടാവായാലും ശരി, ആറുമാസംകൊണ്ടു് കീറിപ്പറിഞ്ഞുപോകാനുള്ള ഒരു ക്ഷണഭംഗുരവസ്തുമാത്രമാണു്. പരമാത്ഥത്തിൽ സ്ത്രീകൾക്കു വിലപിടിച്ച വസ്ത്രങ്ങൾ ആവശ്യമില്ല. എന്നല്ല, വസ്ത്രംതന്നെ അവരെസ്സംബന്ധിച്ചിടത്തോളം ഒരാഡംബരം ആകുന്നു.

"ആട്ടെ, ഞാൻ ഇരുപത്തഞ്ചുറുപ്പ ഉണ്ടാക്കാം. പിന്നെ കുഴപ്പമൊന്നുമില്ലല്ലോ?"

അവളുടെ മുഖം സന്തോഷംകൊണ്ടു തിളങ്ങി.

സമ്മേളനദിവസം സമീപിച്ചു. പ്രേമയുടെ അഭീഷ്ടപ്രകാരമുള്ള വിശേഷപ്പെട്ടതും വിലപിടിച്ചതുമായ വസ്ത്രങ്ങളെല്ലാം തയ്യാറായിക്കഴിഞ്ഞു.

ഒരുദിവസം സന്ധ്യയ്ക്കു് ബാലഗോപാലൻ പ്രേമയെ വിളിച്ചരികിലിരുത്തി ഇങ്ങനെ പറഞ്ഞു:—"എന്താ ഇയ്യിടെ ഒന്നു രണ്ടുദിവസമായി പിന്നെയും ഒരു വല്ലായ്മ മുഖത്തു കാണുന്നതു്?"

"പട്ടും ജാക്കററുമൊക്കെ കിട്ടി, ശരിതന്നെ; പക്ഷേ, കൈയിലേയ്ക്കു് ഒരു കല്ലുവെച്ച മോതിരമോ, കഴുത്തിലേയ്ക്കു് ഒരു സ്വർണ്ണച്ചെയിനോ ഇല്ലാതെ അവിടെ പോയാൽ അവരൊക്കെ എന്തു വിചാരിക്കും? എന്തു കുറച്ചിലാണു്? നാലുപേരു് കൂടുന്നിടത്തുചെന്നു് ഒരു നല്ലപേരു കിട്ടിയില്ലെങ്കിലും അലോക്യമൊന്നുമുണ്ടാകാതെ പോരണ്ടേ?"

അയാൾ അവളെ ഇങ്ങനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു:—"എന്തിനാണു് ഈ കൃത്രിമാഭരണങ്ങളൊക്കെ? ഒന്നാന്തരം കുറെ പൂക്കൾ ഉണ്ടെങ്കിൽ പോരേ? വല്ലതും കാൽറുപ്പയ്ക്കു റോസയും പിച്ചിപ്പൂവും വാങ്ങിയാൽ അതിനു് ആയിരം റുപ്പയുടെ ആഭരണങ്ങളെക്കാൾ വാസനയും രസികതയുമുണ്ടായിരിക്കുമല്ലോ."

അയാളുടെ ഈ വേദാന്തം അവൾക്കത്ര സമ്മതമായില്ല.

"എത്ര പൂ വലിച്ചുവാരി ചൂടിയിരുന്നാലും ശരി, അതു ഞാനാണെങ്കിൽ ആഭരണമില്ലാഞ്ഞിട്ടാണെന്നല്ലാതെ ആരും പറകയില്ല."

അയാൾക്കല്പം ദേഷ്യം വന്നു.

"നിന്നെക്കൊണ്ടു വിഷമിച്ചു് നിവൃത്തിയില്ലാതായി. കയ്ച്ചിട്ടു് ഇറക്കാനുംവയ്യാ, മധുരിച്ചിട്ടു് തുപ്പാനുംവയ്യാ എന്ന മട്ടിലാണു് നീ തുടങ്ങിയിരിക്കുന്നതു്."

കുറെനേരം ആലോചിച്ചശേഷം അയാൾ ഇങ്ങനെ പറഞ്ഞു:—"ഒരു കല്ലിന്റെ തരിയെങ്കിലും കൂടാതെ കഴികയില്ലെങ്കിൽ നിന്റെ വാസന്തിയില്ലേ? അവളുടെ അടുക്കൽ ചെന്നു് അത്യാവശ്യം വേണ്ടതു വല്ലതും ഇരവൽ വാങ്ങിക്കൊണ്ടുപോരൂ. അവരിപ്പോൾ വലിയ അവസ്ഥയിൽ കൊച്ചമ്മചമഞ്ഞിരിക്കുകയാണെങ്കിലും, ഇത്രയ്ക്കെങ്കിലും ഒരു ഉപകാരം ചെയ്യാതിരിക്കയില്ല."

"ഞാനും അതോൎമ്മിക്കായ്കയല്ല. പക്ഷേ, അതു ഞാൻ പറഞ്ഞാൽ ഇവിടെ എന്തു വിചാരിക്കുമെന്നുവെച്ചു മിണ്ടാതിരുന്നതാണു്."

പിറേറന്നാൾ അവൾ വാസന്തിയുടെ അടുക്കൽച്ചെന്നു സംഗതികൾ എല്ലാം പറഞ്ഞു. അവൾ വലിയ ആസ്വരസമൊന്നും നടിക്കാതെ അറ തുറന്നു് ഒരു ചന്ദനപ്പെട്ടിയെടുത്തുകൊണ്ടുവന്നു് അതിൽനിന്നും കല്ലുവെച്ചതും സ്വർണ്ണംകൊണ്ടുള്ളതുമായ ഓരോരോ ഉരുപ്പടികൾ എടുത്തു വെളിയിൽവെച്ചു് ഇങ്ങനെ പറഞ്ഞു :—

"നിങ്ങളുടെ ഇഷ്ടംപോലെ ഒന്നു് തിരഞ്ഞെടുത്തുകൊൾക".

ശീമക്കമലംവെച്ച രണ്ടു കമ്മൽ, ജാതിപ്പച്ചയിൽ ഒരു മോതിരം, വൈരവും ചുവപ്പും ഇടചേൎന്ന ഒരു പതക്കം ഇവ കണ്ടപ്പോൾ പ്രേമയൊന്നമ്പരക്കുകയും അതിലേതാണു തിരഞ്ഞെടുക്കേണ്ടതെന്നറിയാതെ ഒന്നു് അന്ധാളിക്കുകയും ചെയ്തു. എന്നല്ല. അതെല്ലാം ഒന്നിച്ചങ്ങു വാരിയെടുത്താലോ എന്നും ആലോചിച്ചു. "ഛേ, ഒന്നിലധികം വേണമെന്നു പറയുന്നതു് ഒരുവക അല്പത്തരമായി കരുതുകയില്ലേ" എന്നുമവൾ ശങ്കിക്കാതിരുന്നില്ല.

"ആട്ടെ, ഇനിയും വേറെ വല്ല ഇനങ്ങളുമുണ്ടോ ?" അവൾ ചോദിച്ചു.

"ഒന്നുരണ്ടുകൂടെ കണ്ടേയ്ക്കും". വാസന്തി വേറൊരു വെള്ളിച്ചെല്ലം തുറന്നു് അതിനകത്തുനിന്നും ഒരു മുത്തുമാല—പളപളമിന്നുന്ന—കാണുന്നവരുടെ കണ്ണഞ്ചിക്കുന്ന—ഭൂമിയിൽ ഒരു നക്ഷത്രപംക്തിയെ സൃഷ്ടിക്കുന്ന—ഒരു മുത്തുമാല വെളിയിലെടുത്തു.

ആ മാല കണ്ടപ്പോഴേയ്ക്കും അതു കൈയിൽ വാങ്ങുവാനും കഴുത്തിലിടുവാനും ഉള്ള ഒരത്യാഗ്രഹംകൊണ്ടു് പ്രേമയുടെ ഹൃദയം തുടിച്ചുതുടങ്ങി. അതെടുത്തപ്പോൾ അവളുടെ കൈകൾ വിറയ്ക്കുകയാൽ വാസന്തിതന്നെ അതു പ്രേമയുടെ കഴുത്തിലിട്ടു് പിരി മുറുക്കി. അനന്തരം അവൾ അവിടെയുണ്ടായിരുന്ന ഒരു നിലക്കണ്ണാടിയുടെ മുമ്പിൽ ചെന്നുനിന്നു് ഒന്നു നോക്കിയപ്പോൾ ആനന്ദംകൊണ്ടു് അവളുടെ നേത്രങ്ങൾ തനിയെ അടഞ്ഞു.

"ശ്രീമതി വാസന്തി, ഈ മാല ഒരു ദിവസത്തേയ്ക്കു കിട്ടിയാൽ മതി."

"ആട്ടെ, എടുത്തുകൊൾക."

അവൾ വളരെ കൃതജ്ഞത പറഞ്ഞുകൊണ്ടു് വീട്ടിലേയ്ക്കു കുണുങ്ങിക്കുണുങ്ങി നടന്നു.

അന്നാണു് വനിതാസദനത്തിലെ മഹോത്സവം. പ്രേമയും ബാലഗോപാലനും നേരത്തേതന്നെ അവിടെ സന്നിഹിതരായിട്ടുണ്ടു്. അവിടെ കൂടിയിരിക്കുന്ന സകലരിലും വെച്ചു് ഏററവും സൗന്ദൎയ്യവതി പ്രേമതന്നെയാണു്. അവളുടെ മുഖത്തു് സന്തോഷവും സംതൃപ്തിയും തത്തിക്കളിക്കുന്നു. അവിടെ കൂടിയിട്ടുള്ള പുരുഷന്മാരിൽ ഘനഭാവം നടിച്ചിരിക്കുന്ന ചിലർ അവളെ ഏറുകണ്ണിട്ടു നോക്കി. നാണംകെട്ട ചിലർ അവളെ തുറിച്ചുനോക്കി. സ്ത്രീകളുടെ നോട്ടത്തിൽ ഒരസൂയയായിരുന്നു അധികം പ്രകടമായിരുന്നതു്. അവിടെ കൂടിയിരുന്ന പ്രധാന വേഷക്കാരികൾക്കെല്ലാംതന്നെ കാഴ്ചയിൽ എന്തെങ്കിലും ഒരു ന്യൂനത കാണാതിരുന്നില്ല. എം.എ-ക്കാരിയായ സരോജം—സദസ്സുകളിൽ ഗംഗാപ്രവാഹം ചെയ്യാറുള്ള സരോജം—കണ്ടാൽ കറുത്തു തടിച്ചു ഒരു കാലയക്ഷിയായിരുന്നു. കോകിലവാണിയായ കോഹർജാൻ ആനന്ദം എപ്പോഴും മറയ്ക്കുകത്തിരുന്നു പാടിയിരുന്നതു് ശ്രോതാക്കളെ കേൾപ്പിക്കത്തക്ക ശാരീരമല്ലാതെ അവരെ കാണിക്കത്തക്ക ശരീരം തനിക്കില്ലെന്നുള്ളതുകൊണ്ടായിരിക്കണം.

അന്നത്തെ പ്രദൎശനമഹോത്സവത്തിലെ മഹാറാണിയായിരുന്നു പ്രേമ അവൾ നക്ഷത്രങ്ങളുടെയിടയിൽ ചന്ദ്രനെപ്പോലെ, രാജീവങ്ങളുടെ നടുവിൽ രാജഹംസിപോലെ, ആ മഹിളാമണികളുടെ മദ്ധ്യത്തിൽ ശോഭിച്ചു.

അവിടെ കൂടിയിരുന്ന പുരുഷന്മാരെല്ലാം അവളെപ്പററി പരസ്പരം മന്ത്രിച്ചു. ചിലർ അവളുടെ പേരു ചോദിച്ചു മററു ചിലർ അവളുടെ വാസസ്ഥലം അന്വേഷിച്ചു.

പ്രേമയാകട്ടേ, സൗന്ദൎയ്യത്തിലുള്ള വിജയംകൊണ്ടും വിജയത്തിലുള്ള അഭിമാനംകൊണ്ടും മതിമറന്നു തുള്ളിച്ചാടി.

പ്രസംഗങ്ങളും പ്രഹസനങ്ങളും പൊടിതകൎത്തു. അഭിനന്ദനാരവങ്ങൾ അവിടെ ഉയൎന്നു മുഴങ്ങി. സമ്മേളനം അവസാനിച്ചു. ദീപങ്ങൾ താഴ്ന്നി. സദസ്യർ ഓരോരുത്തരായി വെളിയിൽ ഇറങ്ങിത്തുടങ്ങി. ചിലർ സ്വന്തം വണ്ടികളിലും മററു ചിലർ വാടകവണ്ടികളിലും യാത്ര തിരിച്ചു. പ്രേമയും ബാലഗോപാലനും ഒരു വാടകവണ്ടിയിലായിരുന്നു വന്നിരുന്നതു്. എന്നാൽ തിരിയെ പോകാറായപ്പോൾ ആ വണ്ടി അവിടെയെങ്ങും കാണ്മാനുണ്ടായിരുന്നില്ല.

"ഹാ, നാം മാത്രം നടന്നുപോകുന്നതെങ്ങനെയാണു്? ഞാൻ വേറെ ഒരു വണ്ടി പിടിച്ചുകൊണ്ടുവരാം, അതുവരെ ഇവിടെ നിൽക്കു" ബാലഗോപാലൻ പറഞ്ഞു. "വണ്ടിയൊന്നും

വേണ്ടാ, വല്ലതരത്തിലും ഇവിടെനിന്നും പോയാൽ മതി''. അവിടെക്കൂടിയിരുന്ന ഓരോരുത്തരുടേയും തീക്ഷ്ണങ്ങളായ നോട്ടങ്ങൾ ഏററു് അവിടെ നിൽക്കാൻ നിവൃത്തിയില്ലാതായതുകൊണ്ടു് അവൾ പറഞ്ഞു.

വണ്ടിക്കാരനെ അന്വേഷിച്ചു് അവർ കുറേദൂരം പോയി. ആരേയും കണ്ടില്ല. അല്പംകൂടി നടന്നു; പിന്നേയും ആരുമില്ല. അനന്തരം അവർ ഇരുവരും ഇരുട്ടത്തു് തപ്പിത്തടഞ്ഞു്, നേരേ അവരുടെ വീട്ടിലേയ്ക്കുതന്നെ നടന്നുതുടങ്ങി.

വീട്ടിലേയ്ക്കു വന്നുകയറിയപ്പോഴേയ്ക്കും അവരുടെ മയൂരപിഞ്ഛികാവർണ്ണത്തിലുള്ള മനോരാജ്യങ്ങൾ ഓരോന്നായി മാഞ്ഞുതുടങ്ങി. പിറേറന്നാൾ പത്തുമണിക്കു് പള്ളിക്കൂടത്തിലേയ്ക്കു പോകേണ്ട കാര്യത്തെപ്പററിയായി അയാളുടെ വിചാരം. അയയ്ക്കേണ്ടതെങ്ങനെയെന്നായി അവളുടെ ആലോചന.

അവരുടെ ശയനമുറിയിൽ പ്രവേശിച്ചശേഷം അവൾ തലമുടി ഒന്നഴിച്ചുകെട്ടഞ്ഞു് കഴുത്തിൽനിന്നും മാലയൂരാനായി കൊളുത്തു തപ്പി. പെട്ടെന്നു് അവൾ "അയ്യോ്'' എന്നു നിലവിളിച്ചു. ആ മുത്തുമാല അവളുടെ കഴുത്തിൽ കാണ്മാനുണ്ടായിരുന്നില്ല.

"എന്താ?'' ഉടുപ്പുമാറിക്കൊണ്ടു് അല്പം അകലെ നിന്നിരുന്ന ഭർത്താവു ചോദിച്ചു.

"അയ്യോ, പിന്നെ—എൻെറ മാല കാണുന്നില്ല—വാസന്തിയുടെ—'' അവൾ തൊണ്ടയിടറിപ്പറഞ്ഞു.

അയാളുടെ മുഖം വിളറി.

"എന്തു്! എങ്ങനെ; വാസ്തവമോ?''

അയാൾ അവളുടെ തലക്കെട്ടിലും മടിക്കുത്തിലും അതു തിരഞ്ഞുനോക്കി.

ഇല്ല, ഒരിടത്തുമില്ല.

"അവിടന്നു പുറപ്പെട്ടപ്പോൾ മാല കഴുത്തിൽത്തന്നെ ഉണ്ടായിരുന്നുവോ?''—

"ഉവ്വ്, ആ ഹാളിൽ വെച്ചിരുന്ന കണ്ണാടിയിൽ നോക്കിയപ്പോൾ അതു കഴുത്തിൽ ഉണ്ടായിരുന്നു.''

"വഴിയിലാണു വീണതെങ്കിൽ അതിൻെറ ഒച്ച കേൾക്കാതിരിക്കുമോ?''

"ഞാൻ ഒച്ചയൊന്നും കേട്ടില്ല.''

"എങ്കിലും ആദ്യമായി വഴിയിലൊന്നു നോക്കുകയാണു വേണ്ടതു്." ബാലഗോപാലൻ ഒരു ചെറിയ ചിമ്മിനിവിളക്കു് കത്തിച്ചു് അവർ തിരിച്ചുവന്ന വഴിയേക്കൂടി കാല്പാടുനോക്കി പുറപ്പെട്ടു. അയാളുമൊരുമിച്ചു് അവൾ കുറേ ദൂരം പോയി. എന്നാൽ അയാൾ തന്നെ പോയാൽ മതിയെന്നു പറഞ്ഞതുകൊണ്ടു് അവൾ മടങ്ങിവന്നു് വിചാരമഗ്നയായും വിഷാദകലുഷയായും വീട്ടിനകത്തു കുത്തിയിരുന്നു. അവൾ ഹൃദയം ചുട്ടു്, പേരറിയാവുന്ന എല്ലാ ഈശ്വരന്മാരേയും പ്രാർത്ഥിക്കയും, ആ കളഞ്ഞുപോയ മാലയുടെ വിലയിൽക്കൂടുതൽ വഴിപാടുകൾ നേരുകയും ചെയ്തു. എന്നാൽ ഒരീശ്വരനും അവളുടെ മാലയെ തിരിയെ കൊടുക്കുവാൻ സാധിച്ചില്ല. ഒന്നുരണ്ടു മണിക്കൂർ കഴിഞ്ഞപ്പോൾ ഭർത്താവു വെറും കൈയുമായി മടങ്ങിവന്നു.

പിറേറന്നാൾ അതിരാവിലെ അയാൾ പോലീസുസ്റ്റേഷനിൽച്ചെന്നു വിവരം പറകയും ഒച്ചപ്പാടുണ്ടാക്കാതെ ഒതുങ്ങിയ മട്ടിൽ ഒരന്വേഷണം നടത്തിയാൽമതിയെന്നു പ്രത്യേകം അപേക്ഷിക്കുകയും ചെയ്തു.

അയാൾ തിരികെ വീട്ടിൽവന്നു് ഭാര്യയോടു് ഇങ്ങനെ പറഞ്ഞു :—"ഏതായാലും തൽക്കാലം ഒരു കാര്യം ചെയ്യൂ. ആ മാലയുടെ കൊളുത്തുവിട്ടതു നന്നാക്കാൻ കൊടുത്തിരിക്കയാണെന്നും ഒരാഴ്ചയ്ക്കകം തിരിയെ ഏല്പിക്കാമെന്നും വാസന്തിയെ ഒന്നറിയിക്കൂ. അതിനകം എന്തെങ്കിലും ഒരു നിവൃത്തിയുണ്ടാക്കാൻ സാധിക്കാതിരിക്കയില്ല."

അയാൾ പറഞ്ഞതനുസരിച്ചു് പ്രേമ വിവരം വാസന്തിയെ ധരിപ്പിച്ചു.

അതിൽപ്പിന്നെ അഞ്ചു സൂര്യോദയങ്ങൾ കഴിഞ്ഞു. ആ അഞ്ചുദിവസംകൊണ്ടു് ഒരൻപതുവയസ്സു പ്രായംകൂടിയ പ്രേമ ഇങ്ങനെ പറഞ്ഞു :—

"അതു തിരിയെക്കൊടുക്കാൻ ഒരു നിവൃത്തിയുമില്ലെന്നോ ?"

പിറേറന്നാൾ അവർ ആ പെട്ടി തുറന്നു് അതിനകം ഒന്നു പരിശോധിച്ചു. അപ്പോൾ അതിന്റെ കോണിലായി ഒരു പേരു കൊത്തിയിരുന്നതു് അവരുടെ ദൃഷ്ടിയിൽപ്പെട്ടു. ആ പേരു ആ മുത്തുമാല വിററ വ്യാപാരിയുടേതായിരിക്കണമെന്നൂഹിച്ചു് അയാളെ തിരക്കിപ്പുറപ്പെട്ടു. അങ്ങനെ പല വ്യാപാരികളേയും തിരക്കിയ കൂട്ടത്തിൽ ആ പേരുകാരനായ ഒരുവനേയും കണ്ടുമുട്ടി.

എന്നാൽ അയാളുടെ അടുക്കൽനിന്നു് ആ മാല തീർത്തു് അയാളല്ലെന്നും ആ വെള്ളിച്ചെല്ലം മാത്രമേ അയാളുണ്ടാക്കിയിട്ടുള്ളു എന്നും മനസ്സിലായി.

അവർ അന്വേഷിച്ച വ്യാപാരികളുടെകൂട്ടത്തിൽ ആരും തന്നെ അങ്ങനെയൊരു മുത്തുമാല വിററതായി പറഞ്ഞില്ല. എന്നാൽ അവരിൽ പലരുടേയും കൈയിൽ അതുമാതിരിയുള്ള മുത്തുമാലകൾ ഉണ്ടായിരുന്നുതാനും. ചിലർ അതിനു 2000 രൂപായും മററു ചിലർ 2500 രൂപായും വിലയുണ്ടെന്നു പറഞ്ഞു. ഒടുവിൽ 2000 രൂപാ വില പറഞ്ഞ ഒരു മുത്തുമാലയ്ക്കു്—കാഴ്ചയിൽ കളഞ്ഞുപോയതിനോടു വളരെ സാദൃശ്യമുള്ള ഒന്നിനു്—1500 രൂപാ രൊക്കം വില സമ്മതിച്ചു രണ്ടു ദിവസത്തിനകം അതു വാങ്ങിക്കൊള്ളാമെന്നു കരാറുചെയ്തു് അവർ അവിടെനിന്നും മടങ്ങി.

പരിചയക്കാരുടെ അടുക്കൽ മുഴുവൻ അയാൾ പണത്തിനായി ഓടിനടന്നു. അഞ്ചും എട്ടുമായി ഒരു മുന്നൂറു രൂപാ—ഏതാണ്ടു സംഖ്യ വളരെ കൂടിയ പലിശയ്ക്കു് നോട്ടിന്മേലും ബാക്കി വാക്കുറപ്പിന്മേലും ആയി—വാങ്ങി. ശേഷം ആയിരത്തിരുനൂറു രൂപയ്ക്കു് ഒരു വഴിയും കണ്ടില്ല. അതേപ്പററി അവർ ആലോചിച്ചു. വളരെ ആലോചിച്ചു. ബാങ്കുകളിലും ഉണ്ടികക്കടകളിലും കേറിയിറങ്ങി നടന്നു. ഒടുവിൽ വളരെ ക്ലേശിച്ചു് അയാളുടെ പുരയിടം ഒരാൾക്കു് പണയമെഴുതി ബാക്കി സംഖ്യ വാങ്ങി

അവർ പറഞ്ഞിരുന്ന അവധിക്കുമുമ്പുതന്നെ മുത്തുമാല വാങ്ങിച്ചു. പ്രേമ ഉള്ളിൽ വളരെ സങ്കോചത്തോടും സങ്കടത്തോടുംകൂടെ—എന്നാൽ അല്പംപോലും അതു വെളിയിൽ പ്രകടിപ്പിക്കാതെ—ആ മാല അതേ പെട്ടിയിൽവെച്ചു് വാസന്തിയുടെ അടുക്കൽ കൊണ്ടുകൊടുത്തു അത്രയും താമസിച്ചതിനു്, ഒരു ക്ഷമായാചനവും ചെയ്തു. എന്നാൽ വാസന്തിയാകട്ടേ പെട്ടിതുറന്നു മാലയിൽ ആകപ്പാടെ ഒന്നു നോക്കിയതല്ലാതെ പ്രേമ ശങ്കിച്ചു ഭയപ്പെട്ടിരുന്നതുപോലെ അതു് വെളിയിലെടുത്തു നോക്കുകയുണ്ടായില്ല.

വാസന്തി ആ മാല വെളിയിലെടുത്തു് ഒന്നു പരിശോധിച്ചു് അതു മറെറാന്നാണെന്നു കണ്ടുപിടിക്കുകയാണെങ്കിൽ എന്തു മറുപടിയാണു് പ്രേമയ്ക്കു പറവാനുള്ളതു്! അവൾക്കു് പറയാനുണ്ടായിരുന്ന സമാധാനം ഒന്നുകിൽ ഒരു മൗനം—അല്ലെങ്കിൽ ഒരു കരച്ചിൽ—അതുമല്ലെങ്കിൽ ഒരു കാൽക്കൽ വീഴൽ—മാത്രമായിരുന്നു.

പ്രേമയുടെ ജീവിതത്തിൽ—പ്രേമയുടെ മാത്രമെന്നെന്തിനു പറയുന്നു?—അവരുടെ ജീവിതത്തിൽ പിറേറന്നാൾ മുതൽ ഒരു പുതിയ അദ്ധ്യായം തുടങ്ങി. അവർ ദരിദ്രരിലും ദരിദ്രരായി. ദയനീയരിലും ദയനീയരായി, ജീവിക്കാൻ തുടങ്ങി. അവർ ആ കടങ്ങൾ എങ്ങനെ വീട്ടുവാനാണു് എന്നു ചോദിക്കുന്നതിനേക്കാൾ യുക്തം, ആ കടങ്ങൾ വീട്ടാതിരുന്നാൽ എങ്ങനെയാണു് എന്നാണു്. അതിനു് അവർ പല മാൎഗ്ഗങ്ങളും ചിന്തിച്ചു. ഒന്നാമതായി അവരുടെ വേലക്കാരത്തിയെ വേണ്ടെന്നുവെച്ചു. പിന്നീടു് അവരുടെ വീടിൻെറ കൊള്ളാവുന്ന പകുതിഭാഗം വേറൊരാൾക്കു വാടകയ്ക്കു കൊടുത്തു.

പണിയുടേയും പട്ടിണിയുടേയും രുചി അവർ ഇരുവരും നല്ലവണ്ണം അറിഞ്ഞുതുടങ്ങി. അടിച്ചുതളിക്കാനും അരിവെയ്ക്കാനും അവൾതന്നെ പോകേണ്ടിവന്നു. മുണ്ടടിക്കാനും മുററം തൂക്കുന്നതിനും ആ സുകുമാരാംഗിയുടെ കരാംഗുലികൾ തന്നെ വേണ്ടിവന്നു. വിറകുവെട്ടാനും വെള്ളംകോരാനും മററാരും അവിടെയുണ്ടായിരുന്നില്ല. പള്ളിക്കൂടമില്ലാതിരുന്ന അവസരങ്ങളിൽ ബാലഗോപാലനും പ്രേമയെ വീട്ടുജോലിയിൽ സഹായിച്ചിരുന്നു.

ചിലപ്പോൾ അവൾതന്നെ സാമാനങ്ങൾ വാങ്ങാനായി കമ്പോളത്തിൽപോകും. അപ്പോഴൊക്കെയും കച്ചവടക്കാരുടെ കടാക്ഷങ്ങളും തെരുവുതെണ്ടികളുടെ തെറികളും അവളിൽ പൊഴിയാറുണ്ടു്.

വളരെ പണിപ്പെട്ടു ബാലഗോപാലൻ പ്രൈവററായി ഒരു ട്യൂഷൻ സമ്പാദിച്ചു. അങ്ങനെ ഒരഞ്ചുരൂപയ്ക്കു് ഒരു പുതിയ വഴിയുണ്ടായി.

അവർ ഒരഞ്ചുവൎഷം ഞെക്കിഞെരുക്കി കഴിച്ചുകൂട്ടി. അപ്പോഴേയ്ക്കും കടങ്ങൾ എല്ലാം തീൎന്നു. അവൎക്കു സ്വന്തം കാലുകളിൽ നിവൎന്നുനിന്നു് സ്വന്തം ശ്വാസനാളത്തിൽക്കൂടി ശ്വസിക്കാമെന്നു മട്ടായി.

പ്രേമയെ കണ്ടാൽ ഉദ്ദേശം ഒരൻപതുവയസ്സു പ്രായം തോന്നും. ആ അഞ്ചുവൎഷംകൊണ്ടു് അവൾ അങ്ങനെയുള്ള ഒരു ജീവിതമാണു് നയിച്ചിരുന്നതു്. ആ കാലത്തിനിടയ്ക്കു് അവളുടെ ശരീരത്തിനു വന്നപോലെയുള്ള ഒരു മാററം അവളുടെ മനസ്സിനും വന്നുചേൎന്നു. അവളുടെ ഹൃദയത്തിനു് ഒരു പരുഷത, ഒരു പരുപരുപ്പു്, ഒരു മരവിപ്പു് കാണ്മാനുണ്ടായിരുന്നു. അവളുടെ ചെടപിടിച്ച തലമുടിയും കീറിപ്പറിഞ്ഞ പുടവയും, തഴമ്പിച്ച

കൈകളും, തുറിച്ചുനോട്ടവും, അവൾക്കു ലോകത്തോടുള്ള ഒരു വെറുപ്പിനെ പ്രത്യക്ഷപ്പെടുത്തി. അവൾ ആരുടെ മുഖത്തും തുറിച്ചുനോക്കും. ആരോടും പരുത്ത ശബ്ദത്തിൽ സംസാരിക്കും. ''ഒളിച്ചു മറച്ചും എന്തിനു്'' എന്നവൾ തന്നെത്താൻ ചോദിക്കും.

ഇന്നവൾ ഒരഞ്ചുവർഷമായി ദാരിദ്ര്യമാകുന്ന ചക്കിലിട്ടു ചതച്ചു ചാറുവാങ്ങി ദൂരെക്കളഞ്ഞ ഒരു പിശടുപോലായിട്ടുണ്ടു്.

ഭർത്താവു് പള്ളിക്കൂടത്തിൽ പോയിരിക്കുമ്പോൾ അവൾ കിളിവാതിൽക്കൽ ചെന്നിരുന്നു് അഞ്ചുവർഷത്തിനുമുമ്പുള്ള ആ ശനി പിടിച്ച ദിവസത്തെ—വനിതാസദനത്തിൽവെച്ചുണ്ടായ സമ്മേളനത്തെ—അവളുടെവേഷധാടിയെ—കാലപാശമായിക്കലാശിച്ച ആ മുത്തുമാലയെ—കുറിച്ചു വിചാരിച്ചു് കണ്ണുനീർ പൊഴിക്കാറുണ്ടു്.

അന്നു് അങ്ങനെ ആ മുത്തുമാല കാണാതെപോയിരുന്നില്ലെങ്കിൽ! അതൊരു വലിയ ചോദ്യമാണു്; അതിൻെറ മറുപടി അവൾക്കു പറവാൻ ശക്തിയില്ലായിരുന്നു. അവൾക്കെന്നല്ല, അതിനു ശക്തി ആൎക്കുണ്ടു്? ആൎക്കുണ്ടു്?

മനുഷ്യജീവിതം എത്ര അത്ഭുതാവഹമായ ഘടനകളോടും എത്ര അവിചാരിതമായ സംഭവങ്ങളോടുംകൂടിയ ഒരു കഥയാണു്! ആ ജീവിതത്തിലെ ഓരോ ഘട്ടത്തേയും വേർതിരിക്കുന്നതു്—ജയത്തേയും അപജയത്തേയും തമ്മിൽ, നന്മയേയും തിന്മയേയും തമ്മിൽ, ജീവിതത്തേയും മരണത്തേയും തമ്മിൽ, അകററുന്നതു കേവലം ഒരു അദൃശ്യതന്തു, ഒരു സങ്കല്പരേഖ, മാത്രമല്ലേ?

പ്രേമ ആ അഞ്ചുവർഷമായി വാസന്തിയെ കാണാതെയും അവളുമായി സംസാരിക്കാതെയും കഴിച്ചുകൂട്ടുകയായിരുന്നു.

ഒരു സായാഹ്നത്തിൽ പ്രേമ ഏകാകിനിയായി പോകുമ്പോൾ ഒരു പ്രൗഢസ്ത്രീ ചില പരിചാരികമാരാൽ അനുഗതയായി അവൾക്കഭിമുഖമായി വരുന്നതുകണ്ടു. അപ്പോഴും യൗവനയുക്തയും സുപ്രസന്നയുമായിരുന്ന വാസന്തിയായിരുന്നു അവൾ. അവളെ കണ്ടപ്പോൾ പ്രേമ ഒന്നു നടുങ്ങി. എങ്കിലും നീണ്ടുനിവൎന്നുനിന്നു് ഒന്നു സംസാരിച്ചാൽക്കൊള്ളാമെന്നും അവൾക്കു് ഒരാഗ്രഹം തോന്നാതിരുന്നില്ല. എന്തുകൊണ്ടു് അവൾക്കു സംസാരിച്ചുകൂടാ? വാസന്തിയുടെ മാല തിരിയെ കൊടുത്തു കഴിഞ്ഞില്ലേ?

അവൾ കുറേക്കൂടി അടുക്കലേയ്ക്കുചെന്നു്, "അല്ല, വാസന്തി യാണോ?" എന്നു ചോദിച്ചു. കണ്ടാൽ ശുദ്ധ നാടൻമട്ടിലുള്ള ഒരു സ്ത്രീ തന്നെയിങ്ങനെ പരസ്യമായി വെറും വാസന്തിയെന്നു വിളിക്കുന്നതുകേട്ടു് അവൾ അത്ഭുതത്തോടുകൂടി സൂക്ഷിച്ചുനോക്കി. "എന്താ, എനിക്കു നിങ്ങളെ മനസ്സിലായില്ല. നിങ്ങൾക്കു ആൾ തെററിപ്പോയെന്നു തോന്നുന്നു."

"ഇല്ലാ, എനിക്കു ആളൊന്നും തെററിയില്ല. ഞാൻ ആ പഴയ പ്രേമയാണു്."

"അയ്യോ! എൻെറ പ്രേമയോ ഇതു്? എന്തൊരു മാററമാണു് എൻെറ പ്രേമേ നിന്നിൽ? എന്താ ഈയിടെ വല്ല സുഖക്കേടുമായിരുന്നുവോ?

"അതേ, അന്നു കണ്ടതിൽപ്പിന്നെ എനിക്കു സുഖക്കേടായിരുന്നു. ആ സുഖക്കേടിനു കാരണം നിങ്ങൾതന്നെയാണു്."

"ഞാനോ കാരണം? എന്റെ പ്രേമേ, ഞാനെന്തു പിഴച്ചു?"

"നിങ്ങളെന്തു പിഴച്ചുവെന്നോ? അന്നു് എനിക്കൊരു മുത്തുമാല തന്നതോർമ്മയുണ്ടോ?"

"ഉവ്വു്; ഒരു സമ്മേളനത്തിനോ മറേറാ കൊണ്ടുപോകാൻ വാങ്ങിയതല്ലേ?"

"അതേ; പക്ഷേ, അതെൻെറയടുക്കൽനിന്നു കൈമോശം വന്നുപോയി."

"എന്തു്? അതെനിക്കു നിങ്ങൾ തിരിയെ കൊണ്ടുവന്നു തന്നല്ലോ."

"ഞാൻ തിരിയെ കൊണ്ടുവന്നു തന്നതു് അതേമാതിരിയിലും അതേ വിലയിലും ഉള്ള വേറൊന്നായിരുന്നു. അങ്ങനെ പുതുതായി ഒന്നു വാങ്ങിച്ചതിൻെറ കടം ഈ അഞ്ചുവർഷംകൊണ്ടേ തീർന്നുള്ളു. അതിനു് ആയിരത്തിഅഞ്ഞൂറു രൂപാ വിലകൊടുത്തു. ഞങ്ങളുടെ വീടും പുരയിടവും പണയത്തിലുമായി. ഞങ്ങളെപ്പോലുള്ള പാവങ്ങൾക്കു് 1,500 രൂപാ എത്രയോ വലിയ ഒരു സംഖ്യയാണു്."

"എന്തു്? ആയിരത്തഞ്ഞൂറു രൂപയോ?"

"അതേ, തികച്ചും ആയിരത്തഞ്ഞൂറു രൂപാ കൊടുത്തിട്ടേ മാല കൈയിൽ കിട്ടിയുള്ളു."

"അയ്യോ, എന്റെ ജഗദീശ! നിങ്ങൾക്കുപററിയ അബദ്ധം ഇനി എന്തിനു പറയുന്നു? എന്റെ മുത്തുമാല വെറും ഇമിറേറഷനായിരുന്നില്ലേ? അതിന് ആയിരം പോയിട്ട് അഞ്ചു രൂപാ വില വരികയില്ലായിരുന്നല്ലോ."

പ്രേമയുടെ ഹൃദയം സ്തംഭിച്ച് അവൾ പുറകോട്ടുവീണു.

ആശാങ്കുരം] [കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്,
എം. എ., ബി. എൽ.

അഭ്യാസം

1. ആഭരണഭ്രമം ആപൽക്കരമാണെന്നു തെളിയിക്കുക.
2. പ്രേമയുടെ സ്വഭാവം വിവരിക്കുക.
3. കാരകം എന്നാലെന്ത്? എത്രവിധം?
4. 'പൂച്ചയ്ക്കെന്തു് പൊന്നുരുക്കുന്നേടത്തു് കാര്യം?' ഈ ശൈലിയുടെ അർത്ഥം വിശദമാക്കുക.
5. ഒച്ചപ്പാട്, അല്പത്തരം—ഇവയിൽ തദ്ധിതമേതു്? കൃതികൃത്തേതു്?

പാഠം 17

കലാകാരന്റെ കടമകളും അവകാശങ്ങളും

[കൈനിക്കര കുമാരപിള്ള—ഇരുപതുകൊല്ലത്തോളം നായർ സർവ്വീസ് സൊസൈററിവക ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്ററായിരുന്നു. പിന്നീട് തിരുവനന്തപുരം ഗവഃ ട്രെയിനിംഗ് കോളേജിൽ ഇംഗ്ലീഷ് ലെക്‌ചററായി. തുടന്ന് എഡ്യൂക്കേഷൻ ഡയറക്ടരുടെ പേഴ്സനൽ അസിസ്റ്റന്റ്, എഡ്യൂക്കേഷനൽ പ്ലാൻസിന്റെ സ്പെഷ്യൽ ഓഫീസർ എന്നീ ഉദ്യോഗങ്ങളിലിരുന്ന് സർവ്വീസിൽനിന്നു പിരിഞ്ഞു. കുറേക്കാലം മഹാത്മാഗാന്ധി കോളേജിലെ പ്രിൻസിപ്പാളായും, മധുര ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിട്യൂട്ടിന്റെ ഡയറക്ടരായും ജോലിനോക്കി. ആൾ ഇൻഡ്യാ റേഡിയോവിന്റെ തിരുവനന്തപുരം സ്റ്റേഷനിൽ ഉദ്യോഗത്തിലിരിക്കയായിരുന്നു അടുത്തകാലംവരെ. വേഷങ്ങൾ, ഹരിശ്ചന്ദ്രൻ, ദുരന്തദൃശ്യങ്ങ, കെടാവിളക്കുകൾ, വിചാരമാധുരി, വിചാരവീചികൾ മുതലായവ ഇദ്ദേഹത്തിന്റെ കൃതികളാണ്.]

ഒരവകാശവും കൂടാതെയുള്ള കടമ അടിമത്തമാണ്. ഒരു കടമയും കൂടാതെയുള്ള അവകാശം താന്തോന്നിത്തവും. രണ്ടും വ്യക്തിക്കും സമുദായത്തിനും ഒന്നുപോലെ ആപത്തായിരിക്കും.

ഒരു വ്യക്തിക്കു സമുദായത്തോടു നിയമംതന്നെ അനുശാസിക്കുന്ന മൗലികമായ ഒരു കടമയുണ്ട്. അതു നിഷേധാത്മകമാണ്.

തൻെറ പ്രവൃത്തികൾ സമുദായത്തിൻെറ സുസ്ഥിതിക്കും ശ്രേയസ്സിനും ബാധകമാകാതെ സൂക്ഷിക്കുന്നതിനു വ്യക്തിക്കുള്ള കടമയാണതു്. പക്ഷേ, വ്യക്തിക്കു് അതിലും ഉപരിയായി ഒരു ധമ്മമുണ്ടു്. വ്യക്തി തൻെറ ശക്തികളെ സമുദായശ്രേയസ്സിനു വിപരീതമായി പ്രവൎത്തിപ്പിക്കാതിരുന്നാൽമാത്രം പോരാ; അനുകൂലമായി പ്രവൎത്തിപ്പിക്കുകതന്നെ വേണം. സമുദായത്തിൻെറ അഭ്യുന്നതിതന്നെ ആയിരിക്കണം വ്യക്തിയുടെ ജീവിതലക്ഷ്യം.

ഈ കടമയും വ്യക്തിസ്വാതന്ത്ര്യവും തമ്മിൽ എന്തോ പൊരുത്തക്കേടുള്ളതായിട്ടാണു് നാം കാണുന്നതു്. പക്ഷേ, ഈ പൊരുത്തക്കേടു്, ഈ മാത്സൎയ്യം, അജ്ഞതയുടെ ഫലമാണു്. വ്യക്തിയുടെ പരമമായ ഉൽക്കർഷം, സമുദായവും താനും രണ്ടല്ലെന്നുള്ള പ്രബുദ്ധതയിലാണു് പ്രത്യക്ഷപ്പെടുന്നതു്. സഹോദരസ്നേഹത്തിൽക്കൂടിയല്ലാതെ, ലോകസേവനത്തിൽകൂടിയല്ലാതെ ഒരു വ്യക്തിക്കു് അവൻെറ പൂൎണ്ണമായ വളർച്ച പ്രാപിക്കാൻ സാദ്ധ്യമല്ലെന്നുള്ളതാണു് പരമാൎത്ഥം. സ്വാൎത്ഥത്തിൻെറ ഇടുങ്ങിയ ഭിത്തികൾ തകൎത്താലല്ലാതെ ആത്മാവിൻെറ സമ്പൂൎണ്ണസ്വരൂപം അതിൻെറ വിശ്വവ്യാപിത്വം, തെളിയുകയില്ല. നമ്മുടെ സത്യത്തെ നമ്മിൽനിന്നുതന്നെ മറച്ചുകളയുന്ന ആ ഭിത്തികൾ തകൎക്കുന്നതിനുള്ള പ്രായോഗികമാൎഗ്ഗമാണു് സമുദായസേവനം. ഈ തത്ത്വം ഗ്രഹിച്ചിട്ടുള്ള ഒരുവനു് തൻെറ ശ്രേയസ്സും സമുദായത്തിൻെറ ശ്രേയസ്സും രണ്ടല്ലെന്നും ബോദ്ധ്യമാകും. പരാൎത്ഥമായ ജീവിതത്തിൽ വ്യക്തിസ്വാതന്ത്ര്യത്തിന്റെ പൂൎണ്ണത അനുഭവപ്പെടും.

കലാകാരൻ ഒരു സാധാരണ വ്യക്തിയല്ല. ജനസാമാന്യത്തിനില്ലാത്ത ചില ജന്മസിദ്ധികൾ അയാൾക്കുണ്ടു്. ഒരസാധാരണ വ്യക്തിയുടെ കടമകൾക്കും അവകാശങ്ങൾക്കും വലിപ്പവും ഉൽക്കർഷവും കൂടും. മനുഷ്യലോകത്തിനു പ്രത്യേകമായ ഒരു സംഭാവന ചെയ്യാൻ ശക്തിയുള്ള ഒരുവനാണു് കലാകാരൻ. അതു ചെയ്യാൻ നിയമം അയാളെ നിർബ്ബന്ധിക്കുന്നില്ല; എങ്കിലും അയാൾക്കുമാത്രം ചെയ്യാൻ കഴിവുള്ള ആ സംഭാവന അയാളുടെ കഴിവിനൊത്തവണ്ണം ചെയ്യു് ലോകത്തെ അനുഗ്രഹിക്കുക എന്നുള്ളതു് അയാളുടെ മഹനീയവും അലംഘനീയവുമായ കടമയാണു്.

പ്രകൃതി സമ്മാനിച്ച കലാവാസനകൊണ്ടുമാത്രം ഒരുവൻ കലാകാരനാകയില്ല. ആ വാസനയുടെ സ്വരൂപവിശേഷം ശരിയായി മനസ്സിലാക്കി, അതിനെ സശ്രദ്ധം ശുശ്രൂഷിച്ചു് പോഷിപ്പിച്ചു് സംസ്കരിച്ചു് പ്രവൎത്തനസമൎത്ഥമാക്കിയാൽ മാത്രമേ ഉൽകൃഷ്ടങ്ങളായ കലാകൃതികൾക്കു് ജന്മം കൊടുക്കുവാനുള്ള സൗഭാഗ്യം അയാൾക്കു് സിദ്ധിക്കയുള്ളൂ.

അവധാനപൂർവ്വകമായ ഈ ആത്മശിക്ഷണം കലാകാരന്റെ കടമയാണെങ്കിൽ, അതിലേക്കാവശ്യമുള്ള സാഹചര്യങ്ങളുടെ ലബ്ധി അയാളുടെ അനിഷേധ്യമായ അവകാശമാണു്. അപരിത്യാജ്യമായ ഈ ആനുകൂല്യം ലോകത്തിൽനിന്നു് ലഭിക്കായ്ക കൊണ്ടുമാത്രം, മുളയ്ക്കുന്നതിനുപോലും സൗകര്യം കിട്ടാതെ പട്ടുപോകുകയോ, മുളച്ചാൽതന്നെയും പ്രാതികൂല്യങ്ങളെ ഭേദിച്ചു തല ഉയർത്താൻ ചെയ്യുന്ന അതിസാഹസങ്ങൾ വിഫലീഭവിച്ചു ചൈതന്യം ക്ഷയിച്ചു വാടിക്കൊഴിഞ്ഞു പാഴ്മണ്ണിൽ മറയുകയോ ചെയ്തിട്ടുള്ള കലാവാസനാബീജങ്ങൾ എത്രയെന്നു് ആർക്കറിയാം? കലയുടെ വിശിഷ്ടമൂല്യങ്ങളെപ്പററി യാതൊന്നുമറിഞ്ഞുകൂടാത്ത അന്ധമായ ലോകത്തിന്റെ ആത്മനാശകമായ അനാസ്ഥ!

കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ ഭാരതീയർ പൊതുവേയും, കേരളീയർ പ്രത്യേകിച്ചും, അപരാധികളാണെന്നു പറയാതെ തരമില്ല. നമ്മുടെ വിദ്യാഭ്യാസത്തിൽ ലളിതകലകൾക്കു പറയത്തക്ക സ്ഥാനമൊന്നും നാം കൊടുത്തിട്ടില്ല. ചിത്രമെഴുത്തും സംഗീതവും ഇന്നും പാഠപദ്ധതിയിലെ അംഗീകൃതവിഷയങ്ങളാണു്. കലാവാസന പ്രകടിപ്പിക്കുന്ന വിദ്യാർത്ഥിക്കു് അതു പോഷിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളൊന്നും നാം അനുവദിക്കാറില്ല. ഇനി വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പ്രാതികൂല്യങ്ങളെ ഭേദിച്ചു് വല്ലവനും സ്വമേധയാ കലാവ്യവസായത്തിനൊരുങ്ങിയാൽ, ആ സാഹസികനെ പ്രോത്സാഹിപ്പിക്കാൻ ആളില്ല. കല എല്ലാവർക്കും ഇഷ്ടമാണു്. പക്ഷേ, വെറുതേ കിട്ടണം—പാട്ടു് വെറുതേ കേൾക്കണം; ചിത്രം വെറുതേ കാണണം; സാഹിത്യകൃതികൾ വെറുതേ വായിക്കണം. കല നമ്മുടെ ഒരു ജീവിതാവശ്യമായിത്തീർന്നിട്ടില്ല. പരമാർത്ഥം അതാണു്. അത്യന്തം ശോചനീയവുമാണതു്.

ഈ വിഷയത്തിൽ സമുദായത്തോടൊപ്പം കലാകാരന്മാരും അപരാധികളാണു്. സാഹചര്യങ്ങൾക്കു് അവ അർഹിക്കുന്നതിൽ കവിഞ്ഞുള്ള പ്രാധാന്യം നൽകരുതു്. ഒരു യഥാർത്ഥ കലാകാരൻ പലപ്പോഴും പ്രതിബന്ധങ്ങളെ ഭേദിച്ചു് തന്റെ ശക്തികളെ പ്രവർത്തിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യും. കലാകാരൻ കേവലം സാഹചര്യങ്ങളുടെ സൃഷ്ടിയല്ല. വിശ്വവിശ്രുതന്മാരായിത്തീർന്നിട്ടുള്ള അനേകം കലാകാരന്മാരുടെ ജീവചരിത്രങ്ങൾ ഇതിനു ദൃഷ്ടാന്തങ്ങളാണു്.

എന്നാൽ, ഇവിടെ നമുക്കു് ചുററും കാണുന്നതെന്താണു്? ജന്മസിദ്ധമായ കലാവാസനയെ അനുകൂലപരിതഃസ്ഥിതികളിൽപ്പോലും അവികലമായ ശിക്ഷണംകൊണ്ടു് അതിന്റെ പൂർണ്ണരൂപത്തിലേയ്ക്കു വികസിപ്പിക്കാൻ ശ്രമിക്കാത്തവർ, അതിന്റെ യഥാർത്ഥസ്വഭാവം മനസ്സിലാക്കാതെ പല വഴിക്കും അതിനെ പായിച്ചു് ഒന്നിലും ലക്ഷ്യം പ്രാപിക്കാൻ അനുവദിക്കാതെ തിണ്ടാടിക്കുന്നവർ ക്ഷുദ്രങ്ങളായ പ്രലോഭനങ്ങൾക്കു് വശംവദരായി തുച്ഛമായ വിലയ്ക്കു വിററും പ്രബലന്മാരായ യജമാനന്മാരുടെ വീട്ടുപണി എടുപ്പിച്ചും ബഹുധാ കളങ്കപ്പെടുത്തി അതിനെ തേജോവധംചെയ്തു് അപമാനിക്കുന്നവർ—അപരാധികളാണു് ഇവരെല്ലാം. ഇക്കൂട്ടർ സമുദായത്തോടും തങ്ങളോടുതന്നെയും കഠിനമായ തെററാണു് ചെയ്യുന്നതു്.

പ്രകൃതി അനുഗ്രഹിച്ചരുളിയ ആ ദിവ്യശക്തിയെ ശ്രദ്ധാപൂർവ്വം ശുശ്രൂഷിച്ചു്, നിരന്തരമായ അഭ്യാസംകൊണ്ടു് പോഷിപ്പിച്ചു്, അതു പരിപുഷ്ടവും സുശിക്ഷിതവുമായിരിക്കുന്നു എന്നു് സ്വയം ബോദ്ധ്യംവരുത്തിയതിനുശേഷം, അതിന്റെ പ്രഗത്ഭമായ വിലാസംകൊണ്ടു് ലോകത്തെ അനുഗ്രഹിക്കുമ്പോൾ മാത്രമേ ഒരു കലാകാരൻ യഥാർത്ഥത്തിൽ കൃതകൃത്യനാകുന്നുള്ളു.

ഏതൊരു വ്യക്തിയുടേയും പ്രവൃത്തികൾ ഏതെങ്കിലും തരത്തിൽ സമുദായത്തെ സ്പർശിക്കാതിരിക്കയില്ല. എന്നാൽ സാധാരണ വ്യക്തികളുടെ പ്രേരണകൾ ചുരുങ്ങിയ സ്ഥലകാലസീമകളിൽമാത്രം വ്യാപരിക്കുമ്പോൾ, കലാകാരന്റെ പ്രേരണകൾ സ്ഥലകാലസീമകളെ അതിലംഘിക്കുന്നു. ലോകം മുഴുവൻ അവ വ്യാപിക്കുന്നു; ഭാവിയിലേയ്ക്കു് അനന്തമായി നീളുന്നു. കലാകാരന്റെ കടമയ്ക്കു് ഗൗരവം കൂട്ടുന്ന വസ്തുതയാണിതു്.

കലാകാരനു് സമുദായത്തിൽനിന്നു് അകന്നുനില്ക്കുവാൻ സാദ്ധ്യമല്ല. അയാളുടെ വ്യവസായം മുഴുവൻ സമുദായത്തിനു വേണ്ടിയുള്ളതാണു്. അയാൾ അകന്നു മാറിനില്ക്കുന്നു എന്നു തോന്നുമ്പോഴും അയാളുടെ പ്രവർത്തനങ്ങൾ സമുദായമദ്ധ്യത്തിലാണു്, കലാപ്രകടനങ്ങൾ സമുദായസമക്ഷത്തിലാണു്, സമുദായാഭിമുഖമായിട്ടാണു്.

കലാകാരൻ അയാളുടെ കലാകൃതി സമുദായത്തിന്റെ ആസ്വാദനത്തിനായി സമർപ്പിക്കുന്നു. സമുദായം അതു് ഇഷ്ടപ്പെടുന്നോ ഇല്ലയോ എന്നുള്ള ചോദ്യം ഇവിടെ സംഗതമല്ല. ഇഷ്ടപ്പെട്ടേക്കാം; ഇഷ്ടപ്പെടാതിരുന്നേക്കാം. കലാകാരൻ അയാളുടെ കടമ നിർവ്വഹിക്കുന്നുണ്ടോ എന്നുള്ളതാണു് ശ്രദ്ധേയമായ കാര്യം. സമുദായത്തെ ഇഷ്ടപ്പെടുത്തുക എന്നുള്ളതല്ല അയാളുടെ കടമ.

ഇഷ്ടപ്പെടുത്താൻ മനഃപൂർവ്വം ശ്രമിക്കുക എന്നുള്ളതാണ്; അഥവാ, സമുദായം എന്തിഷ്ടപ്പെടണമെന്ന് അയാൾ ഹൃദയപൂർവ്വം അഭിലഷിക്കുന്നുവോ, അതു് സമുദായത്തിനു് സമ്മാനിക്കയാണ്; അതിൽ തന്റെ സകല കഴിവുകളും വിനിയോഗിക്കുകയാണ്.

ഒരു യഥാർത്ഥകലാകാരനു് അടിയുറച്ച ചില വിശ്വാസങ്ങളും പ്രിയതമങ്ങളായ ചില ആദർശങ്ങളും കാണും. അവയെ മുറുകെ പിടിക്കുന്നതിനുള്ള സ്വാതന്ത്ര്യം അയാളുടെ പ്രാഥമികമായ അവകാശമാണ്. ആ അവകാശം അനുവദിക്കാത്ത സമുദായം അയാളോടും തങ്ങളോടുതന്നെയും ഒരു അനീതിയായിരിക്കും കാട്ടുന്നതു്. എന്തുകൊണ്ടെന്നാൽ യഥാർത്ഥമായ കല ആ സ്വാതന്ത്ര്യത്തിൽനിന്നു മാത്രമേ ജനിക്കയുള്ളു; ആ സ്വാതന്ത്ര്യത്തിൽ മാത്രമേ തഴയ്ക്കുകയുള്ളു.

ഒരു കലാകാരൻ മററു കലാകാരന്മാരിൽനിന്നെല്ലാം ഭിന്നനായിരിക്കും. അയാളുടെ വീക്ഷണങ്ങൾ, അനുഭവങ്ങൾ, സങ്കല്പങ്ങൾ, കലാകരണസമ്പ്രദായങ്ങൾ ഇതുകൾക്കെല്ലാം ഒരു പ്രത്യേകതയുണ്ടായിരിക്കും. ആ പ്രത്യേകതയാണ്, വ്യക്തിത്വത്തിന്റെ അനിഷേധ്യമായ ആ മുദ്രയാണ്, അയാളുടെ കൃതികളെ വിലയുള്ളവയാക്കിത്തീർക്കുന്നതു്. ആ മുദ്രയില്ലാത്ത കലാകൃതികൾ പുറമേ മനോഹരമായി തോന്നിയേക്കാമെങ്കിലും, അകമേ ചൈതന്യമില്ലാത്ത അനുകരണങ്ങൾ, കലാഭാസങ്ങൾ, മാത്രമേ ആയിരിക്കയുള്ളു.

തന്റെ ജന്മാവകാശമായ സ്വാതന്ത്ര്യം പണയപ്പെടുത്തുന്ന കലാകാരൻ തന്നെത്തന്നെയും ലോകത്തേയും വഞ്ചിക്കുകയായിരിക്കും ചെയ്യുന്നതു്. കലാപരമായ ആത്മഹത്യയാണതു്.

അപകടം നിറഞ്ഞ ലോകത്തിലാണ് കലാകാരൻ ഇന്നു ജീവിക്കുന്നതു്. അയാളുടെ മാർഗ്ഗത്തിൽ തളിരും പൂവുംകൊണ്ടു് മറയ്ക്കപ്പെട്ടിട്ടുള്ള പടുകുഴികൾ അനവധിയുണ്ടു്. വളരെ കരുതലോടുകൂടി കാലുവച്ചില്ലെങ്കിൽ അയാൾ അധഃപതിക്കും, പരാധീനനാകും; പ്രകൃതിദത്തമായ ആ ദിവ്യശക്തി ക്ഷയിച്ചു നഷ്ടമാകും.

കലയുടെ അപ്രതിരോദ്ധ്യമായ പ്രേരണാശക്തിയെപ്പററി പ്രബുദ്ധമായിത്തീർന്നിട്ടുള്ള സമുദായം, അഥവാ സമുദായത്തിലെ വിരുദ്ധകക്ഷികളുടെ തലവന്മാർ, കലാകാരനെ സ്വാധീനം ചെയ്തു് അവരുടെ പ്രചാരകനാക്കാൻ തീവ്രശ്രമം ചെയ്യുന്ന കാഴ്ചയാണ് ഇന്നു നാം എവിടെയും കാണുന്നതു്. ലോകത്തിന്റെ

ഭാഗ്യവിപര്യയത്താൽ അവരുടെ ശ്രമം പലപ്പോഴം ഫലി ക്കുന്നുമുണ്ട്. അവരുടെ അധികാരത്തിൽ അകപ്പെട്ടുപോയ നിര പരാധനും സത്യാന്വേഷകനുമായ ശാസ്ത്രജ്ഞനെക്കൊണ്ട് ആററം ബോംബു് നിർമ്മിപ്പിച്ച കൂട്ടരാണവർ. അതിനേക്കാൾ സംഹാര ശക്തിയുള്ള ആയുധങ്ങൾ നിർമ്മിപ്പിക്കാനാണ് അവർ കലാ കാരനെ കിങ്കരനാക്കാൻ യത്നിക്കുന്നതു്.

അവർ പറയുന്നു: "ഞങ്ങൾ സർവ്വവും പണയംവെച്ചു പോരാ ടുന്നതു് നിങ്ങൾ കാണുന്നില്ലേ? നിങ്ങൾ നോക്കി നില്ക്കുന്നോ? നിങ്ങൾക്കു സ്വരാജ്യസ്നേഹമില്ലേ, സ്വാതന്ത്ര്യതൃഷ്ണയില്ലേ, നീതി ബോധമില്ലേ? വരിൻ. ഞങ്ങളുടെകൂടെ അണിനിരക്കുവിൻ. നിങ്ങളുടെ അമിതശക്തികളായ നിശിതായുധങ്ങൾ ശത്രുവിന്റെ നേക്കു പ്രയോഗിക്കുവിൻ."

ഉദ്വേഗജനകമാണ് ഈ ആഹ്വാനം. മൃദുലഹൃദയനും വികാരപരാധീനനുമായ കലാകാരൻ അതിന്റെ മാസ്മരശക്തിയിൽ കുടുങ്ങിപ്പോകുന്നെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. ഒരു കാര്യം സമ്മതിച്ചേ മതിയാകൂ. ഈ ആഹ്വാനത്തിൽ കാപട്യ ത്തിന്റെ ലേശംപോലും ഇല്ല. അതു് അവരുടെ സമരവിക്ഷുബ്ധ മായ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നുതന്നെ ഉയരുന്നതാണ്. ജീവപ്രധാനമായ ആ യുദ്ധത്തിൽ പങ്കെടുക്കാത്ത കലാകാരനോടു് അവക്കു തോന്നുന്ന പരിഭവവും അമർഷവും യഥാർത്ഥമാണ്.

എന്നാൽ, അവരും അവരുടെകൂടെ ഇറങ്ങിത്തിരിക്കുന്ന കലാകാരനും ഒരു സത്യം വിസ്മരിച്ചുപോകുന്നു. യഥാർത്ഥ കലാ കാരനു് ആരുടേയും കിങ്കരനായിരിക്കാൻ സാദ്ധ്യമല്ല. കലാ കാരന്റെ പ്രത്യേകത, അയാളെ കലാകാരനാക്കുന്ന വ്യക്തിത്വം, അങ്ങനെയുള്ള ഒരു വിധേയത്വം അനുവദിക്കുകയില്ല. പരാധീ നത സ്വയം വരിക്കുന്ന കലാകാരൻ വ്യക്തിത്വം പണയപ്പെ ടുത്തുകയാണ്; അയാൾ ഉപാസിക്കുന്ന ചൈതന്യത്തെ ഹൃദയ ക്ഷേത്രത്തിൽനിന്നു ബഹിഷ്കരിക്കുകയാണു ചെയ്യുന്നതു്. ആ പാരതന്ത്ര്യം പലപ്പോഴം അയാൾക്കു അനുഭവപ്പെട്ടിട്ടില്ലാത്തതി നേയും അയാൾ അഭിലഷിക്കാത്തതിനേയും വിശ്വസിക്കാത്ത തിനേയും കലാരൂപത്തിൽ ആവിഷ്കരിക്കാൻ അയാളെ നിർബ്ബ ന്ധിക്കാതിരിക്കയില്ല. ആ ദാസ്യവൃത്തിയുടെ സന്താനം കലയാ യിരിക്കയില്ല. കലാവൈകൃതമായിരിക്കും.

സമരത്തിൽനിന്നു കലാകാരന്മാരെല്ലാം ഒഴിഞ്ഞുനില്ക്കണ മെന്നോ നില്ക്കുമെന്നോ ഇപ്പറഞ്ഞതിനർത്ഥമില്ല. ഏതൊരധർമ്മ ത്തിന്റെ നിർമ്മാജ്ജനത്തിനായി സമരം നടക്കുന്നുവോ, ആ അധർമ്മ

ത്തിൻെറ ദുഷ്ഫലങ്ങൾ ഹൃദയത്തിൽ കൊള്ളുകയും, ആ സമരത്തിൻെറ ധാർമ്മികമായ ലക്ഷ്യത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്ന കലാകാരൻ അതിൽ പങ്കെടുക്കുകതന്നെ ചെയ്യും. പക്ഷെ, പരപ്രേരണകൊണ്ടല്ല സ്വന്തം ഹൃദയത്തിൻെറ നിർബ്ബന്ധംകൊണ്ട്; ആരുടേയും വരുതിയിലല്ല, സമ്പൂർണ്ണ സ്വതന്ത്രനായിട്ട്.

ഒരു കലാകാരനെ നിയന്ത്രിക്കുന്നതിനും നയിക്കുന്നതിനുമുള്ള ശേഷിയോ അർഹതയോ ഒരു സേനാനിക്കുമില്ല. അവരുടെ വ്യാപാരമണ്ഡലങ്ങളും പ്രവർത്തനരീതികളും തുലോം വ്യത്യസ്തങ്ങളാണ്. കലാകാരൻ പ്രകൃത്യാ കലഹപ്രിയനല്ല, സമാധാനപ്രിയനാണ്; വിദ്വേഷവിജൃംഭിതനല്ല, സ്നേഹപരാധീനനാണ്; സംഹർത്താവല്ല, സ്രഷ്ടാവാണ്. അതുകൊണ്ട് അയാളുടെ സമരം മനുഷ്യൻെറ നേർക്കല്ല, മനുഷ്യനിലുള്ള തിന്മയുടെ നേർക്കാണ്. അയാൾ മത്സരത്തിൻെറ ശത്രുവാണ്. മുതലാളിയുടെ അഹങ്കാരത്തിൻെറ മാത്രമല്ല, മുതലാളിയുടെ അപൗരുഷത്തിൻേറയും ശത്രുവാണ്; പക്ഷെ, അയാൾ മുതലാളിയുടേയും മുതലാളിയുടേയും ബന്ധുവാണ്. എന്തുകൊണ്ടെന്നാൽ അവർ മനുഷ്യരാണ്, കലാകാരൻ മനുഷ്യൻെറ ബന്ധുവാണ്.

നാം ഒന്നു മനസ്സിലാക്കണം. ഇന്നുള്ള മുതലാളിമാരെ മുഴുവൻ നശിപ്പിക്കുകയോ മുതലാളിമാരെ മുഴുവൻ രക്ഷിക്കുകയോ ചെയ്താലും മത്സരം അവസാനിക്കുകയില്ല. ലോകത്തിൻെറ പുരോഗതി ഇച്ഛിക്കുന്നവർ മുതലാളിക്കുന്നവരുടെ നേർക്കല്ല മത്സരത്തിൻെറ നേർക്കാണ്, മത്സരം സാദ്ധ്യമോ എളുതാണ്ടും അനിവാര്യമോ ആക്കുന്ന ലോകവ്യവസ്ഥയുടെ നേർക്കാണ്, അവരുടെ നിശിതമായ ആയുധം പ്രയോഗിക്കേണ്ടതു്. കലാകാരൻ വിദ്വേഷത്തിൻെറ പ്രചാരകനല്ല, സ്നേഹത്തിൻെറ സന്ദേശവാഹകനാണ്; മനുഷ്യൻെറ ബന്ധുവാണ്; മനുഷ്യത്വത്തിൻെറ പ്രവാചകനും സമുദ്ധാരകനും സംരക്ഷകനുമാണ്.

സമുദായത്തിൻെറ സ്വാസ്ഥ്യത്തിനും ഉൽക്കർഷത്തിനും പരമമായ അടിസ്ഥാനം മനുഷ്യഹൃദയത്തിൻെറ ശുദ്ധിയും വികാസവുമാണ്. ഭരണകൂടങ്ങളെ ഇളക്കി പ്രതിഷ്ഠിച്ചതുകൊണ്ടോ, ഭരണസമ്പ്രദായങ്ങളെ പരിഷ്കരിച്ചതുകൊണ്ടോ സാമുദായിക വ്യവസ്ഥകളെ പരിവർത്തനം ചെയ്തതുകൊണ്ടോ മാത്രം ലോകത്തിനു സ്ഥിരമായ ശാന്തിയോ പുരോഗതിയോ ഉണ്ടാകയില്ല. ഇതെല്ലാം ആവശ്യംതന്നെ; പക്ഷെ, മനുഷ്യഹൃദയത്തെ ശുദ്ധീകരിക്കാൻ കഴിയാത്തിടത്തോളം കാലം ആ മാതിരി സംരംഭങ്ങൾകൊണ്ട് താല്ക്കാലികമായ ആശ്വാസം മാത്രമേ ഉണ്ടാവുകയുള്ളൂ. ആ

ആശ്വാസത്തിൻെറ ഗർഭത്തിൽ അടുത്ത അസ്വാസ്ഥ്യം രൂപമെടുക്കുകയുംചെയ്യും. മനുഷ്യലോകത്തെ അനുദിനം വിഷഫലമൂട്ടി ദുരിതപൂർണ്ണമാക്കുന്ന അനന്തമായ അസ്വാസ്ഥ്യത്തിൻെറ തായ്‌വേരു് മനുഷ്യന്റെ ഹൃദയത്തിലാണു്—അവന്റെ സ്വാർത്ഥതയാണു്. ലോകം സമാധാനത്തിലേയ്ക്കും സൗഖ്യത്തിലേയ്ക്കും പുരോഗമിക്കണമെങ്കിൽ, ആ വിഷവൃക്ഷത്തിന്റെ ഇലയും കമ്പും കൂടെക്കൂടെ മുറിച്ചുതള്ളിയാൽ പോരാ, ആ തായ്‌വേരുതന്നെ പിഴുതെടുത്തു് ദൂരെ എറിയണം. ഇതിനു മനുഷ്യനെ സഹായിക്കുന്ന രണ്ടു ശക്തികളാണു്, യഥാർത്ഥമായ മതവും യഥാർത്ഥമായ കലയും.

ഉത്തമമായ കല മനുഷ്യഹൃദയത്തെ സ്പർശിക്കുന്നു. മഥനം ചെയ്യുന്നു. ദുർവികാരങ്ങളേയും സദ്വികാരങ്ങളേയും കടഞ്ഞു് വേർതിരിക്കുന്നു. മാലിന്യത്തെ ബഹിഷ്കരിക്കുന്നു. അല്പനേരത്തെയ്ക്കെങ്കിലും മനസ്സിനെ ശുദ്ധമാക്കുന്നു, സ്വാർത്ഥത്തിൻെറ തുറുങ്കിൽനിന്നു വിമുക്തമാക്കുന്നു. പരിശുദ്ധമായ സഹതാപംകൊണ്ടു്, നിർമ്മലമായ സ്നേഹത്തിൻെറ പ്രകർഷംകൊണ്ടു്, അതു വികസിക്കുന്നു. മഹനീയമായ മനുഷ്യത്വം വിജയിക്കുന്നു.

മനുഷ്യഹൃദയത്തെ സ്പർശിക്കുക, മഥിക്കുക, ശുദ്ധീകരിക്കുക, മനുഷ്യത്വത്തെ ഉണർത്തുക—അതാണു് കലയുടെ പരമമായ ധർമ്മം; അതാണു് കലാകാരൻെറ പരമവും അനുപേക്ഷണീയവുമായ കടമ. ആ കടമ നിർവ്വഹിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഉപായങ്ങളും ഉപകരണങ്ങളും അനവധിയാണു്. അവയിൽനിന്നു് തൻെറ വാസനയ്ക്കും വിശ്വാസത്തിനും ഹിതത്തിനും യോജിച്ചു ഏതും അംഗീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം കലാകാരനുണ്ടു്. അതു് അയാളുടെ പരമവും അനിഷേദ്ധ്യവുമായ അവകാശമാണുതാനും.

വിചാരവീചികൾ] [കൈനിക്കര കുമാരപിള്ള

അഭ്യാസം

1. കലാകാരനു സമുദായത്തോടുള്ള കടമയെന്തു് ?
2. സമുദായത്തിൽനിന്നു കലാകാരൻ അവകാശപ്പെടുന്നതെന്തു് ?
3. 'സ്വാതന്ത്ര്യം പണയപ്പെടുത്തുന്ന കലാകാരൻ തന്നെയും ലോകത്തെയും വഞ്ചിക്കുന്നു'—ഉപപാദിക്കുക.
4. കർത്താവു്, കർമ്മം—ഇവ കാരകങ്ങളെ വിവരിച്ചുദാഹരിക്കുക.
5. തെററുണ്ടെങ്കിൽ തിരുത്തുക :—
   പ്രാഥമീകം, വിക്ഷുബ്ദം, ദാസ്യപ്രവത്തി.

പാഠം 18

മഹാകവി ഉള്ളൂർ

[ജി. വൈദ്യനാഥയ്യർ—വളരെക്കാലം തിരുവിതാംകൂർ വിദ്യാഭ്യാസ വകുപ്പിൽ ഭാഷാദ്ധ്യാപകനായിരുന്നു് അടുത്തുൺവാങ്ങിയതിനുശേഷം, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ മലയാളം പ്രൊഫസ്സറായി. ഇപ്പോൾ ആ ജോലിയിൽനിന്നും വിരമിച്ച സ്വസ്ഥമായിരിക്കുന്നു. വിജയാദർശം, ജീവിതമാതൃകകൾ, ചിന്താമുകുളങ്ങൾ, ആധുനിക കവികൾ, പതിററുപ്പത്തു് (തർജ്ജമ) മുതലായവ ഇദ്ദേഹത്തിന്റെ കൃതികളാണു്.]

കവികളും സാഹിത്യകാരന്മാരും എല്ലാക്കാലത്തും ഉണ്ടാകാറുണ്ടു്. എന്നാൽ അവരിൽ അപൂർവ്വം ചിലർ മാത്രമേ ഉത്തുംഗപ്രതിഭന്മാരായി കാണപ്പെടുന്നുള്ളു. താദൃശന്മാരായ മഹാകവികൾ അവരുടെ ജന്മദേശത്തിൻെറ മാത്രമല്ല, ലോകത്തിൻെറ തന്നെ പൊതുസ്വത്താകുന്നു. അവരുടെ കൃതികൾക്കു് മാനവസംസ്കാരത്തെ എത്രമാത്രം അഭിവൃദ്ധിപ്പെടുത്താൻ ശക്തിയുണ്ടെന്നുള്ളതിനു ലോകചരിത്രം സാക്ഷ്യംവഹിക്കുന്നുണ്ടു്.

ആരാധ്യരായ പല കവിശ്രേഷ്ഠന്മാരും കേരളത്തിൽ ജനിച്ചിട്ടുണ്ടെന്നുള്ളതു് നാം അഭിമാനത്തോടുകൂടി സ്മരിക്കേണ്ട ഒരു വസ്തുതയാണു്. അടുത്ത കാലത്തും ഉജ്ജ്വലപ്രഭന്മാരായ ചില മഹാകവികൾ ഈ നാട്ടിൽ ഉണ്ടായിരുന്നു. അവരിൽ പലതുകൊണ്ടും പ്രമുഖനാണു് ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

ചങ്ങനാശ്ശേരിയിൽവെച്ചു് കൊല്ലവർഷം 1052 ഇടവം 25-ാം നു പരമേശ്വരയ്യർ ജാതനായി. പിതാവു് സ്കൂൾ ഇൻസ്പെക്ടരായ സുബ്രഹ്മണ്യയ്യരും, മാതാവു് നാവായിക്കുളം ഭഗവതി അമ്മാളുമായിരുന്നു. പിതാവിൻെറ പ്രത്യേകശിക്ഷണത്തിലും, ലക്ഷ്മീപുരത്തു കൊട്ടാരത്തിലെ തമ്പുരാക്കന്മാരുടെ സാഹചര്യത്തിലും വളൎന്നുവന്നതിനാൽ, ബാല്യത്തിൽത്തന്നെ പരമേശ്വരയ്യൎക്കു് മലയാളസാഹിത്യത്തിലും സംസ്കൃതസാഹിത്യത്തിലും അഭിനിവേശം ജനിക്കുവാൻ സംഗതിയായി. അന്നു് ഗൈൎവ്വാണിയുടെ കേളീരംഗമായി പരിലസിച്ചിരുന്നു ലക്ഷ്മീപുരത്തു കൊട്ടാരം. വിദ്വച്ഛിരോമണികളായ നമ്പൂരിമാരും തമ്പുരാക്കന്മാരും ഒന്നിച്ചുകൂടി സംസ്കൃതസാഹിത്യസംബന്ധമായി പല വാദപ്രതിവാദങ്ങളും അവിടെവച്ചു നടത്തുക പതിവായിരുന്നു. ആ സാഹിത്യചൎച്ചകളിലും മററും സവിശേഷമായ പ്രതിപത്തി പ്രദൎശിപ്പിച്ച ഒരംഗമായിരുന്നു, പില്ക്കാലത്തു് 'ഉഷാകല്യാണം ചമ്പു' തുടങ്ങിയ സരസകാവ്യങ്ങൾ നിൎമ്മിച്ച രവിവൎമ്മ കോയിത്തമ്പുരാൻ

പണ്ഡിതാവതംസമായ അവിടത്തെ അന്തേവാസിയായി അഞ്ചു സംവത്സരക്കാലം സംസ്കൃതം പഠിക്കുവാൻ പരമേശ്വരയ്യരെ ഭാഗ്യദേവത അനുഗ്രഹിച്ചു. കുമാരസംഭവം, നൈഷധം എന്നി കാവ്യങ്ങളിലെ ഏതാനം സർഗ്ഗങ്ങളും സുഭദ്രാഹരണം, ദൂതവാക്യം തുടങ്ങിയ പ്രബന്ധങ്ങളും, ശാകുന്തളം നാടകവുമാണു് കുശാഗ്രബുദ്ധിയായ ബാലൻ തമ്പുരാനിൽനിന്നഭ്യസിച്ചതു്.

ശിഷ്യൻ പ്രദർശിപ്പിച്ച അനന്യാദൃശമായ ബുദ്ധിവിലാസവും ധാരണാശക്തിയും സ്ഥിരോത്സാഹവുംകണ്ടു് ഗുരുനാഥനു് അതിരററ വാത്സല്യം ഉളവായി. എന്നാൽ, ആ നിലയിൽ തമ്പുരാന്റെ ശിഷ്യനായി വളരെക്കാലം സംസ്കൃതപാഠം തുടരുവാൻ ആ ബാലനു് സാധിച്ചില്ല. പെട്ടെന്നു സംഭവിച്ച പിതൃമരണം നിമിത്തം കുടുംബസംബന്ധമായ സകല ഭാരങ്ങളും വഹിക്കേണ്ടിവന്നതിനാൽ, പരമേശ്വരയ്യർക്കു തിരുവനന്തപുരത്തിനടുത്തുള്ള ഉള്ളൂർ ഗ്രാമത്തിലേക്കു താമസം മാററേണ്ടിവന്നതാണു് ഇതിനുകാരണം. ധനസ്ഥിതി വളരെ മോശമായിരുന്നിട്ടും ക്ലേശസഹിഷ്ണുവായ ആ ബാലൻ പിതാമഹിയുടെ സഹായത്തെമാത്രം അവലംബമാക്കിക്കൊണ്ടു്, തിരുവനന്തപുരം ഫോർട്ട് ഹൈസ്കൂളിൽ ചേന്നു വിദ്യാഭ്യാസം തുടരുകയും പതിനാറാമത്തെ വയസ്സിൽ മട്രിക്കുലേഷൻ പരീക്ഷയിൽ വിജയിയാകയും ചെയ്തു. അന്നു് ആ വിദ്യാർത്ഥി പ്രദർശിപ്പിച്ച ഗ്രന്ഥപാരായണതല്പരതയും കവനകലാപാടവവും കണ്ടു പലരും അത്ഭുതപ്പെട്ടിരുന്നു.

കോളേജിൽ ചേന്നു വിദ്യാഭ്യാസം തുടരുന്ന കാര്യത്തിൽ സാമ്പത്തികക്ലേശം പരമേശ്വരയ്യർക്കു വലിയ ഒരു പ്രതിബന്ധമായിരുന്നു എങ്കിലും, ബുദ്ധിമാനും ഉത്തിഷ്ഠമാനനുമായ ആ ബാലനെ നിരാശനാക്കി പുരോഗതിക്കു തടസ്സം വരുത്തുവാൻ പിതാമഹിയുടെ വാത്സല്യം അനുവദിച്ചില്ല. അതിനാൽ, കടം വാങ്ങിയെങ്കിലും പൗത്രനെ പഠിപ്പിക്കുവാൻതന്നെ ആ സുകൃതിനി തീരുമാനിച്ചു. അങ്ങനെ പരമേശ്വരയ്യർ തിരുവനന്തപുരം മഹാരാജാസ് കോളേജിലെ ഒരു വിദ്യാർത്ഥിയായിത്തീന്നു.

അവിടെ പഠിക്കുന്ന കാലത്തു് സുപ്രസിദ്ധ സാഹിത്യകാരനായ രാമക്കുറുപ്പു മുൻഷിയെപ്പോലും വിസ്മയിപ്പിക്കുമാറു്, ആട്ടക്കഥാസാഹിത്യത്തിലും സംസ്കൃതകാവ്യങ്ങളിലും തനിക്കുള്ള അസാമാന്യമായ അവഗാഹം ആ യുവാവു വെളിപ്പെടുത്തിയിരുന്നു. അതിന്റെ ഫലമായിട്ടാണു്, സംസ്കൃതക്ലാസ്സിൽ ചെന്നിരുന്നു പഠിക്കുവാനുള്ള പ്രത്യേകാനുവാദം ആ വിദ്യാർത്ഥിക്കു ലഭിച്ചതു്. അക്കാലത്തുതന്നെ ആംഗലഭാഷയിൽ വിജ്ഞാനപ്രദങ്ങളായ വിശിഷ്ട ലേഖനങ്ങളെഴുതി അന്നത്തെ

ഇംഗ്ലീഷ് പ്രൊഫസ്സർമാരായിരുന്ന ബായിൽ, ലബ്ഷഡിയാർ എന്നിവരുടെ വാത്സല്യത്തിനും അദ്ദേഹം പാത്രമായിത്തീൻ. 1072-ൽ ബി. എ. പരീക്ഷയിൽ വിജയിയായി. തത്വശാസ്ത്രത്തിൽ ഒന്നാംക്ലാസ്സ് കിട്ടിയെങ്കിലും, ഇംഗ്ലീഷിലും സംസ്കൃതത്തിലും രണ്ടാംക്ലാസ്സ് മാത്രമേ ലഭിച്ചുള്ളു. പ്രതീക്ഷയ്ക്കു വിപരീതമായി ആ വിധം സംഭവിച്ചതിനു കാരണം, കൈയക്ഷരത്തിന്റെ അവ്യക്തതയായിരുന്നു. തത്വശാസ്ത്രമാണ് ഐച്ഛികമായി സ്വീകരിച്ചിരുന്നതെങ്കിലും, സംസ്കൃതസാഹിത്യത്തിലും പ്രാചീനാംഗലേയ സാഹിത്യത്തിലും അനിതരസാധാരണമായ വൈദുഷ്യമാണ് ആ യുവവിദ്യാർത്ഥി പ്രകടിപ്പിച്ചിരുന്നതു്.

ബി. എ. പരീക്ഷ പാസ്സായശേഷം കുടുംബസംരക്ഷണാർത്ഥം ഉദ്യോഗത്തിൽ പ്രവേശിക്കുവാൻ അദ്ദേഹം നിർബ്ബന്ധിതനായിത്തീൻ. തിരുവനന്തപുരം ടൗൺ ഹൈസ്കൂളിൽ ഒരു സഹായാദ്ധ്യാപകനായി ഉദ്യോഗം സ്വീകരിച്ച ആ യുവാവ് പരിശ്രമം കൊണ്ടും കാര്യക്ഷമതകൊണ്ടും സെൻസസ്സ് കമ്മീഷണരുടെ ഹെഡ്ക്ലാർക്ക്, തഹശീൽ മജിസ്ട്രേട്ട്, ഡിസ്ട്രിക്ട് മുൻസിഫ്, ഹജൂർ സിക്രട്ടറി എന്നിങ്ങനെ പടിപടിയായി ഉയൻകൊണ്ടിരുന്നു. ഔദ്യോഗികകൃത്യങ്ങളിൽ പ്രദർശിപ്പിച്ച കാര്യക്ഷമത, കൃത്യനിഷ്ഠ, സ്വഭാവഗുണം തുടങ്ങിയവയെ പ്രശംസിച്ച് മേലധികാരികൾ രേഖപ്പെടുത്തിയ അഭിപ്രായങ്ങളാണ്, ഉള്ളൂരിന്റെ അനുസ്യൂതമായ ഉന്നമനത്തിന് സഹായമായിത്തീന്നതു്.

തന്റെ ആരാധ്യപുരുഷനായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ നിർദ്ദേശപ്രകാരം മലയാളവും തമിഴും പ്രധാന വിഷയങ്ങളായെടുത്തു് 1078-ൽ പരമേശ്വരയ്യർ എം. എ. ബിരുദം നേടി. മദിരാശി സർവ്വകലാശാലയിലെ പരീക്ഷകൻ, ചരിത്രരേഖാ സംരക്ഷണസമിതി മെംബർ ആദിയായ മാന്യസ്ഥാനങ്ങൾ അതോടുകൂടി അദ്ദേഹത്തിനു ലഭിച്ചു. ഗവണ്മെൻറിനുവേണ്ടി അനേകം ഗ്രന്ഥങ്ങൾ രചിച്ച് പല ദിവാൻജിമാരുടേയും ശ്ലാഘയ്ക്കു് അദ്ദേഹം പാത്രമായി ഭവിച്ചു. ക്രമേണ ആക്ടിംഗ് ചീഫ് സെക്രട്ടറിയായും, ദിവാൻപേഷ്കാരായും റവന്യൂകമ്മീഷണറായും സ്വന്തം നാടിനെ സേവിക്കുവാനും, ജനങ്ങളുടെ സ്നേഹബഹുമാനങ്ങൾ ആർജ്ജിക്കുവാനും അദ്ദേഹത്തിന് അവസരം ലഭിച്ചു. വൈഷമ്യമേറിയ ഇത്തരം ഔദ്യോഗികകൃത്യങ്ങൾക്കിടയിലാണ് മലയാളസാഹിത്യത്തെ പോഷിപ്പിക്കുവാൻ ആ പരിശ്രമശീലൻ സമയം കണ്ടുപിടിച്ചതെന്നോക്കുമ്പോൾ ആർക്കാണ് അത്ഭുതം തോന്നാത്തതു് ?

വിശ്രമാവസരങ്ങളിലെല്ലാം ഭാഷാപണ്ഡിതന്മാരും കവിപ്രമുഖന്മാരുമായി പുരാണപരമായും കവിതാവിഷയകമായും ശാസ്ത്രസംബന്ധമായും ചർച്ചകൾ നടത്തുകയായിരുന്നു അദ്ദേഹത്തിൻെറ പ്രധാന വിനോദം. സംസ്കൃതം, ഇംഗ്ലീഷ്, മലയാളം, തമിഴ് എന്നീ നാലു് ഭാഷകളിലും വിദ്യാഭ്യാസകാലത്തുതന്നെ അഗാധമായ ജ്ഞാനം അദ്ദേഹം സമ്പാദിച്ചുകഴിഞ്ഞിരുന്നു, എങ്കിലും ഗൈർവ്വാണിയോടും കൈരളിയോടുമായിരുന്നു കൂടുതൽ പ്രതിപത്തി. കേരളവർമ്മദേവൻെറ അന്തേവാസിത്വവും പന്തളത്തു കേരളവർമ്മത്തമ്പുരാൻ തുടങ്ങിയ പണ്ഡിതകവികളുമായുള്ള സമ്പർക്കവുമായിരുന്നു അതിനു കാരണം.

ഏതു പുസ്തകമായാലും നിഷ്പക്ഷമനോഭാവത്തോടുകൂടി നിഷ്കൃഷ്ടമായി പരിശോധിച്ചു് സ്വന്തം അഭിപ്രായം രേഖപ്പെടുത്തുന്നതിലും അഭിപ്രായം ആവശ്യപ്പെട്ടാൽ അതയച്ചുകൊടുക്കുന്നതിലും, അദ്ദേഹം സദാ ജാഗരൂകനായിരുന്നു. പ്രോത്സാഹജനകമായിട്ടല്ലാതെ നിരാശപ്പെടുത്തുന്നവിധം അഭിപ്രായങ്ങളെഴുതുന്ന സമ്പ്രദായം അദ്ദേഹം ഒരിക്കലും കൈക്കൊണ്ടിരുന്നില്ല. മതം, സാഹിത്യം, ചരിത്രം, സമുദായം ആദിയായ വിഷയങ്ങളെപ്പററി നിഷ്പക്ഷമതിയോടെ അന്വേഷണം നടത്തി, നിശിതമായി വിമർശനംചെയ്തു സിദ്ധിക്കുന്ന അനുമാനങ്ങളെ മാത്രം പ്രകാശിപ്പിക്കുന്നതിൽ ഉള്ളൂർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. താളിയോലഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിലും അവ നിഷ്കൃഷ്ടമായി പരിശോധിക്കുന്നതിലും അദ്ദേഹം പ്രദർശിപ്പിച്ചിരുന്ന താല്പര്യവും ഉത്സാഹവും അനന്യാദൃശമാണു്. അന്ധകാരനിമഗ്നവും വാദഗ്രസ്തവുമായ എത്ര എത്ര കാര്യങ്ങളുടെ യാഥാർത്ഥ്യങ്ങളാണു്, ഉള്ളൂരിന്റെ ഗവേഷണഫലമായി പുറത്തുവന്നിട്ടുള്ളതെന്നു നിർണ്ണയിക്കുക എളുപ്പമല്ല.

പന്ത്രണ്ടാമത്തെ വയസ്സിലാരംഭിച്ച കവിതാവിഷയകമായ പരിശ്രമം അവസാനകാലംവരെ അക്ഷീണമായും നാനാമുഖമായും തുടർന്നുകൊണ്ടുപോകുന്നതിനു വാഗ്ദേവത ഉള്ളൂരിനെ അകമഴിഞ്ഞനുഗ്രഹിച്ചിരുന്നു. മുക്തകം തുടങ്ങി മഹാകാവ്യംവരെ വിവിധ മാതൃകയിലുള്ള അനേകം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. സംസ്കൃതകാവ്യങ്ങളുടെ ശൈലിയിൽ നിർമ്മിച്ചിട്ടുള്ള സുജാതോദ്വാഹം, മംഗളമഞ്ജരി എന്നിവയും, പുരാണപ്രതിപത്തിയുടെ ഫലമായി കൈരളിക്കു കാഴ്ചവെച്ചിട്ടുള്ള കർണ്ണഭൂഷണം, ചിത്രശാല, പിംഗള തുടങ്ങിയവയും, കവിതാസമാഹാരങ്ങളായ മണിമഞ്ജൂഷ, തരംഗിണി, രത്നമാല, അമൃതധാര മുതലായവയും ഇക്കൂട്ടത്തിൽ പ്രത്യേകം പ്രസ്താവയോഗ്യങ്ങളാണു്.

ഉള്ളൂരിൻെറ അഗാധവും വിശാലവുമായ പാണ്ഡിത്യത്തിൻേറയും പരിണതമായ പ്രതിഭയുടേയും ഫലമായി കൈരളിക്കു സിദ്ധിച്ച ഒരമൂല്യനിധിയാണ് ഉമാകേരളം മഹാകാവ്യം. "കൃഷ്ണഗാഥയ്ക്കുശേഷം ഇത്ര വളരെ ആശയങ്ങളും വിചിത്രകല്പനകളും അടങ്ങിയ ഒരു ഗ്രന്ഥം മലയാളത്തിലുണ്ടായിട്ടില്ല" എന്ന് കേരള കാളിദാസൻ ഉമാകേരളത്തെപ്പററി അഭിപ്രായം രേഖപ്പെടുത്തണമെങ്കിൽ, അതിൻെറ മാഹാത്മ്യം അസാമാന്യം തന്നെയായിരിക്കണമല്ലോ. പുരാണകഥകളെ ഇതിവൃത്തമായി സ്വീകരിച്ചു കാവ്യങ്ങൾ രചിക്കുന്ന രീതി നിലവിലിരുന്ന കാലത്ത് ആ മാമൂലിനു വിപരീതമായി ഒരു ചരിത്രകഥയെ അവലംബമാക്കി മഹാകാവ്യരചനയ്ക്കൊരുമ്പെട്ട ഉള്ളൂരിൻെറ ഉല്പതിഷ്ണുത്വം പ്രശംസാർഹമത്രെ.

മഹാകവിയുടെ സ്വരാജ്യസ്നേഹത്തിന് ഉത്തമോദാഹരണമാണ് ഉമാകേരളത്തിലെ ഇതിവൃത്തം. മാതൃഭൂമിയെ പ്രകീർത്തിച്ചുകൊണ്ട് അദ്ദേഹമെഴുതിട്ടുള്ള

"അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാ-
മടിമുതൽ മുടിയോളം നിന്നിലാകട്ടെ തായേ!
അടിമലരിണവേണം താങ്ങുവാൻ; മററൊരേട-
ത്തടിയുവതു ഞെരുക്കം മുക്തി സിദ്ധിക്കുവോളം"

മുതലായ പദ്യങ്ങൾ നിർവ്വികാരനായി വായിക്കുവാൻ സാധിക്കുന്ന ഒരാൾ സഹൃദയനല്ലതന്നെ.

ഉള്ളൂരിൻെറ കവിതകളെ സമഗ്രമായി പരിശോധിക്കുന്നതായാൽ, അവ വികാരവിചാരങ്ങളുടെ സമ്യക്സമ്മേളനംകൊണ്ടു പരിശോഭിക്കുന്നുണ്ടെന്ന് ആർക്കും കാണാൻ കഴിയും. വികാരത്തിൻെറ സുരഭിലസുമങ്ങൾ മാത്രമല്ല, വിചാരത്തിൻെറ സുമധുരഫലങ്ങളും അദ്ദേഹത്തിൻെറ കാവ്യശാഖയിൽ ഉണ്ടായിട്ടുണ്ട്. ഭാവനാശക്തിയിലും അദ്വിതീയനാണദ്ദേഹം. ശൃംഗാരം, വീരം, കരുണം തുടങ്ങിയ എല്ലാ രസങ്ങളും സമർത്ഥമായി ആവിഷ്കരിക്കുന്നതിനും ഉള്ളൂരിനു കഴിഞ്ഞിട്ടുണ്ട്.

അചുംബിതങ്ങളും അത്യന്തമനോഹരങ്ങളുമായ അലങ്കാരങ്ങൾ പ്രയോഗിക്കുന്നതിലും മഹാകവിക്ക് അനിതരസാധാരണമായ പാടവമുണ്ടായിരുന്നു എന്നുള്ളതിന് അദ്ദേഹത്തിൻെറ മിക്ക

MUNAVIFUL ISLAM HIGH SCHOOL COCHIN-11.

കൃതികളും സാക്ഷ്യം വഹിക്കുന്നു. ഭാരതീയരുടെ ജീവിതാദർശങ്ങളെ ഉയർത്തിക്കാണിക്കുന്ന ഖണ്ഡകൃതികൾ ഉള്ളൂരിന്റെ കവിതാസമാഹാരത്തിൽ ധാരാളമുണ്ട്. ഹീര, ശിവഗീത മുതലായവ ആ ഇനത്തിൽ ഉൾപ്പെടുന്നവയാണ്. അദ്ദേഹത്തിന്റെ 'പ്രേമസംഗീതം' എന്ന ഖണ്ഡകൃതിക്കു സമശീർഷമായ ഒരു കവിത മലയാളത്തിൽ വേറെയുണ്ടെന്നു തോന്നുന്നില്ല.

"നമിക്കിലുയരാം, നടുകിൽ തിന്നാം, നല്കുകിൽ നേടീടാം,
നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ;
മനവും മിഴിയും നാവും കരവും മന്നിൻമാലകലാൻ
മഹാനുകമ്പാമസൃണിതമാക്കും മനുഷ്യർ ദേവന്മാർ."

എന്നിത്യാദി വരികളിൽ ഉള്ളൂർ ഉൾക്കൊള്ളിച്ചിട്ടുള്ളതു് എല്ലാ മതതത്വങ്ങളും കടഞ്ഞെടുത്ത സത്തായ ആശയമാണ്.

പദ്യത്തിലെന്നപോലെ ഗദ്യത്തിലും ഉള്ളൂരിനുള്ള സ്ഥാനം സമുന്നതമാകുന്നു. ഗംഗാപ്രവാഹംപോലെ അനർഗ്ഗളമായി പ്രവഹിക്കുന്ന ആ ഗദ്യത്തിന്റെ സൗന്ദര്യം ഒന്നു വേറെ തന്നെയാണ്. അദ്ദേഹം രചിച്ചിട്ടുള്ള എല്ലാ ഗദ്യപ്രബന്ധങ്ങളിലും ഉപന്യാസങ്ങളിലും അതു സവിശേഷം കളിയാടുന്നുണ്ട്. ജീവചരിത്രം, സാഹിത്യം, ഗ്രന്ഥനിരൂപണം എന്നിത്യാദി വിഷയങ്ങളെ അധികരിച്ച് ഉള്ളൂരെഴുതീട്ടുള്ള ലേഖനങ്ങൾക്കും ഉപന്യാസങ്ങൾക്കും കൈയും കണക്കുമില്ല. 'വിജ്ഞാനദീപിക' എന്ന പേരിൽ നാലു ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തീട്ടുള്ള ഗ്രന്ഥത്തിലെ ഉള്ളടക്കം ഈ ലേഖനങ്ങളും ഉപന്യാസങ്ങളുമാകുന്നു. വിജ്ഞാനാഭിവൃദ്ധിക്കായി പരിശ്രമിക്കുന്ന ഏവർക്കും ഏററവും ഉപകാരപ്രദങ്ങളാണ് അവയെല്ലാം. 'അംബ' എന്ന ഗദ്യനാടകവും 'സ്മരണമാധുരി' എന്ന ഉപന്യാസസമാഹാരവും ഉള്ളൂരിന്റെ വിശിഷ്ടങ്ങളായ മററു രണ്ടു കൃതികളാകുന്നു.

ഭാഷാസാഹിത്യചരിത്രനിർമ്മിതിയാണ് ഉള്ളൂർ തന്റെ ജീവിതോദ്ദേശ്യങ്ങളിലൊന്നായി ഗണിച്ചുവന്നിരുന്നതു്. വൈഷമ്യമേറിയ കൃത്യശതങ്ങൾക്കിടയിൽ ഒരു നിമിഷംപോലും വിശ്രമത്തിനായി വിനിയോഗിക്കാതെ, സർവ്വദാ അത്യുത്സുകനായി അദ്ദേഹം അതിനുവേണ്ടി പ്രയത്നിച്ചുകൊണ്ടിരുന്നു. സർക്കാരുദ്യോഗത്തിൽനിന്നു വിരമിച്ചതിനുശേഷമാണ് അക്കാര്യത്തിൽ ഊർജ്ജസ്വലനായി പ്രവർത്തിക്കാൻ അദ്ദേഹത്തിനു സാധിച്ചതു്. ആ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി, ഇതുവരെ

ഉണ്ടായിട്ടുള്ള എല്ലാ ഭാഷാചരിത്രങ്ങളേയും അതിശയിക്കുന്ന ഒരു "കേരള സാഹിത്യചരിത്രം" കൈരളിക്കു കാഴ്ചവെക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അമൂല്യവും അതിവിശിഷ്ടവുമായ ആ ഗ്രന്ഥം കേരള സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കേരളീയരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ച പ്രസ്തുത കൃതി മഹാകവിയുടെ വിജയവൈജയന്തിയായി എന്നെന്നും പരിലസിക്കുമെന്നുള്ളതു നിസ്തർക്കമാണ്.

ഒരൊററ ജീവിതത്തിൽ, അനേകം ജീവിതങ്ങൾകൊണ്ടു നിർവ്വഹിക്കാവുന്ന സാഹിത്യസേവനമാണ് ഉള്ളൂർ അനുഷ്ഠിച്ചതു്. കവിതിലകൻ, സാഹിത്യഭൂഷണൻ, മഹാകവി എന്നിങ്ങനെ പല ബിരുദങ്ങളാലും അദ്ദേഹം ബഹുമാനിക്കപ്പെടുകയുണ്ടായി. ആ ബിരുദങ്ങൾ ഓരോന്നിനും അദ്ദേഹം തികച്ചും അർഹനമായിരുന്നു. തത്താദൃശനായ ഒരു മഹാപുരുഷൻ നാനാജാതിമതസ്ഥരായ കേരളീയരുടെ സ്നേഹാദരങ്ങൾക്കു് പാത്രമായതു സ്വാഭാവികമെന്നേ പറയേണ്ടു. 1124 മിഥുനം 1-ാം തീയതി മഹാകവിയുടെ ഭൗതികശരീരം ഐഹികബന്ധങ്ങളിൽനിന്ന് വിമുക്തമായി എങ്കിലും, കേരളഭൂമിയും കൈരളിയും ഉള്ളിടത്തോളം കാലം അദ്ദേഹത്തിന്റെ യശശ്ശരീരം അനശ്വരമായി നിലനില്ക്കുകതന്നെ ചെയ്യും.

—ജി. വൈദ്യനാഥയ്യർ, എം. എ.

അഭ്യാസം

1. 'സ്ഥിരപരിശ്രമം ഉയർച്ചയ്ക്കുള്ള പ്രധാന കാരണമാണ്.' മഹാകവി ഉള്ളൂരിന്റെ ജീവചരിത്രത്തിൽനിന്ന് ഈ വസ്തുത വ്യക്തമാക്കുക.
2. മഹാകവി ഉള്ളൂരിൽനിന്നു കൈരളിക്കു കൈവന്ന സംഭാവനകളേവ ?
3. ഉള്ളൂർക്കവിതയുടെ സവിശേഷതകൾ എന്തെല്ലാം ?
4. സാക്ഷി, സ്വാമി—ഈ കാരകങ്ങളെ വിവരിച്ചുദാഹരിക്കുക.
5. ഈ പാഠത്തിലെ അവസാനവാക്യത്തിലുള്ള പദങ്ങളുടെ കാരകങ്ങൾ ഏതെന്നു നിർണ്ണയിക്കുക.

പാഠം 19

പ്രപഞ്ചവും ജീവനും

[ഭാസ്കരൻ നായർ—തിരുവനന്തപുരം സയൻസ് കോളേജിൽ ലക്ചററായി സർവ്വീസിൽ പ്രവേശിച്ചു. പടിപടിയായി ഉയർന്ന്, ഒടുവിൽ കൊളീജിയറ്റ് ഡയറക്ടരായി അടുത്തൂൺ പററി. ഭാഷയ്ക്കു വിലയേറിയ അനേകം ശാസ്ത്രഗ്രന്ഥങ്ങൾ സംഭാവന ചെയ്തിട്ടുണ്ട്. ആധുനികശാസ്ത്രം, ശാസ്ത്രത്തിന്റെ ഗതി, ധന്യവാദം, താരാപഥം, സംസ്കാരലോചനം, ഏതുമാറ്റം, പുതുമയുടെ ലോകം മുതലായവ ഇദ്ദേഹത്തിന്റെ കൃതികളാകുന്നു.]

പ്രപഞ്ചത്തിലുള്ള നക്ഷത്രങ്ങളുടെ ആകെ എണ്ണം ഏതാണ്ട് ലോകത്തിലെ എല്ലാ കടലോരങ്ങളിലുമുള്ള മണൽത്തരികളുടേതു പോലെയാണ്. ഇവയുടെ കൂട്ടത്തിൽ ഒരു സാധാരണ നക്ഷത്രം മാത്രമാണ് നമ്മുടെ സൂര്യൻ. മററു നക്ഷത്രങ്ങളെ അപേക്ഷിച്ചു വളരെ സമീപസ്ഥമായതുകൊണ്ടാണ് അതു വലുതും പ്രകാശമേറിയതുമായി നമുക്കു തോന്നുന്നതു്. അസംഖ്യങ്ങളായ ഈ താരങ്ങളെല്ലാം ആകാശത്തിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. തമ്മിൽ കൂട്ടിമുട്ടുക എന്നതു് അവയുടെയിടയ്ക്കു് വളരെ വളരെ അസാധാരണമായ ഒരു സംഭവമാണ്. ആകാശം അതിവിസ്തൃതവും വിജനവുമായി കിടക്കുന്നു; സൂര്യനോട് ഏററവും സമീപസ്ഥമായ നക്ഷത്രത്തിലേയ്ക്കുള്ള ദൂരംതന്നെ നാലിൽപ്പരം ദീപ്തിവർഷങ്ങളാണ്. സെക്കൻറിൽ 1,86,300 (ഒരുലക്ഷത്തി എമ്പത്താറായിരത്തി മുന്നൂറ്) മൈൽ വേഗമുള്ള വെളിച്ചം ഒരു വർഷംകൊണ്ട് സഞ്ചരിക്കുന്ന ദൂരത്തിനാണ് ദീപ്തിവർഷം എന്നു പറയുന്നതു്. ഇതു സങ്കല്പിക്കുവാൻപോലും വളരെ പ്രയാസമാണ്. ഭൂഗോളത്തെ ഒന്നു പ്രദക്ഷിണം ചെയ്യുവാൻ, വെളിച്ചം ഒരു സെക്കൻറിന്റെ ഏഴിലൊരംശം മാത്രമേ എടുക്കുന്നുള്ളു. അങ്ങനെയിരിക്കെ, നാലിൽപ്പരം വർഷങ്ങൾകൊണ്ട് അതു സഞ്ചരിക്കുന്ന ദൂരം എത്രമാത്രമായിരിക്കണം! മററുള്ള നക്ഷത്രങ്ങൾ ഇതിലും ദൂരസ്ഥങ്ങളാണ്. ചിലതു് അനേകലക്ഷം ദീപ്തിവർഷങ്ങൾക്കകലെ സ്ഥിതിചെയ്യുന്നു.

നമ്മുടെ ഭൂമിയും, ചൊവ്വ, ബുധൻ തുടങ്ങിയ മററു ഗ്രഹങ്ങളും ചന്ദ്രനെപ്പോലെ അവയിൽ പലതിനേയും പരിസേവിക്കുന്ന ഉപഗ്രഹങ്ങളും, സൂര്യന്റെ നിസ്സാരങ്ങളായ പാർശ്വവർത്തികൾ മാത്രമാകുന്നു. നക്ഷത്രങ്ങളുടെ ജനസംഖ്യയെടുക്കുമ്പോൾ ആരും അവയെ പരിഗണിക്കാറില്ല. കടൽപ്പുറത്തു് ഒരു മണൽത്തരിയുടെ അംശങ്ങൾക്കുള്ള സ്ഥാനമേ അവയ്ക്കു പ്രപഞ്ചത്തിലുള്ളു. സൂര്യന് ഇത്തരം ഒമ്പതു ഗ്രഹങ്ങളുണ്ട്. അവയെല്ലാം

അതിനുചുററും സദാ കറങ്ങിക്കൊണ്ടിരിക്കുന്നു. ഓരോന്നും ഓരോ അകലത്തിലാണു് സഞ്ചരിക്കുന്നതു്. രണ്ടു ഗ്രഹങ്ങളൊഴികെ ബാക്കിയുള്ളതെല്ലാം സൂര്യനിൽനിന്നു ഭൂമിയേക്കാൾ അകന്നു കിടക്കുന്നു. നമ്മുടെ തോതുവെച്ചുനോക്കുമ്പോൾ ഈ സൗരയൂഥംപോലും ദുർഗ്രഹമാംവണ്ണം വിസ്തൃതമാണു്. അതിനെ തരണംചെയ്യുവാൻ വെളിച്ചം പതിനൊന്നു മണിക്കൂറോളം എടുക്കുന്നു. പക്ഷേ, ആകാശത്തിൻെറ അനന്തതയിൽ ഇതു വെറും മണൽച്ചുഴിപോലെ നിസ്സാരമാണു്. ഉപഗ്രഹങ്ങൾ ഗ്രഹങ്ങളോടു വളരെ അടുത്താണു കിടക്കുന്നതു്. ഇവയെക്കൂടാതെ സൗരയൂഥത്തിൽ വേറെയും ചില വ്യക്തികളുണ്ടു്. ധൂമകേതുക്കൾ, ഉല്ക്കകൾ എന്നീ തേജസ്സുകൾ ഈ കൂട്ടത്തിൽ ഉൾപ്പെടുന്നു.

സൗരയൂഥത്തിലുള്ള തേജസ്സുകളെല്ലാം സൂര്യനിൽനിന്നുണ്ടായിട്ടുള്ളവയാണു്. അതിലുള്ള ധാതുവസ്തുക്കൾ മാത്രമേ അവയിലും കാണ്മാനുള്ളു. ഇതു ഗാഢമായ ഒരു രക്തബന്ധമാണെന്നുള്ളതിൽ തക്കമില്ല; എങ്കിലും ഇങ്ങനെയുള്ള സന്താനഭാരം നക്ഷത്രലോകത്തിൽ സാധാരണമല്ല. സൂര്യനേക്കാൾ പ്രായം കൂടിയ നക്ഷത്രങ്ങൾ വളരെയുണ്ടെങ്കിലും, അവയ്ക്കൊന്നിനും ഇതുപോലെ ഗ്രഹങ്ങളില്ല. അനേകകോടി വർഷങ്ങളിലെ വന്ധ്യവും ഏകാന്തവുമായ ജീവിതത്തിനുശേഷം രണ്ടായിപ്പിളന്നു് യുഗ്മരൂപത്തിൽ വാർദ്ധക്യം പ്രാപിച്ചു് നശിക്കുകയാണു് അവയുടെയെല്ലാം പതിവു്. ഇങ്ങനെയുള്ള യുഗ്മതാരങ്ങൾ ആകാശത്തിൽ സുലഭമാണു്. നക്ഷത്രങ്ങൾക്കു വിധിച്ചിട്ടുള്ള ഈ നിത്യബ്രഹ്മചര്യത്തിൽനിന്നു സൂര്യൻ വ്യതിചലിച്ചു. അതിൻെറ ഫലമാണു് ഈ ഗ്രഹസഞ്ചയവും അതിലൊന്നിൽ വസിക്കുന്ന മനുഷ്യനും. ഇതെല്ലാം എങ്ങനെ സംഭവിച്ചുവെന്നു നോക്കാം.

അനേകായിരം ലക്ഷം വർഷങ്ങൾക്കു മുമ്പു് സൂര്യൻ ഇങ്ങനെയൊരു ഭാവിയെപ്പററി സ്വപ്നത്തിൽപ്പോലും വിചാരിക്കാതെ ആകാശത്തിൻെറ ആഴങ്ങളിൽ ഏകാകിയായി സഞ്ചരിക്കുകയായിരുന്നു. അക്കാലത്തൊരിക്കൽ മറെറാരു വലിയ നക്ഷത്രം അതിനെ സമീപിക്കാനിടയായി. അതിൻെറ ഭയങ്കരമായ ആകർഷണശക്തി സൂര്യനെ അസ്വസ്ഥനാക്കി. ഈ മാതിരിയുള്ള അസ്വസ്ഥതയ്ക്കുതന്നെയാണു് നാം വേലിയേററം എന്നു പറയുന്നതു്. ഭൂമിയുടെ ഉപരിഭാഗത്തുണ്ടാകുന്ന ഈ വിജൃംഭണങ്ങൾക്കു് കാരണം സൂര്യചന്ദ്രന്മാരുടെ ആകർഷണമാണു്. പക്ഷേ, ആ വലിയ നക്ഷത്രത്തിൻെറ സാമീപ്യത്താൽ സൂര്യനിൽ അന്നുണ്ടായ വേലിയേററം ഇതിനേക്കാളെല്ലാം ഗംഭീരമായിരുന്നു. അതു പർവ്വതാകാരങ്ങളായ തരംഗങ്ങളെ ഉളവാക്കി.

ഇതു് ഉയർന്നുയർന്നു്, മറെറ നക്ഷത്രം കുറേക്കൂടി അടുത്തുവന്നപ്പോൾ, സൂര്യനിൽനിന്നു വേർപെട്ടു് ആകാശത്തിലേക്കു തെറിച്ചുപോയി. "ദോഷകാരകൻ" അതിന്റെ പാട്ടിനു കടന്നുപോവുകയുംചെയ്തു. നഷ്ടപ്പെട്ട അംശങ്ങളെ വീണ്ടെടുക്കുവാൻ സൂര്യൻ ശക്തനായില്ല. അവ അന്നുമുതൽ അതിനുചുററും കറങ്ങിക്കൊണ്ടിരിക്കുകയാണു്. ഈ സംഭവം ഉണ്ടായതു് ഏകദേശം ഇരുനൂറുലക്ഷത്തില്പരം നൂററാണ്ടുകൾക്കു് മുമ്പാണെന്നു് ഊഹിക്കപ്പെട്ടിരിക്കുന്നു.

യഥാർത്ഥമാലോചിച്ചാൽ അതു കേവലം യാദൃച്ഛികമായിരുന്നെന്നു കാണാം. പ്രപഞ്ചത്തിന്റെ അസീമവിസ്തൃതിയിൽ നക്ഷത്രങ്ങൾക്കു് നിർബ്ബാധം സഞ്ചരിക്കുവാൻ സ്ഥലമുണ്ടു്. അവയ്ക്കുതമ്മിലുള്ള ശരാശരി അകലം അനേകം ദീപ്തിവർഷങ്ങളാണു്. അങ്ങനെയിരിക്കെ, രണ്ടു നക്ഷത്രങ്ങൾ പരസ്പരം ആകർഷിക്കത്തക്കവണ്ണം അടുത്തുവരുക എന്നതു സാധാരണ സംഭാവ്യമല്ല. അനേകകോടി നക്ഷത്രങ്ങളുടെ അനേകകോടി സംവത്സരങ്ങളിലെ അന്ധമായ സഞ്ചാരത്തിനിടയിൽ രണ്ടെണ്ണമായിരിക്കും പരസ്പരം സമീപിക്കുന്നതു്. ഇങ്ങനെ തീരെ അസാധാരണമായ ഒരു സംഭാവ്യതയ്ക്കാണു് നാം യാദൃച്ഛികം എന്നു പറയുന്നതു്. കാലം വേണ്ടുവോളമുണ്ടെങ്കിൽ സകല യാദൃച്ഛികങ്ങളും സംഭവിക്കതന്നെചെയ്യും. ഇങ്ങനെയുള്ള ഒരു നിശ്ചിതത്വം, പ്രപഞ്ചത്തിൽ ഗ്രഹങ്ങൾക്കും നമ്മുടെ ഭൂമിക്കും നമുക്കുമുണ്ടു്. അതുകൊണ്ടു് ഗ്രഹങ്ങളുടെ ഉത്ഭവം യാദൃച്ഛികമാണെന്നു പറയുമ്പോൾ ഒരു ഗ്രഹം മാത്രമായ ഭൂമിയിൽ നിവസിക്കുന്ന നമുക്കു ഫലനക്ഷയത്തിന്നവകാശമില്ല. പക്ഷെ, ഒരു കാര്യം സമ്മതിച്ചേ മതിയാവൂ. അതായതു്, ഗ്രഹങ്ങളും തദ്വാരാ ജീവനും പ്രപഞ്ചത്തിൽ സുദുർല്ലഭമാണു്. മനുഷ്യൻ വഴിപിഴച്ച ഒരു ശകലം നക്ഷത്രവസ്തുവാകുന്നു.

നാം ഇന്നറിയുന്ന തരത്തിലുള്ള ജീവൻ ഗ്രഹങ്ങളിൽ മാത്രമേ ആവിർഭവിക്കയുള്ളു. നക്ഷത്രങ്ങളെല്ലാം എരിഞ്ഞുകൊണ്ടിരിക്കുകയാണു്. അവയുടെ ഉജ്ജ്വലജ്വാലകളിൽ ജീവൻ അങ്കുരിക്കയില്ല. ഗ്രഹങ്ങളുടെ കൂട്ടത്തിൽത്തന്നെ ഭൂമിയിൽ മാത്രമേ അതുണ്ടായിട്ടുള്ളു. ഭൂമി സുഖശീതളമായും ജീവസന്ധാരണത്തിന്നാവശ്യമുള്ള ചൂടു ലഭിക്കത്തക്കവണ്ണം സൂര്യനോടു സമീപിച്ചും കിടന്നു. പക്ഷെ, ഈ അനുഗ്രഹങ്ങൾ കാലാന്തരത്തിൽ അതിനു നഷ്ടപ്പെടുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. സൂര്യന്റെ ചൂടു് അടിക്കടി കുറഞ്ഞുവരികയാണു്. ലക്ഷോപലക്ഷം വർഷങ്ങൾ കഴിയുമ്പോൾ ഭൂമിക്കു് ഇന്നത്തെ അകലത്തിൽ നിന്നാൽ

ആവശ്യമുള്ള ചൂട ലഭിക്കയില്ലെന്നാകം. ഈ ആപത്തിൽനിന്നു രക്ഷനേടുവാൻ അതു സൂര്യനോട് അടുത്തുവരേണ്ടിയിരിക്കുന്നു. പക്ഷേ, അതിൻെറ ഗതി നേരേ വിരുദ്ധമായിട്ടാണ്. കാലം ചെല്ലുന്തോറും അതു സൂര്യനിൽനിന്ന് അകന്നകന്നു പോകുന്നു. ഇതിൻെറ ഫലമായി, അതിവിദൂരഭാവിയിൽ ഭൂമി നിതാന്ത ഹേമന്തയായിത്തീരാം. മനുഷ്യവർഗ്ഗത്തിന് ആ കൊടും തണുപ്പിൽ നശിക്കുകയല്ലാതെ മററു ഗതിയില്ല. പക്ഷേ, അന്നത്തെ മനുഷ്യർ അതിനെ പ്രതീക്ഷിച്ചുമാത്രം ജീവിക്കുന്നവരായിരിക്കും. ഭൂമിയുടെ ഭൂതകാലത്തെപ്പററി അവർ യാതൊന്നും അറിയുകയില്ല. മതവും കലയും ശാസ്ത്രവും എല്ലാം അതിനകം വിസ്മൃതങ്ങളാകും. ഇങ്ങനെ ആശയും നൈരാശ്യവും നശിച്ച അവസാന മനുഷ്യനും ധൂമികാധൂസരമായ ഒരു ദുർദ്ദിനത്തിൽ മരിച്ചുവീഴും. ഭൂമി തണുത്തു മരവിച്ച്, മനുഷ്യൻെറയും അവൻ കെട്ടിയുയർത്തിയ സംസ്കാരത്തിൻെറയും അവശിഷ്ടങ്ങളെ മഞ്ഞിനുള്ളിൽ പൊതിഞ്ഞുകൊണ്ട്, ആപാദശുഭ്രയായി, നിശ്ചേതനയായി ആകാശത്തിൻെറ മൂകമേഖലകളിൽ പിന്നെയും തിരിഞ്ഞുകൊണ്ടിരിക്കും.

II

അടുത്തതായി ജീവൻ എന്നാലെന്താണെന്നു നോക്കാം. ഈ ചോദ്യത്തിന് ഉത്തരം പറയുക വിഷമമാണ്. കൂടുതൽ ആലോചിക്കുംതോറും ഈ വൈഷമ്യവും കൂടിക്കൂടിവരുന്നു. എങ്കിലും, ചില സംഗതികളെ ജീവൻെറ സ്വഭാവവിശേഷങ്ങളായി ചൂണ്ടിക്കാണിക്കുവാൻ കഴിയും. സജീവങ്ങളായ വസ്തുക്കൾ ചലിക്കുകയും, ഭക്ഷിക്കുകയും, സജീവങ്ങളായ പുതിയ വസ്തുക്കളെ ജനിപ്പിക്കുകയും ചെയ്യുന്നു. ഇതിൽ ആദ്യത്തെ രണ്ടു സ്വഭാവങ്ങളെ നിർജ്ജീവങ്ങളായ ചില യന്ത്രങ്ങളും പ്രദർശിപ്പിച്ചേക്കാം; പക്ഷേ, മൂന്നാമത്തെ സ്വഭാവം ജീവൻെറ പ്രത്യേകതയാണ്. ഒരു യന്ത്രവും തന്നെപ്പോലെയുള്ള പുതിയ യന്ത്രങ്ങളെ ഉത്പാദിപ്പിക്കുന്നില്ല. ജീവികൾ മററു ജീവികളിൽനിന്നല്ലാതെ സ്വതന്ത്രമായി, പരാനപേക്ഷമായി, ഒരിക്കലും ഉത്ഭവിക്കുന്നില്ല. നാം ഇന്നു കാണുന്ന സകല ജീവികളും മുമ്പുണ്ടായിരുന്നവയുടെ സന്തതികളാണ്. പല പല വ്യക്തികളായി പിരിഞ്ഞു നില്ക്കുന്നതും ജീവലോകത്തിൻെറ ഒരു പ്രത്യേകലക്ഷണമാണ്. നിർജ്ജീവവസ്തുക്കളിൽ ഇങ്ങനെ ഒരു വ്യക്തിത്വം കാണുമാറില്ല. ഇങ്ങനെയൊക്കെയാണെങ്കിലും ചേതനാചേതനങ്ങളെ വേർതിരിക്കുക എളുപ്പമല്ല. ചെടികളുടെ വിത്തുകളും അതിസൂക്ഷ്മങ്ങളായ പല ജന്തുക്കളും ഉണങ്ങിവരണ്ട നിശ്ചേഷ്ടങ്ങളായി കിടക്കാറുണ്ട്. അക്കാലത്ത് അവ നിർജ്ജീവവസ്തുക്കളിൽനിന്നു ഭിന്നമാണെന്നു

പറയുവാൻ ന്യായങ്ങളില്ല. എങ്കിലും നനവു തട്ടുന്ന മാത്രയിൽ അവ മുളയ്ക്കുവാനും ചലിക്കുവാനും തുടങ്ങുന്നതായിക്കാണാം.

ബോധവും വികാരവും ജീവികളുടെ മറ്റൊരു പ്രത്യേകതയാണ്. പക്ഷേ, ഇവയെപ്പററിയുള്ള ജ്ഞാനം സ്വാത്മകമാണ്. നമ്മുടെ ബോധങ്ങളേയും വികാരങ്ങളേയുംപററി മാത്രമേ നമുക്കു നിഷ്കൃഷ്ടമായ അറിവുള്ളു. അവ നമ്മിലുള്ള ജീവൻെറ സ്വഭാവങ്ങളാണെന്നു പറയാം. എങ്കിലും മററു ജീവികളുടെ ചേഷ്ടകളിൽനിന്ന് അവയ്ക്കും നമ്മുടേതുപോലെയുള്ള ചില അനുഭവങ്ങൾ ഉണ്ടാകുന്നതായി നമുക്ക് ഊഹിക്കുവാൻ സാധിക്കും. കലമാൻ തൻെറ കൊമ്പുകൾകൊണ്ട് ഇണയുടെ കൺപോളകൾ ചൊറിയുന്നതും, ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ട് അറച്ചുമാറുന്നതും കാണുമ്പോൾ നാം നമ്മുടെ അനുഭവങ്ങൾ സ്മരിച്ചുപോകുന്നു. ജഗദീശ് ചന്ദ്രബോസിൻെറ വിസ്മയാവഹമായ ഗവേഷണങ്ങളിൽ സസ്യജാലങ്ങൾക്കുപോലും വികാരങ്ങളുള്ളതായി തെളിഞ്ഞിട്ടുണ്ട്. അവ വേദനയേററു പുളയുന്നതും ആനന്ദംകൊണ്ടു ത്രസിക്കുന്നതും കാണുവാനും കാണിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. ശകുന്തളയെക്കൊണ്ടു പല്ലവംപോലും തൊടുവിക്കാത്ത കാളിദാസൻ ഈ തത്ത്വം നേരത്തെ കണ്ടുപിടിച്ചതായി തോന്നുന്നു.

അടുത്തതായി ജീവൻെറ വ്യാപാരപരിധിയെപ്പററി ചിന്തിക്കാം. ഇക്കാര്യത്തിൽ നമുക്കു യാതൊരഭിമാനത്തിനും വകയില്ല. ഭൂമിയുടെ ഉപരിഭാഗത്തു വളരെ സങ്കുചിതമായ സീമകൾക്കുള്ളിലേ ജീവൻ ഇന്നറിയപ്പെടുന്നുള്ളു. അതു വലിയ പർവ്വതങ്ങളുടെ കൊടുമുടികളോളംപോലും വ്യാപിക്കുന്നില്ല. അവിടത്തെ പരിതഃസ്ഥിതികൾ അതിനു പാടേ പ്രതികൂലങ്ങളാണ്. സമുദ്രനിരപ്പിൽനിന്ന് ആറിൽപ്പരം മൈൽ മാത്രം ഉയരമുള്ള എവറസ്റ്റിൽ മനുഷ്യനല്ലാതെ മറെറാരു ജീവിയും എത്തിയിട്ടില്ല—അതും അളവററ കഷ്ടപ്പാടുകൾ സഹിച്ചതിനു ശേഷം മാത്രം. വായുവിൻെറ ലാഘവമാണ് ഈ വ്യാകുലതകൾക്കെല്ലാം കാരണം. തണുപ്പിൻെറ ശല്യം ഇത്രത്തോളമൊന്നുമില്ല. അവിടത്തെ വായുമണ്ഡലം വളരെ ഘനം കുറഞ്ഞതും ജലമയമില്ലാത്തതുമാണ്. അധികനേരം ശ്രമിച്ചെങ്കിലേ ആവശ്യത്തിനുള്ള പ്രാണവായു ലഭിക്കയുള്ളു. തൊണ്ടവരൾച്ചയും ദുസ്സഹമാണ്. തീരെ നിസ്സാരമായ ആയാസങ്ങളിൽപ്പോലും ഉൽക്കടമായ ശ്വാസവിമ്മിഷ്ടം അനുഭവിക്കേണ്ടിയിരിക്കുന്നു. ഒരു പെട്ടി തുറക്കുന്നതും ചെരിപ്പുകെട്ടുന്നതും തെല്ലും സുകരമല്ല.

വ്യോമചാരികളുടെ ഉദ്യമം പൎവ്വതാരോഹണത്തോളം ആയാസകരമല്ലെങ്കിലും ഒട്ടും വിഷമം കുറഞ്ഞതല്ല. 1875-ൽ ഒരു ബലൂണിൽ 27,950 അടി ഉയൎന്ന ടിസ്സാൻഡിയർ ഇരുപത്തോറായിരത്തി അഞ്ഞൂറടിയോളം ആയപ്പോൾ മൂർച്ഛിച്ചുപോയി. ബോധംവന്നപ്പോൾ ബലൂൺ താഴ്ന്നതായും തൻെറ രണ്ടു സഹചാരികളും മരിച്ചിരിക്കുന്നതായുമാണു് അദ്ദേഹം കണ്ടതു്. അടുത്തകാലത്തു ചില വൈമാനികൎക്കു് പത്തുപതിനഞ്ചുമൈൽ ഉയരുവാൻ സാധിച്ചിട്ടുണ്ടു്. പക്ഷെ ഇതെല്ലാം മനുഷ്യൻെറ സാഹസങ്ങൾ മാത്രമാണു്. സാധാരണമായി, ഒരു ജീവിക്കും അഞ്ചു മൈലിൽ കൂടുതൽ ഉയരുവാൻ കഴിവില്ല. ശലഭങ്ങളും മററും അതിനു വളരെ താഴെവെച്ചുതന്നെ ബോധമററു വീണുപോകും. ആൻഡീസ് പൎവ്വതപംക്തികളിൽ വസിക്കുന്ന കോൺഡോർ എന്ന പക്ഷി വളരെ ഉയരത്തിൽ പറക്കാറുണ്ടെന്നു പറയപ്പെടുന്നു. പക്ഷേ, അതിനും അഞ്ചു മൈലിൽ കൂടുതൽ ഉയരുവാൻ കഴിവില്ല. താഴ്വരകളിൽ വളരെ താണു്, മിക്കപ്പോഴും മനുഷ്യരുടെ തലനിരപ്പിലാണു്, അതു് പറക്കുന്നതു്.

താഴോട്ടുപോയാലുള്ള കഥയും ഇതുതന്നെയാണു്. ഭൂഗൎഭത്തിലാണെങ്കിൽ ചൂടിൻെറ കൂടുതലും, സമുദ്രത്തിലാണെങ്കിൽ ഭയങ്കരമായ ജലസമ്മൎദ്ദവും, ജീവികളുടെ വ്യാപ്തിയെ പരിമിതമാക്കുന്നു. കരയിൽ ഏററവും കൂടുതൽ ആഴത്തിൽ തുരന്നുപോയിട്ടുള്ളതു മനുഷ്യനാണെങ്കിലും, വെള്ളത്തിൽ മററു ജീവികൾ അവനെ അതിശയിക്കുന്നു. നമുക്കു പ്രത്യേകം ഉപകരണങ്ങളൊന്നുമില്ലാതെ മുപ്പതടിയിൽ കൂടുതൽ മുങ്ങുക ദുഷ്കരമാണു്; അവിടെ രണ്ടു മിനിട്ടിലധികം നില്ക്കുക സാദ്ധ്യമല്ലതാനും. പക്ഷേ, ഇതിനെക്കാൾ എത്രയോ ആഴത്തിൽ വസിക്കുന്ന ജീവികൾ സമുദ്രത്തിലുണ്ടു്. അവിടത്തെ ഗംഭീരമായ സമ്മൎദ്ദം സഹിക്കത്തക്കവണ്ണം അവയുടെ ശരീരം സജ്ജീകൃതമായിരിക്കുന്നു. ചിലതരം തിമിംഗലങ്ങൾ നാലായിരത്തെണ്ണൂറടി ആഴത്തിൽ പോകാറുണ്ടത്രെ! ചില മത്സ്യങ്ങൾ ഇതിലും അധഃസ്ഥിതരാണു്. ഇവയുടെ ശരീരത്തിനു് അന്യാദൃശങ്ങളായ പല പ്രത്യേകതകളുമുണ്ടു്. വെള്ളത്തിൻെറ സമ്മൎദ്ദമാണു് അവൎക്കു പ്രധാനമായി നേരിടേണ്ടതു്. ഒരു തടിക്കഷണം ഇത്ര വളരെ ആഴത്തിൽപ്പോയാൽ തിരിയെ പൊങ്ങാത്തവണ്ണം ഞെരുങ്ങിപ്പോകും. അവിടെയുള്ള മത്സ്യങ്ങൾ ഉള്ളിലുള്ള വാതകസഞ്ചികളുടെ സഹായത്താൽ ആ ആപത്തിൽനിന്നു രക്ഷപ്പെടുന്നു. രക്തത്തിൽനിന്നുളവാകുന്ന വായുക്കളാൽ ഈ രക്ഷാസഞ്ചികൾ

ജൃംഭിച്ചുനില്ക്കുന്നു. ഈ വിചിത്രജീവികൾക്കു് ഇഷ്ടംപോലെ മേലോട്ടുവരുവാൻ സാധിക്കയില്ല. അവയുടെ ഉദ്ഗതിക്കു് ഒരു പ്രത്യേക സീമയുണ്ടു്. ഇതിനെ അതിലംഘിച്ചാൽ അവയുടെ കാര്യം അപകടത്തിലാവും. പുറമേയുള്ള സമ്മർദ്ദം കുറയുന്നതുകൊണ്ടു് അകത്തുള്ള രക്ഷാസഞ്ചികൾ വല്ലാതെ വികസിക്കുകയും, അവയുടെ ഗതി അനിയന്ത്രിതമാവുകയും ചെയ്യുന്നു. ഇക്കാരണത്താൽ മേലോട്ടുള്ള ഈ ഉയർച്ചയുടെ അവസാനത്തിൽ ആ സാധുജീവികൾ വീർത്തുവീർത്തു ഛിന്നഭിന്നങ്ങളായിപ്പോകാറുണ്ടു്.

സമുദ്രത്തിന്റെ ഏററിയ ആഴം ഏഴു മൈലാണു്. ജീവലോകത്തിന്റെ താഴത്തെ അതിരും ഇതാകുന്നു. അങ്ങനെ ജീവൻ ഭൂമിയുടെ ഉപരിഭാഗത്തു് ഏകദേശം പതിനാലുമൈൽ മാത്രം വണ്ണമുള്ള ഒരു മണ്ഡലത്തിലേ വ്യാപരിക്കുന്നുള്ളു എന്നു കാണുവാൻ വിഷമമില്ല. ഈ നിസ്സാരസീമകൾക്കുള്ളിലും അതിന്റെ നില അത്യന്തം ദുർബ്ബലമാണു്. ശീതോഷ്ണാവസ്ഥയ്ക്കുണ്ടാകുന്ന മാററങ്ങൾപോലും അതിനു് ആപത്കരമായിത്തീരാറുണ്ടു്. എങ്കിലും അതിന്റെ ഇന്നോളമുള്ള ചരിത്രം തികച്ചും അഭിമാനകരമാണെന്നുള്ളതിൽ സംശയമില്ല. ഭൂമിയിൽ ജീവൻ ആവിർഭവിച്ചിട്ടു നൂറുലക്ഷം നൂററാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. ഒന്നിനുപുറകെ ഒന്നായി അലച്ചിരമ്പിക്കടന്നുപോയ ഈ നൂററാണ്ടുകളെല്ലാം ഒന്നുപോലെ മൃദുമഞ്ജുളങ്ങളായിരുന്നില്ല. പലതും പരമനിഷ്ഠുരങ്ങളായ പരിതഃസ്ഥിതികളെ സൃഷ്ടിച്ചിട്ടുണ്ടു്. ഭൂമിയുടെ മാറിടത്തിൽ ആ ദുരന്തങ്ങളുടെ ദാരുണരേഖകൾ ഇന്നും പതിഞ്ഞുകിടപ്പുണ്ടു്. പക്ഷേ, ഭയങ്കരമായ ഈ യാതനകളേയും ജീവൻ അതിവർത്തിക്കതന്നെ ചെയ്തു. യുഗസഹസ്രങ്ങൾക്കു മുൻപു ഭൂമിയിൽ ആവിർഭവിച്ച ആ ചേതനാദീപം ഇന്നും കെടാതെ കത്തിക്കൊണ്ടിരിക്കുന്നു. എന്നുതന്നെയല്ല, കാലം ചെല്ലുന്തോറും കൂടുതൽ കൂടുതൽ വികസിക്കയും വ്യാപിക്കയും ചെയ്യുന്നു. ജീവൻ ആദ്യമായി ലളിതരൂപങ്ങളിൽ സമുദ്രത്തിലാണു് അങ്കുരിച്ചതെന്നുള്ളതിനു തെളിവുകളുണ്ടു്. ഈ നിലയിൽനിന്നു് അതു് വളർന്നു വളർന്നു സങ്കീർണ്ണമായി കരയേയും, അനന്തരം വായുമണ്ഡലത്തേയും സ്വാധീനമാക്കി. ഈ വളർച്ചയ്ക്കും ഉൽക്കർഷത്തിനുമാണു് പരിണാമം എന്നു പറയുന്നതു്. സുദീർഘവും സുന്ദരവുമായ ഈ പരിവർത്തനപരമ്പരയുടെ അവസാനഫലങ്ങളിലൊന്നായ മനുഷ്യനു് തന്നിലേക്കും പിന്നിലേക്കും നോക്കുമ്പോൾ അഭിമാനത്തിനു വകയില്ലാതില്ല.

ആധുനികശാസ്ത്രം] [ഡാക്ടർ കെ. ഭാസ്കരൻ നായർ

അഭ്യാസം

1. ജീവന്റെ സ്വഭാവം വിവരിച്ചു് അതങ്കരിക്കുന്നതിനുള്ള പരിതഃസ്ഥിതികൾ എന്തൊക്കെയാണെന്നു വിവരിക്കുക.
2. സസ്യജാലങ്ങൾക്കു ജീവനുണ്ടെന്നു് എങ്ങനെ തെളിയിക്കാം?
3. ജീവന്റെ വ്യാപാരപരിധി എത്രമാത്രമെന്നു ചിന്തിക്കുക.
4. കരണം, കാരണം, അധികരണം—എന്നീ കാരകങ്ങളെ സോദാഹരണം വിവരിക്കുക.
5. ഈ പാഠത്തിലെ ആദ്യവാചകത്തിലുള്ള നാമപദങ്ങളുടെ കാരകം നിർണ്ണയിക്കുക.

പാഠം 20

ധനലക്ഷ്മിയുടെ ചൊല്ലിയാട്ടം

[എം. രാജരാജവർമ്മ (1047—1134)-എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലായിരുന്നു വളരെക്കാലം. പിന്നീടു് ഗവണ്മെന്റു് അണ്ടർ സിക്രട്ടറി, ദിവാൻ പേഷ്കാർ, ചീഫ് സിക്രട്ടറി എന്നീ പടികൾ ചവിട്ടി, ഒടുവിൽ ദേവസ്വം കമ്മീഷണരായി. ഗദ്യപദ്യാത്മകങ്ങളായി അനേകം കൃതികൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും, ശാസ്ത്രീയഗ്രന്ഥങ്ങൾക്കാണു് പ്രാധാന്യവും പ്രാമാണ്യവും. നവീനശാസ്ത്രപീഠിക, വിഹായസവിഹാരം, അർത്ഥനിരൂപണം, സസ്യശാസ്ത്രം, ജീവജാലം, പ്രതിമാനാടകം, സുയോധനൻ, ലോകാലോകം (നാലുഭാഗം) എന്നു തുടങ്ങി നാല്പതോളം കൃതികൾ ഇദ്ദേഹത്തിന്റെ വകയായിട്ടുണ്ടു്.]

"പൂച്ചയ്ക്കു വിളയാട്ടു്, എലിക്കു പ്രാണവേദന" എന്നുള്ള പഴഞ്ചൊല്ലിനുപകരം, "പണത്തിനു വിളയാട്ടു്, മനുഷ്യനു പ്രാണവേദന" എന്നു പറയുന്നതു് ഇന്നു നല്ല ഫലിതമാകും. ആളുകൾ തമ്മിൽ ഇപ്പോൾ കുശലം പറയുന്നതുപോലും പണത്തിലാണു്. പണമോ, ഒരു ജീവനില്ലാത്ത ലോഹക്കഷണം. മനുഷ്യനാകട്ടെ, പ്രപഞ്ചത്തിൽ ഉത്തമൻ, ദേവസമാനൻ, സൃഷ്ടിസ്ഥിതിസംഹാരകാരകൻ, ഇത്ര കെങ്കേമനെപ്പോലും ആകർഷിക്കത്തക്ക മോഹിനി ഏതു ശീമയിൽനിന്നു വന്നു? ഇത്ര മഹാനെ ഭ്രമിപ്പിച്ച പണയപ്പെടുത്താനുള്ള മോഹനാസ്ത്രം ആരുപദേശിച്ചു? അത്ഭുതംതന്നെ. പണം കാണിക്കുന്ന ഇന്ദ്രജാലംകണ്ടു് ആരും മയങ്ങിപ്പോകും. തീയിൽ ചാടും, സമുദ്രം താണ്ടും, ആകാശത്തു പറക്കും, പാതാളം പായും, അണിമാദ്യൈശ്വര്യങ്ങളെല്ലാം കാണിക്കും. കുറവമാണോ, പണത്തെ ഐശ്വര്യനിധാനമായ ലക്ഷ്മീദേവിയായി ആരാധിക്കുന്നതു്?

സത്യമാലോചിച്ചാൽ, പണം നാം നിൎമ്മിച്ചതല്ലേ? മനുഷ്യൻെറ സൃഷ്ടിയല്ലേ പണം? അതു നമ്മുടെ തലയിൽ ചാടിക്കയറുന്നല്ലോ. മക്കൾ അച്ഛനെ വകവയ്ക്കാത്തതു് ഇന്നു പുതുമയല്ല. പുതുലോകത്തിനു പുതുമര്യാദ! ഇതെങ്ങനെവന്നു എന്നാരായുന്നതു രസകരമായിരിക്കും. ഞാനൊരു ചരിത്രകാരനല്ല; അലഞ്ഞുനടക്കുന്ന ആളുകളെ ഒന്നിച്ചു പററംചേൎക്കുന്ന ഇടയനാണു്. അങ്ങുമിങ്ങും കിടക്കുന്ന പ്രധാന സംഗതികളെ ഇണക്കുന്നതാണു് എൻെറ പ്രവൃത്തി. പററം ഏതു വഴിക്കു പോകുന്നുവെന്നു നോക്കേണ്ടതും എൻെറ ജോലിയാണു്. രാഷ്ട്രീയമായും സാമുദായികമായും ധനമീമാംസാപരമായുമുള്ള സംഗതികളെ ഒരു ചരടിൽ കോൎത്താൽ കിട്ടുന്ന മാലയുടെ ഭംഗി കാണുമ്പോൾ സാമാന്യജനങ്ങൾക്കുകൂടി കൗതുകമുണ്ടാകും. ശാസ്ത്രങ്ങൾ പല തത്ത്വങ്ങളേയും ഉദ്ഘോഷിക്കുന്നുണ്ടു്. അവ നിത്യനിദാന കാൎയ്യങ്ങളിൽ എത്രമാത്രം വ്യാപിക്കുന്നുണ്ടെന്നു മനസ്സിലാകുമ്പോൾ അവയുടെ മഹത്ത്വം വെളിപ്പെടും. നിങ്ങൾക്കു് അറിഞ്ഞുകൂടാത്തതൊന്നുമല്ല, ഞാൻ പറയാൻ പോകുന്നതു്. പക്ഷേ, നാം ദിനംപ്രതി കാണുന്നതെല്ലാം ശ്രദ്ധിച്ചുനോക്കാറില്ലെന്നതു് സത്യമല്ലേ?

നമുക്കു പണത്തിൻെറ കഥയൊന്നു നോക്കാം. നാണയത്തെയാണു് എല്ലാവരും പണമായി കരുതുന്നതു്. എത്രകാലം പണമില്ലാതെ കഴിഞ്ഞു? അന്നും ജനങ്ങൾ സുഖമായി കാലക്ഷേപം ചെയ്തു; കച്ചോടം നടന്നു; പരിഷ്കാരം പുലൎന്നു; തൊഴിലുകൾ വളൎന്നു. പണ്ടു ദാരിദ്ര്യം ഇല്ലായിരുന്നു. അക്കാലത്തെപ്പററി നമുക്കു് ഇപ്പോൾ ചിന്തിക്കാൻപോലും പ്രയാസം, പണിയെടുക്കാൻ തൊഴിലാളികളും അടിമകളുമായിരുന്നു. പ്രതിഫലം സാധനമായും സംരക്ഷണമായും നല്കിവന്നു. ഈ നില കേരളത്തിൽനിന്നും തീരെ വിട്ടുപോയിട്ടില്ല. വാണിഭം സാധനവിനിമയരൂപത്തിലായിരുന്നു. കൃഷിക്കു് ഇന്നും പാതിവാരമെന്ന ഏൎപ്പാടു നിലനില്ക്കുന്നുണ്ടു്. കാളയെക്കൊടുത്തു് കലപ്പ വാങ്ങുകയും, നെല്ലു കൊടുത്തു് നാളികേരം കൊള്ളുകയും അത്ര സാധാരണമല്ലെങ്കിലും നെല്ലും നാളികേരവും കൊടുത്തു് ഉപ്പും മുളകും മേടിക്കുന്ന നാട്ടുകാർ ധാരാളമുണ്ടു്. ഇതായിരുന്നു ആദ്യത്തെ കച്ചോടം.

വേദകാലത്തും അതിനെത്രയോ പിന്നീടും ഗോക്കൾ നാണിയമായിരുന്നിട്ടുണ്ടു്. പിഴയിടുന്നതും പ്രായശ്ചിത്തം ചെയ്യിക്കുന്നതും ദാനം കൊടുക്കുന്നതും പശുക്കളായിരുന്നു.

ഗോധനമായിരുന്ന അന്നത്തെ ധനം, ജന്തുധനത്തിൻെറ നശ്വര തയും അതു ശേഖരിക്കാനുള്ള ശ്രമവും ക്രമേണ അതിനെ അധഃ പതിപ്പിച്ചു. 'കഷാപണം' എന്ന ഒരു നാണിയത്തിൻെറ പേരു വേദങ്ങളിൽ കാണുന്നുണ്ടു്. ഹിന്ദുക്കൾ തറയും ഗ്രാമവും സമൂഹവും വിട്ടു്, സാമുദായികസ്ഥിതിയുടെ വ്യാപ്തികൂടി രാജ്യമെന്നും സാമ്രാജ്യമെന്നുമുള്ള തോതിൽ വളൎന്നപ്പോൾ, ജന്തുധനത്തിനു് പ്രാമാണ്യം കുറഞ്ഞു. ലോഹക്കഷണമായി തോതു്. ലോഹങ്ങളിൽവച്ചു് സ്വൎണ്ണവും വെള്ളിയും രാജാക്കന്മാരായി. ഒരുകാലത്തു് ഇരുമ്പു് അപൂർവ്വമായിരുന്നു, അജ്ഞാതമായിരുന്നു. അങ്ങനെയായിരിക്കാം, ലങ്കയിൽനിന്നു് സൂചി കൊണ്ടുവന്ന കഥ ഉത്ഭവിച്ചതു്. ലോഹക്കഷണങ്ങളുടെ നിൎണ്ണയം സുലഭമല്ലാതായപ്പോൾ അച്ചടിച്ച നാണിയങ്ങളുണ്ടായി. എത്രയോ പുരാതനമായ മൌൎയ്യസാമ്രാജ്യകാലത്തുതന്നെ നാണിയം നടപ്പിലായിരുന്നതിനു് കൗടില്യൻ സാക്ഷിയാണു്.

ആ കഥ അവിടെ നില്ക്കട്ടെ. കമ്മട്ടത്തിൽ അടിച്ചുവിട്ട നാണിയങ്ങൾ എന്തുചെയ്തു? ഒരു നൂതനസ്വാതന്ത്ര്യം മനുഷ്യനു നല്കി. അവനു് മൂന്നാമതായി ഒരു കണ്ണുകിട്ടി; നവശക്തി ലഭിച്ചു; സ്വത്തിനെ സംബന്ധിച്ച ബോധം മാറി. അതുവരെ സ്വത്തെന്നു വെച്ചാൽ, ഭൂമിയോ പണ്ടങ്ങളോ പാത്രങ്ങളോ അടിമകളോ ജന്തുക്കളോ ആയുധങ്ങളോ കെട്ടിടങ്ങളോ ആണെന്നായിരുന്നു അവന്റെ ബോധം. അവയൊന്നും ഗോപ്യങ്ങളല്ലായിരുന്നു; മാററി മറിക്കാവതല്ലായിരുന്നു. അതുകൊണ്ടെന്തുവന്നു? പ്രബലന്മാൎക്കു കൈക്കലാക്കാനും കൈവശപ്പെടുത്താനും സാധിച്ചു. നാണിയധനമോ? കൈയടക്കമുള്ളതു്, ഒളിച്ചുവെയ്ക്കാവുന്നതു്; എന്നാൽ മററൊരുത്തനെ പാട്ടിലാക്കാൻ നല്ല ഊൎജ്ജിതമുള്ളതും. രത്നങ്ങൾക്കു് അടക്കമുണ്ടെങ്കിലും, അതെല്ലാവൎക്കും വേണ്ട. തന്നിമിത്തം അതു് എപ്പോഴും എവിടെയും സമ്പാദകമല്ല. നാണിയം അങ്ങനെയല്ല. ആരുംവാങ്ങും, എന്തും അതുകൊണ്ടു സമ്പാദിക്കാം, ആരെയും കീഴടക്കാം. ഉടമസ്ഥനു നാണിയം ഒരസാമാന്യശക്തി നല്കി. അതുള്ളവർ കേമനായി, മഹാനായി, സ്വതന്ത്രനായി. ഈ ബ്രഹ്മാസ്ത്രം കിട്ടിയപ്പോൾ മനുഷ്യൻ ദിഗ്വിജയത്തിനിറങ്ങി.

ഒരുവിധം നോക്കിയാൽ, പണം ആരും സൃഷ്ടിച്ചതല്ലെന്നു വേണം പറയാൻ. താനേ മുളച്ചതാണതു്. സ്വയംഭൂവായി ഉദിച്ചതാണു്. മനുഷ്യർ തമ്മിലുള്ള ഇടപാടുകൾ വൎദ്ധിച്ചു്, സമുദായം ക്രമേണ പുഷ്ടിപ്പെട്ടതോടുകൂടി വ്യവസായസൗലഭ്യം

പ്രമാണിച്ചുണ്ടായ ഉപായങ്ങളിൽ പ്രധാനമായി വന്നുചേൎന്നതാണു് നാണിയം. സമുദായത്തെ പുഷ്ടലമാക്കാനുള്ള ദോഹദമായിത്തീൎന്ന പണം. അതു് അന്തൎയ്യാമിയായി സമുദായകായത്തെ ആപാദചൂഡം വ്യാപിച്ചു് ജീവനും ആത്മാവുമായിത്തീൎന്നതെങ്ങനെ എന്നു നമുക്കു നോക്കാം.

ഒന്നാമതു്, സ്വത്തിനു കടംകൊള്ളാനും തീൎക്കാനുമുള്ള ശക്തിയുണ്ടായതു പണംകൊണ്ടാണു്. അതില്ലാതിരുന്നപ്പോൾ സ്വത്തു പങ്കുവയ്ക്കാനാകട്ടെ, കൊടുക്കൽവാങ്ങൽ ചെയ്യാനാകട്ടെ, പ്രയാസമായിരുന്നു. പണം വന്നപ്പോൾ ധനികനു നിലംപുരയിടങ്ങളെ ധിക്കരിക്കാമെന്നായി. അവയെ വിററഴിച്ചിട്ടു് അവനു് എവിടെ വേണമെങ്കിലും പോകാം. അതുകൊണ്ടു് ഒരു നഷ്ടവും വന്നില്ല. പങ്കിടാൻ നിൎവ്വാഹമില്ലാതിരുന്നതെല്ലാം ഭാഗയോഗ്യമായി. മററുള്ളവരുടെ വേല വിലയ്ക്കുവാങ്ങാൻ ഒരു പുതിയ ഉപായം സിദ്ധമായി. സ്വന്തം അടിമകളും ശേവുകക്കാരും വേണ്ടെന്നു വെക്കാമെന്നുവന്നു. പോകുന്നിടത്തെല്ലാം പ്രവൃത്തിക്കു് ആൾ കിട്ടും, വേലയ്ക്കു പകരം പണം കൊടുത്താൽ മതി. ഇതെല്ലാം പണത്തിൻെറ മിടുക്കുതന്നെയാണു്; പക്ഷെ, അതിനു വലിയ ഒരു ദോഷവുമുണ്ടു്. ആൎക്കും തട്ടിക്കൊണ്ടു പോകാം; തിരിച്ചറിഞ്ഞു വീണ്ടുകിട്ടാൻ പ്രയാസവും.

രണ്ടാമതു്, കടലാസ്സും എഴുത്തും പണത്തിൻെറ ശക്തിയേയും വ്യാപ്തിയേയും ഇരട്ടിപ്പിച്ചു. ആ സൂത്രം കണ്ടുപിടിച്ചതു് കാൎത്തിജിനിയന്മാരാണെന്നാണു് പ്രസിദ്ധി. പണം കൂടാതെ പ്രതിപണം (Exchange Bill) കൊണ്ടു് കാൎയ്യം സാധിക്കാമെന്നു വണിഗ്വരന്മാരായിരുന്ന അവർ വെളിപ്പെടുത്തി. പണത്തെ ചെലവഴിക്കാനും അതിൻെറ സഞ്ചാരത്തെ സ്വതന്ത്രമാക്കാനും അതു പ്രചരിപ്പിക്കാനും ഈ വിദ്യ വളരെ പ്രയോജനപ്പെടുന്നു. പണം സംബന്ധിച്ച കൈമാററപത്രങ്ങൾ രണ്ടു തരത്തിലുണ്ടു്; പ്രോമിസറി നോട്ടും ചെക്കും. ഈ പ്രതിപണപത്രങ്ങൾക്കുള്ള പ്രചാരം അന്യാദൃശമാണു്. ഒരു നാട്ടിൽനിന്നും മറെറാരു നാട്ടിലേക്കു് ഇന്നു പണം കൈവശം കൊണ്ടുപോകേണ്ട; കടലാസ്സു കൈയിലുണ്ടായാൽ മതി. എന്നാൽ ഇതിനുമുണ്ടു് ഒരു വലിയ ദോഷം. പണം കടലാസ്സായപ്പോൾ കടം മൂക്കററം കയറി. പണം സാധനരൂപത്തിലായിരുന്നപ്പോൾ ഉള്ളിടത്തോളം മാത്രമേ ഒരുവനു കൊടുക്കാൻ സാധിച്ചിരുന്നുള്ളൂ. വാങ്ങുന്നവനും അതുപോലെതന്നെ. തീൎക്കാൻ സാധിക്കാത്ത കടം ആരും കൊള്ളുകയോ കൊടുക്കുകയോ ചെയ്തിരുന്നില്ല. കടലാസ്സായപ്പോൾ ഉത്തമാധമൎണ്ണന്മാരുടെ മട്ടുമാറി. ഉള്ളതും ഇല്ലാത്തതും

കൊടുക്കൽ വാങ്ങലിൽ ഉൾപ്പെട്ടു. അതുകൊണ്ടു്, അനവധി നഷ്ടവും കഷ്ടവും സമുദായത്തിനു വന്നുചേൎന്നു. കലാപങ്ങളും ശണ്ഠകളും മുഴുത്തു.

ചരിത്രം വായിച്ചിട്ടുള്ളവൎക്കറിയാം, എങ്ങനെയാണു് റോമൻസാമ്രാജ്യം ശിഥിലീഭവിച്ചതെന്നു്. അതിനു മുൻപുണ്ടായിരുന്ന ഹിന്ദുസാമ്രാജ്യം, ബാബിലോണിയാ സാമ്രാജ്യം, മിസ്രാസാമ്രാജ്യം എന്നിവയെക്കാൾ, വിസ്തൃതമായിരുന്നതുകൊണ്ടു മാത്രമല്ല, പണമിടപാടുകൾമൂലം കുഴപ്പംനേരിട്ടതുകൊണ്ടുകൂടിയാണു് അതു തുലഞ്ഞതു്. കരംപിരിവും ശമ്പളച്ചെലവും നാണിയരൂപത്തിലാക്കിയതു് ആദ്യം റോമൻ സാമ്രാജ്യമായിരുന്നു. വെള്ളക്കാർ സാമ്രാജ്യത്തെ ബന്ധിപ്പിച്ചിരിക്കുന്ന രീതിയിൽ പണംകൊണ്ടാണു് ആ സാമ്രാജ്യം കെട്ടിയുറപ്പിച്ചിരുന്നതു്. പണത്തിൻെറ മുട്ടും കരത്തിൻെറ കൂടുതലും കടത്തിന്റെ വൎദ്ധനയും ഒത്തുചേൎന്നപ്പോൾ റോമൻ സാമ്രാജ്യം അധഃപതിച്ചു. അധികാരം മുഴുവൻ ചക്രവൎത്തിയിൽ പ്രതിഷ്ഠിതമായിരുന്നു. പട്ടാളത്തിനു ശമ്പളം കൊടുക്കാൻ വകയില്ലാതെ കടംകയറി മുഴുത്തു. ഈവക കഷ്ടതകളെ താങ്ങാൻ കെല്പില്ലാതായപ്പോൾ സാമ്രാജ്യം ഉടഞ്ഞു ; ആളുകൾ പട്ടിണി കിടന്നു മരിച്ചു. കലാപങ്ങളും കുഴപ്പങ്ങളും മുഴുത്തു; പുലൎന്നിരുന്ന പട്ടണങ്ങൾ ക്ഷയിച്ചു; സാക്ഷാൽ റോമാനഗരത്തെപ്പോലും ജനങ്ങൾ വെറുത്തു.

ഒരു കാര്യം നല്ലപോലെ ധരിക്കണം ; ഏതു സാമ്പത്തിക സംഘടനയ്ക്കും താങ്ങാനുള്ള കഴിവിനു് ഒരതിരുണ്ടു്. അതിലധികമായാൽ നാശം നിശ്ചയമാണു്. അടിവാനത്തിനു താങ്ങാൻ മേലാത്ത മേൽക്കൂട്ടു് കെട്ടിയാൽ കെട്ടിടം മറിഞ്ഞുവീഴുമല്ലോ. അതുകൊണ്ടാണു് 'അന്ധകാരകാല'മെന്നു പേർ കൊടുത്തിട്ടുള്ള ക്രിസ്ത്വബ്ദം അഞ്ചും ആറും ശതവൎഷങ്ങളിൽ രാജ്യങ്ങളിൽ കാടുകയറിയതു്. അന്നു കച്ചോടം നിലച്ചു, ധനത്തിനു പോക്കുവരുത്തൽ ഇല്ലാതായി. അരോഗദൃഢഗാത്രത്തിൽ നാഡികളിൽക്കൂടി രക്തം ധാരാളമായി പ്രവഹിച്ചുകൊണ്ടിരുന്നതിനു പകരം അവിടവിടെ തടഞ്ഞു കെട്ടിനിന്നു പരുക്കളുണ്ടാകുന്നതുപോലെ ധനം അവിടവിടെ കെട്ടിനിന്നു സമുദായം രോഗാധീനമായി. ഹൂണന്മാരും തുൎക്കികളും ചീനരും തരംകണ്ടു മഹാമാരിപോലെ അടിച്ചുകയറി റോമൻസാമ്രാജ്യത്തെ നശിപ്പിച്ചു. അന്നുണ്ടായിരുന്ന നാണിയങ്ങൾപോലും ഈ ദാരിദ്ര്യസ്ഥിതിയെ പ്രതിബിംബിപ്പിച്ചു.

ക്രിസ്ത്വബ്ദം ഒൻപതാം ശതവർഷത്തോടുകൂടി ഈ ദീനാവസ്ഥ മാറിത്തുടങ്ങി. പുതുതായി അന്നു വെള്ളി കണ്ടുപിടിച്ചു ശേഖരിച്ചതോടുകൂടി ധനം വർദ്ധിച്ചു. ഇംഗ്ലണ്ടിൽ വെള്ളിപ്പവൻ നടപ്പായി. ഇസ്താംബൂളിലും * 'ബിസാൻറ്' എന്നൊരു നാണിയമുണ്ടായി. അവയുടെ പ്രചാരം ക്ഷണം വർദ്ധിച്ചു. കടലാസ്സപ്പണവും നടപ്പായി. പതിനഞ്ചാം ശതവർഷമായപ്പോഴേയ്ക്കു വെനീസ്, ഫ്ളോറൻസ് മുതലായ കമ്പോളപട്ടണങ്ങൾക്കു പ്രാധാന്യം സിദ്ധിച്ചു. വ്യാപാരംമൂലം ധനം എല്ലാ ദിക്കിലും പരന്നു സുഭിക്ഷമായി. പിന്നീടു വന്നതാണ് സ്വർണ്ണനാണിയം. അതിനു ഇംഗ്ലീഷുകാരും സ്പാനിഷുകാരുമായിരുന്നു കാര്യക്കാരന്മാർ. അമേരിക്കയിലും ആസ്ത്രേലിയായിലും കാലിഫോർണിയയിലും ആഫ്രിക്കയിലും സ്വർണ്ണഖനികൾ കണ്ടുപിടിച്ചതിനാൽ ധാരാളം സ്വർണ്ണം കിട്ടിത്തുടങ്ങി. അപ്പോൾ വെള്ളിപോയി സ്വർണ്ണമായി നാണിയത്തിനു തോത്. പൊൻപ്രവാഹം ഏറിവന്നു കരകവിഞ്ഞൊഴുകി. വിലയ്ക്കുള്ള തോതു സ്വർണ്ണപ്പവനായി. അമേരിക്കരുടെ അഭിവൃദ്ധിക്കു ബീജം സ്പാനിഷുകാരുടെ വെള്ളിഡോളറായിരുന്നു; എങ്കിലും, അവർ പ്രബലന്മാരായപ്പോൾ സ്വന്തം സ്വർണ്ണഡോളർ തോതാക്കി. ഇങ്ങനെ യൂറോപ്പിൽ സ്വർണ്ണപ്പവനും അമേരിക്കയിൽ സ്വർണ്ണഡോളറും ധനത്തിൻെറ അളവുകോലായിത്തീർന്നു. ആ തോതു് എല്ലാവരും സ്വീകരിച്ചു. ലണ്ടനും ന്യൂയോർക്കും ലോകത്തിലെ ധനവിനിമയകേന്ദ്രങ്ങളായി. ഇങ്ങനെയാണ് മഹായുദ്ധംവരെ കഴിഞ്ഞതു്.

ധനം ധാരാളമായി പ്രവഹിച്ചതോടുകൂടി രാജ്യങ്ങൾ ഐശ്വര്യാഭിവൃദ്ധങ്ങളായി. പണത്തിൻെറ ചെഴിപ്പ് † ആരും സൃഷ്ടിച്ചതല്ല; നാം അറിയാതെ വന്നതാണ്. എങ്ങനെ അതു വന്നുവെന്നോ, എന്തുകൊണ്ടു വില ഏറിയെന്നോ, നാമാരും അറിഞ്ഞില്ല. നമ്മുടെ നാട്ടിലുണ്ടായ നെല്ല്, നാളികേരം, കുരുമുളക്, മരച്ചീനിക്കിഴങ്ങ്, ചുക്ക് എന്നുവേണ്ട എല്ലാ ചരക്കുകൾക്കും നല്ല വില കിട്ടിവന്നതു് അനുഭവസിദ്ധമാണല്ലോ. കോളും പിരിവും താനേ വർദ്ധിച്ചു. വ്യാപാരം വിപുലമായി; തൊഴിലാളികൾക്കു പ്രയത്നത്തിനു ഫലം കിട്ടി; ജീവിതസരണി മാറി; ചെലവിൻെറ തോതുകൂടി; ധനം ധാരാളം കൈമാറി. ഉദയാസ്തമയങ്ങൾ നാമറിയാതെ സംഭവിക്കുംപോലെ,

---

* കാൺസ്റ്റാൻഡിനോപ്പിൾ നഗരം

† പണത്തിൻെറ ചെഴിപ്പ് = പണപ്പെരുപ്പം

ഇതെല്ലാം സൂക്ഷിച്ചറിയാതെ വളന്നു. സക്കാർ ശമ്പളംപോലും പവനായിക്കൊടുത്തു.

പണം ചെഴിച്ചപ്പോൾ പുതിയ സംവിധാനങ്ങളും ധനസമ്പാദനമാൎഗ്ഗങ്ങളും ഉണ്ടായി. പണ്ടത്തെ ആളുകൾ ധനം കുഴിച്ചുവെക്കയാണു് ചെയ്തുവന്നതു്. വലിയ കല്ലറകൾകെട്ടി നിധിവെക്കയും ഭൂമി വാങ്ങുകയും ക്ഷേത്രങ്ങളിൽ കൊണ്ടുചെന്നു കാണിക്കവെക്കയും അന്നു് അസാധാരണമല്ലായിരുന്നു. നവീനസമ്പ്രദായം അതല്ല. ആദായകരങ്ങളായ മാൎഗ്ഗങ്ങളിൽ അതിനെ വിനിയോഗിച്ചു് വർദ്ധിപ്പിക്കുകയാണു്. അങ്ങനെ ധനത്തെ തൊഴിലിലും കച്ചോടത്തിലും സംക്രമിപ്പിച്ചു. ചെട്ടികളും കോമട്ടികളും ബനിയാന്മാരും പൊൻവാണിഭക്കാരും മററും മൂക്കററം പലിശയ്ക്കു കൊടുത്തുവന്നതിനുപകരം, ബാങ്കുകളുണ്ടായി; കുറഞ്ഞ പലിശയ്ക്കു വലിയ സംഖ്യകൾ വൻതൊഴിലുകളിലും വ്യാപാരങ്ങളിലും ഇറക്കി. പണത്തിൻെറ കൈമാററം നാണിയമായിട്ടല്ലാതെ പ്രതിപണങ്ങളെക്കൊണ്ടു് നിൎവ്വഹിച്ചു. കണക്കെഴുതി പണത്തെ എവിടെയും ഓടിച്ചു. ചില്ലറയ്ക്കല്ലാതെ മൊത്തത്തുകകൾക്കു പണം കൈകൊണ്ടു തൊടേണ്ട. ചെക്കും നോട്ടും കൊണ്ടുപോയാൽ മതി. മഹാരാജ്യങ്ങൾ തമ്മിലുള്ള ഇടപാടുകൾ കണക്കുപുസ്തകങ്ങളിലുള്ള കൈമാററംകൊണ്ടു് നിർവ്വഹിക്കപ്പെട്ടു. ഇതിനെല്ലാം ആധാരമായ വെള്ളിയും സ്വൎണ്ണവും ബാങ്കിൻെറ കല്ലറയിൽ കിടന്നതേയുള്ളു. ഏതു സമയവും കടലാസ്സു് നാണിയമാക്കാമെന്നുള്ള വിശ്വാസം ധനത്തെ പ്രചരിപ്പിച്ചു വർദ്ധിപ്പിച്ചു.

ഇതുകൊണ്ടു് സമുദായത്തിനു് എത്രമാത്രം മാററംവന്നുവെന്നു പറയാൻ പ്രയാസം. ജോയിൻറു് സ്റ്റോക്കുകമ്പനികൾ, അതായതു് കൂട്ടവ്യാപാരം, സ്റ്റോക്കു് അഥവാ പരിപണം, ഷെയറുകൾ ഇവയായി സ്വത്തു്. പൊന്നും പണവും നിലവും അല്ല. ഈ സമ്പ്രദായംകൊണ്ടു് കോടീശ്വരന്മാരുണ്ടായി. അവരുടെ ധനം എവിടെ എന്നു ചോദിച്ചാൽ, കാശിയിൽ ജലവിതരണത്തിലും, മലയാദ്വീപിലെ റബ്ബർതോട്ടത്തിലും ലങ്കയിലെ റയിൽവണ്ടികളിലും കോളാറിൽ സ്വൎണ്ണഖനികളിലുമാണു് കിടക്കുന്നതു് എന്നു പറയും. ആശ്ചര്യം! പണത്തിൻെറ പാച്ചൽ! മനുഷ്യർ തമ്മിലുള്ള ഇടപാടുകൾക്കു് എന്തു വ്യത്യാസം വന്നുപോയി!

പതിനെട്ടും പത്തൊൻപതും ശതവർഷങ്ങൾ നവീനശാസ്ത്രങ്ങളുടെ സാമ്രാജ്യകാലമായിരുന്നു. മനുഷ്യപ്രയത്നംകൊണ്ടു് നടത്തിവന്ന വേലകൾ അന്നുമുതൽ യന്ത്രങ്ങൾ ചെയ്യാൻതുടങ്ങി.

പ്രകൃതിശക്തികളെ. വശീകരിക്കാനുള്ള ന്യായങ്ങൾ വിദ്വാന്മാർ കണ്ടുപിടിച്ചതെല്ലാം പരീക്ഷണദശയെ വിട്ടു്, പ്രയോഗദശയെ പ്രാപിച്ചു. ഉഷ്ണശക്തിയുടേയും വിദ്യുച്ഛക്തിയുടേയും സഹായത്താൽ അനവധി പുതു യന്ത്രങ്ങൾ നിർമ്മിതങ്ങളായി. ഭൗതിക രസതന്ത്രശാസ്ത്രങ്ങളുടെ സൗഹാർദ്ദത്തിൽ മനുഷ്യസമുദായത്തിനു് ഒരത്ഭുതശക്തി സംസിദ്ധമായി. സാധനനിർമ്മാണം ആയിരം മടങ്ങു വർദ്ധിച്ചു. ലക്ഷക്കണക്കിനാളുകൾക്കു ഉപജീവനമാർഗ്ഗം ലഭിച്ചു. പുററിൽനിന്നിറങ്ങുന്ന എറുമ്പു പട്ടാളംപോലെ, യന്ത്രശാലകളിൽനിന്നു പ്രതിദിനം സായങ്കാലത്തു് വേലക്കാർ വേല വിട്ടിറങ്ങുന്ന കാഴ്ച ഏതു രാജ്യസ്നേഹിയുടേയും മനസ്സിനെ ആനന്ദിപ്പിച്ചു. മുൻപു പത്തുദിവസം വേണ്ടിയിരുന്ന വേല പത്തുമിനിട്ടുകൊണ്ടു് സാധിച്ചു; മുമ്പു് ഒന്നുണ്ടായ ദിക്കിൽ ഇന്നു് ആയിരമുണ്ടായി. ഏതു നാട്ടിലുമുള്ള അസംസ്കൃതസാധനങ്ങളേയും ഈ യന്ത്രശാലകൾ 'ആനവായിൽ അമ്പഴങ്ങ'പോലെയാക്കി. കൃഷിക്കാരനു നല്ല വില കിട്ടി, ഇടത്തർക്കാരെല്ലാം വർത്തകരായി. വർത്തകർ കോടീശ്വരന്മാരായി. പണം എല്ലാ നാട്ടിലും ഒരുപോലെ സഞ്ചരിച്ചു. സാമുദായികധനസ്ഥിതി ഉയർന്നു. ഒരുവൻെറ പണം ലോകമൊട്ടുക്കു പരന്നു. സത്യത്തിൽ, ധനംകൊണ്ടു് നാം ലോകത്തെ ആസകലം പണയപ്പെടുത്തി. നമുക്കു വേണ്ട സാധനങ്ങൾ ലോകത്തിൻെറ ഏതു ഭാഗത്തുനിന്നും വന്നുചേർന്നു. ഇംഗ്ലണ്ടു്, അമേരിക്ക, ജപ്പാൻ, ചീന, ആസ്ത്രേലിയ, ആഫ്രിക്ക, റഷ്യ, ജർമ്മനി എന്നു തുടങ്ങിയ എല്ലാനാട്ടിൽനിന്നും ഇറക്കുമതിച്ചരക്കുകൾ നമുക്കു കിട്ടി. മറുനാടുകളിലേക്കു നമ്മളും ചരക്കുകളയച്ചു. ചുരുക്കത്തിൽ, മഹായുദ്ധകാലംവരെ പണം ലോകത്തിൻെറ ഐക്യത്തിനു കാരണമായ മഹാശക്തിയായി വർത്തിച്ചു; സ്വർണ്ണമാനം ഏതു നാട്ടുകാരുമംഗീകരിച്ചു.

മഹായുദ്ധമുണ്ടാകാനുള്ള മുഖ്യകാരണം ഈ പണക്കൊഴുപ്പു് തന്നെയാണു്. മററു പ്രത്യക്ഷസംഭവങ്ങൾ കേവലം നിമിത്തങ്ങൾമാത്രം. ആരുമറിയാതെ രാജ്യാതിർത്തികളെ ഉല്ലംഘിച്ചു്, വ്യാപാരവ്യാജേന ധനം ഒന്നുപോലെ സ്വതന്ത്രമായി സഞ്ചരിച്ചു, വൈപുല്യം നേടി. വൻകിടരാജ്യക്കാർ അതിനെപ്പിടിച്ചു പാറാവിലടയ്ക്കാൻ ഒരുമ്പെട്ടു. സർവ്വവ്യാപിയായ വായുവിനെ അല്പവ്യാപ്തിയുള്ള കുഴലിലടച്ചാൽ നില്ക്കുമോ? ഭൂഗർഭത്തെ ഒന്നോടെ ക്ഷോഭിപ്പിക്കുന്ന പ്രളയോഷ്ണവീചികളുടെ തള്ളൽ പുറത്തുപൊട്ടാതെ എത്ര നാൾ അടങ്ങിയിരിക്കും? വെടിമരുന്നിൽ സഞ്ചിതമായ വാതകം അല്പിഷ്ഠമായ ഹേമംകൊണ്ടുപോലും പൊട്ടിത്തെറിക്കുന്നില്ലേ? അതുപോലെ, സ്വതന്ത്ര

സഞ്ചാരിയായ ധനത്തെ സ്വന്തം മേന്മയ്ക്കുവേണ്ടി, സ്വരാജ്യസ്നേഹവ്യാജേന ഓരോ രാഷ്ട്രവും സ്വാധീനപ്പെടുത്തി. സാമ്പരായികസാമഗ്രികളാക്കി ദേശീയത്വബോധം വളർത്തി. ദേശീയമത്സരവും ധനസ്വാതന്ത്ര്യവും തമ്മിൽ പൊരുത്തമില്ലാതെ വന്നപ്പോളുണ്ടായ സംഘട്ടനമാണ് മഹായുദ്ധമായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടതു്.

യുദ്ധംകൊണ്ട് എന്തുണ്ടായി? മഹാരാജ്യങ്ങളിലുണ്ടായിരുന്ന നെല്ലുക്കുടി നശിച്ചു; സാമ്പത്തികസ്ഥിതി കുഴപ്പത്തിലായി; സാധനങ്ങളുടെ പോക്കുവരവു നിലച്ചു. അങ്ങുമിങ്ങും കുഴികളിൽ കെട്ടിക്കിടക്കുന്ന വെള്ളംപോലെ, ധനം ചിലേടത്തടിഞ്ഞു. ആന സ്വശക്തി അറിഞ്ഞുകഴിഞ്ഞാൽ പാപ്പാന്റെ ചൊല്പടിയിൽ നില്ക്കാത്തതുപോലെ, സാമാന്യജനങ്ങൾ നിയന്ത്രണാധീനന്മാരായി. സ്വകാര്യലാഭം പൊതുക്ഷേമത്തെ കീഴടക്കി. ഇന്നു സാധനങ്ങൾക്കു കുറവുണ്ടോ? ആവശ്യങ്ങൾക്കു കുറവുണ്ടോ? അതൊന്നുമില്ലെങ്കിലും, ഉയർന്ന തരക്കാരും കീഴ്ത്തരക്കാരും, ചെറിയ രാജ്യവും വലിയ രാജ്യവും, പാശ്ചാത്യരും പൗരസ്ത്യരും ഒന്നുപോലെ കഷ്ടപ്പെടുന്നതെന്തുകൊണ്ട്?—ചഞ്ചലയായ ലക്ഷ്മിയെ പിടിച്ചുകെട്ടി ഠാണാവിലിട്ടതുകൊണ്ട്; ചുങ്കവാടകൾ കെട്ടി അവളെ ബന്ധിച്ചതുകൊണ്ട്. പണ്ടത്തെപ്പോലെ സ്വാതന്ത്ര്യം കൊടുത്താൽ ഇനിയും അവൾ നമ്മെ അനുഗ്രഹിക്കും. സ്വൈരചാരിണിയെ സ്വാധീനയാക്കിത്തീർക്കുന്നതിനുള്ള മത്സരംകൊണ്ടാണ് ഇന്നത്തെ ദുരിതമെല്ലാം. ഈ ദുഷ്കർമ്മത്തിന് എന്നു പരിഹാരം ചെയ്യുന്നോ, അന്നു സുഖവും സമാധാനവും ഉണ്ടാകും—അന്നു മാത്രമേ അതുണ്ടാകൂ.

ഉപന്യാസാരാമം] [എം. രാജരാജവർമ്മ

അഭ്യാസം

1. പണത്തിന്റെ ചരിത്രം ചുരുക്കി വിവരിക്കുക.
2. പണത്തിന്റെ ചെഴിപ്പുകൊണ്ടുണ്ടാകുന്ന ദോഷമെന്ത്?
3. അരചൻ, ഓണം, സുഖം, ചാത്തം, ചമത, ജലം—ഈ പദങ്ങളിൽ തൽസമങ്ങളേതെന്നും തൽഭവങ്ങളേതെന്നും കണ്ടുപിടിക്കുക.
4. 'വ്യാകരിക്കുക' എന്നാലെന്ത്? താഴെ കാണിക്കുന്ന വാക്യത്തിലെ പദങ്ങളെ വ്യാകരിക്കുക:—"കടലാസ്സും എഴുത്തും പണത്തിന്റെ ശക്തിയെയും വ്യാപ്തിയെയും ഇരട്ടിപ്പിച്ചു."
5. തെറ്റു തിരുത്തുക:—"പരിഷ്കാരം വർദ്ധിക്കുന്തോറും ജനങ്ങളുടെ ആവശ്യങ്ങൾ വർദ്ധിക്കുവാനും ധനസമ്പാദനത്തിനുള്ള മാർഗ്ഗം ചുരുങ്ങുകയും ചെയ്യു".

പദ്യവിഭാഗം

പാഠം 1

വേണുഗാനം

[ശ്രീകൃഷ്ണന്റെ വേണുഗാനം കേട്ടപ്പോൾ വൃന്ദാവനത്തിലെ ചരാചരങ്ങൾക്കുണ്ടായ ഭാവഭേദങ്ങളെയാണ് ഇക്കവിതയിൽ വർണ്ണിച്ചിരിക്കുന്നതു്.]

ചാലേ നിരന്നുള്ളൊരാലിൻ മുരടങ്ങു
കോലക്കുഴലുമായ്ച്ചെന്നുടനേ

മേളത്തിൽപ്പാടിനാൻ കോലക്കുഴൽതന്നെ
താളത്തിൽച്ചേർത്തു വിളിച്ചാൻ പിന്നെ,

രാഗങ്ങളോരോന്നേ ഗോകുലനായകൻ
മേളം കലർന്നങ്ങു പാടുന്നേരം

വൃന്ദാവനംതന്നിലുള്ളൊരു ജീവികൾ
നന്ദിച്ചു നിന്നുതേ മന്ദം മന്ദം.

ഷൾപ്പദമാലകളുത്തമമായൊരു
പുഷ്പരസത്തെ വെടിഞ്ഞുടനെ

ഗാനമായ് മേവിന തേനേക്കുടിപ്പാനാ-
യാനനംതന്നിലേ ചെന്നു പുക്കു.

കോകിലജാലങ്ങൾ കോലക്കുഴൽ കേട്ടു
മൂകങ്ങളായങ്ങു നിന്നുപോയി.

ചേണുററ വേണുതൻ തേനുററ നാദത്തെ-
ത്താനുററ നാദത്തിൻമീതേ കേട്ട്

വേലപ്പെടാതെ താൻ മാനിച്ചു നിന്നിട്ടു
ചാലേപ്പഠിപ്പാനായെന്നപോലെ

കേകിനികരങ്ങൾ വേഗത്തിൽച്ചെന്നിട്ടു
ക്രേകിക്കുഴഞ്ഞൊരു കണ്ഠവുമായ്

നീലത്തഴയായ പീലിനിരതന്നെ-
ച്ചാലെപ്പരത്തി വിരിച്ചു ചെമ്മേ

പാടിത്തുടങ്ങുമ്പോൾ നീടുററതാളത്തി-
ലാടിത്തുടങ്ങീതു മെല്ലെ മെല്ലെ.

പുണ്യതമങ്ങളായുള്ള മരങ്ങളും
കണ്ണൻകുഴൽവിളി കേട്ടനേരം

തേനിററുവീഴുന്ന പൂക്കൾ ചൊരിഞ്ഞുടൻ
മാനിച്ചു കൊമ്പെല്ലാം താഴ്ത്തിനിന്നു.

കഞ്ചൻതൻനെഞ്ചിനോടൊത്ത കരിങ്കല്ലു-
മഞ്ചിതമായൊരു പാട്ടു കേട്ട്
ഉദ്ധവർമാനസമെന്നകണക്കെ നി-
ന്നത്ഭുതമായിച്ചമഞ്ഞിതപ്പോൾ.
വേഗത്തിൽപ്പോകുന്ന കാളിന്ദിതാനങ്ങു
രാഗത്തെക്കേട്ടൊരു നേരത്തപ്പോൾ
ഏറിന വീചികൾ ജാലമകന്നട-
നേതുമനങ്ങാതെ നിന്നുപോയി.
ആനായർകോൻതന്റെ ഗാനത്തെക്കേട്ടപ്പോ-
ളാനന്ദം പൂണ്ടിതു മീനങ്ങളും
മെല്ലെക്കരമേറി നല്ലൊരു വാലുന്നി-
ച്ചെല്ലത്തുടങ്ങീതു മുന്നിലപ്പോൾ.
മാൺപെഴുന്നോർ ചില മാൻപേടകളെല്ലാം
ചാമ്പി മയങ്ങിന കൺമിഴിയും
ഒട്ടൊട്ടു ചിമ്മിക്കൊണ്ടിഷ്ടത്തിലമ്പോടു
വട്ടത്തിൽ മേവീതേ പെട്ടെന്നപ്പോൾ;
മന്ഥരമായൊരു കന്ധരം തന്നെയും
മന്ദം നുറുങ്ങു തിരിഞ്ഞുയർത്തി
ചില്ലികളാലൊന്നു മെല്ലെന്നുയർത്തീട്ടു
വല്ലവീനായകൻതന്നെ നോക്കി
കണ്ണുങ്ങളാലൊന്നു തിണ്ണം കലുമ്പിച്ചു
കണ്ണൻകുഴല്ക്കു കൊടുത്തു ചെമ്മേ
വായ്ക്കൊണ്ട പുല്ലെല്ലാം പാതി ചവച്ചിട്ടു
വായ്ക്കുന്ന മെയ്യിലൊഴുക്കി നിന്നു.
കൈതവമററങ്ങു കൈതുടന്നാർ ചിലർ
പൈതങ്ങളേയും മറന്നു ചെമ്മേ
ചിത്രത്തിൽചേർത്തു ചമച്ചകണക്കേയാ-
നിശ്ചലമായൊരു മെയ്യുമായി
തേനുററ ഗാനത്തെക്കേട്ടുതുടങ്ങീതേ-
യാനന്ദബാഷ്പമൊഴുക്കിമെല്ലേ.

അഭ്യാസം

1. ശ്രീകൃഷ്ണൻെറ വേണുഗാനം കേട്ടപ്പോരം വൃന്ദാവനത്തിലെ ചരാചരങ്ങൾക്കുണ്ടായ ഭാവഭേദത്തെപ്പററി സംഗ്രഹിച്ചെഴുതുക.

2. ആശയം വിശദമാക്കുക :—

   കഞ്ചൻതൻ..............

   ....ച്ചമഞ്ഞിതപ്പോൾ

3. അലങ്കാരം നിർണ്ണയിക്കുക :—

   ഷൾപ്പദമാലക..............

   .. .. ചെന്നു പുക്ക

4. വിഗ്രഹിച്ചു സമാസം എഴുതുക :—

   ആനന്ദബാഷ്പം; വല്ലവീവല്ലഭൻ.

5. വൃത്തം നിർണ്ണയിക്കുക :—

   വായ്ക്കൊണ്ട പുല്ലെല്ലാം പാതി ചവച്ചിട്ടു

   വാച്ചുന്ന മെയ്യിലൊഴുക്കി നിന്നു.

പാഠം 2

പാഞ്ചാലീവാക്യം

[മഹാഭാരതയുദ്ധം ആരംഭിക്കുന്നതിനുമുമ്പ് പാണ്ഡവന്മാർ സന്ധിയാലോചിക്കുന്നതിനുവേണ്ടി ശ്രീകൃഷ്ണനെ കൗരവന്മാരുടെ അടുക്കൽ പറഞ്ഞയക്കാൻ തീർച്ചയാക്കി. ഇതറിഞ്ഞു പാഞ്ചാലി ശ്രീകൃഷ്ണനോടു് അഭ്യർത്ഥന ചെയ്യുന്നതാണ് സന്ദർഭം.]

1

കമലാകാന്തൻെറ കാരുണ്യശീലൻെറ
കമനീയാംഗൻെറ കാമസമാനൻെറ
ഗമനസന്നാഹം കേട്ടു വിഷാദിച്ചു
കമനീ പാഞ്ചാലി ദേവനാരായണ!

2

പിഴകി വാഴുന്ന ദുഃഖങ്ങളോക്കയാ-
ലൊഴുകിവീഴുന്ന നേത്രജലങ്ങളിൽ
മുഴുകി വന്നവൾ കാർമുകിൽവർണ്ണനെ-
ത്തൊഴുതു ചൊല്ലിനാൾ ദേവനാരായണ!

3

"കരുണാവാരിധേ! കൗരവപാഴരിൽ
കരുണയാലിത്ഥം കാട്ടുന്നിതോ ഭവാൻ?
ചരണദാസിയാം പാഞ്ചാലിയെക്കൂടെ
സ്മരണംചെയ്താലും; ദേവനാരായണ!

4

അവരു ചെയ്യുന്ന ധിക്കാരമൊക്കവേ
ഭുവനനായക! നീയും മറന്നിതോ?
അവനീനാഥന്മാരെന്നുടെ കാന്തന്മാ-
രറിയുന്നീലൊന്നും, ദേവനാരായണ!

5

മലകൾ കാടുകൾ തോടും പുഴകളും
കലകൾ പന്നികളെന്നിവവൃന്ദവും
സുലഭമാംദിക്കിലെൻപ്രിയന്മാർക്കിപ്പോൾ
സുഖമെന്നായ്വന്നു; ദേവനാരായണ!

6

ഇഹലോകങ്ങളിലാഗ്രഹമെന്നതും
അഹമെന്നുള്ളൊരു ഭാവവും കൂടാതെ
മഹിതമായുള്ള വേദാന്തശീലനം
നൃപതിമാർക്കാകാ; ദേവനാരായണ!

7

വിമതന്മാരുടെ വീര്യം ശമിപ്പിപ്പാൻ
ക്ഷമയും നന്നല്ല, സാമവും നന്നല്ല;
സമരം ചെയ്യേണം സാഹസം ചെയ്യേണം
ശ്രമവും ചെയ്യേണം; ദേവനാരായണ!

8

നയങ്ങൾ ചിന്തിച്ചു നാടുമുപേക്ഷിച്ചു
ജയവുംകൂടാതെ കാലം കഴിക്കുമ്പോൾ
ഭയംകൊണ്ടങ്ങനെ മേവുന്നുവെന്നിപ്പോൾ
അയശസ്സുണ്ടാകും; ദേവനാരായണ!

9

ബലങ്ങളില്ലാഞ്ഞോ ബന്ധുക്കളില്ലാഞ്ഞോ
വിഭവമില്ലാഞ്ഞോ വീര്യമതില്ലാഞ്ഞോ
ഖലജനത്തിൻെറ കാൽ പിടിച്ചീടുന്നു
വലിയ വീരന്മാർ ; ദേവനാരായണ !

10

കനത്ത സങ്കടത്തോടു മരുവുന്ന
ജനത്തെയോർക്കാതെ ദ്യുതിനു ഭാവിച്ചു
ധനത്തെ നേടുന്ന വൈരിയെസ്സേവിപ്പാ-
നെഴുന്നുള്ളത്തുണ്ടോ ? ദേവനാരായണ!

11

കുരുകുലാധിപൻതന്നോടു മെല്ലവേ
സരസമാംവണ്ണം ദൂതുരചെയ്യുമ്പോൾ
മുരഹര! ഭവാനെൻെറ തലമുടി
നിരുപിച്ചീടേണം ; ദേവനാരായണ !"

പതിന്നാലുവൃത്തം] [കുഞ്ചൻനമ്പ്യാർ

അഭ്യാസം

1. പാഞ്ചാലി ശ്രീകൃഷ്ണനോടു് പറഞ്ഞതു് അനുകഥനരീതിയിൽ എഴുതുക.

2. അർത്ഥമെഴുതുക :—

   ഇഹലോകങ്ങളി.............

   ....

   ശ്രമവും ചെയ്യേണം ; ദേവനാരായണ !

3. സന്ദർഭം കാണിച്ചു് ആശയം വെളിപ്പെടുത്തുക :—

   മുരഹര ! ഭവാനെൻെറ തലമുടി

   നിരുപിച്ചീടേണം ; ദേവനാരായണ !

4. സമാസം നിർണ്ണയിക്കുക :—

   ഗമനസന്നാഹം ; നേത്രജലം ; കരുണാവാരിധി ; ഭുവനനായകൻ.

പാഠം 3

മായാമോഹം

[മനുഷ്യജീവിതത്തിലെ മായാമോഹങ്ങളെയാണു് ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നതു്.]

സ്ഥാനമാനങ്ങൾ ചൊല്ലിക്കലഹിച്ചു
നാണംകെട്ടു നടക്കുന്നിതു ചിലർ.

മദമത്സരം ചിന്തിച്ചു ചിന്തിച്ചു
മതികെട്ടു നടക്കുന്നിതു ചിലർ.

ചഞ്ചലാക്ഷിമാർ വീടുകളിൽപ്പുക്കു
കുഞ്ചിരാമനായാടുന്നിതു ചിലർ.

കോലകങ്ങളിൽ സേവകരായിട്ടും
കോലംകെട്ടി ഞെളിയുന്നിതു ചിലർ.

ശാന്തിചെയ്തു പുലർത്തുവാനായിട്ടു
സന്ധ്യയോളം നടക്കുന്നിതു ചിലർ.

അമ്മയ്ക്കും പുനരച്ഛനും ഭാര്യയ്ക്കും
ഉണ്മാൻപോലും കൊടുക്കുന്നില്ല ചിലർ.

സത്തുക്കൾകണ്ടു ശിക്ഷിച്ചു ചൊല്ലുമ്പോൾ
ശത്രുവെപ്പോലെ ക്രുദ്ധിക്കുന്നു ചിലർ.

വന്ദിതന്മാരെക്കാണുന്ന നേരത്തു
നിന്ദിച്ചത്രേ പറയുന്നിതു ചിലർ.

കാൺക നമ്മുടെ സംസാരംകൊണ്ടത്രേ
വിശ്വമീവണ്ണം നില്പുവെന്നും ചിലർ.

ബ്രാഹ്മണ്യംകൊണ്ടു കുന്തിച്ചു കുന്തിച്ചു
ബ്രഹ്മാവും തനിക്കൊവ്വായെന്നും ചിലർ.

അർത്ഥാശയ്ക്കു വിരുതു വിളിപ്പിപ്പാ-
നഗ്നിഹോത്രാദി ചെയ്യുന്നിതു ചിലർ.

സ്വൎണ്ണങ്ങൾ നവരത്നങ്ങളെക്കൊണ്ടു-
മെണ്ണംകൂടാതെ വില്ക്കുന്നിതു ചിലർ.

*　　*　　*

വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ.

കുങ്കുമത്തിന്റെ ഗന്ധമറിയാതെ
കുങ്കുമം ചുമക്കുമ്പോലെ ഗൎദ്ദഭം.

കൃഷ്ണ ! കൃഷ്ണ ! നിരൂപിച്ചുകാണുമ്പോൾ
തൃഷ്ണകൊണ്ടേ ഭ്രമിക്കുന്നിതൊക്കെയും.

ജ്ഞാനപ്പാന]　　　　[പൂന്താനം

അഭ്യാസം

1. ഇക്കവിതയിലെ ആശയം ചുരുക്കിയെഴുതുക.
2. സന്ദൎഭം കാണിച്ചു് ആശയം വെളിപ്പെടുത്തുക :—
   കുങ്കുമത്തിന്റെ ഗന്ധമറിയാതെ
   കുങ്കുമം ചുമക്കുമ്പോലെ ഗൎദ്ദഭം.
3. സമാസം എഴുതുക :—
   സ്ഥാനമാനങ്ങൾ ;　ചഞ്ചലാക്ഷിമാർ.
4. സന്ധി കുറിക്കുക :—
   ചൊല്ലിക്കലഹിക്കുക ;　സന്ധ്യയോളം.
5. ദ്രുതകാകളിയുടെ ലക്ഷണമെഴുതുക.
6. അന്വയിക്കുക :—
   സത്തുക്കൾ കണ്ടു ശിക്ഷിച്ചു ചൊല്ലുമ്പോൾ
   ശത്രുവെപ്പോലെ ക്രുദ്ധിക്കുന്നു ചിലർ.

പാഠം 4

ദമയന്തിയും ഹംസവും

[വിദർഭരാജാവിന്റെ പുത്രിയായ ദമയന്തി നിഷധ രാജാവായ നളനിൽ അനുരക്തയായിരുന്നു. ഒരു ദിവസം ദമയന്തി സഖിമാരോടുകൂടി ഉദ്യാനത്തിൽ ഇരിക്കുമ്പോൾ നളന്റെ ദൂതനായ ഹംസം അവിടെ പറന്നു ചെന്നു. സഖിമാർ അകന്നുപോകുന്ന തക്കം നോക്കി ദമയന്തിയോടു് നളന്റെ ഗുണഗണങ്ങളെപ്പററി പറഞ്ഞു് ആ കലകന്യകയുടെ അനുരാഗം ഉറപ്പിക്കണമെന്നുള്ളതായിരുന്നു ഹംസത്തിന്റെ ഉദ്ദേശം.]

(പദം)

ദമയന്തി :—

കണ്ടാലെത്രയും കൗതുകമുണ്ടിതിനെ, പ്പണ്ടു
കണ്ടീല ഞാനേവംവിധം കേട്ടുമില്ല.

സ്വർണ്ണവർണ്ണമരയന്നം മഞ്ജുനാദമിതു
നിർണ്ണയമെനിക്കിണങ്ങുമെന്നു തോന്നും.

തൊട്ടേനെ ഞാൻ കൈകൾകൊണ്ടു തോഴിമാരേ! കൈക്കൽ
കിട്ടുകിൽ നന്നായിരുന്നു കേളിചെയ്വാൻ.

ക്രൂരനല്ല സാധുവത്രേ ചാരുരൂപൻ ; നിങ്ങൾ
ദൂരെ നില്പിൻ, എന്നരികിലാരും വേണ്ടാ.

ശ്ലോകം

ഇനിയൊരടി നടന്നാൽ കിട്ടുമേ കൈക്കലെന്നും
പ്രതിപദമപി തോന്നുംമാറു മന്ദം നടന്നാൻ ;
അഥ ബത ! ദമയന്തീമാളിമാരോടു വേറാ-
മതുപൊഴുതരയന്നപ്രൗഢനൂചേ സഹാസം.

(പദം)

ഹംസം :—

അംഗനമാർമൗലേ ബാലേ !
ആശയെന്തയി ! തേ ?
എങ്ങനെ പിടിക്കുന്നു നീ
ഗഗനചാരിയാമെന്നെ? (അംഗ)

യൗവനംവന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം,
അവിവേകമിതുകണ്ടാലറിവുള്ളവർ
പരിഹസിക്കും, ചിലർ പഴിക്കും,
വഴിപിഴയ്ക്കും തവ, നിനയ്ക്കുമ്പോൾ. (അംഗ)

ബന്ധനംചെയ്യേണ്ടാ മാം, ബന്ധുവത്രേ തവ ഞാൻ,
സഖിമാരിലധികം വിശ്വസിച്ചീടെന്നെ,
ജഗൽപതിയും, രതിപതിയും,
തവ കൊതിയുള്ളൊരു പതി വരുമേ. (അംഗ)

നളനഗരേ വാഴുന്നു ഞാൻ നളിനജന്മവചസാ
നളിനമിഴിമാർക്കെല്ലാം നട പഠിപ്പാൻ
മദലുളിതം, മൃദുലളിതം
ഗുണമിളിതം, ഇതു കളിയല്ലേ. (അംഗ)

(പദം)

ദമയന്തി :—

കണ്ടേൻ നികടേ നിന്നെ,
കളിവാക്കു തവ കേട്ടേനേ,
കഞ്ജഭവനുടെ വാഹനമേ
കമ്രരൂപമതിരമ്യചാടുവചനം,

പ്രേഷകനായതു കമലജനോ തവ ?
നൈഷധപുരമോ പരമപദം ?
മധുരാകൃതേ! കരുണാനിധേ! ഖഗ-
സാർവ്വഭൗമ! ജയ, നൗമി തേ ചരിതം. (കണ്ടേൻ)

നളിനാസനവരവാഹന ! നീ മമ
നളനൃപഗുണഗണമോതുകെടോ!
തവ വാചികം അഴൽമോചകം ; മമ
കർണ്ണമാരചയ പുണ്യലേശയുതം. (കണ്ടേൻ)

സന്തതമുള്ള മനോരഥവും പുന-
രിന്നു ഭവാനൊടു ഞാൻ പറയാം,
തുണയാകിലോ ഗുരുകൃപാകുലാശയ!
ദീനയാമെനിക്കു മാനനീയഗുണ! (കണ്ടേൻ)

അഭ്യാസം

1. നളചരിതം കഥ സംഗ്രഹിച്ചെഴുതുക.
2. സന്ദർഭം കാണിച്ച് ആശയം വെളിപ്പെടുത്തുക :—
   (a) യൗവനം വന്നുദിച്ചിട്ടും ചെറുതായില്ല ചെറുപ്പം
   (b) ജഗൽപതിയും രതിപതിയും തവ
   കൊതിയുള്ളൊരുപതി വരുമേ.
3. വൃത്തം നിർണ്ണയിക്കുക :—
   ഇനിയൊരടി നടന്നാൽ കിട്ടുമേ കൈക്കലെന്നും
4. ഉണ്ണായിവാര്യരെപ്പററി ഒരു ഖണ്ഡിക എഴുതുക.
5. ആട്ടക്കഥാ സാഹിത്യത്തെക്കുറിച്ച് ഒരു വിവരണം എഴുതുക.
6. വിഗ്രഹിച്ച സമാസം പറയുക :—
   പ്രതിപദം; സഹാസം.
7. സന്ധി കുറിക്കുക :—
   ഉണ്ടിതിനെ; ഓതുകെടോ.

പാഠം 5

ഗാന്ധാരീവിലാപം

[കുരുക്ഷേത്രത്തിൽ മരിച്ചുകിടക്കുന്ന പുത്രമിത്രാദികളെ കാണണമെന്ന് കൗരവമാതാവായ ഗാന്ധാരിക്ക് ആഗ്രഹം ഉളവായി. അതനുസരിച്ച് ശ്രീകൃഷ്ണനും പാണ്ഡവന്മാരുംകൂടി ആ വീരമാതാവിനെ യുദ്ധഭൂമിയിൽ കൊണ്ടുപോയി. മർമ്മഭേദകമായ അവിടത്തെ കാഴ്ചകണ്ട് ഗാന്ധാരി ശ്രീകൃഷ്ണനോട് ഇങ്ങനെ പറഞ്ഞു:]

"ദ്രോണരെസ്സംസ്കരിപ്പിച്ച നിലമതാ
കാണുന്നിതാരണനായതതല്ലയോ?

ധൃഷ്ടതയുള്ള ധൃഷ്ടദ്യുമ്നനേററവും
ശിഷ്യനായോരു ഗുരുവിനെക്കൊല്ലുവാൻ

മററൊരുത്തന്നു തോന്നീടുമോ മാനസേ
മുററുമിവനൊഴിഞ്ഞോർക്കിൽ, മഹാമതേ?

അയ്യോ! പുനരതിനങ്ങേപ്പുറത്തതാ
മെയ്യഴകുള്ള ദുശ്ശാസനനെൻമകൻ

മാരുതി കീറിപ്പിളൎന്നു കുടിച്ചൊരു
മാറിടംകണ്ടാൽ പൊറുക്കുമോ പൈതലേ ?

നീയെന്തിവണ്ണമെൻമാധവ, കാട്ടുവാൻ ?
തീയ്യിതാ കത്തുന്നിതെന്നുള്ളിലീശ്വരാ!

മാറുമോ കണ്ണുനീരിന്നെനിക്കുണ്ടായ-
താറുമോ ശോകമെൻമാനസേ ഗോപതേ?

എന്റെ മകൻ ദുര്യോധനൻ തൻമകൻ
തന്റെ ശരീരമതല്ലോ ദയാനിധേ!

ലക്ഷണമുള്ളൊരു പൈതലാമെന്നുടെ
ലക്ഷ്മണ, നീയും ചതിച്ചിതോ ഞങ്ങളെ

കണ്ണുകൊണ്ടിങ്ങനെ കാണേണമെന്നതു-
മുണ്ണികളേയെനിക്കെന്തിതു തോന്നുവാൻ ?

കണ്ണനാമംഗനരാധിപനെന്നുടെ-
യുണ്ണികൾക്കേററം പ്രധാനനായുള്ളവൻ

കുണ്ഡലമററതാ വേറേ കിടക്കുന്നു;
ഗണ്ഡസ്ഥലമതാ പിന്നെയും മിന്നുന്നു.

വില്ലാളികളിൽ മുൻപുള്ളവൻതന്നുടെ
വില്ലതാ വേറേ കിടക്കുന്നിതീശ്വരാ!

കണ്ടാൽ മനോഹരനാമവൻതന്നുടൽ
കണ്ടാലുമൻപോടു നായും നരികളും

ചെന്നു കടിച്ചുവലിക്കുന്നതിങ്ങനെ
വന്നതിനെന്തൊരു കാരണം ദൈവമേ!

പൂരിച്ച ഖേദാൽ കരം മടിയിൽ ചേൎത്തു
ഭൂരിശ്രവാവിൻപ്രണയിനി കേഴന്നോൾ.

ഉന്മൂലനാശന കാരണനാകിയ
ദുർമ്മതിവീരൻ ശകുനിയുടെയുടൽ

പക്ഷികൾ തങ്ങൾക്കു ഭക്ഷണമാക്കിനാർ
പക്ഷമായുള്ളതു കണ്ടീലയോ ഹരേ ?

ഉണ്ണീ, മകനേ, ദുര്യോധനാ തവ
പൊന്നിൻകിരീടവും ഭൂഷണ ജാലവും,

ഉമ്പർകോനൊത്തൊരു വൻപും പ്രതാപവും,
ഗംഭീരമായൊരു ഭാവവും ഭംഗിയും

ഇട്ടുംകളഞ്ഞുടനെന്നെയുമെത്രയു-
മിഷ്ടമായീടും പിതാവിനെത്തന്നെയും

പെട്ടെന്നുപേക്ഷിച്ചു പൊയ്ക്കൊണ്ടതെന്തു നീ?
പൊട്ടുന്നിതെൻമനം കണ്ടിതെല്ലാമഹോ !

പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടുകിടക്കുമാറായിതോ ചോരയിൽ ?

പുഷ്ടകോപത്തോടു മാരുതി തച്ചുടൻ
പൊട്ടിച്ചു കാലുമൊടിച്ചുകൊന്നിങ്ങനെ

കണ്ടുകൂടായെനി''ക്കെന്നു ഗാന്ധാരിയും
മണ്ടിനാൾ വീണാളുരുണ്ടാൾ തെരുതെരെ.

മഹാഭാരതം]   [എഴുത്തച്ഛൻ

അഭ്യാസം

1. എഴുത്തച്ഛന്റെ കവിതാസാമർത്ഥ്യത്തെപ്പററി രണ്ടു ഖണ്ഡിക എഴുതുക.
2. സമാസം നിർണ്ണയിക്കുക :—
   ദയാനിധി ; ഭൂഷണജാലം
3. കാകളിവൃത്തത്തിന്റെ ലക്ഷണം എഴുതുക.

പാഠം 6

ഒരു സംവാദം

[പാഞ്ചാലിയുടെ അപേക്ഷയനുസരിച്ച് ഭീമസേനൻ സൗഗന്ധികപുഷ്പം കൊണ്ടുവരാൻ പുറപ്പെട്ടു. അദ്ദേഹത്തെ പരീക്ഷിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഹനുമാൻ അശക്തനായ ഒരു വൃദ്ധവാനരന്റെ വേഷം ധരിച്ച് വഴി തടുത്തു കിടന്നിരുന്നു. അവർ തമ്മിലുണ്ടായ സംവാദമാണ് ഈ കവിതയിൽ അടങ്ങിയിട്ടുള്ളത്.]

ഭീമൻ :—

നോക്കെടാ! നമ്മുടെ മാർഗ്ഗേ കിടക്കുന്ന
മർക്കടാ! നീയങ്ങു മാറിക്കിടാ ശഠാ!

ദുർഘടസ്ഥാനത്തു വന്നു ശയിപ്പാൻ നി-
നക്കെടാ തോന്നുവാനെന്തെടാ സംഗതി?

നാട്ടിൽപ്രഭുക്കളെക്കണ്ടാലറിയാത്ത
കാട്ടിൽക്കിടക്കുന്ന മൂളിക്കുരങ്ങു നീ.

ഒട്ടും വകതിരിവില്ലാത്ത വല്ലാത്ത
കൂട്ടത്തിൽ വന്നു പിറന്നു വളർന്നു നീ.

ചാട്ടത്തിൽനിന്നു പിഴച്ചുപോരയോ? നിന്റെ
കൂട്ടത്തിൽ മററാരുമില്ലാത്തതെന്തെടാ?

പെട്ടെന്നെഴുന്നേററു പോകായ്കിലാപത്തു
പെട്ടീടുമെന്നു ധരിക്ക നീ വാനരാ!

ഹനുമാൻ :—

ഏററം കയർത്തു പറയുന്നതെന്തു നീ?
ഏററു മാറാനെനിക്കേതുമെളുതല്ല.

മററൊരു മാർഗ്ഗമായ് പൊയ്ക്കൊള്ളണേ ഭവാൻ
കുററമില്ലിക്കുരങ്ങച്ചനെക്കാണെടോ!

കണ്ണും തിരിയാ ശരീരം വിറയ്ക്കുന്നു
ദണ്ണം പലതുണ്ട് പൊയ്യല്ല കണ്ടുകൊൾ.

കയ്യിനും കാലിനും ശക്തിയില്ലേതുമേ
മെയ്യും തളരുന്നു പൊയ്യല്ല മാനുഷ!

അയ്യോ! പരമാർത്ഥമേതും ഗ്രഹിയാതെ
നീയെന്തു ശാഠ്യം തുടങ്ങുന്നു പൂരുഷ?

പാരം വലഞ്ഞു കിടക്കുന്നവർകളോ-
ടാരുമിവണ്ണം കലമ്പുമാറില്ലെടോ!
നേർവഴി വിട്ടു രണ്ടു ചുവടങ്ങോട്ടു
മാറിയാലെന്തു വൈഷമ്യം നിനക്കെടോ?

ഭീമൻ :—

ആരെന്നറിഞ്ഞു പറഞ്ഞു നീ വാനരാ?
പാരം മുഴക്കുന്നു ധിക്കാരസാഹസം.
പൂരുവംശത്തിൽപ്പിറന്നു വളൎന്നോരു
പൂരുഷശ്രേഷ്ഠൻ വൃകോദരനെന്നൊരു
വീരനെക്കേട്ടറിവില്ലേ നിനക്കെടോ?
ധീരനാമദ്ദേഹമിദ്ദേഹമോൎക്ക നീ.
നേരായ മാൎഗ്ഗം വെടിഞ്ഞു നടക്കയി-
ല്ലാരോടുമിജ്ജനം തോൽക്കയുമില്ലെടോ!
മാറിനില്ലെന്നു പറയുന്ന മൂഢന്റെ
മാറിൽപ്പതിക്കും ഗദാഗ്രമെന്നോൎക്കണം.
ഏറെപ്പറയാതെഴുന്നേററു ദൂരത്തു്
മാറിക്കിടക്ക നീ മൎക്കടപ്രാകൃത!
സജ്ജനാചാരം പിടിപെടാതുള്ളൊരു
ദുൎജ്ജനം നമ്മെദ്ദുഷിപ്പാനൊരുമ്പെട്ടു
ലജ്ജകൂടാതെ വഴിമുടക്കീടിനാ-
ലൎജ്ജുനജ്യേഷ്ഠൻ സഹിക്കയില്ലേതുമേ.
ധൎമ്മപ്രകാരം ഗ്രഹിക്കാത്ത നിന്നോടു
ധൎമ്മം പറവാൻ നമുക്കെന്തു സംഗതി?
ധൎമ്മപുത്രാനുജൻ ധൎമ്മം വെടിഞ്ഞൊരു
കൎമ്മങ്ങളും ചെയ്കയില്ലെന്നു ബോധിക്കണം.

ഹനുമാൻ :—

തോററീടുമാറില്ല ഞങ്ങളെന്നിങ്ങനെ
കാററിൻമകൻ നീ പറഞ്ഞതും വിസ്മയം.
നൂററുപേർ നിങ്ങടെ നാടും നഗരവും
കുററുകാരേയുമടക്കിവെച്ചീലയോ?
കാററും മഴ മഞ്ഞുമേററുകൊണ്ടെപ്പോഴും
കാട്ടിൽ കിടക്കുന്ന കൂട്ടമല്ലേ നിങ്ങൾ?

കാട്ടിൽക്കിടക്കുന്ന ദുർമ്മാർഗ്ഗശക്തിയാൽ
നാട്ടിൽക്കിടപ്പാൻ വിധിയില്ല നിങ്ങൾക്കു്.
നാട്ടിൽനിന്നാശു സുയോധനമന്നന-
ങ്ങാട്ടിക്കളഞ്ഞതിൽപ്പിന്നെയൊരിക്കലും
നാട്ടിൽക്കിടപ്പാൻ കഴിയുന്നതുമില്ല.
കാട്ടിൽ സുഖമെങ്കിലായതും കോളല്ല
കല്ലിലും പുല്ലിലും കാലിൽ തറയ്ക്കുന്ന
മുള്ളിലും വള്ളിക്കുടിലുകൾക്കുള്ളിലും
തള്ളിയലച്ചു നടക്കുന്ന നിങ്ങടെ
ഭള്ളുകൾക്കേതും കുറവില്ല; നന്നെടോ!
കള്ളത്തരം ചൂതുകൊണ്ടു ദുര്യോധനൻ
തള്ളിപ്പുറത്താക്കി നിങ്ങളെത്തൽക്ഷണം;
ഉള്ളിൽ ഭയംപൂണ്ടു മണ്ടുന്ന നിങ്ങളെ-
ത്തുള്ളിപ്പതിന്നൊരു പെണ്ണും പുറപ്പെട്ടു;
കണ്ടവസ്തുക്കളിൽ കാംക്ഷ പൂണ്ടിട്ടവൾ
'കൊണ്ടുവാ കൊണ്ടുവാ'യെന്നു കല്പിക്കയും,
ശണ്ഠക്കൂട്ടീടുമെന്നോർത്തു ഭയപ്പെട്ടു
മണ്ടിത്തുടങ്ങും മുടങ്ങാതെ നിങ്ങളും.
കണ്ടനേരംതന്നെ നിൻെറ പരമാർത്ഥ
മുണ്ടായി നമുക്കെന്നറിക വൃകോദരാ!
....
....

കല്യാണസൗഗന്ധികം] [കുഞ്ചൻ നമ്പ്യാർ

അഭ്യാസം

1. ഭീമസേനനും ഹനുമാനും തമ്മിലുള്ള സംവാദം അനുകഥന രീതിയിൽ ചുരുക്കിയെഴുതുക.

2. സന്ദർഭം കാണിച്ചു് ആശയം വിശദമാക്കുക :—

   നേരായ മാർഗ്ഗം വെടിഞ്ഞു നടക്കയി-
   ല്ലാരോടുമിജ്ജനം തോല്ക്കയുമില്ലെടോ!

3. കുഞ്ചൻ നമ്പ്യാരുടെ കവിതാസാമർത്ഥ്യത്തെക്കുറിച്ചു രണ്ടു ഖണ്ഡിക എഴുതുക.

4. സന്ധി വിവരിക്കുക :—

   എനിക്കേതും; ഇജ്ജനം.

പാഠം 7

ഖാണ്ഡവദാഹം

[ശ്രീകൃഷ്ണൻെറയും അർജ്ജുനൻെറയും സഹായത്തോടുകൂടി അഗ്നിഭഗവാൻ ഖാണ്ഡവവനം ദഹിപ്പിച്ചപ്പോൾ അവിടെയുള്ള ജന്തുക്കൾക്കുണ്ടായ അനുഭവങ്ങളെപ്പററിയാണു് ഇവിടെ പ്രതിപാദിച്ചിരിക്കുന്നതു്.]

ഭീമങ്ങളായുള്ള ധൂമങ്ങളന്നേരം
വ്യോമത്തിലെങ്ങുമേ പൊങ്ങിനിന്നു,

നാകത്തിൽച്ചെന്നങ്ങു വാസവൻതന്നെയ-
ക്കാനനം നിന്നു വിളിക്കുംപോലെ.

ചൂടേററു നിന്നുള്ളൊരേണങ്ങളെല്ലാമേ
ചാടിത്തുടങ്ങീതു നാലുപാടും,

ദേഹത്തെക്കൈവിട്ടുപോകുന്ന വായുക്കൾ
ദേഹത്തിന്നുള്ളിൽ നിന്നെന്നപോലെ.

ഭീതങ്ങളായുള്ള മാതംഗയൂഥങ്ങൾ
സിംഹങ്ങൾ നിന്നേടം ചെന്നണഞ്ഞു,

സാമാന്യനായോരു വൈരി വരുന്നേരം
വാമന്മാർ തങ്ങളിൽച്ചേർന്നു ഞായം.

വേവുന്ന ദാരുവെക്കൈവിട്ടു മറെറാന്നിൽ
വേഗത്തിൽച്ചാടീതു വാനരങ്ങൾ,

അറെറാരു ദേഹത്തെക്കൈവിട്ടു ദേഹിതാൻ
മറെറാരു ദേഹത്തിൽച്ചാടുമ്പോലെ.

ഓടിവരുന്നോരു വൻതീയെക്കണ്ടിട്ടു
പേടിച്ചു പായുന്ന വമ്പുലികൾ

തങ്ങളെക്കണ്ടുള്ള ഗോക്കൾതൻവേദന-
യിങ്ങനെയെന്നതറിഞ്ഞിതപ്പോൾ.

ദർപ്പം കലർന്നുള്ള സർപ്പങ്ങളെല്ലാം തൻ-
മസ്തകം ചാലെപ്പുറത്തി നിന്നു

വേവുററു മേവുമക്കാനനം കൈകൊണ്ടു
പാവകൻതന്നെ വിലക്കുംപോലെ.

വൃഗ്രങ്ങളായുള്ള കേകികൾപീലിത-
ന്നഗ്രങ്ങൾ ചുഴം നിരന്നിതപ്പോൾ

വാനവർന്നായകൻ വാരാഞ്ഞതെന്തെന്നു
കാനനം നോക്കുന്നതെന്നപോലെ.

കോകിലനാദമോ കേഴുന്ന നേരത്തു
കോമളമായിട്ടു വന്നിതത്രേ;

മാധുൎയ്യമാണ്ടവർ ചാവുന്നനേരത്തും
ചാതുൎയ്യം കൈവിടാരെന്നുവന്നു.

വേവുററു നിന്നോരു വേതണ്ഡയൂഥമ-
പ്പാവകന്തന്നിലേ മുങ്ങുന്നേരം

പൊങ്ങി നിന്നീടുന്ന തുമ്പിക്കരങ്ങളെ-
യെങ്ങുമേ കാണായി നീളെയപ്പോൾ.

ആരമ്പമായൊരു ബാണഗൃഹത്തിന്റെ
വാരുററ തൂണുകളെന്നപോലെ.

കൃഷ്ണഗാഥ] [ചെറുശ്ശേരി

അഭ്യാസം

1. ഖാണ്ഡവദാഹം കഥ ചുരുക്കിയെഴുതുക.
2. അൎത്ഥമെഴുതുക:—
   വേവുററു നിന്നോരു..............
   ....
   വാരുററ തൂണുകളെന്നപോലെ.
3. അലങ്കാരം നിൎണ്ണയിക്കുക:—
   (a) ഭീമങ്ങളായുള്ള............
   ....വിളിക്കുംപോലെ
   (b) കോകിലനാദമോ.. ......
   ....
   ചാതുൎയ്യം കൈവിടാരെന്നുവന്നു.
4. സമാസം കുറിക്കുക:—
   വമ്പുലി; ബാണഗൃഹം.
5. ചെറുശ്ശേരിയുടെ വൎണ്ണനാപാടവത്തെപ്പററി ഒന്നോ രണ്ടോ ഖണ്ഡിക എഴുതുക.

———

പാഠം 8

കൈലാസ പൎവ്വതം

[വശ്യവചസ്സായ പുനം നമ്പൂതിരിയുടെ വൎണ്ണനാപാടവത്തിനു നല്ലോരു ദൃഷ്ടാന്തമാണു് ഈ കവിതാഖണ്ഡം.]

ഹിമകരമഹസാം പിണ്ഡംപോലെ
കർപ്പൂരത്തിൻ കൂട്ടംപോലെ
പുരഹരശോഭാനിലയംപോലെ
ബിസതന്തൂനാം ജാലംപോലെ
മുക്താഫലതതി മെത്തുംപോലെ
കലശാംബുധിതൻ കഠിനതപോലെ
പ്രളയഹുതാശനഭസ്മംപോലെ
ഗംഗാസലിലം പൊങ്ങുംപോലെ
വെളുവെളെ വിലസിന കാന്തിപരമ്പര-
കൊണ്ടു ജഗത്ത്രിതയത്തെ വെളുപ്പിലൊ-
ളിപ്പിച്ചുന്നതി തങ്ങിന ശൃംഗത-
ലങ്ങളിലെങ്ങുമിരുന്നുടനിന്ദ്രിയ-
തുരഗാൻ നിഭൃതമടക്കിപ്പെരിയ സ-
മാധിയുറച്ച തപഃസ്ഥിതിചേർത്ത-
ക്കേവലമദ്വയമാനന്ദമയം
ബ്രഹ്മ സനാതനമാത്മനി മേന്മേ-
ലാമ്രേഡിച്ചു സുഖിച്ചുവസിക്കും
മുനിജനനിവഹം കുഹചന ഭാഗേ.
ശങ്കരവാഹനവൃഷവരകേളീ-
ഹുംകൃതിസങ്കുലമങ്ങൊരു ഭാഗം.
മംഗലവീണാവേണുനിനാദം
തിങ്ങി വിനോദമിതങ്ങൊരു ഭാഗം.
ഹരിണീകരിണീഖരരേണുഗണൈ-
രരുണീകൃതശിലമങ്ങൊരു ഭാഗം.

മത്തഗജാൻ കണ്ടുദ്ധൃതിഭേകാലും
ദൃപ്തമൃഗാധിപനങ്ങൊരു ഭാഗേ.
സിംഹശിശുൻ കണ്ടാഹിതമോദം
ബൃംഹിത സിംഹികളങ്ങൊരു ഭാഗേ.
കളഭകുലത്തിൻ കളികളെ നോക്കി-
ത്തെളിയും കരിണികളങ്ങൊരു ഭാഗേ.
ഉൽക്കടമർക്കടകർക്കടകക്കട-
ദുർഘടവനതലമങ്ങൊരു ഭാഗം.
ഭദ്രത തടവിന വിദ്രുമമണിഗണ-
മുദ്രിതതടലസിതദ്രുമമൊരിടം.
മല്ലീവല്ലീഫുല്ലേ മെല്ലേ
ചെല്ലും വാതെർമ്മധുരിതമൊരിടം.
തെണ്ടി മധുദ്രവമുണ്ടിരുൾ വണ്ടുകൾ
മണ്ടിക്കൊണ്ടൊളികൊണ്ടുടനൊരിടം.
ഒരിടത്തൊക്കെ മലമ്പുലിവൃന്ദം
മറെറാരിടത്തച്ചെന്നായ്ക്കൂട്ടം.
അംബരചാരികൾയാനം കഹ ചന
തുംബുരുനാരദഗാനം കഹ ചന.

ഭാരതം ചമ്പു] [പുനം നമ്പൂതിരി

അഭ്യാസം

1. കൈലാസപർവ്വതത്തിൻെറ വർണ്ണന സംഗ്രഹിച്ചെഴുതുക.

2. ചമ്പൂപ്രസ്ഥാനത്തെപ്പററി ഒരു ലഘുലേഖ എഴുതുക.

3. സന്ധി കറിക്കുക :—
   മേന്മേൽ ; അച്ചെന്നായ്.

4. വൃത്തം നിർണ്ണയിക്കുക :—
   ഹിമകരമഹസാം പിണ്ഡംപോലെ,
   കർപ്പൂരത്തിൻ കൂട്ടംപോലെ.

പാഠം 9

ദ്വാരക

[ശ്രീകൃഷ്ണനെ സന്ദർശിക്കാൻ പുറപ്പെട്ട കുചേലൻ ദ്വാരകയിൽ എത്തിയപ്പോൾ അവിടെ കണ്ട കാഴ്ചകളാണ് ഈ കവിതയിലെ പ്രതിപാദ്യം.]

ഇപ്പാരിലിന്നില്ലീവണ്ണമൊരു മഹാരാജധാനി
മുപ്പാരിലുമില്ല, മന്യേ മുകുന്ദപദം [1]
അല്പവുമില്ലാതങ്ങുർവിയിങ്കൽപോയീ വാസുദേവൻ
ചിൽപുരുഷനോടുകൂടിപ്പരമപദം [2]

പശ്ചിമപയോധിയുടെ നടുവിന്നാഭരണമാം
കശ്ചന പൊന്നുന്തുരുത്തുമതിന്റെ മീതേ
ദുശ്ച്യവനനഗരിയെ നാണിപ്പിച്ച രത്നപുരി
നിശ്ചലയായിട്ടു നിന്ന നിലയുമോർപ്പൂ.

ഭാഗവതിയായ പുരി പൊക്കംകൊണ്ടു നഭസ്സിന്റെ
ഭാഗത്തേയുമതിക്രമിച്ചനേകകാലം
ഭോഗവതിപുരിയുടെ തലയിലിരുന്നപോലും,
ഭോഗിശായിയോടുകൂടിപ്പോകയുംചെയ്തു.

ചുററുമംബരം ചുംബിക്കും പൊന്നുംപുറക്കോട്ടയ്ക്കക-
ത്തൊററരത്നക്കൽത്തളം ചെയ്തിരിക്കമൂലം
മുററമെല്ലാം മിനുങ്ങീട്ടു ചെററു തെളുതെളെമിന്നും
മുററുമെവിടെയുമാക്കും കണ്ണാടി കാണാം.

മുകളിലാകാശംമുട്ടമകമതിലുകടേയും
മുകപ്പുകടേയുമെണ്ണം ഗണിച്ചുകൂടാ.
മുകുന്ദന്റെ പദമെന്റെ മനോമയമായിരിക്കും
മുകരത്തിൽകണ്ടപോലെ പറഞ്ഞുകൂട്ടു.

സാലംതോറും നന്നാലുഗോപുരങ്ങളുണ്ടത്രയല്ല
സാലങ്കാരപുരദ്വാരങ്ങളുടെ നേരെ.
നാലുദിക്കിലോട്ടുമോരോ മഹാമാർഗ്ഗങ്ങളുണ്ടതിൽ
നാലിന്റേയും പാർശ്വങ്ങളിലാപണങ്ങളും

61/ 518—12

അങ്ങാടികളിലൊക്കെയുമാപണങ്ങളിലൊക്കെയും
മങ്ങീടാതെ മഹാലക്ഷ്മിയുടെ കടാക്ഷം

തങ്ങീടുകകൊണ്ടു ധനധാന്യാദികൾക്കിടം പോരാ,
പൊങ്ങീടുന്ന നാനാമണിഹേമാദികൾക്കും.

ഇന്ദിര രണ്ടെണ്ണായിരത്തെട്ടായിട്ടിരുന്നതുളും
മന്ദിരങ്ങളുമത്രയുമുണ്ടെന്നുവെപ്പൂ.

നന്ദഗോപപുത്രപുത്രപൗത്രാദി ഗൃഹഗണനം
ദന്ദശൂകേശനുമെളുതല്ല നിണ്ണയം.

പ്രദ്യോതനകോടിപ്രകാശന്മാരായി വിളങ്ങീടും
പ്രദ്യുമ്നാനിരുദ്ധാദിസത്മങ്ങളും സദാ

മദ്യമത്തനായ മാധവാഗ്രജൻെറ മന്ദിരവും
വിദ്യാവൃദ്ധനാമുദ്ധവരുടെ ഗൃഹവും

സാത്യകികൃതവമ്മാദിമഹാരഥന്മാരുടേയും
സാത്വതസംഘത്തിൻെറയും കുടികോടികൾ

സാദ്ധ്യസംഖ്യാദികളെല്ലാം സഹസ്രാന്തസഹസ്രവും
സാധ്വസത്തേ ഗമിച്ചിട്ടുമടങ്ങിവാങ്ങും.

ചിന്മയൻെറ പുരിക്കുള്ളിൽ ഗൃഹമില്ലാത്തിടമില്ല
പൊന്മയമല്ലാതെയില്ല ഗൃഹത്തിലെങ്ങും.

നിമ്മലമായ പൂങ്കാവും പൊയ്കയും വേണ്ടുന്നതെല്ലാം
നമ്മാലയന്തോറും വെവ്വേറെയുണ്ടെല്ലാക്കും

ജ്യേഷ്ഠനെമുമ്പിട്ടുചെല്ലും പ്രപഞ്ചപ്പെരുമാളുടെ
കോട്ടയ്ക്കകത്തകപ്പെട്ട പുരുഷന്മാക്കും

കേട്ടാലും പുരസ്ത്രീകൾക്കും കരിതുരഗാദികൾക്കും
വാട്ടംവിനാ വസിപ്പാനിപ്പാരിടം പോരാ.

പട്ടിണികൊണ്ടു മെലിഞ്ഞ പണ്ഡിതൻ കുശസ്ഥലി
പട്ടണം കണ്ടപ്പൊഴേ വിശപ്പും ദാഹവും

പെട്ടെന്നകന്നുവെന്നല്ല ഭക്തികൊണ്ടെന്നിയേ പണി-
പ്പെട്ടാലുമൊഴിയാത്ത ഭവാർത്തിയും തീൻ്റു.

രാമാനുജാഞ്ചിതരാജധാനി സൽക്കരിച്ചേകിയ
രോമാഞ്ചകഞ്ചുകപ്പായമിററനായി ചെഞ്ചെമ്മേ

സീമാതീതാനന്ദാശ്രുവിൽ കുളിക്കകൊണ്ടു കുചേല
ച്ചോമാതിരിക്കതു ചുമടായിച്ചമഞ്ഞു;

ഭക്തിയായ കാററു കൈകണക്കിലേററു പെരുകിയ
ഭാഗ്യപാരാവാരഭംഗപരമ്പരയാ

ശക്തിയോടുകൂടി വന്നു മാറിമാറിയെടുത്തിട്ടു
ശാർങ്ഗിയുടെ പുരദ്വാരം പൂകിക്കപ്പെട്ടു.

കുചേലവൃത്തം വഞ്ചിപ്പാട്ടു്]　　　　[രാമപുരത്തുവാര്യർ

അഭ്യാസം

1. ദ്വാരകാപുരിയുടെ വർണ്ണന സംക്ഷേപിച്ചെഴുതുക.
2. അർത്ഥമെഴുതുക.

    ഭക്തിയായ കാററു.. .. ..
    ....
    .... പൂകിക്കപ്പെട്ടു.

3. മുകളിൽ കുറിച്ച പദ്യഖണ്ഡത്തിൻെറ വൃത്തവും അലങ്കാരവും നിർണ്ണയിക്കുക.
4. സന്ധി കുറിക്കുക :—

    ചിന്മയൻ ; ഇപ്പാരു്.

5. സമാസം എഴുതുക :—

    സാലങ്കാരം, പശ്ചിമപയോധി.

6. രാമപുരത്തു വാര്യരെപ്പററി ഒന്നോ രണ്ടോ ഖണ്ഡിക എഴുതുക.

പാഠം 10

സീതയുടെ അടയാളവാക്യം

[അശോകവനത്തിൽ ഇരിക്കുന്ന സീതാദേവി പ്രിയതമന്റെ ദൂതനായ ഹനുമാനോട്ട് അടയാളവാക്യം പറയുന്നു.]

ശൃണു തനയ! പുനരൊരടയാളവാക്യം ഭവാൻ
ശ്രുതം ധരിച്ചു കർണ്ണേ പറഞ്ഞീടു നീ
ഭവതി പുനരതുപൊഴുതു വിശ്വാസമെന്നുടെ
ഭർത്താവിനുണ്ടായ്‌വരുമെന്നു നിർണ്ണയം.
ചിരമമിതസുഖമൊടുരുതപസി ബഹുനിഷ്ഠയാ
ചിത്രകൂടാചലത്തിങ്കൽ വാഴും വിധൗ
പലലമതു പരിചിനൊടുണക്കുവാൻ ചിക്കി ഞാൻ
പാർത്തും കാത്തിരുന്നീടും ദശാന്തരേ
തിരുമുടിയുമഴകിനൊടു മടിയിൽ മമ വെച്ചുടൻ
തീർത്ഥപാദൻ വിരവോടുറങ്ങീടിനാൻ.
അതുപൊഴുതിലതി ചപലനായ ശക്രാത്മജ-
നാശു കാകാകൃതിപൂണ്ടു വന്നീടിനാൻ.
പലപൊഴുതു പലലശകലങ്ങൾ കൊത്തീടിനാൻ
ഭക്ഷിച്ചുകൊള്ളുവാനെന്നോർത്തു ഞാൻ തദാ
പരുഷതരമുടനുടനെടുത്തെറിഞ്ഞീടിനേൻ
പാഷാണജാലങ്ങൾകൊണ്ടതുകണ്ടവൻ
വപുഷി മമ ശിതചരണനഖരതുണ്ഡങ്ങളാൽ
വാട്ടോടു കീറിനാനേറെക്കുപിതനായ്.
പരമപുരുഷനുമുടനുണർന്നു നോക്കും വിധൗ
പാരമൊലിക്കുന്ന ചോര കണ്ടാകലാൽ
തൃണശകലമതികുപിതനായെടുത്ത ബ്രഹ്മം
ദിവ്യാസ്ത്രമന്ത്രം ജപിച്ചയച്ചീടിനാൻ.
സഭയമവനഖിലദിശി പാഞ്ഞുനടന്നിതു
സങ്കടം തീർത്തു രക്ഷിച്ചുകൊണ്ടീടുവാൻ.

അമരപതികമലജഗിരീശമുഖ്യന്മാക്ക-
മാവതല്ലെന്നയച്ചോരവസ്ഥാന്തരേ
രഘുതിലകനടിമലരിലവൾമൊട്ട വീണിതു,
“ രക്ഷിച്ചുകൊള്ളേണമെന്നെക്കൃപാനിധേ !
അപരമൊരു ശരണമിഹ നഹി നഹി നമോസ്തു തേ
ആനന്ദമൂർത്തേ ! ശരണം നമോസ്തു തേ. ”
ഇതി സഭയമടിമലരിൽ വീണു കേണീടിനാ-
നിന്ദ്രാത്മജനാം ജയന്തനുമന്നേരം.
സവിതൃകുലതിലകനഥ സസ്മിതം ചൊല്ലിനാൻ
സായകം നിഷ്ഫലമാകയില്ലെന്നുമേ.
അതിനു തവ നയനമതിലൊന്നു പോം നിശ്ചയ-
മന്തരമില്ല നീ പൊയ്ക്കൊൾക നിർഭയം.
ഇതി സദയമനുദിവസമെന്നെ രക്ഷിച്ചവ-
നിന്നുപേക്ഷിച്ചതെന്തെന്നുടെ ദുഷ്കൃതം.
ഒരു പിഴയുമൊരുപൊഴുതിലവനൊട്ട ചെയ്തീല ഞാ-
നോർത്താലിതെന്നുടെ പാപമേ കാരണം.

അദ്ധ്യാത്മരാമായണം] [എഴുത്തച്ഛൻ

അഭ്യാസം

1. സീത ഹനുമാനോട്ട പറഞ്ഞ അടയാളവാക്യം സംഗ്രഹിച്ചെഴുതുക.
2. സന്ദർഭം കാണിച്ച് ആശയം വ്യക്തമാക്കുക :—
   സായകം നിഷ്ഫലമാകയില്ലെന്നുമേ.
3. വിഗ്രഹിച്ചു സമാസം എഴുതുക :—
   സദയം; അനുദിവസം; അടിമലർ ; ചിത്രകൂടാചലം.
4. സന്ധി വിവരിക്കുക :—
   ദിവ്യാസ്ത്രം ; അവസ്ഥാന്തരം.

മൂന്നു മുക്തകങ്ങൾ

I

[തൃശ്ശൂർ പൂരം കാണാൻ വന്ന ഗോസായിമാരുടെ ചിത്രം]

ചാരംതേച്ചു പിരിച്ച ചെഞ്ചിടകളിൽച്ചേരുന്ന രുദ്രാക്ഷവും,
പാരം കോപരസം കലന്ന മിഴിയും, മാന്തോൽ മരഞ്ചാടിയും
ക്രൂരം ചേന്ന കുഠാരമല്ല കൊടിലും കൈക്കൊണ്ടു മങ്ങാതെയ-
പ്പൂരത്തിങ്കൽ നടന്നിടുന്നൊരുവരെക്കൂസാതെ ഗോസായിമാർ

[വെൺമണി മഹൻ

II

[ഐശ്വര്യം വർദ്ധിക്കുമ്പോൾ ഭക്തി കുറഞ്ഞുപോകരുതെന്നാണ് മഹാരാജാവിനോടു പറഞ്ഞിരിക്കുന്നതു്.]

മർത്ത്യാകാരേണ ഗോപീവസനനിര കവ-
ർന്നോരു ദൈത്യാരിയെത്തൻ-
ചിത്തേ ബന്ധിച്ച വഞ്ചീശ്വര, തവ നൃപനീ-
തിക്കു തെറ്റില്ല, പക്ഷേ,
പൊൽത്താർ മാതാവിതാ തൻ കണവനെ വിട്ടവാ-
നാശ്രയിക്കുന്നു ദാസീ-
വൃത്ത്യാ നിത്യം ഭവാനെ, ക്കനിവവളിലുദി-
ക്കൊല്ല കാരുണ്യരാശേ!

[രേവങ്കര

III

[കൃഷിക്കോപ്പുകളെല്ലാം സ്വാധീനമായിരിക്കെ കൃഷിചെയ്തു ജീവിക്കുന്നതാണ് നല്ലതെന്നും ഭിക്ഷാടനം അരുതെന്നും ശ്രീപരമേശ്വരനോടു നേരമ്പോക്കായി പറയുന്നു.]

വെള്ളം വെണ്ണീർ വൃഷം വെൺമഴ വരകരിതോ-
ലാര്യവിത്താധിപൻ തൊ-
ട്ടുള്ളോരീ നൽക്കൃഷിക്കോപ്പുകളഖിലമധീ-
നത്തിലുണ്ടായിരിക്കെ
പള്ളിപ്പിച്ചക്കെഴുന്നള്ളരുതു പുരരിപോ!
കാടുവെട്ടിത്തെളിച്ചാ
വെള്ളിക്കുന്നിൽക്കൃഷിച്ചെയ്യുക പണിവതിനും
ഭൂതസാർത്ഥം സമൃദ്ധം.

[ശീവൊള്ളി

അഭ്യാസം

1. ഈ ശ്ലോകങ്ങളെ പരാവർത്തനം ചെയ്യുക.
2. രണ്ടാമത്തെ ശ്ലോകത്തെപ്പററി ഒരു ആസ്വാദനമെഴുതുക.
3. വെൺമണി മഹൻ, ഒറവങ്കര, ശീവൊള്ളി ഇവരെപ്പററി മൂന്നോ നാലോ വാക്യംവീതം എഴുതുക.
4. സന്ധി കുറിക്കുക :—
   ചെഞ്ചിട ; മാന്തോൽ ; പൊൽത്താർ ; വെണ്ണീർ.
5. സമാസം നിർണ്ണയിക്കുക :—
   മരംചാടി ; പൊൽത്താർമാതാവ്.
6. ഒന്നാമത്തേയും രണ്ടാമത്തേയും ശ്ലോകങ്ങളിലെ വൃത്തം നിർണ്ണയിക്കുക.

പാഠം 12

ഒരു സന്ദേശം

[മലയാളഭാഷയ്ക്കു് അമൂല്യമായ സംഭാവനകൾ നല്കിയിട്ടുള്ള ഒരു മഹാശയനാണു് കേരളവർമ്മ വലിയകോയിത്തമ്പുരാൻ (1020-1090). അഭിജ്ഞാനശാകുന്തളം തർജ്ജമ, മയൂരസന്ദേശം, അക്ബർ, മഹച്ചരിതസംഗ്രഹം മുതലായവയാണു് അദ്ദേഹത്തിന്റെ പ്രധാന മലയാള കൃതികൾ. സംസ്കൃതത്തിലും അനേകം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. ഒരിക്കൽ അദ്ദേഹത്തിനു് പ്രേയസിയെപ്പിരിഞ്ഞു് ഹരിപ്പാട്ടു താമസിക്കേണ്ടിവന്നു. അക്കാലത്തൊരു ദിവസം ദേവാലയത്തിൽ ഉള്ള ഒരു മയിലിനെ അദ്ദേഹം കാണാനിടയായി. തിരുവനന്തപുരത്തു താമസിക്കുന്ന പ്രേയസിക്കു് ആ പക്ഷിമുഖാന്തിരം സാങ്കല്പികമായ ഒരു സന്ദേശം അയയ്ക്കാമെന്നു് അദ്ദേഹം വിചാരിച്ചു. അതിന്റെ ഫലമായുണ്ടായതാണു് മയൂരസന്ദേശം. താഴെക്കൊടുത്തിട്ടുള്ളതു് ആ കാവ്യത്തിലുള്ള സന്ദേശ വാക്യമാണു്.]

1

ഓമൽപ്പിച്ചിച്ചെടിലത മരുല്ലോളിതാ വർഷബിന്ദു-
സ്തോമക്ലിന്നാ പുതുമലർ പതുക്കെസ്സടിപ്പിച്ചിടുമ്പോൾ,
പ്രേമക്രോധക്ഷുഭിത ഭവതീ ബാഷ്പധാരാവിലാംഗീ
ശ്രീമന്മന്ദസ്മിതസുമുഖിയാകുന്നതോർമ്മിച്ചിടുന്നേൻ.

2

പ്രാണേശിത്രി! പ്രണയമസൃണേ! വല്ല ജോലിക്കുമായ് ഞാൻ
വാണേനെന്നാലൊരു പകലകന്നല്പദൂരേപ്യഗാരേ
കേണേറ്റം നീ വലയുവതു ഞാൻ കേൾപ്പതുണ്ടെന്നതിന്നാ-
ലാണേ ചേതസ്സതിചകിതമാകുന്നതേണേക്ഷണേ! മേ.

3

ലീലാരണ്യേ വിഹഗമൃഗയാലോലനായേകദാ ഞാൻ
നീലാപാംഗേ, കമപി നിഹനിച്ചീടിനേൻ നീഡജത്തെ;
മാലാർന്നാരാൽ മരുവുമിണയെക്കണ്ടു നീ താം ച നേതും
കാലാഗാരം സപദി കൃപയാ കാതരേ! ചൊല്ലിയില്ലേ ?

4

ഈ ലോകത്തിൽ സുഖമസുഖവും മിശ്രമായ്ത്താനിരിക്കും
മാലോകർക്കും മതിമുഖി, വരാറില്ലയോ മാലനേകം ?
ആലോചിച്ചീവിധമവിധവേ! ചിത്തമാശ്വസ്തമാക്കി-
ക്കാലോപേതം കദനമതിനിക്കാണിക്കൂടി ക്ഷമിക്ക.

5

ധീരത്വത്താലനതിശയിതേ, പൂരുഷന്മാരുമന്ത-
സ്സാരത്താൽ നിൻസദൃശതകലർന്നേറെയില്ലിപ്പാരിലില്ല ;
നേരത്രേ ഞാൻ നിരുപമഗുണേ ! നിന്റെ ധൈര്യത്തെയാണി-
ന്നേരത്തോക്കുന്നതു ദൃഢതരാലംബമായംബുജാക്ഷി.

6

ലോകത്രാണോദ്യതനവിരതം സേവയാലാവയോര-
സ്തോകപ്രീതാശയനദയദക്ഷാഭനാം ശ്രീവിശാഖൻ
കോകദ്വന്ദ്വത്തൊടു സദൃശമായ് സന്തപിക്കും നമുക്കി-
ശ്ലോകത്തെത്തീർത്തരുളുമുടനേ മംഗളം ഭംഗമെന്യേ.

മയൂരസന്ദേശം] [കേരളവർമ്മ വലിയകോയിത്തമ്പുരാൻ.

അഭ്യാസം

1. ഈ സന്ദേശം സംഗ്രഹിച്ചെഴുതുക.

2. അർത്ഥമെഴുതുക :—
ഓമൽപ്പിച്ചിച്ചെടി............................ ....
..................സുമുഖിയാകുന്നതോർമ്മിച്ചിട്ടന്നേൻ.

3. സന്ദർഭം കാണിച്ച് ആശയം വ്യക്തമാക്കുക :—
(a) ഈ ലോകത്തിൽ സുഖമസുഖവും മിശ്രമായ്ത്താനിരിക്കും
(b) മാലാന്നാരാൽ മരുവുമിണയെക്കണ്ടു നീ താം ച നേത്തും
കാലാഗാരം സപദി കൃപയാ കാതരേ, ചൊല്ലിയില്ലേ

4. വൃത്തം നിർണ്ണയിക്കുക :—
ശോകത്തെത്തീർത്തരുളുമുടനേ മംഗളം ഭംഗമെന്യേ.

5. കേരളവർമ്മപ്രസ്ഥാനത്തെപ്പററി ഒരു ഖണ്ഡിക എഴുതുക.

6. സന്ദേശകാവ്യപ്രസ്ഥാനത്തെപ്പററി ഒന്നോ രണ്ടോ ഖണ്ഡിക എഴുതുക.

7. സന്ധി വിവരിക്കുക :—
മരുല്ലോളിതാ ; ദൂരേപ്യഗാരേ.

— —

പാഠം 13

ഹതനായ പ്രസേനൻ

[യശശ്ശരീരനായ കെ. സി. കേശവപിള്ള (1043—1089) അനേകം കവിതാഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ പ്രധാനകൃതികൾ കേശവീയം, ആസന്നമരണചിന്താശതകം, ആംഗലസാമ്രാജ്യം തർജ്ജമ, നാരായണീയം തർജ്ജമ എന്നിവയാണ്.

സ്യമന്തകം കഥയെ ആസ്പദമാക്കി രചിച്ച ഒരു മഹാകാവ്യമാണ് കേശവീയം. നിരർത്ഥകപദങ്ങൾ പ്രയോഗിക്കാതെയും, പ്രാസത്തിൽ ഭ്രമിക്കാതെയും, കൃത്രിമകല്പനകൾ ഒഴിവാക്കിയും, അനുചിത വർണ്ണനകൾ ഉപേക്ഷിച്ചും നിർമ്മിച്ചിട്ടുള്ള ഒരു കൃതിയാണതു്.

വേട്ടയ്ക്കുപോയ പ്രസേനനെ കൊലപ്പെടുത്തി സ്യമന്തകം മോഷ്ടിച്ചതു ശ്രീകൃഷ്ണനാണെന്ന് ഒരപവാദം പരന്നു. അതു് അടിസ്ഥാനരഹിതമാണെന്നു തെളിയിക്കാൻ ശ്രീകൃഷ്ണൻ കാട്ടിലേക്കു പുറപ്പെട്ടു. അദ്ദേഹം പ്രസേനൻെറ മൃതശരീരം കാണുന്നതാണു സന്ദർഭം.]

1

മൃതിവശഗതനായ് പ്രസേനവീരൻ
കുതിരയൊടൊത്തവിടെക്കിടന്നിരുന്നു
വിധിമഹിമയലംഘനീയമാണെ-
ന്നതിദയനീയമുരച്ചിടുന്നവണ്ണം.

2

കടുനിണമൊഴുകിപ്പടർന്നു ചുററും
കഠിനതപൂണ്ടു കറുത്തുനിന്നിരുന്നു ;
സ്ഫുടരുചിതടവും വിശാലവക്ഷ-
സ്തടമവഗാഢതരം പിളർന്നിരുന്നു

3

ഹരിതനിറമിയന്ന വാരവാണം
പലവഴി പൊട്ടി വിടർന്നിരുന്നുമെയ്യിൽ ;
വിഘടിത ജഠരാന്തരത്തിൽനിന്നും
കുടലുകൾ ചാടി വെളിക്കു വീണിരുന്നു.

4

സുരുചിരരതകലർന്ന വില്ലുമമ്പും
കരയുഗസന്നിധിയിൽ പതിച്ചിരുന്നു ;
കസവൊളിതിരളുന്ന തൊപ്പിയൂരി-
ത്തലയൊടുചേർന്നരികിൽ കിടന്നിരുന്നു.

5

ഘനതതിയുടെ കാന്തിയെജ്ജയിക്കും
ഘനതരകോമളമായ കേശജാലം
പലവഴി ചിതറിപ്പിണഞ്ഞുമണ്ണിൽ
പൊടിയുമണിഞ്ഞു കിടന്നിരുന്നു ചുററും.

6

മിഴിപകുതിയടഞ്ഞുകൃഷ്ണമാകും
മണിയെ മറച്ചുനിരാഭമായിരുന്നു,
കമലിനിയെ വെടിഞ്ഞലഞ്ഞു കത്തും-
വെയിലിലണഞ്ഞു കരിഞ്ഞ പങ്കജംപോൽ.

7

അധരയുഗളമല്പമായ് വിടർന്നി-
ട്ടിടയിൽവിളങ്ങിന ദന്തപംക്തി കണ്ടാൽ
അധികചപലമായ മർത്ത്യജന്മ-
സ്ഥിതിയെ നിനച്ചു ഹസിക്കയെന്നുതോന്നും.

8

പ്രകൃതിയുടയ ശാംബരീവിലാസം
ദൃഢമറിയുന്നവനെങ്കിലും മുകുന്ദൻ
ഝടിതി ഗളതലേ തടഞ്ഞബാഷ്പോൽ
ഗമമൊടുനിന്ന നിലയ്ക്കു നിന്നുപോയി.

കേശവീയം] [കെ. സി. കേശവപിള്ള

അഭ്യാസം

1. സ്യമന്തകം കഥ സംഗ്രഹിച്ചെഴുതുക.
2. അർത്ഥമെഴുതുക:—
   പ്രകൃതിയുടയ..... ....
   .... നിന്നുപോയി,
3. അലങ്കാരവും വൃത്തവും നിർണ്ണയിക്കുക:—
   അധരയുഗള.... ....
   ....ഹസിക്കയെന്നുതോന്നും.
4. രാജരാജവർമ്മപ്രസ്ഥാനത്തെപ്പററി ഒരു ഖണ്ഡിക എഴുതുക.
5. സമാസം വിവരിക്കുക:—
   വിധിമഹിമ; കസവൊളി.
6. സന്ധി കുറിക്കുക:—
   ചിതറിപ്പിണഞ്ഞു; പകുതിയടഞ്ഞു.

പാഠം 14

കളങ്കമററ കൈ

[ബാലാമണിയമ്മ, പ്രസിദ്ധ കവിയായ നാലപ്പാട്ട നാരായണമേനോന്റെ ഭാഗിനേയിയാണ്. അമ്മ, കടുംബിനി, ധമ്മമാർഗ്ഗത്തിൽ, കളിക്കൊട്ട, സ്ത്രീഹൃദയം മുതലായവയാണ് അവരുടെ കൃതികൾ.

കട്ടികളുടെ നിഷ്കളങ്കമായ സൗഭ്രാത്രപ്രകടനത്തെ നിരീക്ഷിക്കുന്ന ഒരു മാതാവിൻെറ ഒരനുഭവം ഇക്കവിതയിൽ അവർ ആവിഷ്കരിച്ചിരിക്കുന്നു.]

തൊട്ടിലാട്ടും ജനനിയെപ്പെട്ടെന്നു
തട്ടിനീക്കി രണ്ടോമനക്കയ്യുകൾ ;

കേട്ട പിന്നിൽനിന്നിക്കളഗീതി ഞാൻ !
"കാട്ടകെന്നുടെ കൊച്ചനിയത്തിയെ"

മണ്ണു വാരി മതിയാംവരെക്കളി-
ച്ചുണ്ണിയപ്പോൾത്തിരിച്ചെത്തിയേയുള്ളൂ.

അന്തിവിൺനിറംപൂണ്ട വദനത്തി-
ലങ്കരിച്ച വിശദസ്മിതത്തൊടും,

വൻതമസ്സിൻ മുളകൾപോലങ്ങിങ്ങു
ചിന്തിവീണ ചുരുൾമുടിച്ചാർത്തൊടും,

ആ മിടുക്കൻ കടന്നാ,നകത്തൊരു
സോമരശ്മിപോലുൾക്കുളിരേകുവോൻ

അമ്മ മന്ദമായാട്ടുന്ന തൊട്ടിലിൽ-
ത്തന്മകളുണ്ടുറങ്ങിക്കിടക്കുന്നു,

കാററുലയ്ക്കും സരസ്സിൻെറയോളത്തിൽ-
ക്കാണുമാമ്പലമൊട്ടെന്നപോലവേ.

എത്തിനോക്കുന്നു വാതായനംവഴി-
ക്കെട്ടുപത്തു നക്ഷത്രക്കുരുന്നുകൾ.

ചെററുചെററിളകീടുമത്തൊട്ടിലിൻ-
ച്ചുററഴികളിലൂടെയകംപൂകി,

മേൽക്കുമേൽ വിതറീടുന്നു ചമ്പക
പ്പൂക്കളെ സ്വയമന്തിവിളക്കൊളി.

ഏതു തേജസാ പൂജിതമല്ല നിൻ
നൂതനോദയസൗഭഗം ബാല്യമേ !

പാഞ്ഞണഞ്ഞിരുകൈകളാൽച്ചങ്ങല-
യാഞ്ഞമത്തിപ്പിടിച്ചു ധൃതൗത്സുക്യം,

ഉററുനോക്കിനാൻ തൊട്ടിലിനുള്ളിലേ-
ക്കൊട്ടുനേരമനങ്ങാതെ ബാലകൻ.

സ്വച്ഛനീലമാം വാനത്തു സന്ധ്യത-
ന്നജ്ജ്വലദ്വർണ്ണഭേദങ്ങൾ പോലവേ,

വിസ്മരിക്കയായ്, യപ്പൊഴക്കൺകളി-
ലത്ഭുതാഹ്ലാദവാത്സല്യഭാവങ്ങൾ.

"പോരുമിക്കളി; കുട്ടിയുണരുന്നോക്കും
മാറിനിൽക്കുകെ"ന്നമ്മ തടഞ്ഞാലും,

കൺമണിയുടെ നെററിമേൽസ്സോദരൻ
ചുംബനങ്ങൾ പൊഴിച്ചാൻ തെരുതെരെ.

അക്കുമാരിയുണന്നു, തുറന്നു തൻ-
നിഷ്പന്ദവിശാലനയനങ്ങൾ :

കോമളത്തുടും ചുണ്ടൊന്നു വക്രിപ്പി-
ച്ചോമലാളതാ, പുഞ്ചിരിക്കൊള്ളുന്നു.

"എന്നെനോക്കിച്ചിരിക്കുകയാണെ"ന്നു
ധന്യനഗ്രജൻ നൃത്തംചവുട്ടുന്നു !

പൊൽപ്പനിനീർപ്പളങ്ങളിൽസ്സാഹ്ലാദം
നിഷ്പതിക്കും ശലഭംകണക്കിനേ

നന്ദനൻെറ വലംകൈ വിളയാടീ,
നന്ദിനിയുടെ പൂവലംഗങ്ങളിൽ;

അഞ്ചിതാംഗുലികൊണ്ടു പിടിക്കയാൽ-
പ്പിഞ്ചുകയ്യതിൽപ്പൊൻവള ചാർത്തിച്ചും

തൻതലോടലാലാ മുളച്ചുവരും
കുന്തളങ്ങളിൽ കൈതപ്പൂ ചൂടിച്ചും,

നെഞ്ചിടത്തിൽപ്പതക്കമണിയിച്ചും,
നെററിമേൽപ്പുതുഗോരോചനം തേച്ചും,

കൈനഖകാന്തികൊണ്ടു തളിരിളം-
കാലിൽ വെള്ളിച്ചിലങ്കയിട്ടുവിച്ചും,

പൈതലിൻമെയ്യലംകൃതമാക്കി, ത-
ത്സോദരൻെറ വിരുതു തികഞ്ഞ കൈ.

ഉണ്ണിതൻെറയിക്കേളികൾ കാൺകയാൽ
കണ്ണിലാനന്ദബാഷ്പം പൊടിഞ്ഞാലും,

അമ്മ ശാസിച്ചാൾ; "നിൻ ചളിക്കയ്യുകൊ-
ണ്ടമ്മുവിൻ പൊന്നുമേനി തൊടായ്ക നീ"

വാക്കുകളാൽ കരിംപുതപ്പേന്തുന്ന
വാസ്തവമനോഭാവം പലപ്പോഴും

ഒന്നു വാടി മുഖാംബുജം ബാലനു
പിന്നെയല്പം തുടുത്തു കവിൾത്തടം

ചഞ്ചലമായ് ചിത്തം; വിറക്കൊണ്ടു
ചെഞ്ചൊടികളഭിമാനഭംഗത്താൽ;

അമ്മതന്നുള്ളുരുക്കുമാറേന്തി, യ-
ക്കൺമുനകളിൽത്തപ്താശ്രുബിന്ദുക്കൾ.

മാലിയററി മകന്നെ, നന്തതാപ-
ലോലമായ്ത്തീർന്ന മാതൃഹൃദയത്തിൽ,

മെല്ലെ മന്ത്രിച്ചിതേതോ മൃദുസ്വരം;
"ചെല്ലു, കാശ്വസിപ്പിക്ക തനയനെ;

പോയ്ത്തലോടട്ടെ തന്നനുജത്തിയെ-
പ്പേർത്തുമൻപുററ കൊച്ചുകൈകൊണ്ടവൻ.

അത്തനിത്തങ്കമെയ് തൊടാൻ മററു-
ണ്ടിത്രമാത്രം കളങ്കമററുള്ള കൈ ?"

അമ്മ] • [ബാലാമണിയമ്മ

അഭ്യാസം

1. ഈ കഥ സംഗ്രഹിച്ചെഴുതുക.
2. അർത്ഥമെഴുതുക:—

   അമ്മ മന്ദമായാട്ടുന്ന.... .

   നൂതനോദയസൗഭഗം ബാല്യമേ!
3. സന്ദർഭം കാണിച്ച് ആശയം വെളിപ്പെടുത്തുക :—

   (a) വാക്കുകളാൽ കരിംപുതപ്പേന്തുന്ന
   വാസ്തവമനോഭാവം പലപ്പോഴും

   (b) അത്തനിത്തങ്കമെയ്തൊടാൻ മററു-
   ണ്ടിത്രമാത്രം കളങ്കമററുള്ള കൈ ?
4. സമാസം നിർണ്ണയിക്കുക :—
   മുഖാംബുജം ; പൂവലംഗം.
5. സന്ധി കറിക്കുക :—

   തപ്താശ്രു ; കൈത്തപ്പ്.
6. അടിയിൽ വരയിട്ടിട്ടുള്ള വാക്കുകളെ വ്യാകരിക്കുക:

   <u>ആ മിടുക്കൻ കടന്നാ</u>, നകത്തൊരു
   സോമാശ്ശിപോലുൾക്കുളിരേകുവോൻ.

പാഠം 15

ജയ ജയ കേരള വസുധേ, മഹിതേ!

[ഈ കേരളഗാനത്തിന്റെ കർത്താവായ എൻ. ഗോപാലപിള്ള തിരുവനന്തപുരം സയൻസ് കോളേജിൽ സംസ്കൃതാദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. കുറേക്കാലം കഴിഞ്ഞ് തിരുവനന്തപുരം സംസ്കൃതകോളേജിൽ പ്രിൻസിപ്പൽ ആയി. അവിടെയിരിക്കുമ്പോഴാണ് ഉദ്യോഗത്തിൽനിന്നു വിരമിച്ചത്. മലയാളം എൻസൈക്ലോപീഡിയായുടെ ചീഫ് എഡിറ്റർ ആയി ജോലിനോക്കിയിരുന്നു. നവമുകുളം, പ്രേമസുഷമ, ദിവ്യദർശനം തുടങ്ങിയ കവിതാഗ്രന്ഥങ്ങളും, മാനവസംസ്കാരം, ചിന്താദീപം, കല്പനാശില്പം തുടങ്ങിയ ഗദ്യകൃതികളും അദ്ദേഹം മലയാളഭാഷയ്ക്കു നൽകിയിട്ടുള്ള സംഭാവനകളാണ്. ആശാന്റെ ചിന്താവിഷ്ടയായ സീത, ഉള്ളൂരിന്റെ പ്രേമസംഗീതം, ടാഗോറിന്റെ ഗീതാഞ്ജലി, മുതലായ കൃതികളെ അദ്ദേഹം സംസ്കൃതത്തിലേയ്ക്കു തർജ്ജമ ചെയ്തിട്ടുണ്ട്. ദിവ്യദർശനം എന്ന ഗ്രന്ഥത്തിൽനിന്നെടുത്തിട്ടുള്ളതാണ് ഇക്കവിത.]

മുത്തും പവിഴവുമൊത്തുകലർത്തി-
ക്കോർത്തോരു ഹാരപരമ്പരതിരളും
തിരുമുൽക്കാഴ്ചകൾ വീണ്ടും വീണ്ടും
തൃക്കാൽക്കൽ തിരമാലക്കൈയാൽ
വാരിക്കൂട്ടിക്കുമ്പിട്ടീടു-
ന്നാരെപ്പശ്ചിമപാരാവാരം,
അമ്മഹിമോജ്ജ്വലയാമെന്നമ്മേ,
ജയ ജയ കേരളവസുധേ, മഹിതേ!

അണുവായണുവിൽ മഹത്തിൽ മഹത്തായ്
തവ തൃപ്പാദം തഴുകും മണലിൻ-
തരിയുടെ കരളിലൊതുങ്ങീടുന്നൊരു
ഭുവനാവനസംഹാരക്ഷമമാം
തേജസ്സറിവോർ തേടുന്നമ്മേ,
ജയ ജയ കേരളവസുധേ, മഹിതേ!

മദകരിമസ്തകമുരയും നേരം
ചോരും സൌരഭപൂരം ചേരും
ചന്ദനവനസംഹതിയാൽ മരതക-
രഞ്ജിതമൌലിയെഴും മലയത്താൽ
സന്തതസംരക്ഷിതയാമമ്മേ;
ജയ ജയ കേഴളവസുധേ, മഹിതേ!

അമൃതുനിറഞ്ഞു തുളുമ്പും കാഞ്ചന-
കലശംപേറും കേരാവലിയും,
നവമാണിക്യം മരതകമെന്നിവ
കോർത്തുടനീളം ചാർത്തിയ മുളകിൻ-
കൊടികളെഴും ദ്രുമതതിയും, പവിഴ-
ത്തൊങ്ങൽ തിളങ്ങും കമുകിൻനിരയും
താവകഭൂതി വളർത്തുന്നമ്മേ,
ജയ ജയ കേരളവസുധേ, മഹിതേ !

ഒരുനാളും വരളാതൊരു പുഴകളി-
ലൊഴുകും തെളിനീർ തിങ്ങിനിറഞ്ഞൊരു
സരസികൾ നിൻകവിഹൃത്തുകളെപ്പോൽ
നിഴലിപ്പിക്കുന്നുലകും വാനും
പ്രകൃതിയുമിങ്ങല്ലാതെങ്ങമ്മേ,
ജയ ജയ കേരളവസുധേ, മഹിതേ !

മധുരിക്കുന്നൊരു വാക്കും നോക്കും
നടയും വടിവും കരളുമിയന്നോർ
മഹിളാജായാദ്യാദർശത്തിനു
മാതൃത്വത്തിനു മാതൃകയായോർ
പുത്രികൾ തവ ശുഭധാത്രികളമ്മേ,
ജയ ജയ കേരളവസുധേ, മഹിതേ !

എതിരിടുവോർക്കു ഭയങ്കരരായൊ-
ത്തൊരുമിപ്പോർക്കഭയംകരരായോർ
ബുദ്ധിയിൽ വിദ്യയിൽ വീര്യവിഭൂതിയി-
ലൗദാര്യത്തിലുമഗ്രിമരായോർ
തവ സുതരവരൊടു സമരാരമ്മേ,
ജയ ജയ കേരളവസുധേ, മഹിതേ !

ശങ്കരഭഗവത്പാദർ തുടങ്ങി-
ശ്രീനാരായണഗുരുവരെയുള്ളൊരു
യതിവരർ, നിൻകിളിതൻകളമൊഴിയിലു-
മദ്വൈതാമൃതധാര പൊഴിച്ചോർ.
കൃത്തിൽ, കഥകളിയിൽ, ഫലിതോക്തികൾ
തള്ളിത്തുള്ളും തുള്ളൽപ്പാട്ടിൽ

കലകൾക്കായ് ശ്രീകോവിൽ കിളർത്തിയ
സുകൃതികൾ മണ്ണിനെ വിണ്ണാക്കിടുവോർ
നിൻപാലമൃതു നുകർന്നവരമ്മേ,
ജയ ജയ കേരളവസുധേ, മഹിതേ!

മലയഹിമാലയ ഗിരിവരരാലും,
പൂർവാപരവരജലധികളാലും
പരിതോവൃതമാം ഭാരതഭുവിൻ-
പെരുമയുമൊരുമയുമൊത്തുപുലർത്തി
സുതരാം സുതഹിതരതയായമ്മേ,
ജയ ജയ കേരളവസുധേ, മഹിതേ!

ദിവ്യദർശനം] [എൻ. ഗോപാലപിള്ള

അഭ്യാസം

1. ഈ കവിതയിൽ വെളിപ്പെടുന്ന ദേശാഭിമാനത്തെ അടിസ്ഥാനമാക്കി ഒരു ഉപന്യാസം എഴുതുക.

2. അർത്ഥമെഴുതുക:—

   അണവായഗാവിൽ. . . . .

   . . . . .വസുധേ മഹിതേ!

3. സമാസം നിർണ്ണയിക്കുക:—
   തിരമാലക്കൈ ; കാഞ്ചനകലശം

4. സന്ധി കുറിക്കുക:—
   ഉല്പാദം ; ഫലിതോകമി

5. വൃത്തം നിർണ്ണയിക്കുക:—

   മുത്തും പവിഴവുമൊത്തുകലർത്തി-
   ക്കോർത്തൊരു ഹാരപരമ്പര തിരളും.

പാഠം 16

ആട്ടം

[ഇക്കവിത രചിച്ച കെ. കെ. രാജാ തൃശ്ശൂർ സെൻറ് തോമസ് ഹൈസ്കൂളിൽ ചിരകാലം ഭാഷാദ്ധ്യാപകനായി ജോലിനോക്കിയിട്ട് വിരമിച്ചിരിക്കുകയാണ്. ബാഷ്പാഞ്ജലി, വെള്ളിത്തോണി, ഹർഷാഞ്ജലി മുതലായവയാണ് അദ്ദേഹത്തിൻെറ കൃതികൾ. ഹർഷാഞ്ജലിയിൽ നിന്നെടുത്തിട്ടുള്ള ഒരു ഗീതകമാണ് ഇക്കവിത.

ഇതിൽ നക്ഷത്രങ്ങളെയും ചന്ദ്രനെയും ആകാശമാകുന്ന മണൽത്തട്ടിൽ നൃത്തമാടുന്ന സ്വർഗ്ഗസ്ത്രീകളായി സങ്കല്പിച്ചിരിക്കുന്നു.]

താരകളല്ലിക്കാണ്മതാകാശമണൽത്തട്ടി-
ലാദരാമൽ സ്വർഗ്ഗസ്ത്രീകളാട്ടമാടുകയത്രെ.
അഴകിന്നവസാനമില്ലവർക്കീലോകത്തും
പൊഴിയുന്നിതാ ലജ്ജാമാധുര്യം മഴപോലെ.

തിങ്കളെന്നൊരു മഹാറാണിയെക്കാണ്മാനുണ്ടു
തൻകരം ചലിക്കുമാറാടുവാൻ നടുക്കിതാ.
താരകൾ പഠിക്കുന്ന പാട്ടു പാടീടുന്നുണ്ടു
ചാരുനക്ഷത്രാകൃതി പൂണ്ടൊരീ നാകസ്ത്രീകൾ,

മർത്ത്യനീ സ്വൈരംകെട്ട ജീവിതബഹളത്തി-
ലിത്തിരിനേരത്തോളമാശ്വസിക്കണമെങ്കിൽ
സ്വാമികെട്ടിയ സാക്ഷാൽക്കോട്ടയിലെന്നും കാണാം
പ്രേമത്തിൻമാഹാത്മ്യത്തെ വാഴ്ത്തുമിദ്ദിവ്യോത്സവം.

ഒന്നരക്കാശെങ്കിലും ചെലവില്ലിതു ദൈവം
തന്ന കണ്ണുകൊണ്ടൊന്നു നോക്കിയാൽ കാണാമാർക്കും.

ഹർഷാഞ്ജലി] [കെ. കെ. രാജാ

അഭ്യാസം

1. ഈ ഗീതകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ആശയത്തെ ആസ്പദമാക്കി ഒരു ഖണ്ഡിക എഴുതുക.
2. സന്ദർഭം കാണിച്ച് ആശയം വെളിപ്പെടുത്തുക:—
   ഒന്നരക്കാശെങ്കിലും ചെലവില്ലിതു ദൈവം
   തന്ന കണ്ണുകൊണ്ടൊന്നു നോക്കിയാൽ കാണാമാർക്കും.
3. സമാസം എഴുതുക:—
   ആകാശമണൽത്തട്ട്; നക്ഷത്രാകൃതി.
4. സന്ധി കുറിക്കുക:—
   ദിവ്യോത്സവം; ഒന്നാമൊന്ന്.

പാഠം 17

തുമ്പപ്പൂവ്

[മലയാളഭാഷയ്ക്കുവേണ്ടി ആയുഷ്കാലം മുഴുവനും അത്യദ്ധ്വാനംചെയ്ത ഒരു മഹാകവിയാണ് ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ (1052—1124), അദ്ദേഹം. ഉമാകേരളം, താരഹാരം, കിരണാവലി, അമൃതധാര, തരംഗിണി, മണിമഞ്ജൂഷ മുതലായ പദ്യഗ്രന്ഥങ്ങളും, കേരളഭാഷാസാഹിത്യചരിത്രം, വിജ്ഞാനദീപിക മുതലായ ഗദ്യഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. ഇവിടെ ഉദ്ധരിച്ചിട്ടുള്ളത് തരംഗിണിയിൽനിന്നെടുത്ത ഒരു കവിതയാണ്. ഇതിൽ ഉൽകൃഷ്ടമായ ഒരു ജീവിതാദർശം ചൂണ്ടിക്കാണിച്ചിരിക്കുന്നു.]

സന്ധ്യയ്ക്കു മാനത്തു മലർന്ന താര-
ത്താരത്തുയും കണ്ടു ചെടിച്ച കണ്ണേ!
കനിഞ്ഞിടാമൊന്നിനി, നിന്റെ നോട്ടം
കുപ്പക്കുഴികളിലുമെത്തിടട്ടെ. 1

പറമ്പിലങ്ങിങ്ങു പകച്ചൊതുങ്ങി-
പ്പാവങ്ങളാം തുമ്പകളൊട്ടനേകം
തുലോമവററിൻപുകളിന്നു വിത്താം
തൂവെൺമലർത്തെല്ലമണിഞ്ഞു നിൽപ്പൂ. 2

ജാതിച്ചുവട്ടിൽജ്ജലസേകമേകും
ജനങ്ങളിപ്പൂച്ചെടി കൈയനക്കി
വളർത്തിടുന്നില്ലതു പോട്ടെ; ദൂരെ
വലിച്ചുമാററുന്നതുമുണ്ടു! കഷ്ടം!! 3

ഉയർത്തി വെള്ളക്കൊടി കാട്ടുവോനെ-
യുന്മൂലനം ചെയ്യുമുദഗ്രപാണി
പരാക്രമം വാട്ടുമരിക്കൊതുങ്ങി-
പ്പാവങ്ങളെത്തച്ചു തരിപ്പു തീർപ്പൂ. 4

ജപാദിപുഷ്പങ്ങളിറുത്തു ചൂടി
ഞെളിഞ്ഞിരിക്കും വരവർണ്ണിനിക്കും
വേണിക്കരിങ്കാറിനിതിൻ നറുമ്പൂ-
വെള്ളിൽക്കിടാവിന്റെ വിഭൂഷയില്ല. 5

ഘ്രാണേന്ദ്രിയാരാമർ മനുഷ്യർ നിന്റെ
സതത്ത്വസദ്സമ്പത്തറിയാതെ പൂവേ!
ഹാ! നീ വെറും പ്രാകൃതഭൂമിയാമ-
ന്നപത്യമെന്നോർത്തധരീകരിപ്പൂ. 6

ഉണ്ടോ ഗുണം ? കൊൾവിനതൊന്നമാത്ര,-
മുൽപത്തിയും വംശവുമാരു കണ്ടു ?
ആഢ്യൻമുതൽക്കന്ത്യജനോളമാക്കും
പെററമ്മ ഭൂദേവി; പിതാവു ദൈവം. 7

ചേറിൽക്കുരുക്കുന്ന സിതാംബുജങ്ങൾ ;
കാറിൽപ്പിറക്കുന്ന പയഃകണങ്ങൾ ;
മങ്ങിക്കിടക്കുന്നൊരു പൃഷ്ഠഭൂമി
മഹാർഹചിത്രം വരവാൻ മനോജ്ഞം. 8

വിത്തത്തെ വൃത്തത്തിനുമീതെയുണ്ടോ
വിജ്ഞൻെറ നേത്രം വിലവെച്ചിടുന്നു ?
പൂജയ്ക്കു നാം കുത്തുവിളക്കുതന്നെ
കൊളുത്തണം ; വൈദ്യുതദീപമല്ല. 9

താൻ തീർത്ത പാഴ്പ്പുൽക്കൊടി പോംവഴിക്കു
ധാതാവിനും പോകണമൊട്ടുനാളിൽ ;
നാകത്തിനും നാകുവിനും ശരിക്കു
നൽകുന്നതുണ്ടൊപ്പനിരപ്പു കാലം. 10

ആരുച്ചർ ? ആർ നീചർ ? അനാര്യമാമീ-
യസ്മൽഗൃഹച്ഛിദ്രമദൃഷ്ടപൂർവ്വം
അശേഷലോകത്തിനു മാനനത്തെ-
യപത്രപാനമ്രിതമാക്കിടുന്നു. 11

ഹാ! തത്ത്വമസ്യാദിമവാക്യരത്ന-
മഹാഖനേ! മാമകമാതൃഭൂവേ!
നിനക്കു പണ്ടേ പരദൈവമല്ലീ
ഗിരീശനെപ്പോലെ പയോധിശായി ? 12

കുന്നേതു നിന്നിൽ ? കുഴിയേതു ? പാർത്താൽ
സർവ്വം പരബ്രഹ്മമയം സവിത്രി!
അന്നിൻമുലപ്പാൽ നുകരുന്ന ഞങ്ങ-
ളനോന്യഹത്യാരതരസ്മിതാന്ധർ ! 13

അത്യുച്ചനാകും ഹിമവാൻ കുഴിഞ്ഞൊ-
രാഴിക്കുമേൽ ഗംഗയൊഴുക്കിടുന്നു ;
അവൻെറ പുത്രന്നതുകൊണ്ടുപോരാ-
ഞ്ഞതിന്നകം പാർപ്പതിലാശതോന്നി. 14

അതാണു തായേ ! ഭവതിക്കു പണ്ടു-
ള്ളാദർശ, മച്ഛന്നു മകൻ മഹീയാൻ ;
താതൻ മറന്നാൽ തനയൻ തുടർന്നു
തദ്വൃത്തഖണ്ഡം പരിപൂർണ്ണമാക്കും. 15

ശിശുക്കൾതൻ പുഞ്ചിരിപോലെനിക്കു
ചിത്തം കളിപ്പിപ്പൊരു കൊച്ചുപൂവേ!
വെൺതിങ്കൾ രാകും പൊടികൊണ്ടു തീർത്തു
വേധസ്സു നിൻമെയ്യതിനില്ലവാദം. 16

തൈ നട്ടമൻപോടു തടം പിടിച്ചും,
തണ്ണീർ തളിച്ചും, തല വെട്ടിവിട്ടും,
ആരും പുലർത്താത്തൊരു നിൻചെടിക്കെ-
ന്താപ, ത്തനാഥാശ്രയമാണു ദൈവം! 17

പ്രഭാതജാഗ്രൽപവമാനപോത-
പര്യങ്കികാന്ദോളനഭാഗധേയം
ഞെളിഞ്ഞുനിൽക്കും പനിനീർമലർക്കും
നിനക്കുമൊപ്പം വിധി നൽകിടുന്നു. 18

അതിൻെറ നേത്രത്തിലഹർമ്മുഖത്തി-
ലതൃപ്തിദുഃഖാശ്രു നിറഞ്ഞിരിക്കാം;
ആഡംബരംവിട്ടൊരു നിൻെറ ദൃക്കി-
ലാനന്ദബാഷ്പാംബുവുമങ്കുരിക്കാം. 19

പ്രസന്നഹൃത്താൻ പറമ്പിലേതും
ഭാസ്വൽകരോരാംശു ഭയപ്പെടാതെ
വാടാക്കരൾത്തട്ടോടു നിൽപു ഹാ! നിൻ-
വരിഷ്ഠഗല്°മം വശവർത്തിജന്മം. 20

പയോജവും കൈരവവുംകണക്കു
പക്ഷംപിടിച്ചില്ലൊരു ഭാവഭേദം;
ആത്മോദ°ധൃതിക്കാത്മശരണ്യനാകു-
മങ്ങേയ്ക്കു രാവും പകലും സമാനം. 21

തരംഗിണി] [ഉള്ളൂർ

അഭ്യാസം

1. ഉള്ളൂരിൻെറ കവിതാശക്തിയെപ്പററി രണ്ടു ഖണ്ഡിക എഴുതുക.
2. അർത്ഥമെഴുതുക :— ഉയർത്തി വെള്ളക്കൊടി.......... ....
...............തരിപ്പു തീർപ്പൂ.
3. അലങ്കാരം നിർണ്ണയിക്കുക :— ചേറിൽക്കുരുക്കുന്നു............
മഹാർഹചിത്രം വരവാൻ മനോജ്ഞം.
4. ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, ഉപജാതി—എന്നീ വൃത്തങ്ങൾ തമ്മിലുള്ള വ്യത്യാസം വിവരിക്കുക.
5. സമാസം കുറിക്കുക :—
സിതാംബുജം ; വൈദ്യുതദീപം ; പയോധിശായി.
6. സന്ധി വിവരിക്കുക :— മഞ്ഞത്തല്ലു° ; തണ്ണീർ ; ആത്മോദ°ധൃതി.

പാഠം 18

ആ മലനാടൻമങ്കമാർ

[‘കളിയച്ഛൻ’ എന്ന സമാഹാരത്തിലുള്ളതാണു് ഈ കവിതാഖണ്ഡം. ഇതിന്റെ കർത്താവായ പി. കുഞ്ഞിരാമൻ നായർ കൊല്ലംകോട്ട രാജാസ് ഹൈസ്കൂളിൽ ഭാഷാദ്ധ്യാപകനായി ജോലിനോക്കിയിരുന്നു. നിറപറ, കളിയച്ഛൻ, പടവാൾ, അനന്തൻകാട്ടിൽ, മൺകുടത്തിന്റെ വില തുടങ്ങി അനേകം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. തിരുനാവാക്ഷേത്രഗോപുരത്തിലെ തൂണുകളിൽ കൽവിളക്കേന്തി നിൽക്കുന്ന രണ്ടു സ്ത്രീപ്രതിമകളെക്കുറിച്ചാണു് ഇവിടെ പറയുന്നതു്.]

കേരളശ്രീകോവിലിന്റെ ഗോപുരങ്ങൾ കാക്കുവോരേ,
ധീരരാം തരുണർ വീണ വീരരംഗമോർക്കുവോരേ.

അന്തിതോറുമമ്പലത്തിൽപ്പൊൻതിരികൾ വെയ്ക്കുവോരേ,
ചന്തമേറുമാൽമരത്തിൽ ചെന്തളിരു ചാർത്തുവോരേ,

കേശഭാരം വാമഭാഗേ ചാച്ചുകെട്ടി വെച്ചവരേ,
കേതകത്തുനെറ്റിതന്നിൽക്കുന്തളങ്ങൾ ചിന്തിയോരേ,

പൊൻപതക്കം തോട കട്ടിക്കാപ്പുകളണിഞ്ഞവരേ,
അഞ്ജനവും ചാന്തുപൊട്ടും ചന്ദനവും ചാർത്തിയോരേ,

എങ്ങുനിന്നീമന്നിൽ വന്നു മംഗളാംഗിമാരേ, നിങ്ങൾ ?
തെങ്ങിനത്തിൽത്തങ്ങിനില്ക്കും പൊൻകുലയിൽനിന്നോ വന്നു ?

നല്ലിളയ പെൺകവുങ്ങിന്നല്ലികളിൽ നിന്നോ വന്നു ?
കാറ്റിലാടും നീൾകരിമ്പിൻനീരിൽനിന്നോ നിങ്ങൾ വന്നു ?

കാളിമകലർന്നു ചീറ്റും കാർമുകിലിൽനിന്നോ വന്നു ?
ചാട്ടുകാരൻതാൻ രചിച്ച നാടകങ്ങൾ കണ്ടുകൊണ്ടേ

നാന്മറമറവിൽനിന്നു പുഞ്ചിരി ചൊരിഞ്ഞുകൊണ്ടേ
ആലിലമേൽക്കേറിനിന്നു ലീലയാടും നീലബാലൻ

കാലിമേച്ചു വേണുവൂതും കാട്ടിൽനിന്നോ നിങ്ങൾ വന്നു ?
ശ്രീതഴകും നിങ്ങളുടെ താതനേതു ദേവശില്പി ?

കണ്ണടച്ചുനില്പതെന്തെന്നുല്പലാക്ഷിമാരേ, നിങ്ങൾ ?
സഞ്ചരിപ്പതേതു വാനിൽ സുന്ദരങ്ങൾ നെഞ്ചകങ്ങൾ ?

പ്രേമരൂപൻ ശ്രീമുകുന്ദനോമനിച്ചു മാറണയ്ക്കും,
താമരപ്പൂമാല കോർക്കും ശ്യാമളാംഗിമാരോ നിങ്ങൾ ?

ചിങ്ങമാസം കൊയ്ത്തുവെയ്ക്കും പൊൻകതിർക്കുലകളേന്തി,
ശാന്തിവിശ്രും സാന്ധ്യകാലകാന്തികളിൽ നീന്തി നീന്തി,

ആമ്പല്പ്പൂ പൂത്തുനില്ക്കും പാടവും പറമ്പുമേറി,
'തിങ്ങൾഭജന'ത്തിന്നിങ്ങു നിങ്ങൾവന്നോ മങ്കമാരേ ?

പൂവിടുന്ന മാവിലെത്തിക്കൂടിയ കുയിലുകളോ ?
കാറിളകും മാമലയിലാടിടും മയിലുകളോ ?

ഗോപുരത്തിൽത്തങ്ങിനില്ക്കും ശാരികാകിശോരിമാരോ ?
ചാരുതവഴിയുമിരുതാരകാകുമാരിമാരോ ?

ആനതാംഗിമാരേ നിങ്ങൾക്കായിരം വയസ്സുചെന്നു
ആഴിയിൽപ്പിമ്പെത്രകോടി നീർക്കുമിള നീറടിഞ്ഞു ?

നീലവാനിലെത്ര കന്നിപ്പൂനിലാക്കളി കഴിഞ്ഞു ?
തേനുറന്നുനിന്ന പൂക്കളെത്രയെണ്ണം മണ്മറഞ്ഞു ?

ആതിരനാൾക്കൂടിയാടിയെത്രതാരം വേർപിരിഞ്ഞു ?
എന്തുജാലമന്നുമിന്നും കന്യകമാർതന്നെ നിങ്ങൾ !

നല്ലിളംതേനൊത്ത നാട്ടുചൊല്ലുകളറിഞ്ഞുകൂടേ ?
കാട്ടുപൂക്കൾപോലുള്ളോണപ്പാട്ടുകളറിഞ്ഞുകൂടേ ?

ഇത്രകാലം നൃത്തമാടിക്കാൽകഴച്ചു നില്പതാമോ ?
ഇത്രകാലം പാട്ടുപാടി മെയ്‌തളർന്നു നില്പതാമോ ?

കളിയച്ഛൻ] [പി. കുഞ്ഞിരാമൻ നായർ

അഭ്യാസം

1. മാമാങ്കം, ചാവേറുപട, എന്നിവയെപ്പറ്റി ഓരോ ഖണ്ഡിക എഴുതുക.
2. സന്ദർഭം കാണിച്ച് ആശയം വെളിപ്പെടുത്തുക :—
   എന്തുജാലമന്നുമിന്നും കന്യകമാർതന്നെ നിങ്ങൾ !
3. വിഗ്രഹിച്ച് സമാസം കുറിക്കുക :—
   പൂനിലാവ് ; നീർക്കുമിള ; മാമല.
4. പിരിച്ചെഴുതി സന്ധി വിവരിക്കുക :—
   നാന്മറ ; പൂവിടുന്ന ; കട്ടിക്കാപ്പ്.

COCHIN-11
ERNAKULAM

പാഠം 19

പുരാണങ്ങൾ

[ചിത്രയോഗം, സാഹിത്യമഞ്ജരി, ബന്ധനസ്ഥനായ അനിരുദ്ധൻ, ബധിരവിലാപം, മഗ്ദലനമറിയം തുടങ്ങിയ സ്വതന്ത്രകൃതികളും വാല്മീകിരാമായണം, ഋഗ്വേദം മുതലായവയുടെ തർജ്ജമകളും രചിച്ച ഒരു മഹാകവിയാണ് വള്ളത്തോൾ നാരായണമേനോൻ (1054-1133). സാഹിത്യമഞ്ജരി രണ്ടാം ഭാഗത്തിൽ ഉള്ള ഒരു കവിതയാണ് താഴെ കൊടുത്തിട്ടുള്ളത്. ഇതിൽ പുരാണങ്ങളുടെ മാഹാത്മ്യത്തെ വാഴ്ത്തിയിരിക്കുന്നു.]

ഭാസകാളിദാസാദ്യന്മാരെയും പുലർത്തിയ
ഭാസുരസാരസ്വതഭണ്ഡാരപ്പുരകളേ,
ദുർഗ്രഹമാഹാത്മ്യമാമാമ്നായാദ്രിയിൽനിന്നു
നിർഗ്ഗമിച്ചൊഴുകിയ നിർമ്മലനദികളേ,
ഉച്ചൈരുപനിഷദ്ദേവതാക്ഷേത്രങ്ങളേ,
സച്ചതുർവർഗ്ഗാഭിഖ്യസസ്യകക്ഷേത്രങ്ങളേ,
പേർപെറുമാര്യന്മാർതൻ വിജയസ്തംഭങ്ങളേ,
ശ്രീപുരാണാഗ്ര്യങ്ങളേ, നിങ്ങൾക്കു നമസ്കാരം!

തേനൊലിപ്പഴങ്ങളും, തൂമണം തുളുമ്പുന്ന
സൂനങ്ങൾതോറും തത്തിക്കളിക്കും കുളിർകാറ്റും,
മാനസംതെളിഞ്ഞുള്ള പക്ഷികളുടെ കള-
ഗാനവും ചേരും ലീലാരാമങ്ങൾ ചിലദിക്കിൽ
താമരയിലകളാൽ പച്ചവില്ലീസ്സു പുത-
ച്ചാമട്ടിൽ വിളങ്ങുന്ന പൊയ്കകൾ ചിലദിക്കിൽ
നക്ഷത്രങ്ങളെച്ചൂഡാരത്നങ്ങളാക്കും നാനാ-
വൃക്ഷങ്ങൾതിങ്ങും ശൈലാരണ്യങ്ങൾ ചിലദിക്കിൽ
പാറമേൽത്തട്ടിപ്പാരം പളുങ്കിന്മണിചിന്നി-
ച്ചാരവമോടേ പായും പുഴകൾ ചിലദിക്കിൽ
പ്രകൃതിരമണീയം, ശാന്തഗംഭീരം, ഹാ! ഹാ!
സുകൃതിനിഷേവ്യമേ, നിങ്ങൾതൻ മഹാരാജ്യം!

ദണ്ഡനാധികാരത്താൽ കണ്ണുരുട്ടിയോ, സ്നേഹാ-
ഖണ്ഡശക്തിയാൽ കൈയ്ക്കു പിടിച്ചുനിറുത്തിയോ,
ഭംഗിയിലനുരാഗാലങ്കാരച്ചുതഴുകിയോ
നിങ്ങൾ പിന്തിരിപ്പിപ്പൂ, ദുഷ്ടതത്തിൽനിന്നെന്നെ.
മണ്ണിനെപ്പൊന്നാക്കുന്ന മായതൻകളിത്തരം
കണ്ണിമയ്ക്കാതെ നോക്കിക്കണ്ടേററം ചിരിക്കുന്തു
മർത്ത്യജീവിതപുഷ്പം ചേററിൽ വീഴുവതോർത്തി-
ട്ടുതലാൽക്കരയുന്തു തൽക്ഷണംതന്നേ നിങ്ങൾ.
നീതിയുമനീതിയും ധർമ്മവുമധർമ്മവും
വേർതിരിച്ചിഹ നിങ്ങൾ ഭരണം നടത്തുന്നു;
പൈതലാം ലോകത്തിന്നു വിശ്രമാനന്ദം നൽകാൻ
പ്രീതിയിൽത്താലോലിച്ചു താരാട്ടും പാടീടുന്നു.
ചെങ്കോലു ദൂരത്തിട്ടു യോഗദണ്ഡെടുക്കുന്നു
പൊൻകിരീടത്തെജ്ജടാജൂടമായ് മാററീടുന്നു.
സ്വർഗ്ഗവും തൃണപ്രായം നിങ്ങൾക്കു ജഗത്തിങ്കൽ
മുഖ്യമായൊന്നേയുള്ളു: സ്വാതന്ത്ര്യം—സാക്ഷാൽ മോക്ഷം.

സാഹിത്യമഞ്ജരി] [വള്ളത്തോൾ

അഭ്യാസം

1. പുരാണങ്ങളുടെ മാഹാത്മ്യത്തെപ്പററി കവി പറയുന്നതു് സംക്ഷേപിച്ചെഴുതുക.
2. അർത്ഥമെഴുതുക:—
   ദണ്ഡനാധികാരത്താൽ............
   ....ഭരണം നടത്തുന്നു.
3. വിഗ്രഹിച്ചു സമാസം കുറിക്കുക:—
   ശൈലാരണ്യങ്ങൾ ; മർത്ത്യജീവിതപുഷ്പം.
4. അടിയിൽ വരയിട്ടിട്ടുള്ള വാക്കുകളെ വ്യാകരിക്കുക:—
   മർത്ത്യജീവിതപുഷ്പം ചേററിൽ വീഴുവതോർത്തി-
   ട്ടുതലാൽക്കരയുന്തു തൽക്ഷണംതന്നേ നിങ്ങൾ.

യാത്രാവചനം

[മേരി ജോൺ തോട്ടം എഴുതിയ കവിതാരാമം എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തതാണ് ഇക്കവിത. ആ ശ്രീമതി ആദ്ധ്യാത്മികജീവിതം നയിക്കുന്ന ഒരു കവയിത്രിയാണ്. ഇപ്പോൾ സിസ്റ്റർ ബനീഞ്ഞാ എന്ന പേരിലാണു് അവർ അറിയപ്പെടുന്നതു്. അവരുടെ പ്രധാന കൃതികൾ കവിതാരാമം, ഗീതാവലി, ഈശപ്രസാദം എന്നിവയാകുന്നു.

ആദ്ധ്യാത്മികജീവിതം നയിക്കാൻപോകുന്ന ഒരു വ്യക്തി, ബന്ധുമിത്രാദികളോടു യാത്രചോദിക്കുന്നതാണ് ഇക്കവിതയിലെ പ്രതിപാദ്യം.]

1

അനുഗ്രഹിക്ക നിങ്ങളെൻതലയ്ക്കുമേൽ കരങ്ങൾവ-
ച്ചെനിക്കതൊന്നുമാത്രമാണപേക്ഷ, പോയിടട്ടെ ഞാൻ;
ദിനാന്തസൂര്യരശ്മിതട്ടിടാത്ത നാട്ടിലൊന്നിൽനാ-
മനാകുലം സുഖിക്കുമന്നു കണ്ടിടാം പരസ്പരം.

2

കളങ്കമറ്റ മാനസങ്ങൾ ചിന്തിടുന്ന സങ്കടം
വെളിപ്പെടുത്തിടുന്നൊരാമുഖങ്ങളോടുമീവിധം
ഇളക്കമെറ്റു നിന്നിടുന്ന കൊച്ചുസോദരങ്ങളേ,
തെളിഞ്ഞു നിങ്ങളാശ്വസിക്ക പോയിടട്ടെ ഞാനിനി.

3

കരങ്ങളായ പിഞ്ചുവല്ലി രണ്ടുകൊണ്ടുമെന്റെ മെയ്
വരിഞ്ഞുകെട്ടിനിന്നു കേണിടുന്ന കുഞ്ഞുസോദരാ!
പിരിഞ്ഞുപോയിടേണ്ടനേരമായെനിക്കു ഞാനിതാ
തരുന്നു നന്മുഖത്തൊരുമ്മ, വിട്ടയക്കയെന്നെ നീ.

4

പിറന്ന നിൻതറയ്ക്കുമേലകത്തെ വായുവും ശ്വസി-
ച്ചുറങ്ങി നിന്റെ തട്ടുകൾക്കു കീഴിലിദ്ദിനംവരെ,
നിറഞ്ഞ മോദമോടു വാണ ഞാൻ മദീയഗേഹമേ,
ഇറങ്ങിടുന്നു നിന്നെ വിട്ടുപോയിടുന്നു നിത്യമായ്.

5

തുറക്കുകില്ലെനിക്കുവേണ്ടി മേലിലിക്കവാടമീ-
യറയ്ക്കകത്തു ദീപമെന്നെയോർത്തിനിത്തെളിച്ചിടാ
വിരിക്കുകില്ലെനിക്കു മെത്ത സോദരങ്ങളൊത്തു ഞാ-
നിരിക്കുകില്ലിതിന്നകത്തു ഭക്ഷണത്തിനായിനി.

6

നടന്നിടുന്നു ഞാനിതാ വിശാലമായ ലോകമേ,
കടന്നുപോയിടുന്നു ഞാൻ സ്വദേശമേ, ജനങ്ങളേ!
മടങ്ങിവന്നിടാത്ത യാത്രയാണിതെന്നിരിക്കിലും
തടഞ്ഞിടാതനുഗ്രഹിച്ചയക്കുവാൻ തൊഴുന്നു ഞാൻ.

കവിതാരാമം] [മേരി ജോൺ തോട്ടം

അഭ്യാസം

1. ഈ യാത്രാവചനം സംക്ഷേപിച്ചെഴുതുക.
2. സന്ദർഭം കാണിച്ച് ആശയം വിശദമാക്കുക:—

   ദിനാന്തസൂര്യരശ്മി തട്ടിടാത്ത നാട്ടിലൊന്നിൽനാ-
   മനാകുലം സുഖിക്കുമന്നു കണ്ടിടാം പരസ്പരം.

3. സമാസം എഴുതുക:—

   ദിനാന്തസൂര്യരശ്മി; മദീയഗേഹം.

പാഠം 21

ജീവിതം

[ചങ്ങമ്പുഴ കൃഷ്ണപിള്ള (1087-1123) നിരവധി കവിതകൾ എഴുതിയിട്ടുണ്ട്, രമണൻ, ബാഷ്പാഞ്ജലി, സ്പന്ദിക്കുന്ന അസ്ഥിമാടം, യവനിക, സ്വരരാഗസുധ മുതലായവ അവയിൽ ചിലതുമാത്രമാണ്.

ഇക്കവിത ചങ്ങമ്പുഴയുടെ 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തിൽനിന്നെടുത്തതാണ്. ജീവിതത്തിൽ സുഖവും ദുഃഖവും ഉണ്ടെന്നും, അവ രണ്ടും അനുഭവിക്കാതെ നിവൃത്തിയില്ലെന്നും, ജീവിതത്തെ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നതുകൊണ്ട് ഫലമില്ലെന്നുമാണ് ഇതിൽ പറഞ്ഞിരിക്കുന്നത്.]

ജീവിതം മന്ത്രിക്കുന്നു:—"നിങ്ങളിൽ ചിലരെൻെറ
പൂവനത്തണൽതോറും സ്വപ്നംകണ്ടിരിക്കുമ്പോൾ
ചിലരെൻമണൽക്കാട്ടിൻ മദ്ധ്യത്തിലൊരുതുള്ളി
ജലമെങ്കിലും കിട്ടാതാർത്തരായ്പ്പൊരിയുന്നു.

പൂന്തോപ്പിലിരിക്കുന്നോരെൻനാമം പുകഴ്ത്തുമ്പോൾ
താന്തരായ് മരുഭൂവിൽ നില്ക്കുവോർ ശപിക്കുന്നു.
ഒരുഭാഗത്തെൻരൂപം സുന്ദരമായിക്കാൺമൂ
മറുഭാഗത്താ വെറും വൈരൂപ്യം ദർശിക്കുന്നു.

എന്നാൽ ഞാനിതുരണ്ടുമല്ലെന്നാലിതുരണ്ടു
മെന്നിലുണ്ടെന്നാലൊന്നുമില്ലതാനുമിന്നെന്നിൽ.
തോന്നലാണെല്ലാം, വെറുംതോന്നൽമാത്രമാ,ണെന്നിൽ-
ച്ചേർന്നുനില്ക്കുന്നില്ലൊന്നും ശാശ്വതമായെന്നെന്നും.

ചിരിപ്പിക്കും ഞാൻ തേങ്ങിക്കരയിക്കയും ചെയ്യും,
മരിപ്പിക്കും ഞാൻ വീണ്ടും ജനിപ്പിക്കയും ചെയ്യും.
കാലമിപ്പൊഴുമെന്നെ രാപ്പകലാകും കൊച്ചു
കാലടികളാലളന്നളന്നു നോക്കീടുന്നു.

യുഗസഞ്ചയമെത്ര കഴിഞ്ഞു!—കാൽത്തുമ്പത്തെ
നഖവിസ്തൃതിപോലും തിട്ടമായില്ലെന്നിട്ടും.
ഭ്രമണംചെയ്‌വൂ തേജോഗോളങ്ങൾ മൽസ്പർശന-
ക്രമമൊപ്പിച്ചങ്ങിങ്ങു മാറിക്കൊണ്ടിരിക്കുന്നു.

മരണം!—പേടിക്കേണ്ടെൻ കണ്ണുചിമ്മലാ,ണെന്റെ
മരുഭൂമിയും മലർവാടിയും രണ്ടും സ്വപ്നം.
ഞാനനശ്വരം, സൃഷ്ടിസ്ഥിതിസംഹാരങ്ങളെൻ-
ഗാനത്തിൻ ക്രമീകൃതഗതിഭേദങ്ങൾ മാത്രം.

വ്യാമോഹം മൂലമെന്നെയളക്കാൻ തുനിയായ്‌വിൻ.
സീമയില്ലെനിക്കപ്രമേയമാണെന്നാകാരം.
സസ്പൃഹം മമ ഗാനമാസ്വദിച്ചെന്നാൽ പോരും!
നിഷ്ഫലം വ്യാഖ്യാനിക്കാനുദ്യമിക്കായ്‌വിൻ നിങ്ങൾ.

സ്പന്ദിക്കുന്ന അസ്ഥിമാടം] [ചങ്ങമ്പുഴ കൃഷ്ണപിള്ള

അഭ്യാസം

1. ജീവിതത്തെപ്പറ്റി കവി പറയുന്നതു സംഗ്രഹിച്ചെഴുതുക.
2. അപോദ്ധരിക്കുക:—

   പൂന്തോപ്പിലിരിക്കുന്നോരെൻനാമം പുകഴ്ത്തുമ്പോൾ
   താന്തരായ് മരുഭൂവിൽ നില്ക്കുവോർ ശപിക്കുന്നു.

3. അടിയിൽ വരയിട്ടിട്ടുള്ള വാക്കുകളെ വ്യാകരിക്കുക:—

   മരിപ്പിക്കും ഞാൻ വീണ്ടും ജനിപ്പിക്കയും ചെയ്യും.

പാഠം 22

കാവ്യകല

[കുമാരനാശാൻ (1048—1099) മലയാളകവിതയിൽ ഒരു പുതിയ മാർഗ്ഗം വെട്ടിത്തെളിച്ച മഹാകവികളിൽ പ്രമുഖനാകുന്നു. അദ്ദേഹത്തിന്റെ പ്രധാന കൃതികൾ നളിനി, ലീല, ചിന്താവിഷ്ടയായ സീത, പ്രരോദനം, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, ശ്രീബുദ്ധചരിതം, മണിമാല എന്നിവയാണ്. മണിമാലയിൽനിന്നെടുത്തിട്ടുള്ള ഈ ഭാവഗീതത്തിൽ കാവ്യകലയെ നിസർഗ്ഗസുന്ദരിയും നിത്യകന്യകയുമായ ഒരു ദേവിയായി സങ്കല്പിച്ചിരിക്കുന്നു.]

ഏകാന്തം വിഷമമൃതാക്കിയും വെറും പാ-
ഴാകാശങ്ങളിലലർവാടിയാരചിച്ചും
ലോകാനുഗ്രഹപരയായെഴും കലേ നിൻ-
ശ്രീകാൽത്താരിണയടിയങ്ങൾ കുമ്പിടുന്നു. 1

ആർക്കും നിൻവടിവറിവില്ല,യർഘ്യമൂല്യം
കോർക്കും നിൻ പ്രതിമകൾ നോക്കിയർത്ഥകന്മാർ
ഓർക്കും നിൻ മഹിമകളാ,രവർക്കു രോമം
ചീർക്കുന്നുണ്ടതുമതിയംബ, വിശ്വസിപ്പാൻ. 2

തുംഗശ്രീഗിരിശിഖരങ്ങൾ ശുഭ്രവീചീ-
ഭംഗവ്യാകുലജലമാന്ന സാഗരങ്ങൾ
എങ്ങും പുഷ്പിതവനഭൂക്കളെന്നിവററിൽ
തങ്ങും നിൻ ചുവടുകൾ ദേവി, മാഞ്ഞുപോകാ. 3

താരാമണ്ഡലമുരുസൗരയൂഥമെന്ന-
ല്ലോരോ രേണുവുമതുപോലെ ചക്രമാക്കി
പാരാകെബ്ഭഗവതി, ഭിന്നവേഗമായ് നിൻ
തേരോടുന്നിതു ബുധരെങ്ങു നോക്കിയാലും. 4

ഓമൽപ്പൂവിശദനിലാവിലും തമാല-
ശ്രീമങ്ങും കൊടിയൊരു കൂരിരുട്ടിലും നീ
തൂമന്ദസ്മിതരുചിയൊന്നുപോലെ തൂവും
സാമർത്ഥ്യം സുകൃതികൾ കാൺമൂ തമ്പുരാട്ടി. 5

ചാരത്താജ്ജനനി മരിച്ച ചിത്തതാപം
തീരാത്തുണ്ണികളുടെ കണ്ണുനീർക്കുളത്തിൽ
നീരാടും ചിലപൊഴുതംബ, നീ ചിലപ്പോൾ
പോരാളിപ്പുരിഷ ചൊരിഞ്ഞ ചോരയാററിൽ. 6

മാനഞ്ചുംമിഴിയുടെ ചാഞ്ഞ ചില്ലിമേലും
ധ്യാനസ്ഥൻ മുനിയുടെ ഹസ്തമുദ്രമേലും
ന്യൂനം ചെററൊരു ഭീദയെന്നി ദേവി, ഭക്തൻ
പാനംചെയ്തിതു ഭവദീയവാക്‌പ്രവാഹം. 7

നെഞ്ചാളും വിനയമൊടെന്നി പൗരുഷത്താൽ
നിഞ്ചാരുദ്യുതി കണികാണ്മതില്ലൊരാളും;
കൊഞ്ചൽത്തേൻമൊഴിമണി, നിത്യകന്യകേ, നിൻ-
മഞ്ചത്തിൻമണമറികില്ല മൂർത്തിമാരും. 8

പാഴ[illegible]കം മരുവിലലഞ്ഞു സർവ്വഗേ, നീ
വാഴാറുള്ളരമന തേടി വാടി ഞങ്ങൾ;
കേഴാതാ രസമയരാജ്യസീമ കാണ്മാൻ
“ഏഴാമിന്ദ്രിയ”മിനിയമ്പൊടേകുകമ്മേ! 9

മണിമാല] [എൻ. കുമാരൻ ആശാൻ.

അഭ്യാസം

1. കാവ്യകലാദേവതയുടെ മാഹാത്മ്യത്തെക്കുറിച്ച് ആശാൻ പറയുന്നതു ചുരുക്കിയെഴുതുക.
2. അർത്ഥമെഴുതുക:—
   ഓമൽപ്പൂംവിശദ............ ...
   ....കാൺമു തമ്പുരാട്ടി.
3. സന്ധി കുറിക്കുക:—
   പോരാളിപ്പുരിഷ; നിഞ്ചാരു.

ISLAM HIGH SCHOOL
COCHIN-II
ERNAKULAM